
# കേരളചരിത്രം: പ്രാചീനം, മധ്യകാലീനം

COURSE CODE: SGB24HS101MI

Minor Course - History

For FYUG Programmes

SELF LEARNING MATERIAL



Four Year UG Programme (Honours)

SREENARAYANAGURU OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# കേരളചരിത്രം:
# പ്രാചീനം, മധ്യകാലീനം

Course Code: SGB24HS101MI

Semester - I

**Minor Course - History**
**For FYUG Programmes**
**Self Learning Material**

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

ISBN 978-81-977841-6-3

# കേരളചരിത്രം: പ്രാചീനം, മധ്യകാലീനം

Course Code: SGB24HS101MI

Minor Course - History

Semester - I

SREENARAYANAGURU OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by
Registrar, SGOU, Kollam.
www.sgou.ac.in

## Academic Committee

Prof. Thomas Thamarasseri
Dr. Indusree S. R.
Dr. Lekshmi V. S.
Dr. Vidhya D. R.
Dr. Athman A. V.
Chayam Dharmarajan
Dr. S. Nazeeb
Dr. Aju K. Narayanan
Dr. Baburajan K.
Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar
Dr. Vijaya V.A.
Dr. Sudha Mary Thomas

## Development of the Content

Dr. M.H. Rameshkumar,
Dr. Abdusammed K.T.

## Review

Content : Dr. James G.
Format : Dr. I.G. Shibi
Linguistics : Prof. Thomas Thamarasseri

## Edit

Dr. James G.

## Scrutiny

Dr. Vincent B. Netto, Dr. Abdusammed K.T., Aswani A.P., Deepam S., Muraleedharan K.V., Dr. Soumia Dasan, Dr. Thara S.S., Dr. Deepthi V.S., Dr. Lathika A.C.

## Coordination

Dr. I.G. Shibi and Team SLM

## Design Control

Azeem Babu T.A.

## Cover Design

Jobin J.

Production - September 2024
Copyright - © Sreenarayanaguru Open University 2024

YouTube

# Message from Vice Chancellor

Dear Learner,

It is with great pleasure that I welcome you to the Four Year UG Programme offered by Sreenarayanaguru Open University.

Established in September 2020, our university aims to provide high-quality higher education through open and distance learning. Our guiding principle, 'access and quality define equity', shapes our approach to education. We are committed to maintaining the highest standards in our academic offerings.

Our university proudly bears the name of Sreenarayanaguru, a prominent Renaissance thinker of modern India. His philosophy of social reform and educational empowerment serves as a constant reminder of our dedication to excellence in all our academic pursuits.

The Four Year UG Minor course “Kerala Charitram: Prajeenam, Madhyakaaleenam” covers all relevant areas aligned with the historical development of Kerala from ancient times through the medieval period. We have incorporated the latest trends in historical research and regional studies to ensure a comprehensive and up-to-date curriculum. Minor courses like this offer valuable supplementary knowledge that complements your major field of study. These allied subjects broaden your academic perspective, enhance interdisciplinary understanding, and develop versatile skills. By exploring related disciplines, you gain a more comprehensive education, preparing you for diverse career opportunities and fostering a well-rounded intellectual growth throughout your academic journey.

Our teaching methodology combines three key elements: Self Learning Material, Classroom Counselling, and Virtual modes. This blended approach aims to provide a rich and engaging learning experience, overcoming the limitations often associated with distance education. We are confident that this programme will enhance your understanding of Kerala's rich historical heritage, preparing you for various career paths and further academic pursuits.

Our learner support services are always available to address any concerns you may have during your time with us. We encourage you to reach out with any questions or feedback regarding the programme.

We wish you success in your academic journey with Sreenarayanaguru Open University.

Best regards,

Dr. Jagathy Raj V.P.
Vice Chancellor
Sreenarayanaguru Open University

01-09-2024

# Contents


BLOCK - 01 കേരളചരിത്രരചനയുടെ ഉപാദാനങ്ങൾ .................................................. 1

യൂണിറ്റ് - 1 സംസ്കൃത-തമിഴ് മണിപ്രവാളകൃതികൾ .................................................. 2

യൂണിറ്റ് - 2 ശിലാശാസനങ്ങൾ .................................................. 10

യൂണിറ്റ് - 3 സഞ്ചാരികളുടെ കുറിപ്പുകൾ .................................................. 17

യൂണിറ്റ് - 4 മഹാശിലാവശിഷ്ടങ്ങൾ .................................................. 23

BLOCK - 02 സംഘകാലത്തെ കേരളം .................................................. 27

യൂണിറ്റ് - 1 സംഘകാലത്തെ ഭരണസമ്പ്രദായം .................................................. 28

യൂണിറ്റ് - 2 സംഘകാലത്തെ സാമൂഹികജീവിതം .................................................. 34

യൂണിറ്റ് - 3 സംഘകാലത്തെ മതം .................................................. 40

BLOCK - 03 ചേരസാമ്രാജ്യങ്ങൾ .................................................. 45

യൂണിറ്റ് - 1 ഒന്നാം ചേരസാമ്രാജ്യം .................................................. 46

യൂണിറ്റ് - 2 രണ്ടാം ചേരസാമ്രാജ്യം-കുലശേഖരന്മാർ .................................................. 51

യൂണിറ്റ് - 3 കുലശേഖരകാലത്തെ സാംസ്കാരിക ചരിത്രം .................................................. 56

BLOCK - 04 മതങ്ങൾ, ആര്യാധിനിവേശം .................................................. 61

യൂണിറ്റ് - 1 ജൈന-ബൗദ്ധ-ഇസ്ലാം മതങ്ങൾ .................................................. 62

യൂണിറ്റ് - 2 ഭക്തിപ്രസ്ഥാനം .................................................. 70

BLOCK - 05 ജന്മി സമ്പ്രദായത്തിന്റെ കാലം 75

യൂണിറ്റ് - 1 കേരളത്തിലെ ജന്മിസമ്പ്രദായം .................................................. 76

യൂണിറ്റ് - 2 ഉത്സവങ്ങൾ, ആഘോഷങ്ങൾ, ആചാരങ്ങൾ .................................................. 86

BLOCK - 06 കേരളത്തിലെ ദൃശ്യ കലാരൂപങ്ങൾ .................................................. 93

യൂണിറ്റ് - 1 കേരളത്തിന്റെ ചികിത്സാപാരമ്പര്യം .................................................. 94

യൂണിറ്റ് - 2 കേരളത്തിലെ കലാരൂപങ്ങൾ .................................................. 102


Scan this QR code to read the SLM on a digital device

BLOCK - 01

# കേരളചരിത്ര രചനയുടെ ഉപാദാനങ്ങൾ

യൂണിറ്റ് 1

# സംസ്കൃത-തമിഴ് മണിപ്രവാളകൃതികൾ

## Learning Outcomes

- സംസ്കൃത സാഹിത്യകൃതികളിൽ നിന്ന് കേരള ചരിത്ര രചനയ്ക്കാവശ്യമായ ഉപാദാനങ്ങൾ കണ്ടെത്തുന്നു
- തമിഴ് സാഹിത്യ കൃതികളിലെ കേരളചരിത്രവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ മനസിലാക്കുന്നു
- പ്രാചീന മലയാളകൃതികളിലെ കേരളത്തെക്കുറിച്ചുള്ള സൂചനകൾ മനസിലാക്കുന്നു
- സാഹിത്യ കൃതികൾ കേരളചരിത്രരചനയുടെ ഉപാദാനമായി പ്രവർത്തിക്കുന്നു എന്ന ധാരണ നേടുന്നു

## Prerequisites

സാംസ്കാരിക വൈവിധ്യങ്ങളുടെ നാടാണ് കേരളം. വ്യത്യസ്തമായ ജനവിഭാഗങ്ങളും പ്രാദേശിക സംസ്കൃതികളും മതങ്ങളും ഭാഷാഭേദങ്ങളും കൂടിച്ചേർന്നുണ്ടായ കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ചറിയാൻ പ്രാചീന ചരിത്രരേഖകൾ സഹായിക്കുന്നു. ചരിത്രം പരിശോധിക്കുമ്പോൾ കേരളത്തിൽ അതിപുരാതന കാലം മുതൽ തന്നെ മനുഷ്യവാസമുണ്ടായിരുന്നതായി കാണാം. രാമായണം, മഹാഭാരതം തുടങ്ങിയ ഇതിഹാസങ്ങളിൽ പരാമർശിക്കപ്പെട്ട പ്രദേശമാണ് കേരളം. എന്നാൽ കേരളത്തിന്റെ പ്രാചീനത മുഴുവൻ തെളിയിക്കുന്ന വിവരങ്ങൾ ഇന്ന് ലഭ്യമല്ല. ഇത്തരത്തിൽ പ്രാചീന മധ്യകാല കേരളത്തെക്കുറിച്ച് മനസിലാക്കുന്നതിന് സഹായകരമായ വസ്തുക്കളുടെ ലഭ്യതക്കുറവാണ് ചരിത്രരചനയിൽ മറ്റു ഉപാദാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി ഉണ്ടാക്കുന്നത്. ശരിയായ ചരിത്രരേഖകളുടെ അപര്യാപ്തതയും ഐതിഹ്യകഥകളുടെ നിഷ്ഫലതയും മൂലം ചരിത്രകാരന്മാർക്കു മറ്റു പല ഉപാദാനസാമഗ്രികളെയും ആശ്രയിക്കേണ്ടി വരുന്നു. ചരിത്രവും സംസ്കാരവും പരസ്പരപൂരകങ്ങളായി വർത്തിക്കുന്ന ഘടകങ്ങളാണ്. ഓരോ കാലഘട്ടത്തിലുമുള്ള സാമൂഹിക ജീവിതത്തിന്റെ പ്രതിഫലനങ്ങളും രാഷ്ട്രീയാവസ്ഥകളും ആചാരാനുഷ്ഠാനങ്ങളും ജീവിത രീതികളും സാമ്പത്തിക സ്ഥിതിഗതികളും അതതു കാലത്തെ പല മേഖലകളിൽ നിന്നും കണ്ടെത്താം. കേരള ചരിത്ര പഠനത്തിന്റെ ഉപാദാന സാമഗ്രികളെ ലിഖിതങ്ങളെന്നും പുരാവസ്തുക്കളെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. സംസ്കൃതസാഹിത്യം, തമിഴ് സാഹിത്യം മലയാള സാഹിത്യം എന്നിവയിലെ ചരിത്രമൂല്യമുള്ള ഗ്രന്ഥങ്ങൾ, വിദേശസഞ്ചാരികളുടെ കുറിപ്പുകൾ, ശാസനങ്ങൾ, ചെപ്പേടുകൾ, ഗ്രന്ഥവരികൾ എന്നിവ ലിഖിതങ്ങളിലും പുരാതന ശവക്കല്ലറകൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ സ്മാരകങ്ങളിലും ഉൾപ്പെ

ടുന്നു. കേരളത്തെ സംബന്ധിച്ച ഏറ്റവും ആദ്യത്തെ പരാമർശമായി കരുതുന്നത് ഐതരേയ ആരണ്യകം എന്ന സംസ്കൃത കൃതിയിലെ കേരള സൂചനയാണ്. വാഴപ്പള്ളി ശാസനമാണ് ശാസനങ്ങളിൽ ആദ്യത്തേത്. സംഘസാഹിത്യത്തിൽ നിന്നും സഞ്ചാരികളുടെ യാത്രാ വിവരണത്തിൽ നിന്നും കേരളത്തെ സംബന്ധിച്ച ധാരാളം വിവരണങ്ങൾ ലഭ്യമായിട്ടുണ്ട്. പുരാവസ്തുക്കളിൽ പ്രാധാന്യപ്പെട്ട വിഭാഗമാണ് സ്മാരകങ്ങൾ. മഹാശിലാവശിഷ്ടങ്ങളും, ശിലാപ്രതിമകളും, മതാധിഷ്ഠിത ദേവാലയങ്ങളും, കൊട്ടാരങ്ങളും, കോട്ടകളുമാണ് സ്മാരകങ്ങളിൽപ്പെടുന്നത്. കേരളത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ശിലായുഗ തെളിവുകൾ പ്രധാനമായും മഹാശിലായുഗത്തിന്റെ അവശിഷ്ടങ്ങളാണ്. കേരളത്തിന്റെ പല ഭാഗത്ത് നിന്നും ഇത്തരം അവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്. ഉപാദാനസാമഗ്രികളിൽ പ്രധാനപ്പെട്ട മറ്റൊരു വിഭാഗമാണ് നാണയങ്ങൾ. നാണയങ്ങൾ ചരിത്രത്തെ കൂട്ടിയിണക്കാൻ സഹായിക്കുന്ന ഉപാദാനങ്ങളാണ്. അവ മേൽക്കോയ്മ, സാമന്തപദവി, സാംസ്കാരിക സ്ഥിതി, കുടിയേറ്റങ്ങൾ, സഞ്ചാരികൾ, കച്ചവട സമൂഹങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ നൽകാൻ പര്യാപ്തമാണ്. ഉപാദാന സാമഗ്രികളിൽ പ്രധാനപ്പെട്ട ലിഖിത രേഖകളെപ്പറ്റിയാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

## Keywords

ഐതരേയ ആരണ്യകം-പതിറ്റുപ്പത്ത്-അകനാനൂറ്-പുറനാനൂറ്-ചിലപ്പതികാരം

## Discussion

ശരിയായ ചരിത്രരേഖകളുടെ അപര്യാപ്തതയും ഐതിഹ്യകഥകളുടെ നിഷ്ഫലതയും പ്രാചീന മധ്യകാല കേരളചരിത്രത്തിന്റെ പുനർനിർമിതിയിൽ വിവിധരീതികളിലുള്ള ഉപാദാന സാമഗ്രികളെ ആശ്രയിക്കുന്നതിന് കാരണമാവുന്നു. കേരള ചരിത്രരചനയിൽ ഉപാദാനമായി ലിഖിതങ്ങൾ, സ്മാരകങ്ങൾ, ഐതിഹ്യങ്ങൾ എന്നിവയെ സ്വീകരിക്കാറുണ്ട്. സംസ്കൃതത്തിലും തമിഴിലും എഴുതപ്പെട്ട കൃതികളാണ് ലിഖിതങ്ങളിൽ ഉൾക്കൊള്ളുന്നത്. കൂടാതെ വിദേശസഞ്ചാരികളുടെ കുറിപ്പുകൾ, ശാസനങ്ങൾ എന്നിവയും ഇതിലുൾപ്പെടുന്നു. പ്രാചീന കാലങ്ങളിലെ നിർമിതികളാണ് സ്മാരകങ്ങളായി കണക്കാക്കുന്നത്. കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പ്രതിമകൾ എന്നിവ സ്മാരകങ്ങളായി അറിയപ്പെടുന്നു. പ്രാചീന കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന ആയുധങ്ങൾ, ഉപകരണങ്ങൾ, നാണയങ്ങൾ തുടങ്ങിയവയും ഇങ്ങനെ സ്മാരകങ്ങളായി ചരിത്രരചനയെ സഹായിക്കുന്നവയാണ്. ചരിത്രാംശമുള്ള ഐതിഹ്യങ്ങൾക്ക് വ്യാപക പ്രചാരം ലഭിക്കാറുണ്ട്. എന്നാൽ അവയിൽ പലതും ചരിത്ര വസ്തുതകളെ മുൻനിർത്തി അപഗ്രഥിച്ചാൽ വസ്തുതാവിരുദ്ധമായാണ് നിലനിൽക്കുന്നത് എന്ന് കാണാം. സംസ്കൃത തമിഴ് സാഹിത്യകൃതികൾ, ശിലാശാസനങ്ങൾ, ചെപ്പേടുകൾ, മഹാശിലാവശിഷ്ടങ്ങൾ, ഗുഹാചിത്രങ്ങൾ, നാണയങ്ങൾ, സഞ്ചാരികളുടെ കുറിപ്പുകൾ എന്നിവ ഉപാദാനങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

### 1.1.1 സംസ്കൃത കൃതികൾ

കേരള പരാമർശമുള്ള ആദ്യത്തെ സംസ്കൃത കൃതിയായി ഐതരേയ ആരണ്യകം കരുതപ്പെടുന്നു. കൃതിയിലെ 'ചേര' എന്ന ശബ്ദം കേരളത്തെ സൂചിപ്പിക്കുന്നതാണ് എന്നാണ് കരുതപ്പെടുന്നത്. രാമായണത്തിലും മഹാഭാരതത്തിലും കേരള പരാമർശം കാണാൻ കഴിയും. രാമായണത്തിലെ കിഷ്കിന്ധാകാണ്ഡത്തിൽ കേരള പരാമർശങ്ങൾ കാണാം. ദിഗ്വിജയാനന്തരം സഹദേവൻ എത്തപ്പെട്ട സ്ഥലങ്ങളിൽ കേരളവുമുണ്ട്. ദ്രാവിഡർ എന്ന് പൊതുവായി പ്രയോഗിക്കുന്നതിനു പകരം പാണ്ഡ്യൻ, ചോളൻ, കേരളൻ എന്നെല്ലാം വേർതിരിച്ച്

പറയുന്നുണ്ട്. കാത്യായനനും പതഞ്ജലിക്കും കേരളത്തിന്റെ ഭൂമിശാസ്ത്രത്തെപ്പറ്റി അറിയാമായിരുന്നു. കൗടില്യന്റെ 'അർത്ഥശാസ്ത്ര'ത്തിൽ കേരളത്തിലെ ചൂർണ്ണിയാറിനെ (പെരിയാർ) പറ്റി പരാമർശമുണ്ട്. അവിടെയുള്ള മുത്തിനെക്കുറിച്ചും പരാമർശമുണ്ട്. വായു, മത്സ്യ, പത്മ, സ്കന്ദ, മാർക്കണ്ഡേയ പുരാണങ്ങളിലും കേരള പരാമർശമുണ്ട്. അശോക ശാസനത്തിലെ കേരള പുതാ എന്ന പരാമർശവും ശ്രദ്ധേയമാണ്. രഘുവംശത്തിൽ മുരുചിനദിയിലൂടെ കടന്നുവരുന്ന കാറ്റ് സൈനികരുടെ പടച്ചട്ടകളെ കൈതപ്പൂഗന്ധത്താൽ മുക്കിയതായി പറയുന്നുണ്ട്. കുരുമുളക് വള്ളികളും ഏലക്കയുടെ സുഗന്ധവും വർണിക്കപ്പെടുന്നിടത്തും കേരളത്തിന്റെ സാന്നിധ്യമുണ്ട്. കാളിദാസന്റെ ഈ മനോഹരമായ കേരള വർണന എ.ഡി.നാലാം ശതകത്തോടുകൂടി ഉത്തരേന്ത്യൻ കവികൾക്ക് കേരളത്തിനെപ്പറ്റി അറിയാമായിരുന്നുവെന്നതിന്റെ തെളിവാണ്.

സംസ്കൃത സാഹിത്യത്തിൽ കേരള ചരിത്രപ്രാധാന്യമുള്ള രണ്ട് നാടകങ്ങളാണ് തപതീസംവരണവും സുഭദ്രാധനഞ്ജയവും. ഈ രണ്ട് കൃതികളും അക്കാലത്തെ കേരളീയ സമൂഹത്തിലേക്ക് വെളിച്ചം വീശുന്നതാണ്. പുരാണ ഇതിഹാസ കഥകളെ കേന്ദ്രമാക്കി എഴുതപ്പെട്ടവയാണെങ്കിലും മഹോദയപുരത്തിന്റെ വർണനയടക്കം അക്കാലത്തെ കേരള രാഷ്ട്രീയ സ്ഥിതിയെക്കുറിച്ചുള്ള പല വിവരങ്ങളുമുൾക്കൊള്ളുന്നവയാണിവ. തൃശൂർ തെക്കേ മഠത്തിലെ ഒരു താളിയോല ഗ്രന്ഥത്തിൽ ശങ്കരാചാര്യരുടെ ശിഷ്യനായ പത്മപാദന്റെ ജീവിതത്തെപ്പറ്റി വിശദമായി പരാമർശിക്കുന്നുണ്ട്. പത്മപാദന്റെ സമകാലികനായി മഹോദയപുരം ഭരിച്ചിരുന്ന കുലശേഖരനെപ്പറ്റിയും പരാമർശിക്കുന്നുണ്ട്. ശങ്കരാചാര്യരുടെ ശിവാനന്ദലഹരിയിൽ രാജശേഖര ചക്രവർത്തിയെപ്പറ്റി സൂചനയുണ്ട്. ഈ രണ്ട് ഗ്രന്ഥങ്ങളും നൽകുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ കുലശേഖര ആഴ്വാരും രാജശേഖരവർമ്മയും ശങ്കരാചാര്യരുടെ സമകാലികരായിരുന്നുവെന്ന് അനുമാനിക്കാം.

സ്ഥാണുരവിയുടെ (എ.ഡി. 844 – 885) സദസ്യനും ജ്യോതിശാസ്ത്രജ്ഞനുമായ ശങ്കരനാരായണൻ എ.ഡി. 869 – ൽ രചിച്ച 'ശങ്കരനാരായണീയം' സ്ഥാണുരവിയുടെ കാലം നിർണയിക്കാൻ സഹായിക്കുന്നു. സ്ഥാണുരവിയുടെ 25–ാം ഭരണവർഷത്തിൽ ശങ്കരനാരായണൻ രചിച്ച 'ലഘുഭാസ്കരീയ'ത്തിലും കേരളത്തെ പരാമർശിക്കുന്നുണ്ട്. വാസുദേവഭട്ടതിരിയുടെ 'യമക കാവ്യം' ചരിത്ര പ്രാധാന്യമർഹിക്കുന്ന മറ്റൊരു കൃതിയാണ്. കോലത്തുനാട് ഭരിച്ചിരുന്ന ശ്രീകണ്ഠൻ എന്ന മൂഷകരാജാവിന്റെ ആസ്ഥാന കവിയായിരുന്ന അതുലൻ പതിനൊന്നാം ശതകത്തിലെഴുതിയ 'മൂഷകവംശം'' ആണ് കേരള ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന സംസ്കൃത മഹാകാവ്യം. കോലത്തുനാട്ടിലെ മൂഷകരാജാക്കൻമാരുടെ ഉൽപത്തിയെയും അവരുടെ ആദ്യകാല ചരിത്രത്തെപ്പറ്റിയുമുള്ള ഐതിഹ്യങ്ങളുമാണ് ആദ്യ സർഗങ്ങളിലെ വർണനാവിഷയം. മറ്റ് സർഗങ്ങളിലും വിശ്വാസയോഗ്യമായ ചരിത്ര വിവരങ്ങൾ കാണാനാകും. കുലോത്തുംഗചോളന്റെ കേരളാക്രമണം, ശ്രീമൂലവാസം കടലെടുത്തത്, ഭരണാധികാരികളായിരുന്ന ഈശാനവർമ്മൻ, നൃപരാമൻ, ചന്ദ്രവർമ്മൻ തുടങ്ങിയവരെക്കുറിച്ചുള്ള വിവരണങ്ങൾ എന്നിവ ഇതിലുൾപ്പെട്ടിട്ടുണ്ട്. എ.ഡി.1168–ൽ രചിക്കപ്പെട്ട 'സ്യാനന്ദപുരാണ സമുച്ചയം' വേണാട്ടുരാജാക്കൻമാർ മക്കത്തായ സമ്പ്രദായം പിന്തുടർന്നിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ്. രവിവർമ്മ കുലശേഖരന്റെ (1299-1314) 'പ്രദ്യുമ്നാഭ്യുദയം' സംസ്കൃത നാടകങ്ങളിൽ പ്രസിദ്ധമായ രചനയാണ്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഉത്സവവർണന ഇതിൽ കാണാം. രവിവർമ്മ കുലശേഖരന്റെ സദസ്യനായിരുന്ന സമുദ്രബന്ധൻ എഴുതിയ 'അലങ്കാര സർവസ്വ'ത്തിന്റെ വ്യാഖ്യാനത്തിൽ കൊല്ലത്തെപ്പറ്റി പരാമർശമുണ്ട്. മണിപ്രവാളത്തിന്റെ ലക്ഷണഗ്രന്ഥമായി സംസ്കൃതത്തിലെഴുതപ്പെട്ട 'ലീലാതിലക'ത്തിനും ചരിത്ര പ്രാധാന്യമുണ്ട്. വേണാട് രാജാവായ ചേരഉദയ മാർത്താണ്ഡവർമ്മയെപ്പറ്റിയും യുവരാജാവായ രവിവർമ്മയെപ്പറ്റിയും ലീലാതിലകത്തിൽ പരാ

മർശമുണ്ട്.

കൊടുങ്ങല്ലൂർ രാജാവിന്റെ ആശ്രിതനായ ഒരു കവിയെഴുതിയ 'വിടനിദ്രാഭാണ'ത്തിൽ പെരുമ്പടപ്പ്, ഓടനാട് തുടങ്ങിയ സ്ഥലങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഓടനാട് രാജാവിന്റെ മകളെ പെരുമ്പടപ്പിലെ ഒരു രാജാവ് വിവാഹം ചെയ്തതായി പറയുന്ന ദാമോദരചാക്യാരുടെ 'ശിവവിലാസ'വും ശ്രദ്ധേയ കൃതിയാണ്. കോഴിക്കോട്ടെ മാനവിക്രമൻ സാമൂതിരിപ്പാടിന്റെ (1466-1471) സദസ്യനായിരുന്ന ഉദ്ദണ്ഡശാസ്ത്രിയുടെ 'കോകില സന്ദേശ'ത്തിൽ തിരുനെല്ലി, തളിപ്പറമ്പ്, തൃച്ഛംബരം, തൃപ്രങ്ങോട്, തിരുനാവായ എന്നീ ഉത്തര കേരളത്തിലെ തീർത്ഥാടനകേന്ദ്രങ്ങളെപ്പറ്റിയും, കോഴിക്കോട് തുറമുഖത്തിലെ കപ്പലുകളെപ്പറ്റിയും, തിരുനാവായയിലെ മാമാങ്ക മഹോത്സവത്തെപ്പറ്റിയും പരാമർശമുണ്ട്. ലക്ഷ്മിദാസന്റെ 'ശുകസന്ദേശം', വാസുദേവന്റെ 'ഭ്രമരസന്ദേശം' തുടങ്ങിയ കൃതികളിലും ചില നഗരങ്ങളുടെ വിവരണങ്ങളുണ്ട്. ബാലകവിയുടെ 'രാമവർമ്മ വിലാസം', 'രത്നകേതുദയം'എന്നീ നാടകങ്ങൾ കൊച്ചിയുടെ മധ്യകാല ചരിത്രം നിർമിക്കാൻ സഹായിക്കുന്നു. പതിനാറാം ശതകത്തിൽ കൊച്ചിയിൽ ചുങ്കം നൽകിയതായി മാതൃദത്തന്റെ 'കാമസന്ദേശ'ത്തിൽ നിന്നറിയാൻ കഴിയും.

മേൽപ്പത്തൂർ നാരായണ ഭട്ടതിരിയുടെ കൃതികളും വിലപ്പെട്ട ചരിത്രവിവരങ്ങൾ നൽകുന്നവയാണ്. 'പ്രക്രിയാസർവസ്വം' എന്ന വ്യാകരണ ഗ്രന്ഥത്തിന്റെ ഉപോദ്ഘാതത്തിൽ അദ്ദേഹം തന്റെ പുരസ്കർത്താവായ അമ്പലപ്പുഴ ദേവനാരായണന്റെ മഹത്തായ ഗുണഗണങ്ങളെ പ്രകീർത്തിക്കുന്നു. 'ദേവനാരായണ പ്രശസ്തി' അമ്പലപ്പുഴ ദേവനാരായണനെയും 'മാനവിക്രമ പ്രശസ്തി' മാനവിക്രമൻ സാമൂതിരിപ്പാടിനെയും പ്രശംസിച്ചെഴുതിയതാണ്. അദ്ദേഹത്തിന്റെ 'ഗോശ്രീ വർണ്ണന' കൊച്ചി നഗരത്തെക്കുറിച്ചുള്ള വിവരണമാണ്. രാജനാഥകവി എഴുതിയ 'അച്യുതരായാഭ്യൂദയ' ത്തിൽ വിജയനഗര രാജാവായിരുന്ന അച്യുതരായർ നടത്തിയ കേരളാക്രമണം പരാമർശിക്കപ്പെട്ടിട്ടുണ്ട്. രാമപാണിവാദന്റെ 'സീതാരാഘവം' നാടകത്തിൽ തൃപ്പടിദാനം വിവരിക്കപ്പെടുന്നു. ധർമ്മരാജാവിന്റെ (1758-1798) 'ബാലരാമ ഭാരതം' എന്ന നാട്യശാസ്ത്ര ഗ്രന്ഥം തിരുവനന്തപുരത്തിന്റെ സുന്ദരമായ വർണനന ഉൾക്കൊള്ളുന്നതാണ്. ധർമ്മരാജാവിന്റെ ഭരണത്തെ പ്രകീർത്തിക്കുന്നതാണ് സദാശിവ ദീക്ഷിതരുടെ 'രാമവർമ്മായശോഭൂഷണം'. ഒരു ബ്രാഹ്മണ കവി നിർമിച്ച 'ചാതക സന്ദേശം' ചരിത്ര പ്രാധാന്യമുള്ള മറ്റൊരു കൃതിയാണ്. ഇതിൽ തിരുനാവായ, തൃപ്പൂണിത്തുറ, വൈക്കം, അമ്പലപ്പുഴ, ഹരിപ്പാട്, കായംകുളം, തിരുവനന്തപുരം, പത്മനാഭപുരം എന്നീ പ്രധാന നഗരങ്ങളെപ്പറ്റി പരാമർശമുണ്ട്. ധർമരാജാവിന്റെ ഭരണാവസാനത്തോടു കൂടി തിരുവിതാംകൂറിന്റെ തലസ്ഥാനം പത്മനാഭപുരത്തുനിന്നു തിരുവനന്തപുരത്തേക്ക് മാറ്റിയതിനെപ്പറ്റിയും 'ചാതകസന്ദേശ'ത്തിൽ പരാമർശിക്കുന്നുണ്ട്. ദേവരാജന്റെ 'ബാലമാർത്താണ്ഡവിജയം' നാടകം മാർത്താണ്ഡവർമ്മ രാജാവിന്റെ ഭരണ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടതാണ്.

### 1.1.2 തമിഴ് കൃതികൾ

പ്രാചീന കേരളത്തിന്റെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന രേഖകളിൽ ഒരു വിഭാഗമാണ് തമിഴ് സാഹിത്യകൃതികൾ. പ്രാചീന തമിഴ് സാഹിത്യ കൃതികൾ കേരളത്തെയും കേരളത്തിലെ രാജാക്കന്മാരെയും ജനങ്ങളെയും കുറിച്ച് വിവരങ്ങൾ നൽകുന്നവയാണ്. വികസിതമായ നാഗരികതയെപ്പറ്റിയും സമൂഹത്തെപ്പറ്റിയും ഇതിൽ പരാമർശമുണ്ട്. ക്രിസ്തുവർഷത്തിന്റെ ആദ്യത്തെ അഞ്ചു ശതകങ്ങളിലുണ്ടായ സംഘകാല കൃതികളാണ് ഇവിടെ വിശേഷ പ്രാധാന്യമർഹിക്കുന്നവ. പതിറ്റുപത്ത്, അകനാനൂറ്, പുറനാനൂറ്, ചിലപ്പതികാരം എന്നിവ കേരളചരിത്രപരമായ പ്രാധാന്യമർഹിക്കുന്നവയാണ്. സംഘകാല കവികളിൽ പരണർ, കപിലർ, ഔവയാർ എന്നിവരുടെ സംഭാവനകൾ എടുത്തു പറയേണ്ടതാണ്. കേരളത്തിലെ ജീവിതത്തെയും സംസ്കാരത്തെയും അധികരിച്ചുള്ളവയാണ് ഇവരുടെ കവിതകളിൽ അധികവും. നറ്റിണൈ, കുറുംതൊകൈ എന്നീ പ്രേമകവിതാസമാഹാരങ്ങളിലും

പൂർവകാല കേരളത്തിന്റെ ചരിത്രത്തെപറ്റി പരാമർശമുണ്ട്. കുറുംതൊകെയിൽ 401 ഗാനങ്ങളും നറ്റിണൈയിൽ 400 ഗാനങ്ങളും ഉണ്ട്. പ്രാചീന കേരളത്തിന്റെ ചരിത്രത്തിലേക്കും ഭൂമിശാസ്ത്രത്തിലേക്കും വെളിച്ചംവീശുന്ന സമ്പൂർണ കാവ്യമാണ് ഇളംങ്കോവടികളുടെ 'ചിലപ്പതികാരം'. ചേര, ചോള, പാണ്ഡ്യ രാജ്യങ്ങൾ ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. 'മണിമേഖല'യിൽ വഞ്ചി നഗരത്തെപ്പറ്റിയുള്ള സൂചനകൾ നൽകുന്നതും ശ്രദ്ധേയമാണ്.

സംഘകാലത്തിന് ശേഷമുണ്ടായ കൃതികളും കേരള ചരിത്രത്തെപറ്റി വിവരം നൽകുന്നവയാണ്. എ.ഡി.800-ന് അടുത്തുണ്ടായ 'മുത്തോള്ളായിരം' ചേരരാജാക്കൻമാരെയും അവരുടെ രാജധാനിയായ വഞ്ചിയെയും പരാമർശിക്കുന്നു. രണ്ടാം ചേരസാമ്രാജ്യ സ്ഥാപകനായ കുലശേഖര ആഴ്വാരുടെ 'പെരുമാൾ തിരുമൊഴി' ചരിത്ര വസ്തുതകൾ ഉൾക്കൊള്ളുന്നതാണ്. പത്മനാഭസ്വാമിക്ഷേത്രവും തിരുവനന്തപുരവും ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. ചേക്കിഴാരുടെ 'പെരിയപുരാണം' ചേരരാജാവായ ചേരമാൻ പെരുമാൾ നായനാരുടെ ജീവിതകഥയാണ്. ഇതിൽ തിരുവഞ്ചിക്കുളത്തെപ്പറ്റിയുള്ള വർണനയും ഉൾപ്പെട്ടിട്ടുണ്ട്. നമ്മാഴ്വാരുടെ 'പെരിയപുരാണം' ശ്രീപത്മനാഭസ്വാമിക്ഷേത്രം, തിരുവാറന്മുള, തിരുപുലിയൂർ, തൃക്കൊടിത്താനം, തൃച്ചിറ്റാർ, തിരുവൻവണ്ടൂർ, തിരുമൂഴിക്കുളം തുടങ്ങി കേരളത്തിലെ 11 വൈഷ്ണവ തിരുപ്പതികളെ വിവരിക്കുന്നതാണ്. പന്ത്രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന ഒട്ടക്കൂത്തൻ തന്റെ 'തക്കയാകപരണി'യിൽ ചേരരാജധാനി വഞ്ചിയിൽനിന്ന് മകോതയിലേക്ക് മാറ്റിയതിനെപ്പറ്റി സൂചിപ്പിക്കുന്നു. ചേരമാൻ പെരുമാൾ നായനാരുടെ 'പൊൻവണ്ണത്തന്താ'യിലും 'തിരുമമ്മണികോവൈ'യിലും കേരളത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്.

### 1.1.3 മലയാള കൃതികൾ

എ.ഡി.ഒമ്പതാം ശതകത്തിലാണ് മലയാളം, തമിഴിൽനിന്ന് വ്യത്യസ്തമായി ഒരു ഭാഷയായി ത്തീരുന്നത്. ഇക്കാലത്തെ രാമചരിതം, തിരുനിഴൽമാല എന്നീ പാട്ട് കൃതികൾ മലയാള സാഹിത്യത്തിന്റെ തുടക്കഘട്ടമെന്ന നിലയിൽ പ്രധാനപ്പെട്ടവയാണ്. തിരുനിഴൽമാലയിൽ ആറന്മുള ഗ്രാമത്തിലെ നാല് അകഞ്ചേരിയെ കുറിച്ചും ആറ് പുറഞ്ചേരിയെക്കുറിച്ചും കൊടുങ്ങല്ലൂരിലെ അരയന്മാരെ കുറിച്ചും പറയുന്നുണ്ട്. ഒമ്പതാം നൂറ്റാണ്ടുമുതൽതന്നെ ഒരു സ്വതന്ത്രഭാഷയായി മലയാളം വളരുന്നതിന്റെ രൂപരേഖകൾ അക്കാലത്തെ ചില സാഹിത്യകൃതികൾ സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും ചരിത്രപ്രാധാന്യവും സാമൂഹികാംശങ്ങളുള്ള മലയാളകൃതികൾ രചിക്കപ്പെടുന്നത് പതിമൂന്നാം നൂറ്റാണ്ടോടുകൂടിയാണ്. പന്ത്രണ്ടാംശതകംമുതലോ പതിമൂന്നാം ശതകംമുതലോ ഉണ്ടായ കൃതികൾ മാത്രമേ ചരിത്രപ്രാധാന്യം ഉൾക്കൊള്ളുന്നവയായി നമുക്ക് ലഭിച്ചിട്ടുള്ളൂ. എ.ഡി.പതിമൂന്നാം ശതകത്തിന്റെ ഉത്തരാർധത്തിലുണ്ടായ 'ഉണ്ണിയച്ചിചരിത'വും 'ഉണ്ണിച്ചിരുതേവി ചരിത'വും ചരിത്രപ്രാധാന്യമുള്ള ആദ്യ മലയാള കൃതികളിൽപ്പെടുന്നു. ദേവദാസികളെപ്പറ്റിയുള്ള വർണനകൾ ഇതിലുണ്ട്. പന്നിയൂർ ചോകിര ഗ്രാമതർക്കവും ഇവയിലെ പരാമർശവിഷയമാണ്. വേണാട്ടടികൾ, കോലത്തിരി തുടങ്ങിയ ഭരണാധികാരികളും തിരുനെല്ലി, കൊടുങ്ങല്ലൂർ തുടങ്ങിയ നഗരങ്ങളും ഇതിൽ പ്രതിപാദ്യവിഷയങ്ങളാണ്. വയനാട്ടിലെ തിരുമരുതൂർ കേന്ദ്രമാക്കി രചിക്കപ്പെട്ട ഉണ്ണിയച്ചീചരിതത്തിൽ ആണ് മലയാളർ എന്ന പദം ആദ്യമായി ഉപയോഗിച്ചത്.

പതിനാലാം ശതകത്തിന്റെ പൂർവാർധത്തിലുണ്ടായ 'അനന്തപുര വർണനം' അന്നത്തെ തിരുവനന്തപുരം നഗരത്തിന്റെ വിവരണം നമുക്ക് നൽകുന്നു. പതിനാലാം നൂറ്റാണ്ടിലുണ്ടായ 'ഉണ്ണുനീലി സന്ദേശ'മാണ് മറ്റൊരു കൃതി. വേണാട്ടുരാജാക്കൻമാരായ ഇരവി വർമ്മയും ആദിത്യവർമ്മ സർവാംഗനാഥനും യുദ്ധത്തിലും സമാധാനത്തിലും കൈവരിച്ച നേട്ടങ്ങളെപ്പറ്റി 'ഉണ്ണുനീലി സന്ദേശ'ത്തിൽ നിന്നും വിവരം ലഭിക്കുന്നു. കടുത്തുരുത്തിയിൽ കഴിയുന്ന നായികയ്ക്ക്, അവളെ പിരിഞ്ഞ് തിരുവനന്തപുരത്തെത്തിച്ചേരാനിടയായ നായകൻ, അവിടെനിന്ന് ഒരു സന്ദേശം കൊടുത്തയയ്ക്കുന്നതാണ് ഈ സന്ദേശകാവ്യത്തിന്റെ വിഷയം. തിരുവനന്തപുര

ത്തുനിന്ന് കടുത്തുരുത്തിവരെയുള്ള ദേശങ്ങളുടെ രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ വിവരങ്ങൾ നമുക്ക് ഈ കൃതിയിൽ നിന്ന് ലഭിക്കും. തുലുക്കൻ പട, ഓടനാടിന്റെ സാമന്ത പദവി, കൊല്ലം പട്ടണത്തിന്റെ വാണിജ്യപ്രാധാന്യം എന്നിവയെല്ലാം പരാമർശിക്കപ്പെടുന്നു. കൊങ്കണർ, ചീനർ, തുലുക്കർ തുടങ്ങി പലതരം ആളുകളെയും നഗര വർണ്ണനയോടൊപ്പം പരിചയപ്പെടുത്തുന്നുണ്ട്. പതിനാലാം ശതകത്തിലുണ്ടായ 'ഉണ്ണിയാടി ചരിതം' പെരുമ്പടപ്പു സ്വരൂപത്തിന്റെ ആദ്യകാല ചരിത്രത്തെപ്പറ്റിയും പെരുമ്പടപ്പും ഓടനാടും തമ്മിലുണ്ടായ ബന്ധത്തെപ്പറ്റിയും വെളിച്ചം വീശുന്നു. കണ്ടിയൂർ മറ്റം പടപ്പാട്ടിൽ ചിറവായ് സ്വരൂപം, മണിഗ്രാമം, ഓണത്തല്ല് തുടങ്ങി പല കാര്യങ്ങളും വിവരിക്കപ്പെടുന്നു. 1694-ലെ മാമാങ്കം വിവരണം കാടഞ്ചേരി നമ്പൂതിരി എഴുതിയ മാമാങ്കം കിളിപ്പാട്ടിൽ കാണാം. പയ്യന്നൂർ പാട്ടിൽ പതിമൂന്നാം നൂറ്റാണ്ടിൽ നിലനിന്ന വ്യാപാരങ്ങളെക്കുറിച്ചുള്ള വിവരണങ്ങളുണ്ട്.

കോകസന്ദേശം, ചന്ദ്രോൽസവം എന്നിവയും ചരിത്രപ്രാധാന്യമുള്ള കൃതികളിൽ പെടുന്നു. കോകസന്ദേശം തൃക്കണാമതിലകത്തിന്റെ പഴയ ചിത്രം നമുക്ക് നൽകുന്നു. ചന്ദ്രോത്സവത്തിൽ പതിനെട്ട് ശാസ്ത്ര സംഘങ്ങളുടെ വിവരങ്ങളുണ്ട്. ചാത്തിരസംഘങ്ങൾ, വർത്തക സംഘങ്ങൾ, നമ്പൂതിരിസംഘങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള സൂചനകളും ഇതിലുൾക്കൊള്ളുന്നു. രാജാരത്നവലീയം ചമ്പു, കൊച്ചിയെപ്പറ്റി വിവരം നൽകുന്നതാണ്. രാമപുരത്തു വാര്യരുടെ കുചേലവൃത്തവും ഭാഷാഷ്ടപദിയും മാർത്താണ്ഡവർമ്മയെപ്പറ്റി വിവരം നൽകുന്നയാണ്. കുഞ്ചൻനമ്പ്യാരുടെ തുള്ളൽപാട്ടുകൾ പതിനെട്ടാം ശതകത്തിലെ കേരളത്തിന്റെ സാമൂഹികവശങ്ങളെ പ്രതിഫലിപ്പിക്കുന്ന കൃതികളാണ്. ഈ സാഹിത്യകൃതികൾ കൂടാതെ ചരിത്രരചനയെ പരോക്ഷമായി സഹായിക്കുന്ന ചില വ്യാമിശ്ര കൃതികളും ഉണ്ട്. സ്ഥലപുരാണങ്ങൾ, വീരഗാഥകൾ, ഗ്രന്ഥവരികൾ എന്നിവ അവയിൽ പെടുന്നു.

കേരളത്തിൽ മധ്യകാലഘട്ടത്തിലെ പ്രഗത്ഭങ്ങളായ രാജവംശങ്ങളുടെ എഴുത്തുകുത്തുകളും മറ്റു വിവരങ്ങളും ഉൾക്കൊള്ളുന്നവയാണ് ഗ്രന്ഥവരികൾ. ഭരണാധികാരികളുടെ സാമന്ത പ്രഭുക്കൻമാരെക്കുറിച്ചും അവരുടെ പദവികളെക്കുറിച്ചും ഭൂമി ഇടപാടുകളെക്കുറിച്ചും വിശദ വിവരങ്ങൾ നൽകാൻ ഗ്രന്ഥവരികൾക്കു കഴിയും. ക്ഷേത്രത്തിന്റെ സ്വത്ത് സംബന്ധിച്ച വിവരങ്ങൾ, ആചാരാനുഷ്ഠാനങ്ങളുടെ വിശദീകരണ കുറിപ്പുകൾ എന്നിവ ഇതിൽ ഉൾക്കൊള്ളുന്നു. സാമൂതിരി കോവിലകം ഗ്രന്ഥവരിയും കോഴിക്കോടിന്റെയും വേണാടിന്റെയും രാഷ്ട്രീയസാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതികളെ കുറിച്ച് വിവരങ്ങൾ നൽകുന്നു. തിരുവനന്തപുരത്തെ മതിലകം ഗ്രന്ഥവരിയും കോഴിക്കോട്ട് സാമൂതിരി മതിലകത്തെ ഗ്രന്ഥവരിയും ചരിത്ര പ്രാധാന്യമുള്ളവയാണ്. പെരിയ വീട്ടുമുതലിയാർ രേഖകൾ തിരുമലനായിക്കന്റെ 1634-ലെ തിരുവിതാംകൂർ ആക്രമണത്തെ കുറിക്കുന്ന ആദ്യ രേഖയാണ്. ചേന്ദമംഗലത്തെ പാലിയംരേഖകളും ചരിത്രപ്രാധാന്യമുള്ളവയാണ്.

വടക്കൻപാട്ടുകൾ, സിറിയൻ ക്രിസ്ത്യാനികളുടെ മാർഗംകളിപ്പാട്ട്, കല്യാണപ്പാട്ടുകൾ, പള്ളിപ്പാട്ടുകൾ, മാപ്പിളപ്പാട്ടുകൾ എന്നിവയും ചരിത്ര രചനയെ സഹായിക്കുന്നവയാണ്. പതിനാറാം നൂറ്റാണ്ടിൽ സൈനുദ്ദീൻ മഖ്ദൂം എഴുതിയ തുഹ്ഫത്തുൽ മുജാഹിദീൻ ഇതിൽ പ്രധാനപ്പെട്ടതാണ്. അറബിഭാഷയിൽ എഴുതപ്പെട്ട ഈ ഗ്രന്ഥം കേരളത്തിൽ പോർച്ചുഗീസുകാർ നടത്തിയ ക്രൂരകൃത്യങ്ങളുടെ വിവരണങ്ങൾ ഉൾക്കൊള്ളുന്നതാണ്. കേരളത്തിലെ ഇസ്ലാംമതത്തിന്റെ ചരിത്രവും ഇതിൽ പ്രതിപാദിക്കപ്പെടുന്നു. ജാതി സമ്പ്രദായം, വസ്ത്രധാരണം, ഭക്ഷണ രീതികൾ, ദായക്രമം, യുദ്ധം തുടങ്ങി കേരളീയ സാമൂഹ്യ ജീവിതത്തിന്റെ വിവിധ തലങ്ങളെ ഈ കൃതി പരിചയപ്പെടുത്തുന്നു.

## Recap

- ചരിത്രരേഖകളുടെ അപര്യാപ്തത
- സംസ്കൃത കൃതികളിൽ നിന്ന് കണ്ടെടുക്കുന്ന കേരളം
- രാമായണ ഭാരതങ്ങളിലെ കേരള പരാമർശം
- പ്രാചീന കേരള ചരിത്രത്തിൽ നിർണായക സ്ഥാനമുള്ള തമിഴ് കൃതികൾ
- സംഘം കൃതികളിലെ വിവരണങ്ങൾ
- മലയാളം ഒരു ഭാഷയായി രൂപപ്പെടുന്ന ഘട്ടം
- സന്ദേശകാവ്യങ്ങളിലെ സ്ഥല സൂചനകൾ

## Objective Type Questions

1. കേരള പരാമർശമുള്ള ആദ്യ സംസ്കൃത കൃതി ഏത്?
2. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പരാമർശിക്കുന്ന നദി ഏതാണ്?
3. സ്ഥാണുരവിയുടെ ഇരുപത്തിയഞ്ചാം ഭരണ വർഷത്തിൽ ശങ്കരനാരായണൻ രചിച്ച കൃതിയുടെ പേര് എന്താണ്?
4. ചിലപ്പതികാരത്തിന്റെ കർത്താവ് ആരാണ്?
5. മണിമേഖല എന്ന കൃതിയിൽ സൂചിതമാകുന്ന നഗരം ഏതാണ്?
6. ചേരമാൻ പെരുമാൾ നായനാരുടെ ജീവിതകഥ പറയുന്ന ചേക്കിഴാരുടെ ഗ്രന്ഥം ഏതാണ്?
7. മലയാളർ എന്ന പദം ആദ്യമായി ഉപയോഗിക്കപ്പെട്ട സന്ദേശകാവ്യം ഏത്?
8. ഉണ്ണുനീലി സന്ദേശത്തിൽ പരാമർശിക്കപ്പെടുന്ന രാജാക്കന്മാരുടെ പ്രദേശമേതാണ്?
9. കൊച്ചിയെപ്പറ്റി വിവരം നൽകുന്നത് ഏത് ചമ്പുവിലാണ്?
10. മധ്യകാല രാജവംശങ്ങളുടെ എഴുത്തുകുത്തുകൾ അറിയപ്പെട്ടിരുന്നത് എങ്ങനെയാണ്?

## Answers to Objective Type Questions

1. ഐതരേയ ആരണ്യകം
2. ചൂർണ്ണിയാർ (പെരിയാർ)
3. ലഘുഭാസ്കരീയം
4. ഇളങ്കോവടികൾ
5. വഞ്ചി
6. പെരിയപുരാണം
7. ഉണ്ണിയച്ചീചരിതം
8. വേണാട്
9. രാജരത്നാവലീയം ചമ്പു
10. ഗ്രന്ഥവരികൾ

## Assignments

1. സംസ്കൃതകൃതികളിൽ നിന്ന് തെളിഞ്ഞുവരുന്ന കേരളചരിത്രത്തെ വിശദീകരിക്കുക.
2. സംഘം കൃതികളിലെ കേരളപരാമർശങ്ങളെ വിവരിക്കുക.

## Suggested Readings


1. പ്രശാന്ത് മിത്രൻ, കേരള പൈതൃക മുദ്രകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ടി.ടി. ശ്രീകുമാർ, ചരിത്രവും സംസ്കാരവും, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എ. ശ്രീധരമേനോൻ, കേരള സംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.

യൂണിറ്റ് 2

# ശിലാശാസനങ്ങൾ

## Learning Outcomes

- ശിലാശാസനങ്ങൾ കേരള ചരിത്ര രചനയെ സഹായിക്കുന്നുവെന്ന ധാരണ ഉണ്ടാകുന്നു
- പ്രധാനപ്പെട്ട ശാസനങ്ങളും അവയുടെ ചരിത്രമൂല്യവും തിരിച്ചറിയുന്നു
- നാണയങ്ങൾ കേരള ചരിത്രരചനയിൽ വഹിക്കുന്ന പങ്കിനെപ്പറ്റി മനസിലാക്കുന്നു

## Prerequisites

കേരള ചരിത്രനിർമാണത്തിൽ ഉപാദാനമായി പ്രവർത്തിക്കുന്ന ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ശാസനങ്ങൾ. ലഭ്യമായ വിവരങ്ങൾ ലഭ്യമല്ലാത്ത ഒരു കാലത്തിന്റെ അടയാളങ്ങളായി അവശേഷിച്ചതാണവ. പ്രാചീന ജീവിതത്തിന്റെ വിശദമായ വിവരങ്ങൾ ശാസനങ്ങളിൽ ഉണ്ട്. എഴുത്തുപകരണങ്ങളും അച്ചടിയും ഒന്നും വ്യാപകമാകാതിരുന്ന കാലത്ത് പൂർവികർ തങ്ങൾക്ക് കൈമാറ്റം ചെയ്യേണ്ട അറിവുകളെ ശിലകളിൽ രേഖപ്പെടുത്തുക പതിവായിരുന്നു. ഭരണകർത്താക്കളാണ് ശാസനങ്ങൾ എഴുതിച്ചിരുന്നത്. അതിനാൽ പല ശാസനങ്ങളും രാജാക്കന്മാരുടെ പേരിൽ അറിയപ്പെട്ടു. പുരാതന പ്രാദേശിക സമിതികളുടെ ഘടന, ക്ഷേത്രഭരണരീതി, ജന്മി – കുടിയാൻ ബന്ധം, വിദ്യാപീഠങ്ങളുടെ പ്രവർത്തനരീതി, നികുതിസമ്പ്രദായം, കച്ചവടബന്ധം എന്നിവ മനസിലാക്കാൻ ശാസനങ്ങൾ ഉപകരിക്കും. മിക്ക ശാസനങ്ങളിലും വട്ടെഴുത്ത് ലിപിയാണ് ഉപയോഗിച്ചിട്ടുള്ളത്. സംസ്കൃതശാസനങ്ങളും ഉഭയഭാഷാ ശാസനങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. കലിവർഷം, കൊല്ലവർഷം, പുതുവൈപ്പ് വർഷം എന്നീ കാലങ്ങളാണ് കേരളശാസനങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത്. കുലശേഖരന്മാരുടെ ഭരണചിത്രം പുനർനിർമിക്കാൻ സഹായകമായ നൂറിലധികം ശാസനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ദേവദാസികളെപ്പറ്റി പരാമർശമുള്ള ചോകൂർ ശാസനം, ജൂതശാസനം, ഹജൂർ ശാസനം, പാലിയം ചെപ്പേട്, തരിസാപ്പള്ളി ശാസനം, മാമ്പള്ളി ശാസനം തുടങ്ങിയവ പ്രധാനപ്പെട്ട ശിലാശാസനങ്ങളാണ്. ചരിത്രപഠനത്തിന് സഹായകരമായി നാണയങ്ങളും വർത്തിക്കുന്നു. പഴയ നാണയങ്ങൾ ശേഖരിക്കുന്നത് ഹോബിയാക്കിയ ചിലർ നമുക്കിടയിൽ ഉണ്ടാകും. ഒരു കാലഘട്ടത്തെ പല നിലയിൽ വായിച്ചെടുക്കാവുന്ന ഒരു വഴി കൂടിയായി ആ ശേഖരണം മാറും. നാണയം ഇറക്കിയ കാലവും അതിലെ ചിഹ്നങ്ങളും വാക്യങ്ങളും എല്ലാം വിലപ്പെട്ട വിവരങ്ങൾ നൽകുന്നവയാണ്. ബി.സി.117 മുതൽ എ.ഡി 12 വരെയുള്ള റോമൻ നാണയങ്ങൾ കേരളത്തിൽ നിന്നു ലഭിച്ചിട്ടുണ്ട്. കണ്ണൂരിൽ നിന്നാണ് ഏറ്റവും വലിയ ശേഖരം ശേഖരം ലഭിച്ചിട്ടുള്ളത്. 9–ാം നൂറ്റാണ്ടിലെ വാഴപ്പള്ളി ശാസനത്തിൽ റോമൻ നാണയമായ ദിനാരത്തെക്കുറിച്ച് സൂചനയുണ്ട്. അറബിനാണയങ്ങൾ കേരളത്തിൽ പ്രചരിച്ചിരുന്നുവെന്നതിന് തെളിവാണ് 1962–ൽ കോതമംഗലത്ത് നിന്നും ലഭിച്ച ഈജിപ്തിലെ ബലീഫുമാരുടെ നാണയം. സിലോൺ നാണയമായ ഈഴക്കാശും ഡച്ചുകാരുടെയും പോർച്ചു

ഗ്രീസുകാരുടെയും കാലത്ത് പ്രചരിച്ചിരുന്ന സെക്വീനും ഡുക്കറും റിയറും ചരിത്ര പഠനത്തിന് സഹായകമായി. ഒൻപതും പത്തും ശതകത്തിലെ ചേരനാണയങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ഈ നാണയങ്ങൾ ആന, അമ്പ്, വില്ല് എന്നിവയുടെ ചിഹ്നമുള്ള മൂന്ന് സ്വർണനാണയങ്ങളാണ്. പറവൂരിൽ നിന്ന് ലഭിച്ച ഈ നാണയങ്ങൾ മഹോദയപുരത്തെ രാജാക്കന്മാരുടെതാണെന്ന് കേരള പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വിദേശസഞ്ചാരികളും കച്ചവടക്കാരും പ്രാചീനകേരളത്തിൽ സഞ്ചരിക്കുകയും കച്ചവടം നടത്തുകയും ചെയ്തിരുന്നതിനുള്ള തെളിവുകൾ ഇവിടെ നിന്ന് ലഭിച്ചിട്ടുള്ള വിദേശ നാണയങ്ങളിൽ നിന്ന് ലഭിക്കും. ഇങ്ങനെ ചരിത്ര പഠനത്തിന്റെ ഉപാദാന സാമഗ്രികളിൽ വലിയ പ്രാധാന്യം നാണയങ്ങൾക്കുണ്ട്.

## Keywords

ശിലാശാസനങ്ങൾ-രാജാക്കന്മാരുടെ ശാസനങ്ങൾ-ദേവാലയങ്ങളിലെ ശാസനങ്ങൾ-നാണയങ്ങൾ-വിദേശനാണയങ്ങൾ

## Discussion

### 1.2.1 ശിലാശാസനങ്ങൾ

കേരളത്തിന്റെ പ്രാചീന ചരിത്രത്തെ സംബന്ധിച്ചിടത്തോളം ശിലാശാസനങ്ങൾ വിശ്വാസയോഗ്യമായ രേഖകളാണ്. കേരളത്തിൽ നിലവിലിരുന്ന വിവിധ രാജ്യങ്ങളുടെ രാജവംശ ചരിത്രം രചിക്കാൻ സഹായിക്കുന്നവയാണീ ശാസനങ്ങൾ. ജനങ്ങളുടെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിലേക്ക് വെളിച്ചംവീശാനും ശാസനങ്ങൾ ഉപകരിക്കുന്നു. പ്രാചീന കാലത്തുണ്ടായിരുന്ന പ്രാദേശിക സമിതികളുടെ ഘടന, ജന്മികുടിയാൻ ബന്ധത്തിന്റെ സ്വഭാവം, വിദ്യാപീഠങ്ങളുടെ പ്രവർത്തനം ഇവയെക്കുറിച്ചു മനസിലാക്കാൻ ശാസനങ്ങൾ നമ്മെ സഹായിക്കുന്നു. അവയിൽ കാണുന്ന തീയതികൾ, ചിഹ്നങ്ങൾ, ജ്യോതിശാസ്ത്രപരമായ സൂചനകൾ മുതലായവ കേരളചരിത്രത്തിലെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായിച്ചിട്ടുണ്ട്. കലിവർഷം, കൊല്ലവർഷം, പുതുവയ്പ് വർഷം മുതലായ കാലഗണനാ സമ്പ്രദായങ്ങളാണ് ശാസനങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത്. കേരളത്തിൽനിന്നു ലഭിച്ചിട്ടുള്ള മിക്ക ശാസനങ്ങളിലെയും ഭാഷ മലയാളവും ലിപി വട്ടെഴുത്തുമാണ്. സംസ്കൃതമാണ് ചില ശാസനങ്ങളിലെ ഭാഷ. സംസ്കൃതവും മലയാളവും ചേർന്ന ശാസനങ്ങളും കണ്ടെത്തിയിട്ടുണ്ട്.

രാജശേഖരവർമ്മ(എ.ഡി. 820-844)ന്റെ വാഴപ്പള്ളി ശാസനമാണ് ചേരരാജാക്കന്മാരുടെതായി കേരളത്തിൽനിന്നു കണ്ടെത്തിയ ആദ്യ ശാസനം. സ്ഥാണുരവിവർമ്മ(എ.ഡി. 844- 855) യുടെ പതിനൊന്നാം ഭരണ വർഷത്തിലെ ഒരു ശാസനം ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽനിന്നു കിട്ടിയിട്ടുണ്ട്. ഗോദരവിവർമ്മയുടെ ചോക്കൂർ(എ.ഡി. 923) ശാസനത്തിലാണ് കേരളത്തിലെ ദേവദാസികളെപ്പറ്റി ആദ്യ പരാമർശമുള്ളത്. ഭാസ്കര രവിവർമ്മ ഒന്നാമൻ, ശ്രീവല്ലഭൻ കോതാ, ഗോവർദ്ധ മാർത്താണ്ഡൻ എന്നീ മൂന്നുപേരെയും ഒന്നിച്ചു പരാമർശിക്കുന്നതാണ് തൃക്കൊടിത്താനം ശാസനം. എ.ഡി. 1000-ാംമാണ്ട് ഭാസ്കര രവിവർമ്മ ഒന്നാമൻ മഹോദയപുരത്തു വച്ച് ജൂതൻമാർക്കു നൽകിയ ചെപ്പേട് ചരിത്രപ്രസിദ്ധമായ രേഖകളിലൊന്നാണ്. ജോസഫ് റബ്ബാൻ എന്ന ജൂതപ്രമാണിക്ക് ചുങ്കവും മറ്റു നികുതികളും സ്വന്തമായി പിരിച്ചുകൊള്ളുക, പല്ലക്കേറുക തുടങ്ങി 72 അവകാശങ്ങളോടു കൂടിയ അഞ്ചുവണ്ണ സ്ഥാനം അനുവദിച്ചുകൊടുക്കുന്നതാണ് പ്രസ്തുത ശാസനം.

അയ്യനടികളുടെ എ.ഡി. 849-ലെ തരിസാപ്പള്ളി ചെപ്പേടുകൾ തീയതി കൃത്യമായി കണ്ടുപിടിച്ച ആദ്യ കേരളശാസനമാണ്. വേണാട്ടു രാജാവ് കൊല്ലത്തെ തരിസാപ്പള്ളിക്ക് ഒട്ടേറെ അധികാരാവകാശങ്ങളോടുകൂടി ഒരു പ്രദേശം ദാനം ചെയ്യുന്നതാണ് ഈ ശാസനത്തിന്റെ ഉള്ളടക്കം. ഈ കാലഘട്ടത്തിൽ വേണാടിന് കുലശേഖര സാമ്രാജ്യത്തിലെ സാമന്ത പദവിയേ ഉണ്ടായിരുന്നുള്ളു എന്ന് ഇതിൽ നിന്നറിയാൻ കഴിയുന്നു. കൊല്ലത്തിന്റെ വാണിജ്യപ്രാധാന്യവും ഈ ശാസനത്തിൽ നിന്നു മനസിലാകും. അറുനൂറ്റുവർ എന്ന പ്രാദേശിക സമിതിയെപ്പറ്റിയും, വിൽപ്പന നികുതി, തൊഴിൽ നികുതി, വാഹന നികുതി തുടങ്ങിയ പലതരം നികുതികളെപ്പറ്റിയും, മതസഹിഷ്ണുതയെപ്പറ്റിയും ഇതിലൂടെ വ്യക്തമാകുന്നുണ്ട്. വേണാട് ശ്രീവല്ലഭൻ കോതയുടെ മാമ്പള്ളി ശാസന(എ.ഡി.974)മാണ് മറ്റൊരു ശാസനം. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലുള്ള മാർത്താണ്ഡവർമ്മയുടെ സംസ്കൃത ശാസനങ്ങൾ പതിനെട്ടാം ശതകത്തിന്റെ പൂർവാർധത്തിൽ അദ്ദേഹം ക്ഷേത്രം പുതുക്കിപണിയിച്ചതിന്റെ രേഖകളാണ്.

കേരളത്തിലെ ശിലാ താമ്രശാസനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനമായ ഒരു പ്രമാണമാണ് മഹോദയപുരം തലസ്ഥാനമാക്കി വാണിരുന്ന പെരുമ്പടപ്പു രാജാവായ വീരരാഘവ ചക്രവർത്തിയുടെ എ.ഡി. 1225-ലെ സിറിയൻ ക്രിസ്ത്യൻ താമ്രശാസനം. എ.ഡി. 1000 ത്തിൽ ഭാസ്കര രവിവർമ്മ ഒന്നാമൻ ജൂതൻമാർക്ക് നൽകിയതുപോലെ വീരരാഘവ ചക്രവർത്തി ഈ ശാസനപ്രകാരം മഹോദയപുരത്തെ ക്രിസ്ത്യാനികൾക്ക് ചില അവകാശങ്ങൾ അനുവദിച്ചു കൊടുക്കുന്നു. കേരള രാജാക്കൻമാരുടെ മതസഹിഷ്ണുതയ്ക്ക് ഇതും ഒരു തെളിവാണ്.

പുതുവയ്പു വർഷം 322-ൽ മീനം 14-ാം തീയതി ചമച്ച ഒരു രേഖ ചേന്നമംഗലത്തെ പാലിയത്തുനിന്നു കണ്ടെത്തിയിട്ടുണ്ട്. കൊച്ചിരാജാവും ഡച്ച് ഈസ്റ്റിന്ത്യാകമ്പനിയും തമ്മിലുള്ള ഒരു കരാറാണ് ഇത്. പുതുവയ്പു വർഷം രേഖപ്പെടുത്തിയിട്ടുള്ള വളരെ ചുരുക്കം രേഖകളിൽ ഒന്നാണെന്ന പ്രാധാന്യം ഇതിനുണ്ട്. എ.ഡി. 1801 (കൊല്ലവർഷം 976) ൽ തിരുവഞ്ചിക്കുളം ശിവക്ഷേത്രത്തിൽനിന്നു കണ്ടെടുത്ത ഒരു രേഖയിൽ ഒരു ശാസ്ത്രബാഹ്യൻ നശിപ്പിച്ച ആ ക്ഷേത്രം ശക്തൻ തമ്പുരാൻ (1790- 1805) രണ്ടാമത് പണിയിച്ചതായി കാണുന്നു.

കേരളത്തിലെ ചരിത്രാന്വേഷികൾക്ക് താത്പര്യമുള്ള ധാരാളം ക്ഷേത്രങ്ങളുണ്ട്. തിരുവല്ലാ ക്ഷേത്രത്തിലെയും വടക്കുംനാഥ ക്ഷേത്രത്തിലേയും പട്ടാഴി ഭഗവതി ക്ഷേത്രത്തിലേയും രേഖകളാണ് ഇവയിൽ കൂടുതൽ ചരിത്രമൂല്യമുള്ളവ. തിരുവല്ലാച്ചെപ്പേടുകൾ ഒരു നീണ്ട ഗ്രന്ഥം തന്നെയാണ്. എ.ഡി. 12-ാം ശതകമാണ് ഇവയുടെ രചനാകാലം. പഠനാർഹങ്ങളായ സാമൂഹ്യ സ്ഥാപനങ്ങളെയും സാമൂഹ്യാചാരങ്ങളെയും ഇവ പരാമർശിക്കുന്നു. തൃശൂർ വടക്കുന്നാഥ ക്ഷേത്രത്തിൽ മൂന്നു ശാസനങ്ങളുണ്ട്. ഇവയുടെയും കാലം ഏതാണ്ട് 12-ാം ശതകം തന്നെയാണ്. വടക്കുന്നാഥ ക്ഷേത്രത്തിൻകീഴിലുള്ള കുടിയാന്മാരുടെയും മറ്റു ജീവനക്കാരുടെയും ചുമതലകളും അവകാശങ്ങളും നിശ്ചയിക്കുന്നതും നമ്പൂതിരിമാരുടെ ആധിപത്യത്തെ തെളിയിക്കുന്നതുമായ 'കോട്ടുവായിരവേലിക്കച്ച'ത്തെക്കുറിച്ച് പ്രതിപാദിക്കുന്നുവെന്നതാണ് ഈ ശാസനങ്ങളുടെ പ്രാധാന്യം. കേരളത്തിൽ കുടിയാന്മാരുടെ അവകാശങ്ങളെ നിശ്ചയിക്കുന്ന ഒരേയൊരു കച്ചം ഇതാണ്. കൊല്ലവർഷം 971 (എ.ഡി.1796)ൽ എഴുതിയ പട്ടാഴി ചെമ്പോലക്കരണം കൊട്ടാരക്കര താലൂക്കിലെ പട്ടാഴി ഭഗവതി ക്ഷേത്രത്തിൽ നിന്നാണ് കിട്ടിയത്. ഈ ഭഗവതി ക്ഷേത്രത്തിന്റെ വസ്തുവകകളുടെ മേൽനോട്ടം വഹിച്ചിരുന്ന കാമ്പിത്താന്റെ അധികാരത്തെ വകവയ്ക്കാത്ത കരക്കാർക്ക് അകവൂർ നമ്പൂതിരിപ്പാട് നൂറു രാശി പ്രായശ്ചിത്തം വിധിക്കുന്നതാണ് ഇതിന്റെ ഉള്ളടക്കം. പതിനെട്ടാം നൂറ്റാണ്ടിലെ ക്ഷേത്ര ഭരണകാര്യങ്ങളിൽ ഊരാളരും കാരാളരും തമ്മിലുണ്ടായിരുന്ന ബന്ധങ്ങളിലേക്ക് ഈ രേഖ വെളിച്ചം വീശുന്നു.

ക്രൈസ്തവ-മുസ്ലീം-ജൂത ദേവാലയങ്ങളിലും ചരിത്ര പ്രാധാന്യമുള്ള ശാസനങ്ങൾ കാ

ണാം. കടമറ്റത്തെ ഓർത്തോഡോക്സ് സിറിയൻ പള്ളിയിൽനിന്നു കിട്ടിയ പഹ്ലവി ശാസനം ഇവയിൽ പ്രധാനപ്പെട്ടതാണ്. 20 ഇഞ്ച് നീളവും 13 ഇഞ്ച് വീതിയും സെന്റ് തോമസ് കുരിശിന്റെ ആകൃതിയും ഉള്ള ഒരു ഫലകത്തിൽ കൊത്തിയതാണിത്. ഉദയംപേരൂർ, കണ്ടനാട്, കോതമംഗലം, അങ്കമാലി, പറവൂർ, വരാപ്പുഴ മുതലായ സ്ഥലങ്ങളിലുള്ള ക്രിസ്ത്യൻ പള്ളികളിലും ചരിത്ര പ്രധാനമായ രേഖകളുണ്ട്. മുസ്ലീം പള്ളികളിലെ രേഖകളുടെ കൂട്ടത്തിൽ മാടായി പള്ളി (പഴയങ്ങാടി പള്ളി)യിലെ അറബി ശാസനം പ്രധാന്യമർഹിക്കുന്നു. ഹിജ്റ 580 (എ.ഡി. 1124) ആ പള്ളി സ്ഥാപിച്ചതിന്റെ സ്മാരകമാണീ ശാസനം. കോഴിക്കോട് കുറ്റിച്ചിറ മുച്ചുന്തി പള്ളിയിലെ വട്ടെഴുത്തിലുള്ള ശിലാരേഖ സാമൂതിരിമാരുടെ കീഴിൽ കോഴിക്കോടിന്റെ ആദ്യകാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു. ഇതിന്റെ കാലം ക്രിസ്തുവർഷം പതിമൂന്നാം ശതാബ്ദമാണ്. കേരളത്തിലെ മുസ്ലീം പള്ളികളിൽനിന്ന് വട്ടെഴുത്ത് ശിലാരേഖ ഇതുവരെ കണ്ടെടുത്തിട്ടില്ല എന്നതിനാലും പ്രാചീന മലയാളവും അറബിയുംചേർന്ന ഒരു ലിപിയാണെന്നതുകൊണ്ടും മുച്ചുന്തി ശിലാരേഖക്ക് കേരളത്തിലെ ശാസനങ്ങളിൽ അതുല്യസ്ഥാനമാണുള്ളത്.

കേരളത്തിനു പുറത്തുനിന്നും ലഭിച്ച ചില ശാസനങ്ങളും കേരള ചരിത്രരചനയെ സഹായിക്കുന്നുണ്ട്. കേരള പരാമർശമുള്ള ആദ്യശിലാരേഖ അശോകന്റേതാണ്. പന്ത്രണ്ടാമത്തെയും പതിമൂന്നാമത്തെയും അശോകസ്തംഭങ്ങളിൽ കേരളരാജാവിനെ 'കേരളപുത്ര'' എന്ന് പരാമർശിക്കുകയും, കേരളപുത്രന്റെ രാജ്യം അശോക സാമ്രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിലൊന്നാണ് എന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു. തമിഴ്നാട്ടിൽ കലൂർ താലൂക്കിലെ പുകഴൂരിനടുത്തുള്ള അരനാട്ടാർമലൈയിൽ നിന്ന് 1965-ൽ കണ്ടുകിട്ടിയ ബ്രാഹ്മിയും തമിഴും ചേർന്ന ഒരു സംഘകാല ശാസനത്തിൽ ആതൻചേരൽ ഇരുമ്പൊറൈ, അദ്ദേഹത്തിന്റെ മകൻ പെരുംകടുംകോ, അദ്ദേഹത്തിന്റെ മകൻ ഇളംകടുംകോ എന്നീ മൂന്നു ചേരരാജാക്കന്മാരെപ്പറ്റി പറയുന്നു. സംഘകൃതികളെ ആസ്പദമാക്കിയുള്ള ചേരവംശാവലിയെ ഈ ശാസനം പിന്താങ്ങുന്നു. ആറും ഏഴും എട്ടും ശതകങ്ങളിലെ ചാലൂക്യരാജാക്കന്മാരുടെ ശാസനങ്ങളിൽ ചാലൂക്യരാജാക്കന്മാരിൽ നിന്ന് ചേരരാജാക്കന്മാർക്ക് നേരിട്ട പരാജയങ്ങളെക്കുറിച്ചും, അവർ കേരളം കീഴടക്കിയതിനെ പറ്റിയും പറയുന്നുണ്ട്. ഇങ്ങനെ നോക്കിയാൽ, ശിലാ - താമ്രശാസനങ്ങളുടെ പഠനം കേരളചരിത്രത്തിന്റെ രചനയ്ക്ക്, വിശേഷിച്ച് പോർട്ടുഗീസുകാരുടെ വരവിനുമുമ്പുള്ള കേരളചരിത്രത്തിന്റെ രചനയ്ക്ക്, അത്യന്തം പ്രയോജനകരമാണെന്ന് കാണാം.

### 1.2.2 നാണയങ്ങൾ

ചരിത്രകാരന് വിലപ്പെട്ട സൂചനകളും തെളിവുകളും നൽകുന്ന തീയതികളും ചിഹ്നങ്ങളും വാക്യശകലങ്ങളും നാണയങ്ങളിലുള്ളതിനാൽ ചരിത്രപഠനത്തിന് ഇവ വളരെയധികം സഹായകമാണ്. കണ്ടെടുത്തിട്ടുള്ളതിൽവച്ച് ഏറ്റവും പഴക്കംചെന്ന വിദേശ നാണയങ്ങൾ റോമൻ നാണയങ്ങളാണ്. വാഴപ്പള്ളി ചെപ്പേടിൽ ദിനാരം എന്ന റോമൻ നാണയത്തെക്കുറിച്ചുള്ള പരാമർശമുണ്ട്. കുത്തുപറമ്പ്, തൃശൂരിലെ എയ്യാൽ, പൂഞ്ഞാർ, ഇടമറുക്, നിരണം തുടങ്ങിയ പ്രദേശങ്ങളിൽനിന്ന് റോമൻ നാണയങ്ങൾ ലഭിച്ചിട്ടുണ്ട്. അറബി നാണയങ്ങളും സിലോൺ നാണയമായ 'ഈഴക്കാശ്', പോർട്ടുഗീസുകാരുടെയും ഡച്ചുകാരുടെയും കാലത്ത് 'സെകിൻ'എന്ന വെനീഷ്യൻ നാണയവും 'ഡുക്കറ്റ്'' എന്ന മൂറീഷ് നാണയവും 'റിയർ' എന്ന സ്പാനിഷ് നാണയവും 'പത്താക്ക' എന്ന പോർച്ചുഗീസ് നാണയവും ഇവിടെ പ്രചരിച്ചിരുന്നു. സെകിൻ ഇവിടെ 'ചാന്നാർ കാശ്' എന്നറിയപ്പെട്ടു.

കേരളത്തിന്റേതല്ലാത്ത നിരവധി ഇന്ത്യൻ നാണയങ്ങൾ കേരളത്തിന്റെ പല ഭാഗത്തുനിന്നും കണ്ടുകിട്ടിയിട്ടുണ്ട്. ആമാട, വങ്കാളി, മോഹറാ, ഹമ്മതി, ഭാരതി വരാഹൻ, ഇസ്തംപുരി, മൈലിപ്പണം, വെമ്പായി മോഹ, ശിന്തായി തുടങ്ങിയവ അതിൽ ചിലതാണ്. ബുദ്ധന്റെ കാലത്ത് തന്നെ പ്രചാരത്തിലുണ്ടായിരുന്ന മുദ്രിതനാണയങ്ങളാണ് (PUNCH MARKKED COINS) അവയിൽ ഏറ്റവും പഴക്കം ചെന്നവ. ചോള-പാ

ണ്ഡ്യനാണയങ്ങൾ ഉൾപ്പെടെ ദക്ഷിണേന്ത്യൻ രാജാക്കന്മാരുടെ പല നാണയങ്ങളും ഇവിടെ പ്രചരിച്ചിരുന്നു. സംഘം കൃതികളിൽ കാണം, കഴഞ്ച്, പാണ്ഡ്യക്കാശ് എന്നിവ പരാമർശിക്കപ്പെടുന്നുണ്ട്. ചോളരുടെ സ്വർണനാണയമായ 'ആനയച്ച്' എ.ഡി.1200-നടുത്തും, മധുര സുൽത്താന്മാരുടെ 'തുലുക്കക്കാശ്' 14-ാം ശതകത്തിലും ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. 'ഉണ്ണിയാടീചരിത'ത്തിൽ തുലുക്കക്കാശിനെപ്പറ്റി പരാമർശമുണ്ട്. ആനയച്ച് എന്ന നാണയത്തെക്കുറിച്ച് ഉണ്ണിയാടിസന്ദേശം സൂചന നൽകുന്നു. പ്രാചീന തമിഴകത്തെ 'ഹൂൺ' എന്നറിയപ്പെട്ടിരുന്ന നാണയം കേരളത്തിലും പ്രചരിച്ചിരുന്നു.

രാശി, കലിയുഗരായൻ പണം, പൊന്ന്, അച്ച്, പണം, കാശ്, അഴകച്ച്, തിരമം എന്നിവ കേരളത്തിൽ പ്രചരിച്ച നാണയങ്ങളാണ്. കോലത്തിരി രാജാവും കോഴിക്കോട്ടെ സാമൂതിരിയും 'പണം' എന്ന നാണയം പുറപ്പെടുവിച്ചിരുന്നു. വീരരായൻ പണം എന്ന നാണയവും ഉണ്ടായിരുന്നു. രാശിപ്പണം അഥവാ ഇരട്ടവാലൻപണം സാമൂതിരിയുടെ സ്വർണനാണയമായിരുന്നു. പെരുമ്പടപ്പ് സ്വരൂപത്തിൽ കലിയമേനി പുത്തൻ എന്ന നാണയമാണ് ആദ്യം പ്രചാരത്തിലുണ്ടായിരുന്നത്. ഇത് ദുർലഭമായതോടെ ഒറ്റപ്പുത്തൻ എന്ന നാണയം ഡച്ചുകാരുടെ സഹായത്തോടെ നടപ്പിൽ വരുത്തി. തിരുവിതാംകൂർ രാജാക്കന്മാരുടെ രണ്ട് സ്വർണനാണയങ്ങളായിരുന്നു 'അനന്തരായൻ പണ'വും 'അനന്തവരാഹ'നും. വെള്ളിച്ചക്രവും തിരുവിതാംകൂർ രാജാക്കന്മാർ ഇറക്കിയിരുന്നു. കൊച്ചി രാജാക്കന്മാരുടെ നാണയങ്ങളിൽ 'പുത്തൻ' ആയിരുന്നു ഏറ്റവും അധികം പ്രചാരം നേടിയത്. കലിയമേനിപുത്തൻ, ഇരട്ടപുത്തൻ എന്നിങ്ങനെയുള്ള വകഭേദങ്ങൾ ഇതിൽ ഉണ്ടായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ സാമ്പത്തിക ക്രയവിക്രയത്തിന് 'കവടി' എന്ന നാണയം ഉപയോഗിച്ചിരുന്നു. പലുങ്കുകാശ്, ആനയച്ച്, ചോഴക്കാശ് തുടങ്ങിയവയും പ്രചാരത്തിലുണ്ടായിരുന്നു. പ്രാചീന കേരളത്തിന്റെ വ്യാപാരബന്ധങ്ങൾ തെളിയിക്കുന്ന അറബിക്കാശ്, ഗുളിക, ചക്രപ്പണം തുടങ്ങിയ നാണയങ്ങളും ലഭിച്ചിട്ടുണ്ട്.

ഡച്ചുകാരുടെ ചെമ്പുനാണയങ്ങൾ, പറങ്കി വരാഹൻ, ഇക്കേരി വരാഹൻ, ആനക്കാശ്, മാഹി പണം, ഇംഗ്ലീഷ് സൂററ്റ് രൂപ, കമ്പനിരൂപ തുടങ്ങിയവ ആധുനിക കാലഘട്ടങ്ങളിൽ കേരളത്തിൽ പ്രചരിച്ച നാണയങ്ങളാണ്. ഹൈദരി വരാഹൻ, സുൽത്താൻപണം, സുൽത്താൻകാശ് തുടങ്ങിയ മൈസൂർ നാണയങ്ങളും ഇതിലുൾപ്പെടുന്നു. മാഹിയിലെ ഫ്രഞ്ച് പ്രദേശങ്ങൾക്ക് വേണ്ടി ഫ്രഞ്ചുകാർ അടിച്ച കനം കുറഞ്ഞ വെള്ളി നാണയമാണ് മാഹിപ്പണം. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനി തലശേരി കമ്മട്ടത്തിൽനിന്ന് 1799 ലും 1805 ലും പുറപ്പെടുവിച്ച വെള്ളി നാണയങ്ങളാണ് പത്തൊമ്പതാം ശതകത്തിന്റെ ആദ്യകാലത്ത് മലബാറിൽ സർവസാധാരണമായി പ്രചരിച്ചിരുന്നത്. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനി മലബാറിൽ ഇറക്കിയ നാണയങ്ങളിൽ 'T'എന്ന ഇംഗ്ലീഷ് അക്ഷരം രേഖപ്പെടുത്തിയിരുന്നു. 1799-ൽ അച്ചടിച്ച നാണയങ്ങളിൽ 99 എന്ന അക്കം കാണാം. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ തിരുവിതാംകൂറിനുമാത്രമാണ് സ്വന്തമായി നാണയം അടിക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നത്. 1950 ഏപ്രിൽ ഒന്നാം തീയതി മുതൽ തിരുവിതാംകൂർ നാണയങ്ങൾക്ക് നിയമസാധുത്വം ഇല്ലാതായി. കൊച്ചിയിൽ 1900 ജൂൺ 14 മുതൽ ബ്രിട്ടീഷിന്ത്യൻ നാണയങ്ങൾ മാത്രം പ്രചാരത്തിൽ വന്നു.

## Recap

- ശാസനങ്ങളിൽ തെളിയുന്ന രാജവംശങ്ങൾ
- വിവിധ കാലഗണനാ സമ്പ്രദായങ്ങൾ
- വാഴപ്പള്ളി, ചോക്കൂർ, തരിസാപ്പള്ളി ശാസനങ്ങൾ
- ദേവാലയങ്ങളിലെ ശാസനങ്ങൾ
- റോമൻ, പോർച്ചുഗീസ്, ഡച്ച് നാണയങ്ങൾ
- രാശി, പണം, പൊന്ന്, അച്ച്, കാശ് തുടങ്ങി നിരവധി നാണയങ്ങൾ
- സുൽത്താൻ പണം മുതലായ മൈസൂർ നാണയങ്ങൾ

## Objective Type Questions

1. കേരളത്തിലെ ശാസനങ്ങളിലുള്ള ലിപി?
2. ചേരരാജാക്കന്മാരുടെതായി കണ്ടെത്തിയ ആദ്യ ശാസനം?
3. ദേവദാസികളെപ്പറ്റി പരാമർശമുള്ള ഗോദരവിവർമ്മയുടെ ശാസനം?
4. കുടിയാന്മാരുടെ അവകാശങ്ങളെ നിശ്ചയിക്കുന്ന കച്ചം?
5. കേരള പരാമർശമുള്ള ആദ്യ ശിലാരേഖ ഏതു രാജാവിന്റേതാണ്?
6. ശാസനത്തിൽ പരാമർശിക്കപ്പെട്ട ഏറ്റവും പഴക്കം ചെന്ന റോമൻ നാണയം?
7. വെനീഷ്യൻ നാണയമായ സെക്വിൻ കേരളത്തിൽ അറിയപ്പെട്ടത് ഏതു പേരിൽ?
8. സംഘം കൃതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള നാണയങ്ങൾ?
9. ചോളരുടെ സ്വർണ്ണ നാണയത്തിന്റെ പേര്?
10. പുത്തൻ എന്ന നാണയം പുറപ്പെടുവിച്ചിരുന്ന രാജവംശം?
11. ഹൈദരി വരാഹൻ ഏത് നാടിന്റെ  നാണയമാണ്?
12. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി മലബാറിൽ പ്രചരിപ്പിച്ച നാണയത്തിൽ അച്ചടിച്ചിരുന്ന അക്ഷരം?

## Answers to Objective Type Questions

1. വട്ടെഴുത്ത്
2. വാഴപ്പള്ളി ശാസനം
3. ചോക്കൂർ ശാസനം
4. കോട്ടുവായിരവേലിക്കച്ചം
5. അശോകന്റെ
6. ദിനാരംഭം
7. ചാന്നാർ കാശ്
8. കാണം, കഴഞ്ച്, പാണ്ഡ്യക്കാശ്
9. ആനയച്ച്
10. കൊച്ചി രാജവംശം
11. മൈസൂർ
12. 'T'

## Assignments

1. കേരളചരിത്ര രചനയിൽ ശാസനങ്ങളുടെ സ്ഥാനം വിശദീകരിക്കുക.
2. നാണയങ്ങളുടെ ചരിത്രപ്രാധാന്യം അന്വേഷിക്കുക. പ്രാചീന കേരളത്തിൽ നിലവിലിരുന്ന നാണയങ്ങളെ കണ്ടെത്തുക.

## Suggested Readings


1. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. ഡോ. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. ഡോ. കെ.കെ.എൻ. കുറുപ്പ്, പഴശി സമരങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

യൂണിറ്റ് 3

# സഞ്ചാരികളുടെ കുറിപ്പുകൾ

## Learning Outcomes

- കേരളത്തെക്കുറിച്ച് പരാമർശിച്ച വിദേശസഞ്ചാരികളെപ്പറ്റിയുള്ള അറിവ് നേടുന്നു
- വിദേശ സഞ്ചാരികളുടെ യാത്രാവിവരണങ്ങളുടെ ചരിത്ര പ്രാധാന്യത്തെ തിരിച്ചറിയുന്നു
- യാത്രാവിവരണങ്ങളിൽ നിന്ന് ലഭ്യമാകുന്ന സാംസ്ക്കാരിക ജീവിതത്തിന്റെ രൂപരേഖ തിരിച്ചറിയുന്നു

## Prerequisites

സഞ്ചാര സാഹിത്യം ഇന്ന് ഏറ്റവും സജീവമായ ഒരു മേഖലയാണ് എന്ന് നമുക്കറിയാം. യാത്ര ചെയ്യുന്ന പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ തൊട്ടു അവിടുത്തെ ജീവിതരീതിയും ഭക്ഷണവും വേഷവിധാനവും ഭാഷയും സംസ്കാരവും എല്ലാം അതിൽ ഉൾപ്പെട്ടിട്ടുണ്ടാകും. ആ നാടിനെ കുറിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങൾ എല്ലാംതന്നെ അതിൽ നിന്ന് ലഭ്യമാവുകയും ചെയ്യും. ഓരോ പ്രദേശത്തിന്റെയും ചരിത്രവും അതതു കാലങ്ങളിൽ എഴുതപ്പെട്ട സഞ്ചാര കൃതികളിൽ കാണാം. പ്രാചീന കേരളത്തെ പറ്റി വിവരം നൽകുന്നതിൽ ക്രിസ്ത്വബ്ദത്തിന്റെ ആദ്യ  ശതകങ്ങൾ തൊട്ടുള്ള വിദേശസഞ്ചാരികളുടെ കുറിപ്പുകൾക്ക് വലിയ പ്രാധാന്യമുണ്ട്. കേരളത്തിൽ സജീവമായിരുന്ന തുറമുഖങ്ങളെക്കുറിച്ചും വിദേശ നാടുകളുമായുള്ള വാണിജ്യ ബന്ധത്തെക്കുറിച്ചും അതിൽ  കൈമാറ്റം ചെയ്തിരുന്ന സാമഗ്രികളെക്കുറിച്ചുമെല്ലാമുള്ള വിവരണങ്ങളിലൂടെ, ചരിത്രരചനയിൽ നിർണായക സാന്നിധ്യമായി വിദേശ സഞ്ചാരികളുടെ കുറിപ്പുകൾ മാറുന്നു. റോമൻ സഞ്ചാരികൾ, അറബി സഞ്ചാരികൾ, ചൈനീസ് സഞ്ചാരികൾ, യൂറോപ്യൻ സഞ്ചാരികൾ, പുരോഹിതന്മാർ, സ്ഥാനപതികൾ എന്നിവർ എഴുതിയിട്ടുള്ള വിവരണങ്ങളാണ് ഈ ഈ വിഭാഗത്തിൽ വരുന്നത്. എ.ഡി. 1-ാം നൂറ്റാണ്ടിലെ കേരളത്തെക്കുറിച്ചുള്ള അറിവുകൾ സ്ട്രാബോ, പ്ലിനി, ടോളമി തുടങ്ങിയവരുടെ ഗ്രന്ഥങ്ങളിൽ നിന്നും ലഭിക്കും. പൗരസ്ത്യ വ്യാപാരത്തിന്റെ മുഖ്യ കേന്ദ്രം കേരളക്കരയായിരുന്നു. കച്ചവടവസ്തുക്കളെക്കുറിച്ചും രാജാക്കന്മാരെ ക്കുറിച്ചും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആറു പ്രാവശ്യം കേരള സന്ദർശനം നടത്തിയ ഇബിനുബത്തൂത്തയും നിരവധി അറബിസഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. 14-ാം നൂറ്റാണ്ടിലെ കൊല്ലത്തിന്റെ സ്ഥിതികൾ ബത്തൂത്തയുടെ കൃതികളിൽ നിന്ന് മനസിലാക്കാം. കേരളത്തിലെ ഏറ്റവും നല്ല നഗരമായി കൊല്ലത്തെ അദ്ദേഹം വാഴ്ത്തിയിട്ടുണ്ട്. കേരളത്തിലെ മധ്യകാല ചരിത്രരചനയ്ക്കുപകരിക്കുന്നവയാണ് യൂറോപ്യൻ സഞ്ചാരികളുടെ വിവരണങ്ങൾ. മരുമക്കത്തായം, കച്ചവട വ്യാപാരം, മതപ്രചാരണം, രാഷ്ട്രീയ സാമൂഹിക ജീവിതം ഇവയെക്കുറിച്ചൊക്കെയുള്ള വിവരണങ്ങൾ  ഈ സഞ്ചാര കൃതികളിൽ കണ്ടെത്താൻ കഴിയും.

## Keywords

വിദേശ സഞ്ചാരികൾ-യാത്രാവിവരണങ്ങൾ-വാണിജ്യ പരാമർശങ്ങൾ-കാലാവസ്ഥ പരാമർശങ്ങൾ

## Discussion

### 1.3.1 സഞ്ചാരികളുടെ കുറിപ്പുകൾ

വിദേശ സഞ്ചാരികളുടെ വിവരണക്കുറിപ്പുകൾ കേരള ചരിത്രരചനയെ സഹായിക്കുന്നവയാണ്. പഴയ ഗ്രീസിലെയും റോമിലെയും എഴുത്തുകാരുടെ ചില വിവരണങ്ങൾ പ്രാചീന കേരളത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഇന്ത്യയിലെ ഗ്രീക്ക് അംബാസഡറായിരുന്ന മെഗസ്തനീസ് അന്നത്തെ ഇന്ത്യയെക്കുറിച്ചെഴുതിയ കുറിപ്പുകളിൽ കേരളത്തെപ്പറ്റിയും വിവരിക്കുന്നുണ്ട്. പ്ലിനിയും, 'Periplus of the Erythrean Sea' എന്ന ഗ്രന്ഥത്തിന്റെ അജ്ഞാത കർത്താവും ടോളമിയും പ്രാചീന കേരളത്തിന്റെ രൂപരേഖ കണ്ടുപിടിക്കാൻ സഹായിക്കുന്ന ഭൂമി ശാസ്ത്രകാരന്മാരാണ്. ഇവിടുത്തെ രാജാവിനെ 'കേരോ ബോത്രാസ്' എന്നും രാജ്യത്തെ 'ലിമുരികേ' എന്നുമാണ് പെരിപ്ലസുകാരൻ പരാമർശിക്കുന്നത്. മുസിരിസ്, തിണ്ടിസ്, ബറക്കേ എന്നീ തുറമുഖങ്ങളിലൂടെ കേരളം റോമുമായി നടത്തിയ വിപുലമായ വാണിജ്യ ബന്ധത്തെപ്പറ്റിയുള്ള വിശദവിവരങ്ങൾ ഇവരെല്ലാം നൽകുന്നുണ്ട്. നിട്രിയസ് തുറമുഖത്ത് കടൽകൊള്ളക്കാരുടെ ശല്യമുണ്ട് എന്ന് 'നാച്ചുറൽ ഹിസ്റ്ററിയിൽ' പ്ലിനി പറയുന്നു. 'നിട്രിയസ്' 'നെട്ടൂരും' 'ബറക്കേ' 'പുറക്കാടു'മാകാം. 'ഭൂമിശാസ്ത്ര'ത്തിൽ ടോളമി ചേര തലസ്ഥാനമായ 'കരൂരി'നെ പറ്റി പ്രതിപാദിക്കുന്നതോടൊപ്പംതന്നെ പ്രധാന തുറമുഖങ്ങൾ ആയ 'മുസിരിസ്', 'കൊട്ടിയറ,' കൊമറിയ, തിണ്ടിസ്, മാന്റഗോറ തുടങ്ങിയവയെക്കുറിച്ചും പറയുന്നുണ്ട്. പെരിപ്ലസുകാരൻ മുസിരിസ്, നെൽക്കിണ്ട, മഡഗര തുടങ്ങിയ തുറമുഖങ്ങളെക്കുറിച്ചും സൂചിപ്പിക്കുന്നു.

ആറാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്നു കരുതുന്ന ടോപ്പോഗ്രാഫിയ ഇൻഡിക്കാ ക്രിസ്റ്റാന എന്ന ഗ്രന്ഥത്തിൽ കേരളീയ തുറമുഖങ്ങളിൽ നിന്നും കയറ്റി അയച്ചിരുന്ന കുരുമുളകിനെപ്പറ്റി പറയുന്നുണ്ട്. ബൈസാന്റിയൻ പുരോഹിതനായ കോസ്മോസ് ഇൻഡിക്കോ പ്ലിസ്തുസ് രചിച്ച 'ഭാരതീയ ക്രിസ്തുമത വിവരണങ്ങൾ' എന്ന ഗ്രന്ഥം കൊല്ലത്തെക്കുറിച്ച് വിവരങ്ങൾ നൽകുന്നു. ഇതിൽ കേരളത്തിലെ ക്രിസ്തുമതത്തെപ്പറ്റിയുള്ള അസന്നിഗ്ധമായ തെളിവുകളും ഉൾക്കൊള്ളുന്നു. വാങ് തായ്യാൻ എന്ന ചൈനീസ് സഞ്ചാരി രചിച്ച 'താവോ ഇ ചിലീ' എന്ന ഗ്രന്ഥത്തിൽ കായംകുളം, ഏഴിമല, കോഴിക്കോട് എന്നീ സ്ഥലങ്ങളെപ്പറ്റി പറയുന്നുണ്ട്. 13-ാം നൂറ്റാണ്ടിലെ കേരളത്തെക്കുറിച്ച് ചൗജുക്വാ എന്ന ചീന സഞ്ചാരി രേഖപ്പെടുത്തിയിട്ടുണ്ട്. ആറാം നൂറ്റാണ്ടിലെ താങ് വംശജരായ ചൈനീസ് ഭരണാധികാരികളുടെ കുറിപ്പുകളിലും കേരളം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എ.ഡി. 15-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട മാഹ്വാൻ എന്ന ചൈനീസ് സഞ്ചാരിയുടെ വിവരണങ്ങളും കേരള ചരിത്രരചനയെ സഹായിക്കുന്നുണ്ട്. കോഴിക്കോട് തുറമുഖത്തെപ്പറ്റി രസകരമായി വിവരിക്കുന്ന യാത്രാവിവരണത്തിൽ കൊച്ചിയിലെ തുറമുഖത്തെപ്പറ്റിയും, രാജാവിനെയും ജനങ്ങളെയും കുറിച്ചും പ്രസ്താവിക്കുന്നുണ്ട്.

അറബികളായ സഞ്ചാരികളുടെയും ഭൂമിശാസ്ത്രകാരന്മാരുടെയും വിവരണങ്ങൾ ഒമ്പതാം ശതകം മുതലുള്ള കേരളത്തിന്റെ ചരിത്രം രചിക്കുന്നതിൽ ഒട്ടേറെ സഹായം നൽകുന്നുണ്ട്. കേരളത്തെക്കുറിച്ച് ആദ്യമെഴുതിയവരിൽ പ്രമുഖനാണ് സുലൈമാൻ എന്ന കച്ചവടക്കാരൻ. എ.ഡി. 851-ൽ അദ്ദേഹം കേരളത്തിൽ വന്നതായി വിശ്വസിക്കപ്പെടുന്നു. അദ്ദേഹം കേരളത്തിൽ വന്നിട്ടില്ലെന്നും കേട്ടറിഞ്ഞ വിവരങ്ങൾ കൊണ്ടാണ് കേരളത്തെക്കുറിച്ചെഴുതിയതെന്നും



SREENARAYANAGURU OPEN UNIVERSITY

വിശ്വസിക്കുന്നവരുമുണ്ട്. കൊല്ലം ആയിരുന്നു മികച്ച തുറമുഖമെന്നും ചീനക്കപ്പലുകൾ പേർഷ്യയിൽനിന്നുള്ള മടക്കയാത്രയിൽ കൊല്ലത്തു മാത്രമെ അടുക്കുമായിരുന്നുള്ളു എന്നും അദ്ദേഹം രേഖപ്പെടുത്തുന്നു. അറബി സഞ്ചാരികളായ ഇദ്രീസിയും യാഖൂതും കേരളത്തിലെ സമുദ്രതീര നഗരങ്ങളെപ്പറ്റിയും ജനങ്ങളുടെ ജീവിത സമ്പ്രദായങ്ങളെപ്പറ്റിയും വിവരിക്കുന്നു. പത്താം നൂറ്റാണ്ടിലെ സഞ്ചാരികളായിരുന്ന മസൂദി, അൽബറൂണി, പതിമൂന്നാം നൂറ്റാണ്ടിലെ റഷിയുദ്ധീൻ, പതിനഞ്ചാം നൂറ്റാണ്ടിലെ അബ്ദുറസാഖ് തുടങ്ങിയവരും കേരളത്തെപ്പറ്റി വിവിധ തലങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. അൽബറൂണിയാണ് മലബാർ എന്ന പദം ആദ്യമായി പ്രയോഗിക്കുന്നത്. സംസ്കൃതം ഉൾപ്പെടെയുള്ള ഭാഷകളിൽ അദ്ദേഹത്തിന് അവഗാഹമുണ്ടായിരുന്നു. ആഫ്രിക്കക്കാരൻ ഇബ്നു ബത്തൂത്ത ആറു തവണ കോഴിക്കോട് സന്ദർശിച്ചു. കോഴിക്കോട്ടെ തുറമുഖത്തെയും രാജാവിനെയും ജനങ്ങളെയും പറ്റി ഇബ്നുബത്തൂത്ത വിവരിക്കുന്നുണ്ട്. കൊല്ലത്തെപ്പറ്റിയുള്ള വിവരണത്തിൽ 'ഐശ്വര്യപൂർണമായ അങ്ങാടികളും സമ്പന്നരായ കച്ചവടക്കാരുമുള്ള കൊല്ലം കേരളത്തിലെ ഏറ്റവും നല്ല നഗരമാണ്' എന്ന് അദ്ദേഹം പറയുന്നു. അവിടുത്തെ കുരുമുളക് കച്ചവടത്തെപ്പറ്റിയും തുറമുഖത്തടുക്കുന്ന ചീനക്കപ്പലുകളെപ്പറ്റിയും അദ്ദേഹം വിവരിക്കുന്നു.

യൂറോപ്യൻ സഞ്ചാരികളുടെ വിവരണങ്ങളും കേരള ചരിത്രപഠനത്തെ മുന്നോട്ടു കൊണ്ടുപോയിട്ടുണ്ട്. സ്പെയിനിൽ നിന്നുവന്ന യഹൂദ സഞ്ചാരിയായ റബി ബഞ്ചമിൻ 1159 മുതൽ 1173-വരെ പൗരസ്ത്യരാജ്യങ്ങളിൽ വിപുലമായ പര്യടനം നടത്തി. അദ്ദേഹം കൊല്ലത്തെയും അവിടുത്തെ ജനങ്ങളെയുംപറ്റി രസകരമായ വിവരങ്ങൾ നൽകുന്നുണ്ട്. പതിനാലാം നൂറ്റാണ്ടിൽ റബി നിസിം എന്ന സഞ്ചാരി അഞ്ചുവണ്ണത്തെക്കുറിച്ച് പറയുന്നുണ്ട്. വെനീസ്സുകാരനായ മാർക്കോപോളോ 13-ാം ശതകത്തിന്റെ അവസാനത്തോടെ കേരളത്തിലെത്തി. കൊല്ലം, കന്യാകുമാരി, ഏഴിമല തുടങ്ങിയ പ്രദേശങ്ങൾ മാർക്കോപോളോ സന്ദർശിച്ചു. ജനങ്ങളെപ്പറ്റിയും പ്രകൃതിവിഭവങ്ങളെപ്പറ്റിയും അദ്ദേഹം തന്റെ യാത്രാവിവരണത്തിൽ പറയുന്നു. പതിനാലാം നൂറ്റാണ്ടിൽ, മിഷനറി പ്രവർത്തകനായിരുന്ന ജോർഡാനസ് ആണ് മരുമക്കത്തായത്തെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്. ചൈനയിൽ നിന്നുവന്ന ആദ്യത്തെ കത്തോലിക്ക മിഷനറിയും പീക്കിങ്ങിലെ ഒന്നാമത്തെ ആർച്ചുബിഷപ്പുമായിരുന്ന ജോൺ ഓഫ് മോൺടി കോർവിനോ, ഫ്രയർ ഒദോറിക്, ഫ്രയർ ജോർഡനസ്, ജോൺ ദി മാറിഗ്നൊല്ലി എന്നിവരും കേരളത്തെപ്പറ്റി വിവരങ്ങൾ നൽകുന്നുണ്ട്. ഇറ്റാലിയൻ സഞ്ചാരിയായ നിക്കൊളോ കൊണ്ടി (1440-41) കൊല്ലവും കൊച്ചിയും സന്ദർശിച്ചു. കൊല്ലം തുറമുഖത്ത് നടന്ന ഇഞ്ചിയുടെയും ഏലത്തിന്റെയും കുരുമുളകിന്റെയും വ്യാപാരത്തെപ്പറ്റി അദ്ദേഹം തന്റെ വിവരണത്തിൽ പറയുന്നു. 15-ാം ശതകത്തിലെ കേരളത്തെപ്പറ്റി അറിവു നൽകുന്ന വിദേശ ഗ്രന്ഥകാരനാണ് പേർഷ്യൻ അംബാസിഡറായ അബ്ദുറസ്സാക്ക്. 1442-ൽ അദ്ദേഹം കോഴിക്കോട് വന്ന് സാമൂതിരിപ്പാടിനെ സന്ദർശിച്ചു. അറബി രാജ്യങ്ങളും കോഴിക്കോടും തമ്മിൽ നടത്തിപ്പോന്ന വാണിജ്യത്തിന്റെ വ്യാപ്തിയും അതിൽ അറബികൾക്കുണ്ടായിരുന്ന പങ്കിനെപ്പറ്റിയും അദ്ദേഹത്തിന്റെ വിവരണങ്ങളിൽനിന്ന് മനസിലാക്കാം. റഷ്യൻ സഞ്ചാരിയായ അത്തനേഷ്യസ് നികിതിൻ, ജനോവക്കാരനായ ഹിറോയിനിമോ ഡി സാന്താ സ്റ്റെഫാനോ, പോർട്ടുഗീസ് സഞ്ചാരിയായ പിറോ ഡി കോവിൽഹാം എന്നിവരുടെയും വിവരണങ്ങൾ അമൂല്യങ്ങളാണ്.

ഇറ്റാലിയൻ വൈദ്യനായിരുന്ന ലുഡോവിക്കാ ഡി വർത്തേമയുടെയും ഡ്വാർത്ത ബർബോസയുടെയും ലേഖനങ്ങൾ പോർട്ടുഗീസ് കാലഘട്ടത്തെപ്പറ്റി അറിവു നൽകുന്നവയാണ്. വെനീസിലെ വ്യാപാരിയായിരുന്ന സീസർ ഫ്രഡറിക്ക് 1563 മുതൽ 1581-വരെ ഈസ്റ്റിൻഡീസിലേക്ക് പര്യടനം നടത്തുകയും അതിനിടയിൽ മലബാർ സന്ദർശിക്കുകയും ചെയ്തു. കൊച്ചിയെപ്പറ്റി അദ്ദേഹം എഴുതിയ കുറിപ്പുകൾ ആ തുറമുഖത്തിന്റെ വാണിജ്യപ്രാധാന്യത്തെപ്പറ്റിയും കൊച്ചിയിൽ പോർട്ടുഗീസുകാർക്കുണ്ടായിരുന്ന പ്രത്യേക അവകാശങ്ങളെപ്പറ്റിയും പ്രതിപാദി

ക്കുന്നു. കൊച്ചിയിൽ ആദ്യംവന്ന ഇംഗ്ലീഷുകാരനായ റാൽഫ് ഫിച്ച് കൊച്ചി തുറമുഖത്തെപ്പറ്റിയും ജനങ്ങളെപ്പറ്റിയും വിവരിക്കുന്നു. ഫ്രഞ്ചു സഞ്ചാരിയായ പിറാർഡ് ഡി ലാവൽ, റോമാ സഞ്ചാരിയായ പീട്രോ ഡെല്ലാ വെല്ലി എന്നിവരുടെയും വിവരണങ്ങൾ പോർട്ടുഗീസ് കാലഘട്ടത്തെപറ്റി വെളിച്ചം വീശുന്നവയാണ്. ജസ്യൂട്ട് മിഷനറിമാരുടെ കത്തുകളും കേരള ചരിത്രപഠനത്തെ സഹായിക്കുന്നവയാണ്. 1610-ൽ അർത്തുങ്കൽ താമസിച്ചുകൊണ്ട് കേരളത്തിൽ മിഷനറി പ്രവർത്തനം നടത്തിയ 'സൊസൈറ്റി ഓഫ് ജീസസ്'ൽപ്പെട്ട ഡിയോഗോ ഗോൺസാൽവിസ് എഴുതിയ 'മലബാറിന്റെ ചരിത്രം' (Historia Do Malavar) പല ചരിത്ര വസ്തുതകളും ഉൾക്കൊള്ളുന്നതാണ്. കേരളത്തിലെ ക്രിസ്തീയ സഭയുടെ ചരിത്രത്തിലെ മഹാസംഭവമായ ഉദയംപേരൂർ സുനഹദോസിന്റെ(1599) സമഗ്രവിവരണം ഈ ഗ്രന്ഥത്തിൽ നിന്നു ലഭിക്കും. ഗോവയിലെ ആർച്ച് ബിഷപ്പിന്റെ കാര്യദർശി എന്ന നിലയിൽ ഇന്ത്യയിലേക്കുവന്ന ലിൻ ഷോ ടെന്റെ വിവരണങ്ങളും കേരള ചരിത്രരചനയ്ക്ക് പ്രയോജനപ്രദമാണ്. ഡച്ചുകാലഘട്ടം കേരള ചരിത്രരചനയ്ക്ക് ഉപയോഗപ്രദമായ രേഖകളുടെ കാര്യത്തിൽ സമ്പന്നമാണ്. ഗൊള്ളനെസെ, മൂൺസ്, വാൻറീഡ് എന്നി ഡച്ച് സേനാനായകരുടെ ഓർമ്മക്കുറിപ്പുകൾ വിലയേറിയ വിവരങ്ങൾ നൽകുന്നവയാണ്. ഇന്ത്യൻ സസ്യങ്ങളുടെ ഔഷധ ഗുണത്തെ സവിസ്തരം പ്രതിപാദിക്കുന്ന സുപ്രസിദ്ധമായ ഗ്രന്ഥമാണ് 'ഹോർത്തൂസ് മലബാറിക്കസ്'. ഫോർബെസും ബർത്തോലോമിയോവും ഫ്രഞ്ച് ഗ്രന്ഥകാരനായ അക്വിറ്റെയിൽഡു പറോണും ഡച്ച് ഭരണകാലത്തെ കൊച്ചിയെപ്പറ്റി വിവരിക്കുന്നുണ്ട്.

ബ്രിട്ടീഷുകാർ കേരളത്തിൽ അധികാരം സ്ഥാപിച്ചതിനെപ്പറ്റി രേഖകൾ ഒട്ടേറെയുണ്ട്. തലശ്ശേരിയിലെ കൂടിയാലോചനകൾ(Tellicherry Consultations) സാമൂതിരിപ്പാടും ബ്രിട്ടീഷുകാര്യം തമ്മിൽ 1725 മുതൽ 1751 വരെ നടന്ന ഇടപാടുകളുടെ രേഖയാണ്. 1793-ലെ The Report of the Joint Commissioners ഇംഗ്ലീഷ് അധിനിവേശങ്ങളുടെ ആദ്യവർഷവും തൊട്ടു മുൻപും മലബാറിൽ നടന്ന സംഭവങ്ങളുടെ വിവരം ഉൾക്കൊള്ളുന്നു. ഫ്രാൻസിസ് ബുക്കാനൻ 1800 മുതൽ 1801 വരെ മലബാറിൽ പര്യടനം നടത്തി എഴുതിയ വിവരണം മലബാറിന്റെ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്നതാണ്. അടിമക്കച്ചവടം, ജാതിസമ്പ്രദായം, മൈസൂർ ആക്രമണം എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ഇതിലുൾക്കൊള്ളുന്നു.

## Recap

- പഴയ ഗ്രീസിലെയും റോമിലെയും യാത്രാവിവരണങ്ങളിൽ പ്രാചീനകേരളത്തെക്കുറിച്ചുള്ള പരാമർശമുണ്ട്
- പ്ലിനി, പെരിപ്ലസുകാരൻ, ടോളമി എന്നിവർ സൂചിപ്പിക്കുന്ന കേരളത്തെക്കുറിച്ച് വിവരങ്ങൾ തന്ന യാത്രികരാണ്
- കുരുമുളക് അടക്കമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയുടെ വിവരണങ്ങൾ
- അറേബ്യൻ സഞ്ചാരികളുടെ കുറിപ്പുകൾ
- യൂറോപ്യൻ സഞ്ചാരികളുടെ വിവരണങ്ങൾ
- ബ്രിട്ടീഷ് ആധിപത്യം സൂചിപ്പിക്കുന്ന രേഖകൾ

## Objective Type Questions

1. പെരിപ്ലസുകാരൻ കേരളത്തിലെ രാജാവിനെ വിശേഷിപ്പിക്കുന്ന പദം?
2. കടൽകൊള്ളക്കാരുടെ ശല്യം ഉള്ളതെന്ന് പ്ലിനി വിശേഷിപ്പിക്കുന്ന തുറമുഖം?
3. കേരളത്തെ ലി മുരികേ എന്ന് വിശേഷിപ്പിച്ച കൃതി?
4. വാങ് ത്വയാൻ തന്റെ ' താവോ ഇ ചീലി' എന്ന ഗ്രന്ഥത്തിൽ പരാമർശിക്കുന്ന കേരളീയ സ്ഥലങ്ങൾ?
5. മലബാർ എന്ന പദം ആദ്യമായി ഉപയോഗിച്ച അറേബ്യൻ സഞ്ചാരി?
6. മരുമക്കത്തായത്തെക്കുറിച്ച് ആദ്യമായി സൂചിപ്പിച്ച സഞ്ചാരി?
7. കൊച്ചിയിൽ ആദ്യം വന്ന ഇംഗ്ലീഷുകാരൻ?
8. മലബാറിന്റെ ചരിത്രം എന്ന കൃതി രചിച്ചത്?
9. കേരളത്തിലെ സസ്യങ്ങളുടെ ഔഷധഗുണത്തെ വിശദമായി വെളിപ്പെടുത്തുന്ന കൃതി?
10. മലബാറിലെ ജാതി സമ്പ്രദായത്തെക്കുറിച്ച് വിശദമായി എഴുതിയ സഞ്ചാരി?

## Answers to Objective Type Questions

1. കേരോ ബോത്രാസ്
2. നിട്രിയസ്
3. Periplus of the Erythrean Sea
4. കായംകുളം, ഏഴിമല, കോഴിക്കോട്
5. അൽബറൂണി
6. ജോർ ഡാനസ്
7. റാൽഫ് ഫിച്ച്
8. ഡിയാഗോ ഗോൺസാൽവിസ്
9. ഹോർത്തൂസ് മലബാറിക്കസ്
10. ഫ്രാൻസിസ് ബുക്കാനൻ

## Assignments

1. അറേബ്യൻ സഞ്ചാരികളുടെ വിവരണങ്ങളിൽ ലഭ്യമായ കേരളത്തെക്കുറിച്ചുള്ള അറിവുകൾ ക്രോഡീകരിക്കുക.
2. ചരിത്രരചനയ്ക്ക് സഞ്ചാര കൃതികൾ എങ്ങനെ പ്രയോജനപ്പെടുന്നുവെന്ന് വിവരിക്കുക

## Suggested Readings


1. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എൻ.എം. നമ്പൂതിരി,സാമൂതിരി ചരിത്രത്തിലെ കാണാപുറങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. ഇളംകുളം കുഞ്ഞൻപിള്ള, അന്നത്തെ കേരളം, എസ്.പി.സി.എസ്സ്, കോട്ടയം.

യൂണിറ്റ് 4

# മഹാശിലാവശിഷ്ടങ്ങൾ

## Learning Outcomes

- മഹാശിലാവശിഷ്ടങ്ങൾ കേരള ചരിത്രരചനയിൽ വഹിക്കുന്ന പങ്കിനെപ്പറ്റി മനസിലാക്കുന്നു
- വിവിധ മഹാശിലാവശിഷ്ടങ്ങളെ പരിചയപ്പെടുന്നു
- ഗുഹാചിത്രങ്ങളുടെ ചരിത്രപ്രാധാന്യം തിരിച്ചറിയുന്നു

## Prerequisites

കേരളത്തിൽ ആദിപുരാതനശിലായുഗം മുതൽ മനുഷ്യർ വസിച്ചിരുന്നുവെന്നു സൂചിപ്പിക്കുന്നതായി തെളിവുകൾ ലഭിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നു ലഭിച്ചിട്ടുള്ള ശിലായുഗ തെളിവുകൾ പ്രധാനമായും പുരാതനശിലായുഗസംസ്കാരത്തെയും ചെറുശിലായുഗസംസ്കാരത്തെയും പ്രതിനിധാനം ചെയ്യുന്നവയാണ്. വെള്ളാരം കല്ലുകളിൽ നിർമ്മിച്ച ചെറു ആയുധങ്ങൾ ചെറുശിലാ സംസ്കാരത്തിന്റേതാണ്. ഈ സംസ്കാരം 5000 വർഷം മുൻപുവരെ ഇവിടെ നിലനിന്നിരുന്നു. ഈ സംസ്കാരത്തിന്റെ അവസാനകാലങ്ങളിൽ മനുഷ്യൻ ഭാഗികമായി കൃഷിയിലും മൃഗപരിപാലനത്തിലും മൺകലങ്ങൾ, ലോഹായുധങ്ങൾ മുതലായവ ഉണ്ടാക്കുന്നതിലും ശ്രദ്ധിച്ചിരുന്നതായി തെളിവുകളുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ നിന്നും നവീന ശിലായുഗത്തിന്റെ തെളിവായി കാണിക്കാവുന്ന കന്മഴു ലഭിച്ചിട്ടുണ്ട്. ബി.സി.1000 മുതൽ 2300 വരെയാണ് നവീനശിലായുഗം. 3000 വർഷം പഴക്കമുള്ള മഹാശിലായുഗത്തിന്റെ അവശിഷ്ടങ്ങളാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ഉള്ളത്. അഞ്ചനാട്ടു താഴ്വര, തൃശൂർ, പോൾക്കുളം, തളിപ്പറമ്പ്, എടയ്ക്കൽ മുതലായ സ്ഥലങ്ങളിൽ നിന്നാണ് മഹാശിലാ നിർമിതികൾ കണ്ടുകിട്ടിയിട്ടുള്ളത്. കൊടുങ്കല്ലറകൾ, നടക്കല്ലുകൾ, പാവുതറകൾ, കൂടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ, ശിലാഗുഹകൾ, നന്നങ്ങാടികൾ എന്നിവയാണ് മഹാശിലാവശിഷ്ടങ്ങൾ. മഹാശിലാവശിഷ്ടങ്ങൾ, ഗുഹാചിത്രങ്ങൾ എന്നിവ കേരള ചരിത്രരചനയിൽ പ്രധാനപങ്ക് വഹിക്കുന്നുണ്ട്. കേരളത്തിന്റെ ചില മലയോരങ്ങളിൽ പ്രാചീന ശിലായുഗത്തിൽ മനുഷ്യൻ ജീവിച്ചിരുന്നതായി കരുതപ്പെടുന്നു. പാലക്കാട്ടെ നദികളിൽനിന്നും ചെന്തുരുണി മലയിൽനിന്നും കണ്ടെടുത്ത ശിലോപകരണങ്ങളാണ് ഇതിനു തെളിവാകുന്നത്. എന്നാൽ ഇന്ന് കാണുന്ന ഗോത്രവർഗക്കാർ, പ്രാചീന ശിലായുഗമനുഷ്യരുടെ പിൻഗാമികളാണെന്ന് കരുതാനാവില്ല. മറ്റു പ്രദേശങ്ങളിൽ നിന്ന് കുടിയേറിപ്പാർത്തവരായി കരുതപ്പെടുന്ന ഗോത്രവർഗക്കാരിൽ പലർക്കും ദീർഘകാലത്തെ പാരമ്പര്യമുണ്ടെന്നതിന് വേണ്ടത്ര തെളിവുകളില്ല. ഈ പ്രദേശങ്ങളിൽ പ്രാചീന ശിലായുഗത്തിൽ ജീവിച്ചിരുന്ന മനുഷ്യസമൂഹം വേറെയാകാം. കേരളത്തിലെ മനുഷ്യവാസത്തെക്കുറിച്ച് കുറേക്കൂടി വ്യക്തമായ ചിത്രം നൽകുന്നത് മഹാശിലാസ്മാരകങ്ങളാണ്. കൃ

ഷിയുടെ വളർച്ച, ആയുധങ്ങൾ ഉപയോഗിച്ചുള്ള മൃഗവേട്ട, താൽക്കാലിക വാസസ്ഥലങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള സാമാന്യധാരണ അവ നൽകുന്നു. എങ്കിലും അക്കാലത്തെ മനുഷ്യജീവിതത്തെകുറിച്ച് പൂർണമായ വിവരങ്ങൾ അവയിലൂടെയും ലഭ്യമല്ല. മഹാശിലാസ്മാരകങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ മറ്റു മേഖലകളിൽനിന്ന് ലഭിക്കുന്ന വസ്തുതകളുമായി താരതമ്യപ്പെടുത്തിയും കൂട്ടിയോജിപ്പിച്ചും മുന്നോട്ടുപോകുകയാണ് ഗതകാല ചരിത്രരചനയ്ക്ക് യുക്തമായ മാർഗം.

## Keywords

മഹാശിലാവശിഷ്ടങ്ങൾ-ശവക്കല്ലറ-ഗുഹാചിത്രങ്ങൾ-മൺപാത്രങ്ങൾ

## Discussion

### 1.4.1 മഹാശിലാവശിഷ്ടങ്ങൾ

മഹാശിലാസംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങൾ കേരളത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. 'മഹാശില' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശവം സംസ്ക്കരിക്കാനോ, മരിച്ചവരുടെ ഓർമ നിലനിർത്താനോ കൂറ്റൻ കല്ലുകൾ പടുത്തുണ്ടാക്കിയ അറകളെയും സ്തംഭങ്ങളെയുമാണ്. തെക്കേ ഇന്ത്യയിൽ പൊതുവെ ദൃശ്യമായിരുന്ന മഹാശിലാപ്രസ്ഥാനത്തിന്റെ ഭാഗമാണ് കേരളത്തിലെ മഹാശില നിർമിതികൾ. കേരളത്തിൽ കാണുന്ന പലതരം മഹാശിലാവശിഷ്ടങ്ങളാണ് കൊടുംകല്ലറകൾ, പഴുതറകൾ, നടുകല്ലുകൾ, കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ, മുതുമുക്കച്ചാടികൾ എന്ന നന്നങ്ങാടികൾ, ശിലാനിർമിത ഗുഹകൾ എന്നിവ. നടുക്കല്ല്, പടക്കല്ല്, പുലച്ചിക്കല്ല് (മാസതിക്കല്ല്), പാണ്ടുകുഴി, പഞ്ചപാണ്ഡവർ മഠം, നന്നങ്ങാടി, പുതുമക്കത്താഴി എന്നിങ്ങനെ പല പേരുകളാണ് അവക്ക് പലതിനും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പറയുന്നത്.

തിരുവനന്തപുരം ജില്ലയിലെ വർക്കല, പുളിമാത്ത് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് മഹാശിലാവശിഷ്ടങ്ങൾ ലഭിക്കുകയുണ്ടായി. പുളിമാത്ത് എന്ന സ്ഥലത്തുനിന്നു ലഭിച്ച ശവക്കല്ലറകളിൽ ഓട്ടുമണിയും ഇരുമ്പിൻ കുന്തമുനയും അടങ്ങിയ അച്ചുകൂടം ഓരോന്നിലും ഉണ്ടായിരുന്നു. ഈ കല്ലറകൾ കൂടാതെ ഭൂമിക്കടിയിൽ കുഴിച്ചിട്ടിരുന്ന ചാടികളും ഇതേസ്ഥലത്തുനിന്നും ലഭിച്ചു. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ അഞ്ചനാട്ടു താഴ്‌വരയിലുള്ള മറയൂർ ഗ്രാമത്തിൽ കൊടും കല്ലറകളുള്ള പലസ്ഥലങ്ങളും കണ്ടെത്തി. ഉടുമ്പൻചോലയിലെ കല്ലാർപട്ടം കോളനിയിൽ മഹാശിലാവശിഷ്ടങ്ങളായ കല്ലറകളും നടുകല്ലുകളും കാണാം. വണ്ടിപ്പെരിയാറിൽനിന്നും വലിയ കൊടുംകല്ലറകളും നടുകല്ലുകളും കണ്ടുപിടിച്ചിട്ടുണ്ട്. മലയാറ്റൂർ മലകളുടെയും റാന്നി മലകളുടെയും ചരിവുകളിലും കൊടുംകല്ലറകൾ കാണുകയുണ്ടായി. കുന്നത്തൂർ താലൂക്കിലെ പൂതംകര, കുന്നത്തുനാട് താലൂക്കിലെ കോടനാട്, ചെങ്ങന്നൂരിലെ കൊടുകുളഞ്ഞി എന്നിവിടങ്ങളിൽനിന്നും മഹാശിലാവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മഹാശിലാ സംസ്ക്കാര കേന്ദ്രങ്ങളിലൊന്നാണ് തൃശൂർ ജില്ലയിലെ കുന്നംകുളത്തിനടുത്ത സ്ഥലം. തിരുവില്വാമലയിലെ പഴുതറയിൽനിന്ന് വളഞ്ഞ മഞ്ഞവരകൾ കൊണ്ടലങ്കരിച്ച ഒരു മൺപാത്രം ലഭിച്ചു. തൃശൂരിലെ അരിയന്നൂരിൽനിന്ന് തൊപ്പിക്കല്ലുകൾ ലഭിച്ചിട്ടുണ്ട്. കൊടുംകല്ലറകൾ, കൽവലയങ്ങൾ, നടുകല്ലുകൾ, തൊപ്പിക്കല്ലുകൾ തുടങ്ങിയവ മലബാർ മേഖലയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. കുലുക്കൊല്ലൂർ, കൊടക്കൽ, ഇരിങ്ങല്ലൂർ, ചോക്കൂർ, മഞ്ചേരി, നിലമ്പൂർ,

സുൽത്താൻ ബത്തേരി, മുപ്പായിനാട്, പുത്തടി, തളിപ്പറമ്പ് മുതലായവയാണ് മലബാറിൽ മഹാ ശിലാസ്മാരകങ്ങൾ ഉള്ള പ്രധാന സ്ഥലങ്ങൾ.

### 1.4.2 ഗുഹാചിത്രങ്ങൾ

മഹാശിലാസ്മാരകങ്ങളായ ഗുഹകൾ കേരളത്തിലേറെയുണ്ട്. തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ, കണ്ടാണശ്ശേരി, കക്കാട്, പോർക്കളം, എയ്യാൽ, കാട്ടുകമ്പാൽ എന്നിവിടങ്ങളിലെ ഗുഹകളാണ് പ്രധാനപ്പെട്ടവ. ഇവയ്ക്ക് പൊതുവായ ചില സവിശേഷതകൾ ഉണ്ട്. ഇവയുടെ തറ വൃത്താകൃതിയിലോ ദീർഘവൃത്താകൃതിയിലോ ആയിരിക്കും. ചില ഗുഹകളിൽ ചെങ്കല്ലിൽ തന്നെ വെട്ടിയെടുത്ത ബഞ്ചുകൾ കാണാം. ചില ഗുഹകളിൽ സമചതുരമോ ദീർഘചതുരമോ വർത്തുളമോ ആയ ഒരു തൂണ് മധ്യഭാഗത്തായി കാണാം. മലബാറിലും ശിലാഗുഹകളുണ്ട്. പ്രധാനപ്പെട്ട അറയുടെ നടുവിൽ തൂണുള്ള ഒരു ഗുഹ കോഴിക്കോട്ട് താലൂക്കിലെ ചേവായൂരിൽ കാണാം. ചില മൺപാത്രങ്ങളും ഒരു വാളിന്റെ ഭാഗങ്ങളും ഇതിൽ നിന്നു കിട്ടി. കോഴിക്കോട്ട് പടിഞ്ഞാറ്റുമുറി അംശത്തിൽ മൺപാത്രങ്ങളുണ്ടായിരുന്ന പല ഗുഹകളും ലോഗൻ കണ്ടുപിടിച്ചിട്ടുണ്ട്. ഈ ഗുഹകളിൽനിന്നു കണ്ടുകിട്ടിയ സാധനങ്ങൾ ചെന്നൈയിലുള്ള മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. മലബാറിലെ ചരിത്രാതീത സ്മാരക പ്രദേശങ്ങളിൽ ഏറ്റവും പ്രധാനമാണ് ഫറോക്കിനടുത്തുള്ള ചാത്തമ്പറമ്പ്. അനവധി ശവക്കല്ലറകളുള്ള ഒരു ചെങ്കൽക്കുന്ന് അവിടെയുണ്ട്. അവിടത്തെ ചില ഗുഹകളിൽ മനോഹരമായ പളുങ്കുമണികൾ ഉണ്ടായിരുന്നു. ചിത്രപ്പണികൾ ചെയ്തതായിരുന്നു അക്കിക്കല്ലിലുള്ള ചില മണികൾ. വൈവിധ്യം നിറഞ്ഞ ധാരാളം മൺപാത്രങ്ങളും ഇവിടെനിന്നു കിട്ടിയിട്ടുണ്ട്.

തെക്കെ വയനാട്ടിലെ സുൽത്താൻ ബത്തേരിക്കു സമീപമുള്ള എടയ്ക്കൽ മലയുടെ പടിഞ്ഞാറെ ചരിവിലെ ഗുഹയിൽ, കൗതുകകരമായ കൊത്തുപണികളും, ലിഖിതങ്ങളും, ഏതാനും രൂപങ്ങളും, ചിഹ്നങ്ങളും ഉണ്ട്. മനുഷ്യരുടെയും മൃഗങ്ങളുടെയും ഉപകരണങ്ങളുടെയും ചിത്രങ്ങളാണവ. കൊത്തുപണികളുടെ കൂട്ടത്തിൽക്കണ്ട വിശേഷപ്പെട്ട തലപ്പാവ് ധരിച്ച മനുഷ്യരൂപം തികച്ചും ശ്രദ്ധാർഹമാണ്. മൃഗങ്ങളുടെ രൂപങ്ങൾ മാത്രമല്ല കൊത്തുപണിയിലെ ചിഹ്നങ്ങളിൽ പലതരം സ്വസ്തികകളും വൃത്താകൃതിയിലുള്ള സൂര്യപ്രതീകവും ഉൾപ്പെടും. ഏതാനും മാന്ത്രിക ചതുര രേഖകളും കാണാം. എടയ്ക്കൽ ഗുഹയിലെ ചെങ്കൽക്കൊത്ത് പണികളെപ്പറ്റി വിശദപഠനം നടത്തിയ ഫാസറ്റ് അതു പ്രാചീന കാലത്തെ കുറുമ്പരുടെ കൈവേലയാണെന്ന് അഭിപ്രായപ്പെടുന്നു. എടയ്ക്കൽ മലയ്ക്കടുത്തുള്ള 1500 ഏക്കർ സ്ഥലത്ത് ഇരുനൂറോളം മഹാശിലാസ്മാരകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

## Recap

- പഴുതറകൾ, കുടക്കല്ലുകൾ, നന്നങ്ങാടികൾ തുടങ്ങിയ വിവിധ സ്മാരകങ്ങൾ
- വിവിധ പ്രദേശങ്ങളിൽ വിഭിന്ന പേരുകൾ
- കേരളത്തിലങ്ങോളമിങ്ങോളം കാണപ്പെടുന്ന മഹാശിലാവശിഷ്ടങ്ങൾ
- കേരളത്തിൽ ഏറെയുള്ള ഗുഹാചിത്രങ്ങൾ
- വൃത്താകൃതിയിലോ ദീർഘവൃത്താകൃതിയിലോ ഉള്ള തറ
- എടയ്ക്കൽ ഗുഹയിലെ കൊത്തുപണികൾ

## Objective Type Questions

1. നന്നങ്ങാടികൾ അറിയപ്പെടുന്ന മറ്റൊരു പേര്?
2. ഓട്ടുമണിയും ഇരുമ്പിൻ കുന്തമുനയും ഉൾപ്പെട്ട അച്ചുകൂടം കണ്ടുകിട്ടിയ ശവക്കല്ലറകൾ ഏതു പ്രദേശത്താണ്?
3. മഹാശിലാസ്മാരകങ്ങൾ ഉണ്ടായിരുന്ന ഗുഹകൾ ധാരാളമായി കണ്ടെത്തിയ വിദേശി?
4. കൗതുകകരമായ കൊത്തുപണികൾ കൊണ്ട് ശ്രദ്ധേയമായ വയനാട്ടിലെ ഗുഹ?
5. എടയ്ക്കൽ ഗുഹയിലെ കൊത്തുപണികളെക്കുറിച്ച് വിശദമായ പഠനം നടത്തിയ വ്യക്തി?
6. എടയ്ക്കൽ ഗുഹയിലെ കൊത്തുപണികൾ കുറുമ്പരുടെ കൈവേല ആണെന്ന് അഭിപ്രായപ്പെട്ടത്?

## Answers to Objective Type Questions

1. മുതുമുക്കച്ചാടികൾ
2. പുളിമാത്ത്
3. വില്യം ലോഗൻ
4. എടയ്ക്കൽ ഗുഹ
5. ഫാസറ്റ്
6. ഫാസറ്റ്

## Assignments

1. മഹാശിലാവശിഷ്ടങ്ങളുടെ ചരിത്ര പ്രസക്തി വിവരിക്കുക.
2. പ്രാചീന കേരളത്തിലെ ഗുഹകൾ ഏതൊക്കെയെന്ന് അന്വേഷിക്കുക.

## Suggested Readings


1. പി. ശിവദാസൻ, കേരള ചരിത്രം സംഭവങ്ങളിലൂടെ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. രാഘവവാരിയർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം, വള്ളത്തോൾ വിദ്യാപീഠം, മലപ്പുറം.
3. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.

BLOCK - 02

# സംഘകാലത്തെ കേരളം

യൂണിറ്റ് 1

# സംഘകാലത്തെ ഭരണസമ്പ്രദായം

## Learning Outcomes

- സംഘകാലത്തെപ്പറ്റിയുള്ള സമഗ്രമായ അവബോധമുണ്ടാകുന്നു
- സംഘകാലത്തെ ഭരണസമ്പ്രദായത്തെക്കുറിച്ച് ധാരണ നേടുന്നു
- സംഘകാല ഭൂപ്രകൃതിയെക്കുറിച്ച് അറിവ് നേടുന്നു

## Prerequisites

ക്രിസ്തുവർഷത്തിന്റെ ആദ്യത്തെ അഞ്ച് നൂറ്റാണ്ടുകളാണ് സംഘകാലമെന്നറിയപ്പെടുന്നത്. തമിഴകവും കേരളവും ഉൾപ്പെടുന്ന ദക്ഷിണേന്ത്യയുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട കാലമാണിത്. 'സംഘങ്ങൾ' എന്നറിയപ്പെട്ട നിരവധി കൂട്ടങ്ങൾ രചിച്ച കൃതികളിലൂടെയാണ് സംഘകാലത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്നത്. കലാകാരന്മാരും സാഹിത്യകാരന്മാരും ഭരണാധികാരികളും ഉൾക്കൊള്ളുന്ന സാംസ്കാരിക സദസ്സാണ് 'സംഘം' എന്നറിയപ്പെട്ടിരുന്നത്. എട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടെന്ന് കരുതുന്ന ഇറൈയനാർ അകപ്പൊരുളിന് നക്കീരൻ എഴുതിയ വ്യാഖ്യാനത്തിലാണ് സംഘത്തെപ്പറ്റിയുള്ള ആദ്യ പരാമർശമുള്ളത്. തലൈസംഘം, ഇടൈസംഘം, കടൈസംഘം എന്നിങ്ങനെ മൂന്ന് സംഘങ്ങൾ ഉള്ളതായി പറയപ്പെടുന്നു. ഇതിൽ ആദ്യ രണ്ട് സംഘങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ അതിശയോക്തിപരമാണെങ്കിലും മൂന്നാമത്തെ സംഘം യഥാർഥത്തിലുള്ളതായിരിക്കാമെന്നു കരുതപ്പെടുന്നു. മൂന്ന് സംഘങ്ങൾക്കും കൂടി 9990 വർഷത്തെ പഴക്കമുണ്ടെന്ന വാദത്തിലെ അതീവ ദീർഘമായ കാലകൽപ്പനയാണ് ഇതൊരു കെട്ടുകഥയാണെന്ന വാദം പ്രബലമാക്കിയത്. മൂന്നു സംഘവും കൂടി 319 വർഷമാണ് നിലനിന്നത് എന്നാണ് കേസരിയുടെ അഭിപ്രായം. ആദ്യ സംഘത്തിന്റെ ആസ്ഥാനം തെന്മധുരയാണെന്ന് കരുതപ്പെടുന്നു. ഇത് പിന്നീട് കടലെടുത്തു പോയി. വിരിചടൈ കടവുൾ (ശിവൻ), മുരുകവേൾ (സുബ്രഹ്മണ്യൻ), നിധിയിൽ കിഴാർ (കുബേരൻ) എന്നിവർ ഇതിൽ ഉൾപ്പെട്ടിരുന്നു. കവാടപുരം ആസ്ഥാനമായാണ് ഇടൈ സംഘം രൂപംകൊണ്ടത്. അഗസ്ത്യരും തൊൽക്കാപ്പിയരും ഇതിൽ അംഗങ്ങളായിരുന്നു. തുടർന്നാണ് മധുര കേന്ദ്രമായി കടൈസംഘം രൂപപ്പെടുന്നത്. സംഘസാഹിത്യം എന്നറിയപ്പെടുന്ന കൃതികൾ കടൈസംഘമാണ് രചിച്ചത്. സംഘസാഹിത്യത്തിൽ ആകെയുള്ള 36 കൃതികളെ എട്ടുത്തൊകൈ, പത്തുപ്പാട്ട്, പതിനെൺ കീഴ്കണക്ക് എന്നിങ്ങനെ മൂന്നാക്കി തിരിച്ചിട്ടുണ്ട്. തൊൽക്കാപ്പിയം, നറ്റിണൈ, കുറുന്തൊകൈ, ഐങ്കുറുനൂറ്, പതിറ്റുപ്പത്ത്, അകനാനൂറ്, പുറനാനൂറ്, പരിപാടന്റ്, കലിത്തൊകൈ, തിരുക്കുറൾ, ചിലപ്പതികാരം, മണിമേഖല എന്നിവ പ്രധാന സംഘകൃതികളായി പരിഗണിക്കപ്പെടുന്നവയാണ്. ഈ കൃതികളിൽനിന്ന് അക്കാലത്തെ ഭരണരംഗം, സാമൂഹ്യ-സാമ്പത്തിക സ്ഥിതി, വേഷവിധാനങ്ങൾ, ആചാരങ്ങൾ തുടങ്ങി ഗ്രാമീണ ജീവിതത്തിന്റെ വിശദാംശങ്ങൾ ലഭിക്കുന്നുണ്ട്.

## Keywords

സംഘംകൃതികൾ-കോ -കോൻ-കടുംകോ-പെരുംതേവി-മൻറം-കൊറ്റവൈ

## Discussion

തലമുറകളിലൂടെയുള്ള കേരളീയ ജനങ്ങളുടെ വർഗസംഗ്രഥനത്തെപ്പറ്റി നരവംശ ശാസ്ത്രജ്ഞൻമാർ പഠനം നടത്തുകയും ഊഹാധിഷ്ഠിതമെങ്കിലും കൗതുകകരമായ പല സിദ്ധാന്തങ്ങളും ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവെ ദക്ഷിണേന്ത്യയിലെന്നപോലെ കേരളത്തിലെയും ആദിമ വർഗക്കാർ നെഗ്രിറ്റോ വംശജരാണെന്ന് പറയപ്പെടുന്നു. ഇന്നും കേരളത്തിലെ വനപ്രദേശങ്ങളിൽ താമസിക്കുന്ന കാടർ, കാണിക്കാർ, മലമ്പണ്ടാരങ്ങൾ, മുതുവാൻമാർ, ഉള്ളാടൻമാർ, ഊരാളികൾ, പണിയൻമാർ തുടങ്ങിയ ഗിരിവർഗക്കാർ നെഗ്രിറ്റോ വിഭാഗത്തിൽപ്പെട്ടവരാണ്. ഈ വർഗക്കാരിൽ അധികം പേർക്കും ചുരുണ്ടമുടിയും കറുത്ത തൊലിയും വട്ടത്തലയും വീതിയേറിയ മൂക്കുമാണുള്ളത്. ഇവർ തലയിൽ ചീപ്പും അണിഞ്ഞിരുന്നു. ഇവയെല്ലാം ഇവർക്കും ലോകത്തിന്റെ ഇതരഭാഗങ്ങളിലുള്ള ഇതേ വർഗക്കാർക്കും തുല്യമാണ്. നീണ്ട തലയും, പരന്ന മൂക്കും, ഇരുണ്ട തൊലിയും ഉള്ള ആസ്ട്രലോയിഡുകൾ നെഗ്രിറ്റോകളുടെ സ്ഥാനം അപഹരിച്ചിരിക്കണം. ഇരുളർ, കുറിച്യർ, കരിമ്പാലൻമാർ, മലയരയൻമാർ, മലവേടൻമാർ തുടങ്ങിയവർ ആസ്ട്രലോയിഡ് വർഗക്കാരാണ്. ഇവരെ തള്ളി മാറ്റിക്കൊണ്ടു കടന്നുവന്ന മെഡിറ്ററേനിയൻ വർഗക്കാരാണ് ദക്ഷിണേന്ത്യയിലെ ദ്രാവിഡവർഗത്തിന്റെ പ്രധാന ഘടകമെന്ന് വിശ്വസിക്കപ്പെടുന്നു. ഇവർ ഗ്രീക്കുകാരുടെ ആക്രമണത്താൽ മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ തങ്ങളുടെ ആദിമ സങ്കേതം കൈവെടിഞ്ഞ് മൂന്നു സംഘങ്ങളായി ഒന്നിനു പുറകെ ഒന്നായി ഇന്ത്യയിലേക്ക് വന്നു എന്നതാണ് പൊതുവെയുള്ള അഭിപ്രായം. ഒരു സംഘം തെക്കേ ഇന്ത്യയിലും മറ്റൊരു സംഘം പടിഞ്ഞാറെ ഇന്ത്യയിലും മൂന്നാമത്തേത്, ഉത്തരേന്ത്യയിൽ സിന്ധു തീരത്തും ആവാസമുറപ്പിച്ചു. ഈ മെഡിറ്ററേനിയൻ ജനങ്ങളാണ്, യഥാർഥത്തിൽ ദക്ഷിണേന്ത്യയിലെ ദ്രാവിഡ സംസ്കാരത്തിന്റെ സംവിധായകരെന്ന് വിശ്വസിക്കപ്പെടുന്നു. സിന്ധു തീരം താവളമാക്കിയവർ സമാന്തരമായി സൈന്ധവ സംസ്കാരത്തിന് അഥവാ ഹാരപ്പാസംസ്കാരത്തിന് രൂപം നൽകി.

ഉത്തരേന്ത്യയിൽ ആര്യാധിനിവേശമുണ്ടായപ്പോൾ സിന്ധുതീരത്തിലെ ദ്രാവിഡ ജനങ്ങൾ അവിടം വിടുകയും തെക്കേ ഇന്ത്യയിലെ സ്വവർഗക്കാരോടു ചേരുകയുമുണ്ടായി. നായൻമാർ, വെള്ളാളൻമാർ, ഈഴവർ തുടങ്ങിയവർ കേരളീയ ജനതയിലെ ദ്രാവിഡ ഘടകത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നു. പുലയർ, പറയർ, കുറവർ തുടങ്ങിയ പട്ടികജാതിക്കാരും ഇക്കൂട്ടത്തിൽപ്പെടും. ഇന്ന് കേരളത്തിന്റെ വനങ്ങളിൽ അഭയം തേടിയിരിക്കുന്ന ഗിരിവർഗക്കാരുടെയും, സമതലങ്ങളിൽ കഴിയുന്ന ചില പട്ടികജാതിക്കാരുടെയും പൂർവികരായിരുന്നു ഈ ഭൂമിയിലെ ആദിമ നിവാസികളെന്ന് വർഗചരിത്രത്തെക്കുറിച്ചുള്ള പഠനം തെളിയിക്കുന്നു. എ.ഡി. പത്താം നൂറ്റാണ്ടുവരെ സാംസ്കാരികമായി തമിഴകത്തോട് ചേർന്നാണ് കേരളം നിലനിന്നത്. ആചാരാനുഷ്ഠാനങ്ങളിലും ജീവിതരീതിയിലും ഇത് പ്രകടമായിരുന്നു. കൊടുംതമിഴ് എന്ന സംസാരഭാഷയും സമാനമായിരുന്നു.

### 2.1.1 ഭരണസമ്പ്രദായം

ക്രിസ്തുവർഷത്തിന്റെ ആദ്യത്തെ അഞ്ച് നൂറ്റാണ്ടുകളാണ് സംഘകാലമെന്നറിയപ്പെടുന്നത്. അന്നു വിശാലമായ തമിഴകത്തിന്റെ ഒരു ഭാഗമായിരുന്നു കേരളം. വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കാർക്കനാട് എന്നിങ്ങനെ അന്നത്തെ കേരളം അഞ്ചു നാടുകളായി വിഭജിക്കപ്പെട്ടു കിടന്നിരുന്നു. വിഴിഞ്ഞം മുതൽ കൊല്ലത്തിന് സമീപം വരെയുള്ള സ്ഥലമാണ് വേണാട് എന്നറിയപ്പെട്ടിരുന്നത്. കൊല്ലത്തിന് വടക്ക്

കായലുകളും കുളങ്ങളും നിറഞ്ഞ പ്രദേശത്തിന് കുട്ടനാട് എന്ന് വിളിച്ചു. കോട്ടയം, ഇടുക്കി ജില്ലകളാണ് കർക്കാനാട്ടിൽ ഉൾപ്പെട്ടിരുന്നത്. തൃശൂരും മലബാറിന്റെ തെക്കുഭാഗങ്ങളും കുടനാട് എന്നറിയപ്പെട്ടു. കുടനാടിന് വടക്കുള്ള പ്രദേശങ്ങളായിരുന്നു പൂഴിനാട്. അതിനപ്പുറം കന്നട സംസാരിച്ചിരുന്ന 'കൊൺകാനം' എന്ന പ്രദേശമായിരുന്നു. ആദ്യകാലങ്ങളിൽ കുട്ടനാട്, കുടനാട് തുടങ്ങിയ പ്രദേശങ്ങളിൽ മാത്രമാണ് ചേരസാമ്രാജ്യത്തിന് സ്വാധീനമുണ്ടായിരുന്നത്. സംഘകാലത്ത് ചേരരാജ്യത്തിന്റെ അതിർത്തികൾ വികസിച്ചു. സംഘകൃതികളിൽനിന്ന് അന്നത്തെ ഭരണസമ്പ്രദായത്തെപ്പറ്റി വ്യക്തമായ ചിത്രം ലഭിക്കുന്നു. രാജവാഴ്ചയിലധിഷ്ഠിതമായിരുന്നു അന്നത്തെ രാജ്യഭരണം. രാജ്യത്തിന്റെ തലസ്ഥാനം 'വഞ്ചി' ആയിരുന്നു. ഇടയ്ക്ക് തൊണ്ടിയും കൊങ്ങുനാടും കീഴടക്കിയതോടെ കരുവൂരും തലസ്ഥാനം ആയിട്ടുണ്ട്. 'മുചിരി' അന്ന് പ്രശസ്തമായിരുന്ന ഒരു തുറമുഖപട്ടണം ആയിരുന്നു. സ്വർണവും മദ്യവും നിറച്ച യവന കപ്പലുകൾ അക്കാലത്ത് ഈ തുറമുഖത്ത് സ്ഥിരമായി എത്തിയിരുന്നു.

ചോളപാണ്ഡ്യ രാജാക്കൻമാരെപ്പോലെ ചേരരാജാക്കൻമാരും മക്കത്തായ മുറയ്ക്കായിരുന്നു ഭരണാധികാരം ഏറ്റിരുന്നത്. ആഡംബര ജീവിതമാണ് രാജാവ് നയിച്ചിരുന്നത്. പനമാല ധരിച്ചിരുന്ന രാജാക്കന്മാരുടെ കൊടിയടയാളം വില്ലായിരുന്നു. വിലപ്പെട്ട കല്ലുകൾ പതിച്ച പൊന്നിൻ കിരീടമാണ് രാജാവ് അണിഞ്ഞിരുന്നത്. രാജാവിനെ 'കോ', കോൻ, കടുംകോ (മഹാരാജാവ്) എന്നിങ്ങനെ വിളിച്ചിരുന്നു. ദേവനാംപ്രിയ എന്നർഥമുള്ള 'വാനവരമ്പൻ' തുടങ്ങിയ ബിരുദങ്ങൾ ചേർത്തല്ലാതെ രാജാവിനെ പരാമർശിച്ചിരുന്നില്ല. രാജ്ഞിക്ക് പ്രത്യേക ബഹുമാന്യ പദവിയുണ്ടായിരുന്നു. മതപരമായ എല്ലാ ചടങ്ങുകളിലും രാജാവിനോടൊപ്പം രാജ്ഞിയും ആസനസ്ഥയാവാറുണ്ടായിരുന്നു. പെരുംതേവി (പട്ടമഹിഷി) എന്നാണ് രാജ്ഞിയെ വിളിച്ചിരുന്നത്. ബഹുഭാര്യാത്വം സാധാരണമായിരുന്നെങ്കിലും, ബഹുഭർതൃത്വത്തെപ്പറ്റി സംഘകാല കൃതികളിൽ പറയുന്നില്ല. വിധവകൾ ചില സന്ദർഭങ്ങളിൽ സതി അനുഷ്ഠിക്കുക പതിവായിരുന്നു. ദക്ഷിണ കേരളത്തിലെ ആയ് ആണ്ടിരൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യമാർ 'ഉടന്തടി'ചാടിയത് ഇതിനുദാഹരണമാണ്. സതിയനുഷ്ഠിച്ച സ്ത്രീകളുടെ പട്ടടകളിൽ സ്ഥാപിച്ച സ്മാരകശിലകളാണ് കേരളത്തിൽ പലയിടങ്ങളിലും കാണുന്ന 'പുലച്ചിക്കല്ലുകൾ.'

രാജാക്കൻമാർ സ്വേച്ഛാധിപതികളായിരുന്നു. ആ അധികാരം ആചാരക്രമങ്ങളാലും മന്ത്രിമാരുടെയും പണ്ഡിതൻമാരുടെയും ഉപദേശങ്ങളാലും നിയന്ത്രിതമായിരുന്നു. പണ്ഡിതന്മാരുടെ ഉപദേശം സ്വീകരിക്കുക എന്നത് രാജാക്കന്മാരുടെ കടമയായിരുന്നു. ഉപദേശം ചെവിക്കൊള്ളാത്ത രാജാക്കന്മാരെ മറ്റാരും നശിപ്പിച്ചില്ലെങ്കിൽപ്പോലും സ്വയംനശിക്കും എന്നായിരുന്നു വിശ്വാസം. രാജാവിന് ഭൂമിയിൽനിന്നും വ്യവസായത്തിൽനിന്നും നികുതി ലഭിച്ചിരുന്നു. ആഭ്യന്തരവ്യാപാരത്തിൽ ഏർപ്പെടുത്തിയിരുന്ന നികുതിക്കു പുറമേ തുറമുഖങ്ങളിലെ കയറ്റുമതിയിൽ ചുമത്തിയിരുന്ന ചുങ്കവും രാജ്യത്തിന്റെ വരുമാനം വർദ്ധിപ്പിച്ചു. ഉടമസ്ഥരില്ലാത്ത സമ്പത്തും, പടയോട്ടങ്ങളിൽ ശത്രുരാജ്യങ്ങളിൽനിന്നു പിടിച്ചെടുക്കുന്ന ധനവും രാജ്യത്തിന്റെ വരുമാനത്തിൽപ്പെട്ടിരുന്നു. കൃഷിയിലും വാണിജ്യത്തിലും ചേരരാജ്യം അഭിവൃദ്ധി നേടിയിരുന്നതായി പല കൃതികളും സൂചിപ്പിക്കുന്നുണ്ട്.

ആഭ്യന്തര സമാധാനത്തിന് ചേരരാജാക്കൻമാരുടെ കാലത്ത് വിപുലമായ സംവിധാനമുണ്ടായിരുന്നു. കാലാൾ, ആന, കുതിര, രഥം എന്നീ വിഭാഗങ്ങളിൽ ചതുരംഗസേന ചേരരാജാക്കന്മാർക്ക് ഉണ്ടായിരുന്നു. യുദ്ധം സംഘകാലജീവിതത്തിന്റെ അനിവാര്യമായ ഒരു ഭാഗമായിരുന്നു. യുദ്ധസാഹചര്യങ്ങളിൽ കാലാൾപ്പടയാണ് പ്രധാന ചുമതലകൾ വഹിച്ചത്. ശത്രുരാജ്യത്തിന്റെ കോട്ടമതിലുകൾ തകർക്കാനും എതിർ സൈന്യത്തെ ചിന്നഭിന്നമാക്കാനുമാണ് ആനകളെ ഉപയോഗിച്ചിരുന്നത്. കുന്നും മലകളും നിറഞ്ഞ ഭൂപ്രകൃതിയിൽ കുതിരകൾക്ക് വലിയ സാധ്യതയുണ്ടായിരുന്നില്ലെങ്കിലും പരണരെപോലുള്ള കവികൾ യുദ്ധരംഗങ്ങളിലെ കുതിര

കളുടെ സാന്നിധ്യം രേഖപ്പെടുത്തുന്നുണ്ട്. തേർപ്പടയും വളരെ കുറച്ചു മാത്രം ഉണ്ടായിരിക്കാനാണ് സാധ്യത. അമ്പും വില്ലും, വാളും പരിചയും, വേലുമായിരുന്നു പടയാളികളുടെ ആയുധങ്ങൾ. വേൾപ്പട, വാൾപ്പട, വിൽപ്പട എന്നിങ്ങനെ മൂന്ന് വിഭാഗങ്ങൾ കാലാൾപ്പടയ്ക്കുണ്ടായിരുന്നു. കാവൽക്കാടുകളാൽ ചുറ്റപ്പെട്ട കിടങ്ങുകളെയും വലിയ കോട്ടകളെയുംപ്പറ്റി സംഘകൃതികൾ പരാമർശിക്കുന്നുണ്ട്. പറ മുഴക്കിയും ശംഖ് വിളിച്ചുമാണ് യുദ്ധത്തിന്റെ അറിയിപ്പു നൽകിയിരുന്നത്. യുദ്ധം തുടങ്ങുന്നതിനുമുമ്പ് 'കൊറ്റവൈ' എന്ന യുദ്ധദേവതയെ പൂജിച്ചിരുന്നു. സ്ത്രീകളും സമരവീര്യത്തിൽ മുന്നിലായിരുന്നു. സ്ത്രീകൾ നേരിട്ട് പോർക്കളത്തിൽ ചെന്ന് പടയാളികളിൽ ആവേശം വളർത്തിയിരുന്നു. യുദ്ധത്തിൽ എല്ലായ്പ്പോഴും രാജാവ് ആനപ്പുറത്തേറി നേരിട്ടാണ് സൈന്യങ്ങളെ നിയന്ത്രിച്ചിരുന്നത്. യുദ്ധത്തിൽ മരിക്കുന്നത് അഭിമാനമായാണ് രാജാക്കന്മാർ പൊതുവേ കണ്ടിരുന്നത്. രാജാവിനെ കൂടാതെ ഒരു സേനാനായകനും ഉണ്ടായിരുന്നു. രാജാക്കന്മാരുടെ അഭാവത്തിൽ ചില യുദ്ധങ്ങൾ നയിച്ചിരുന്നത് ഈ സേനാനായകരായിരുന്നു. യുദ്ധത്തിന് പുറപ്പെടുന്നതിനുമുമ്പ് ഭടന്റെ പത്നി അവരുടെ മാലയും ചാന്തും ഭർത്താവിനെ അണിയിക്കുകയും തിരിച്ച് അയാളുടെ മാല സ്വന്തം കഴുത്തിൽ ഇടുകയും ചെയ്യും. യുദ്ധത്തിൽ മരിച്ചുവീണാൽ വീരസ്വർഗം പ്രാപിക്കുമെന്നായിരുന്നു വിശ്വാസം. പോത്തിൻ തോലുകൊണ്ട് ഉണ്ടാക്കിയ മുരശ് അടിച്ചിട്ടാണ് യുദ്ധകാഹളം മുഴക്കിയിരുന്നത്.

കവികൾക്കും പണ്ഡിതൻമാർക്കും രാജകൊട്ടാരത്തിലും പൊതുജനങ്ങൾക്കിടയിലുമുണ്ടായിരുന്ന സവിശേഷ സ്ഥാനം സംഘകാലജീവിതത്തിന്റെ പ്രധാന സവിശേഷതയായിരുന്നു. രാജാവ് അവർക്ക് പരിപൂർണ സംരക്ഷണം നൽകിയിരുന്നു. ആസ്ഥാന കവികളുടെ നേർക്ക് രാജാക്കൻമാർ പുലർത്തിയ നിസീമമായ ഔദാര്യത്തിന്റെ കഥകൾകൊണ്ട് നിർഭരമാണ് സംഘകാല കാവ്യങ്ങൾ. കവികൾക്ക് ആനകളെപ്പോലും സമ്മാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. രാജാവിനും പ്രജകൾക്കും തമ്മിൽ അകൽച്ച കുറവായിരുന്നു. സംഘകാലത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രസ്ഥാനമായിരുന്നു 'മൻറം.' ഓരോ ഗ്രാമത്തിനും അതിന്റേതായ മൻറം ഉണ്ടായിരുന്നു. ഗ്രാമത്തിലെ ആലിൻചുവട്ടിലോ മറ്റോ സമ്മേളിക്കുന്ന ഗ്രാമവൃദ്ധൻമാരുടെ സമിതിയായ മന്റം ഗ്രാമീണർക്കിടയിലെ തർക്കങ്ങളും വഴക്കുകളും പറഞ്ഞു തീർത്തിരുന്നു. ഈ ഗ്രാമസമ്മേളന സ്ഥലങ്ങൾ 'മന്നം' എന്ന പേരിൽ കേരളത്തിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ചേരരാജ്യത്തിന്റെ അഞ്ചു മണ്ഡലങ്ങളിലെ രാജാക്കന്മാർക്ക് കീഴടങ്ങാത്ത ചിലർ തമിഴകത്ത് ഉണ്ടായിരുന്നു. 'വേൾ', 'ചിറ്റരചർ' എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. ഇവരിൽ പലരുടെയും അധീനതയിൽ വിശാലമായ ഭൂപ്രദേശങ്ങൾ നിലനിന്നു. കുതിരമലയിലെ അതിയമാൻ, പൊതിയമലയിലെ ആയ്, ഏഴിമലയിലെ നന്നൻ, കൊല്ലിമലയിലെ ഓരി, മുള്ളൂർമലയിലെ കാരി, പറമ്പുമലയിലെ പാരി, പന്റിമലയിലെ ആവി തുടങ്ങിയവരെല്ലാം ഇക്കൂട്ടത്തിൽ പ്രധാനികളാണ്. വേൾമുഖ്യൻമാരെ തങ്ങളുടെ അധീനതയിൽ കൊണ്ടുവരാനായി ചേര-ചോള-പാണ്ഡ്യ രാജാക്കന്മാർ പല യുദ്ധങ്ങളും നടത്തി. അങ്ങനെ പലരും കീഴടങ്ങുകയും പിൽക്കാലത്ത് സാമന്തന്മാരായി തുടരുകയും ചെയ്തു.

## Recap

- ക്രിസ്തു വർഷത്തിലെ ആദ്യത്തെ അഞ്ചു നൂറ്റാണ്ടുകളാണ് സംഘകാലം
- കേരളം അഞ്ചു നാടുകൾ
- കോ, കോൻ, കടുംകോ എന്നിങ്ങനെ അറിയപ്പെട്ട രാജാവ്
- സജീവമായ ചതുരംഗസേന
- കവികൾക്കും പണ്ഡിതന്മാർക്കും സവിശേഷസ്ഥാനം
- മന്റം എന്ന പ്രാദേശിക സംവിധാനം
- രാജാക്കന്മാർക്ക് കീഴടങ്ങാതിരുന്ന വേൾ, ചിറ്ററചർ

## Objective Type Questions

1. കേരളത്തിലെ ആദിമവർഗക്കാർ ഏത് വംശത്തിൽപ്പെട്ടവരാണ്?
2. സംഘകാലത്ത് വിഴിഞ്ഞം മുതൽ കൊല്ലം വരെയുള്ള പ്രദേശം അറിയപ്പെട്ടിരുന്നത്?
3. ഇന്നത്തെ കോട്ടയം, ഇടുക്കി ജില്ലകളുൾക്കൊള്ളുന്ന പ്രദേശം സംഘകാലത്ത് അറിയപ്പെട്ടിരുന്നത്?
4. കുടനാടിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങൾ?
5. സംഘകാലത്ത് 'കടുംകോ എന്ന് ഥിളിച്ചിരുന്നത് ആരെ?
6. രാജ്ഞിയെ വിശേഷിപ്പിച്ചിരുന്ന പദം?
7. സതിയനുഷ്ഠിച്ച സ്ത്രീകളുടെ പട്ടടകളിൽ സ്ഥാപിച്ച സ്മാരകശിലകൾ അറിയപ്പെടുന്നത്?
8. സംഘകാലത്തെ കാലാൾപ്പടയുടെ മൂന്ന് വിഭാഗങ്ങൾ?
9. സംഘകാലത്ത് നിലവിലിരുന്ന പ്രാദേശിക നീതിനിർവഹണ സംവിധാനം?
10. യുദ്ധകാഹളം മുഴക്കാനായി ഉപയോഗിച്ചിരുന്ന വാദ്യോപകരണം?
11. സംഘകാലത്തെ യുദ്ധദേവതയുടെ പേര് എന്താണ്?
12. സംഘകാലത്തെ പ്രധാന തുറമുഖം ഏത്?

## Answers to Objective Type Questions

1. നെഗ്രിറ്റോ വംശജർ
2. വേണാട്
3. കർക്കാനാട്
4. തൃശൂർ, മലബാറിന്റെ തെക്കുഭാഗങ്ങൾ
5. മഹാരാജാവിനെ
6. പെരുംതേവി, പട്ടമഹിഷി
7. പുലച്ചിക്കല്ലുകൾ
8. വേൾപ്പട, വാൾപ്പട, വിൽപ്പട
9. മന്റം
10. മുരശ്
11. കൊറ്റവൈ
12. മുചിരി

## Assignments

1. സംഘകാലത്തെ സാമൂഹ്യജീവിതത്തെ കുറിച്ച് വിവരിക്കുക.
2. പ്രാദേശിക ഭരണ സംവിധാനമെന്ന നിലയിൽ മന്റത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

## Suggested Readings


1. ജേക്കബ് നായത്തോട്, സംഘകാലത്തെ ജനജീവിതം, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
3. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.

യൂണിറ്റ് 2

# സംഘകാലത്തെ സാമൂഹികജീവിതം

## Learning Outcomes

- സംഘകാലത്തെപ്പറ്റിയുള്ള സമഗ്രമായ അവബോധമുണ്ടാകുന്നു
- സംഘകാലത്തെ സാമൂഹ്യ ജീവിതത്തെപ്പറ്റി അറിവ് നേടുന്നു
- പ്രാചീന കേരളത്തിലെ ജനങ്ങളുടെ ജീവിതോപാധികൾ മനസിലാക്കുന്നു
- ഐന്തിണകളെപ്പറ്റി മനസിലാക്കുന്നു

## Prerequisites

ഗോത്രവർഗ അടിസ്ഥാനത്തിൽ പല വിഭാഗങ്ങളായി തിരിഞ്ഞാണ് സംഘകാലത്ത് സമൂഹം നിലനിന്നത്. ഈ കാലഘട്ടം കേരള ചരിത്രം രൂപപ്പെട്ടുവരുന്ന കാലഘട്ടമാണ്. വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കാർക്കനാട് എന്നിങ്ങനെ അഞ്ചായി കേരളം വിഭജിക്കപ്പെട്ടു കിടന്നിരുന്നു. തെക്കൻ പ്രദേശങ്ങൾ ആയ് രാജാക്കൻമാരും വടക്കുള്ള പ്രദേശങ്ങൾ ഏഴിമല രാജാക്കൻമാരും ഇവയ്ക്കിടയിലുള്ള പ്രദേശങ്ങൾ ചേരരാജാക്കൻമാരും ഭരിച്ചിരുന്നു. ഇക്കാലത്തുപോലും കേരളീയ ജനതക്ക് വികസിതമായ നാഗരികതയും സംസ്ക്കാരവും ജീവിതരീതിയും ഭരണക്രമവും മതവിശ്വാസങ്ങളും ഉണ്ടായിരുന്നു. കേരളത്തിന്റെ സവിശേഷമായ കലാസാഹിത്യ പാരമ്പര്യം ഉണ്ടായി വരുന്നത് സംഘകാലത്തിൽ നിന്നാണ്. ഭൂമിയെ അഞ്ചു തിണകളായി തിരിച്ച് കാർഷിക പ്രധാനമായ വ്യവസ്ഥയിലേക്ക് മാറ്റുന്നതും ഇക്കാലത്തു തന്നെ. ഇങ്ങനെ കേരളത്തെ സംബന്ധിച്ച് പല രീതിയിൽ പ്രാധാന്യമർഹിക്കുന്നതാണ് സംഘകാലം എന്നുകാണാം. തമിഴിലെ അതിപ്രാചീന ഗാനകൃതികളാണ് സംഘസാഹിത്യമെന്ന പേരിലറിയപ്പെടുന്നത്. പല കാലങ്ങളിലായി ജീവിച്ചിരുന്ന കവികൾ എഴുതിയ കൃതികളെ വിഷയ സ്വഭാവത്തെ മുൻനിറുത്തി വകതിരിച്ചു സമാഹരിച്ചു പ്രസിദ്ധീകരിച്ചവയാണ് സംഘം കൃതികൾ. തമിഴിലെ പുരാതന ഗാനസമുച്ചയത്തെ മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. എട്ടുത്തൊകൈ, പത്തു പാട്ട്, പതിനെൺകീഴ്കണക്ക്, ഇവയും തൊൽകാപ്പിയം എന്ന വ്യാകരണഗ്രന്ഥവും ചിലപ്പതികാരവും, മണിമേഖലയും കുടിച്ചേരുമ്പോൾ സംഘസാഹിത്യം ഏതാണ്ട് പൂർണമാകും. മണിമേഖല ബൗദ്ധകൃതിയും ചിലപ്പതികാരം ഒരു ജൈനകൃതിയുമാണ്. പുറനാനൂറ്, അകനാനൂറ് പതിറ്റുപ്പത്ത്, കറുന്തൊകൈ, കലിത്തൊകൈ, ഐങ്കുനൂറ്, നറ്റിണൈ, പരിപാടൽ തുടങ്ങി എട്ടു കവിതാ സമാഹാരങ്ങൾ ചേർന്നതാണ് എട്ടുത്തൊകൈ, പതിറ്റുപ്പത്തും പുറനാനൂറും പുറം കൃതികളാണ്. സാമൂഹികവും രാഷ്ട്രീയവുമായ വിഷയങ്ങളാണ് അവയിലെ പ്രതിപാദ്യം. പരിപാടലിലാകട്ടെ അകവും പുറവുമുണ്ട്. സംഘസാഹിത്യത്തിലെ പ്രാചീന തമിഴ് കാവ്യങ്ങളിൽ നിന്നാണ് അവരുടെ ജീവിതരീതിയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾ നമുക്ക് ലഭിക്കു

ന്നത്. പ്രാചീന കാലത്ത് ദക്ഷിണേന്ത്യയിൽ നല്ല സാഹിത്യ കൃതികൾ ആസ്വദിച്ചിരുന്ന ഒരു സദസ് ഉണ്ടായിരുന്നു. കേരള ചരിത്ര രചനയ്ക്ക് സഹായകമാകുന്ന സാമഗ്രികളിൽ ഏറ്റവും പഴയത് തമിഴകത്തിന്റെ വാമൊഴി വഴക്കമായ പഴന്തമിഴ് പാട്ടുകളാണ്.

## Keywords

സംഘകാലത്തെ സാമൂഹ്യജീവിതം-കളവ്-കർപ്പ്-ഐന്തിണകൾ

## Discussion

### 2.2.1 സാമൂഹികജീവിതം

സംസ്കാര സമന്വയത്തിലൂടെ വികസനത്തിനാവശ്യമായ അടിസ്ഥാന ഘടകങ്ങളെല്ലാം സംഘകാലത്തുണ്ടായിരുന്നു. അന്ന് സമൂഹം സമുദായങ്ങളാലും ജാതികളാലും വിഭജിക്കപ്പെട്ടിരുന്നില്ല. രൂക്ഷമായ ജാതി വ്യത്യാസമോ സാമൂഹികമായ വേർതിരിക്കലോ ഇല്ലായിരുന്നു. സാമൂഹ്യമായ സ്വാതന്ത്ര്യവും സമത്വവും നിലനിന്നിരുന്നു. അധ്വാനത്തിന്റെ അന്തസ്സ് അംഗീകരിക്കപ്പെട്ടിരുന്നു. തൊഴിലിന്റെ നിലവാരമനുസരിച്ച് ജനങ്ങളെ സാമൂഹ്യമായി താണവരെന്നോ ഉയർന്നവരെന്നോ തരം തിരിച്ചിരുന്നില്ല. പാണർ, കുറവർ, പറയർ, വേടർ തുടങ്ങിയ സമുദായങ്ങളെ രാജാക്കൻമാരും പ്രഭുക്കൻമാരും ബഹുമാനപൂർവം പരിഗണിച്ചിരുന്നു. അവർക്ക് വിദ്യാഭ്യാസത്തിനും അവകാശമുണ്ടായിരുന്നു. പാണർ, കപിലർ തുടങ്ങിയ സംഘകാല കവികൾ പാണൻമാരായിരുന്നു എന്ന് പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള 'കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു.

കാളയും കലപ്പയും ഉപയോഗിച്ചുള്ള കൃഷിയിൽ പുരുഷന്മാർക്കായിരുന്നു പ്രാമുഖ്യം. സാമൂഹ്യജീവിതത്തിലും ഈ മേൽക്കൈ അവർക്ക് ലഭിച്ചു. അതോടൊപ്പം സ്ത്രീകൾക്കുണ്ടായിരുന്ന ഉന്നതപദവി പ്രാചീന സംഘകാലത്തെ സാമൂഹ്യജീവിതത്തിന്റെ മറ്റൊരു സവിശേഷതയായിരുന്നു. പൂർണമായ വിദ്യാഭ്യാസം ഉൾപ്പെടെ എല്ലാ സാമൂഹ്യസ്വാതന്ത്ര്യങ്ങളും സ്ത്രീകൾക്കുണ്ടായിരുന്നു. എല്ലാ സാമൂഹ്യ വിനോദങ്ങളിലും അവർ പങ്കെടുത്തിരുന്നു. എ.ഡി. 500 നടുത്ത് ജീവിച്ചിരുന്ന ഔവയാർ മികച്ച കവയിത്രിയായിരുന്നു. പുരുഷന്മാർക്ക് ബഹുഭാര്യത്വം സാധാരണ സംഗതിയായിരുന്നു. അതേസമയം സ്ത്രീകൾക്ക് ചാരിത്ര്യമെന്നത് പ്രധാനവുമായിരുന്നു. സ്വകാര്യസ്വത്തിന്റെ ഉൽഭവം ഈ ചാരിത്ര്യനിഷ്ഠയ്ക്ക് പ്രധാനകാരണമായി. രണ്ട് രീതിയിലുള്ള വിവാഹങ്ങളാണ് നിലവിലിരുന്നത്. പ്രേമവിവാഹം 'കളവ്' എന്നറിയപ്പെട്ടു. ഏകപക്ഷീയമായ പ്രണയങ്ങളിൽ കാമുകിമാരെ ആകർഷിക്കാനായി 'മടലേറുക' എന്ന സമ്പ്രദായം കാമുകൻ നടത്തിയിരുന്നു. പനമടൽ കൊണ്ടുണ്ടാക്കിയ കുതിരപ്പുറത്ത് കയറി കാമിനിയോടുള്ള പ്രണയം പരസ്യമാക്കുകയും ഉപവാസം അനുഷ്ഠിക്കുകയുമായിരുന്നു ഇതിന്റെ ഭാഗമായി ചെയ്തിരുന്നത്. ഇതിന്റെ ഫലമായി കാമിനിയെ ലഭിക്കുകയോ ജീവിതം അവസാനിക്കുകയോ ചെയ്യും. 'കർപ്പ്' എന്ന പേരിലാണ് രക്ഷിതാക്കളുടെ സമ്മതത്തോടെയുള്ള വിവാഹത്തെ വിളിച്ചിരുന്നത്. വിവാഹത്തിന്റെ മുഖ്യചടങ്ങിൽ ഒന്ന് 'ചിലമ്പുകഴിനോമ്പ് ' എന്നറിയപ്പെട്ടിരുന്ന ചിലമ്പ് മാറ്റമായിരുന്നു. നായിക വിവാഹംവരെ ധരിച്ചിരുന്ന ചിലമ്പ് മാറ്റി, ഭർത്താവ് കൊടുക്കുന്ന ചിലമ്പ് ധരിക്കുകയാണ് ഇതിൽ ചെയ്യുക.

വിവാഹങ്ങളിൽ അധികവും പ്രേമ വിവാഹങ്ങളായിരുന്നതിനാൽ തന്നെ സ്വകുലത്തിൽ മാത്രമായി അവ ഒതുങ്ങിനിന്നില്ല. രാജാക്കന്മാരിലും വേൾമുഖ്യന്മാരിലും സാമാന്യജനങ്ങൾക്കിടയിലും ഇങ്ങനെ കുലവ്യത്യാസം കൂടാതെയുള്ള വിവാഹങ്ങൾ നടന്നിരുന്നു. വിധവാവിവാഹം പതിവായിരുന്നു. കാമുകീ കാമുകൻമാർ രഹ

സ്യമായി നടത്തിപ്പോന്ന ഗാന്ധർവവിവാഹ ത്തിന് പ്രചാരമുണ്ടായിരുന്നതായി സംഘകാ ലത്തെ പല പ്രേമകാവ്യങ്ങളും തെളിയിക്കുന്നു. താലികെട്ടു സമ്പ്രദായം അന്നുണ്ടായിരുന്നില്ല. പെൺപണം കൊടുക്കുന്ന രീതി നിലവിലുണ്ടാ യിരുന്നു. വധുവിന്റെ മാതാപിതാക്കൾക്ക് വരൻ പണമോ മറ്റു പാരിതോഷികങ്ങളോ നൽകും. ഈ ആചാരം കേരളത്തിലെ ചില ഗിരിവർഗ ക്കാർക്കിടയിൽ ഇപ്പോഴും പ്രചാരത്തിലുണ്ട്.

ഉത്സവങ്ങളും വിനോദങ്ങളും അടക്കമുള്ള പൊതുയിടങ്ങളിൽ സമത്വത്തോടെ ഇടകലരാ വുന്ന വിധത്തിൽ സ്ത്രീ-പുരുഷന്മാർക്കിടയിൽ സ്വതന്ത്രമായ ജീവിതത്തിന് സാധ്യതകൾ ഉണ്ടാ യിരുന്നു. സ്ത്രീകൾക്ക് തങ്ങൾ ഇഷ്ടപ്പെടുന്ന തൊഴിൽ ചെയ്യാനവകാശമുണ്ടായിരുന്നു. തു ന്നൽപ്പണിയിലും, ഉപ്പ്, മീൻ തുടങ്ങിയവയുടെ വിൽപ്പനയിലും സ്ത്രീകൾ ഏർപ്പെട്ടിരുന്നു. കട കളിലെയും വീടുകളിലെയും ജോലിക്കാരായും സേവനമനുഷ്ഠിക്കുന്ന സ്ത്രീകൾ ഉണ്ടായിരു ന്നു. ഞാറുനടുക, കൊയ്യുക, പൂന്തോട്ടമുണ്ടാ ക്കുക തുടങ്ങിയവയിലും അവർ ഏർപ്പെട്ടിരു ന്നു. മാല, വള, തള തുടങ്ങിയ ആഭരണങ്ങൾ സ്ത്രീകൾ ധരിച്ചിരുന്നു. താലി, പുലിപ്പൽതാലി, എമ്പെടത്താലി, നൂൽ, പൊല്ക്കലം, പൊല്ക്കാ ശ്, പൊല്ക്കമ്പി, തൊടി, നെറ്റിപ്പട്ടം, മുത്താരം, ചുട്ടി, കുഴൽ തുടങ്ങിയ ആഭരണങ്ങളെപ്പറ്റി യും സംഘകാല കൃതികളിൽ പരാമർശമുണ്ട്. നൊച്ചിപ്പൂക്കളും ആമ്പൽപ്പൂക്കളും കോർത്തി ണക്കി ഉണ്ടാക്കിയിരുന്ന 'തഴയുട' പെൺകുട്ടി കൾ സാധാരണയായി ധരിച്ചിരുന്നു. മലവർഗ സമുദായങ്ങളിലെ സ്ത്രീകൾ വസ്ത്രങ്ങളാ യി ഇലകൾ കൂട്ടിക്കെട്ടുകയാണ് ചെയ്തിരുന്ന ത്. പുരുഷന്മാർ മാറിൽ ചന്ദനം പൂശിയിരുന്നു. പരുത്തികൊണ്ടും പട്ടുകൊണ്ടുമാണ് അവരുടെ വസ്ത്രങ്ങൾ നിർമിച്ചിരുന്നത്. സ്ത്രീകൾക്കൊ പ്പം പുരുഷന്മാരും തലയിൽ വിവിധ മാലകളും പൂക്കളും ചൂടാറുണ്ടായിരുന്നു.

ചോറായിരുന്നു ഇഷ്ട ഭക്ഷണം. സവിശേഷ ദിവസങ്ങളിൽ മീനും ഇറച്ചിയും ഉണ്ടായിരുന്നു. ഊൻ ചോറും (ബിരിയാണി) നെയ്വെൺ ചോ റും സാധാരണമായിരുന്നു. തൊണ്ടിയിലെ വെ ളുത്തരിയെയും അതിനടുത്ത കടലിൽനിന്നു പിടിച്ച അയിര മീനിനെപ്പറ്റിയും തമിഴ് കവികൾ പരാമർശിക്കുന്നുണ്ട്. കലം, കുടം, കരുങ്കലം, വെള്ളിക്കലം, കള്ളുകുടം, പാന, താലം, മിടാ വ് എന്നീ പാത്രങ്ങളെപ്പറ്റിയും പരാമർശമുണ്ട്. സമ്പന്നൻമാർ വെള്ളിപ്പാത്രങ്ങളിലാണ് ആഹാ രം കഴിച്ചിരുന്നത്. പനംകള്ള് ഉപയോഗിച്ചിരു ന്നു. 'മുന്നീർ'' എന്ന ലഹരിയുള്ള പാനീയം സ്ത്രീകളും ഉപയോഗിച്ചിരുന്നു. നെല്ലിൽ നിന്നു ണ്ടാക്കുന്ന വീര്യമുള്ള ഒരുതരം മദ്യവും പ്രചാര ത്തിലുണ്ടായിരുന്നു. മദ്യവും മാംസവും ഉപയോ ഗിച്ചിരുന്ന സംഘകാല ബ്രാഹ്മണർക്ക് സമുദായ ഭ്രഷ്ട് കൽപ്പിച്ചിരുന്നില്ല.

പലതരത്തിലുള്ള വിനോദങ്ങളും കലോ ത്സവങ്ങളും സംഘകാലത്ത് സാധാരണമായി രുന്നു. ദീപക്കാഴ്ച, ആറാട്ട് മഹോത്സവം, തി രുവാതിര തുടങ്ങി പലവിധത്തിൽ ഉത്സവങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. യാഴ്, മിഴാവ്, കു ഴൽ, പെരുവങ്കിയം, തുടിപ്പറ തുടങ്ങി പലതരം സംഗീതോപകരണങ്ങളെക്കുറിച്ച് സംഘം കൃ തികളിൽ പരാമർശങ്ങളുണ്ട്. തുണങ്കൈക്കൂത്ത്, കുരവൈക്കൂത്ത് തുടങ്ങിയ നാടൻ നൃത്തങ്ങ ളെക്കുറിച്ചുള്ള പരാമർശങ്ങളും അവയിൽ കാ ണാം. കൂടാതെ വള്ളിയുടെ വേഷം കെട്ടിയാ ടുന്ന വള്ളിക്കൂത്തും അല്ലിപ്പാവപോലെ ആടുന്ന അല്ലിയം കൂത്തും ഉണ്ടായിരുന്നു. സംഗീതവും കവിതയും നൃത്തവും ഉയർന്ന വർഗക്കാരുടെ വിനോദ ഉപാധികളായിരുന്നു. നൃത്തം ബഹുജ നങ്ങളുടെ പ്രധാന വിനോദമായിരുന്നു. മുതിർ ന്നവർ ചൂതാട്ടങ്ങളിലും കുട്ടികൾ ഗോലി കളി യിലും ഏർപ്പെട്ടിരുന്നു. ചുടുകട്ടയും കുമ്മായും ഉപയോഗിച്ചു നിർമിച്ച വീടുകളിലായിരുന്നു ഉയർന്ന വിഭാഗത്തിലുള്ളവർ താമസിച്ചിരുന്ന ത്. പാവപ്പെട്ടവർ കുടിലുകളിലായിരുന്നു താമ സിച്ചിരുന്നത്. ശകുനത്തിലും ജ്യോത്സ്യത്തിലും സംഘകാലഘട്ടത്തിലെ ജനത വിശ്വസിച്ചിരു ന്നു. പോർക്കളത്തിൽ വച്ചു മുറിവേൽക്കുന്ന ഭടൻമാരെ പ്രേതങ്ങൾ ബാധിക്കുമെന്നും അതു കൊണ്ടുതന്നെ മരണം തീർച്ചയെന്നും വിശ്വസി ച്ചിരുന്നു. യുദ്ധഭൂമിയിൽ ഭാര്യമാരും ഉണ്ടാകുമാ

യിരുന്നു. കാക്ക കരയുന്നത് വിരുന്നുകാരുടെ വരവിനെയും, അഴിഞ്ഞ തലമുടിയുമായി സ്ത്രീകൾ എതിരെ വരുന്നത് അശുഭലക്ഷണമായും വിശ്വസിച്ചിരുന്നു. നല്ല നേരം നോക്കി മാത്രമേ മുക്കുവർ കടലിൽ പോയിരുന്നുള്ളൂ.

സംഘം കൃതികളിൽ മുല്ല, കുറിഞ്ഞി, പാല, നെയ്തൽ, മരുതം എന്നീ അഞ്ചുതരം പ്രദേശങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. അവ ഐന്തിണകൾ എന്നറിയപ്പെടുന്നു. മേടുകളും കുറ്റിക്കാടുകളും നിറഞ്ഞ 'മുല്ലെ'യിൽ ഇടയർ, ആയർ തുടങ്ങിയ വിഭാഗങ്ങളാണ് ജീവിച്ചിരുന്നത്. ആടുമാടുകളെ മേയ്ക്കലായിരുന്നു പ്രധാന തൊഴിൽ. മുതിര പോലുള്ളവ കൃഷി ചെയ്യുന്നവരും ഇവിടെ താമസിച്ചിരുന്നു. 'കുറിഞ്ഞി' എന്നറിയപ്പെട്ടിരുന്നത് മലകൾ നിറഞ്ഞ കാട്ടുപ്രദേശങ്ങളാണ്. കുറവർ, എയിനർ, വില്ലവർ തുടങ്ങിയവർ കുറിഞ്ഞിയിൽ താമസിച്ചു. മൃഗങ്ങളെ വേട്ടയാടലും വനവിഭവങ്ങൾ ശേഖരിക്കലും അവരുടെ പ്രധാന തൊഴിലുകളായിത്തീർന്നു. വരണ്ട പ്രദേശങ്ങളാണ് 'പാല നിലങ്ങൾ' എന്നറിയപ്പെട്ടത്. ഇവിടെ മറവർ, മഴവർ തുടങ്ങിയവരാണ് വസിച്ചിരുന്നത്. സമർത്ഥരായ പോരാളികളായിരുന്ന ഇവരിൽ പലരും കൊള്ളക്കാർ ആയിരുന്നു. സമുദ്രതീര പ്രദേശങ്ങളാണ് 'നെയ്തൽ'. പരതവർ, മീനവർ, വലയർ, ഉമണർ തുടങ്ങിയവരായിരുന്നു നെയ്തലിൽ താമസിച്ചിരുന്നത്. ഇവരുടെ പ്രധാന തൊഴിൽ മത്സ്യബന്ധനവും ഉപ്പുനിർമാണവുമായിരുന്നു. ഫലഭൂയിഷ്ഠമായ നദീതട പ്രദേശങ്ങളെ മരുതം എന്ന് വിളിച്ചിരുന്നു. മരുതനിലങ്ങളിൽ താമസിച്ചിരുന്നവരെ ഉഴവർ എന്നു പറഞ്ഞിരുന്നു. കലപ്പ ഉപയോഗിക്കുന്ന കർഷകർ, കാളകളെ കൊണ്ട് നിലം ഉഴുന്ന ഉഴവൻ എന്നെല്ലാമുള്ള പ്രയോഗങ്ങൾ സംഘം കൃതികളിൽ ധാരാളമുണ്ട്.

രാജാവും രാജാവിനെ ചുറ്റിപ്പറ്റി കഴിഞ്ഞിരുന്ന പരിവാരങ്ങളും സമൃദ്ധിയോടെ ജീവിച്ചു. കൃഷിക്കാരായിരുന്ന ഉഴവർക്കും നല്ല സാമൂഹ്യനിലയും സുഖകരജീവിതം നയിക്കാനുള്ള സാഹചര്യവുമുണ്ടായിരുന്നു. ഇവർക്കൊപ്പം 'ചാന്റോർ' എന്നറിയപ്പെട്ട മദ്യഹാരകന്മാർക്കും സ്ഥാനവലിപ്പം കൽപ്പിച്ചു വന്നു. സ്ത്രീകളും പുരുഷന്മാരും കള്ളുകുടിച്ചിരുന്നു. കച്ചവടക്കാർ മറ്റൊരു സമ്പന്നവിഭാഗമായി നിലനിന്നു. വിദേശവ്യാപാരം രാജാവിന്റെ നിയന്ത്രണത്തിൽ ആകുമ്പോഴും രാജാവിനെ സഹായിക്കാൻ എന്ന മട്ടിൽ കച്ചവടക്കാരും ഇതിൽ ഇടപെട്ടിരുന്നു. ഇങ്ങനെയുള്ള സമ്പന്ന വിഭാഗങ്ങൾക്ക് സുഭിക്ഷമായ ഭക്ഷണവും മറ്റു സുഖസൗകര്യങ്ങളും അന്നുണ്ടായിരുന്നു. എന്നാൽ സാധാരണജനങ്ങൾ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലുമാണ് കഴിഞ്ഞിരുന്നത്. സമ്പന്നഗൃഹങ്ങളിൽ യാചകരായി പോകുന്ന ധാരാളമാളുകളെ സംഘം കൃതികൾ ചിത്രീകരിക്കുന്നുണ്ട്.

## Recap

- സമുദായങ്ങളായും ജാതികളായും വിഭജിക്കപ്പെടാത്ത സമൂഹം
- സ്ത്രീകൾക്ക് ഉന്നതപദവി
- കളവ്, കർപ്പ് എന്നിങ്ങനെ രണ്ട് വിവാഹരീതികൾ
- മടലേറൽ, ചിലമ്പുകഴിനോമ്പ് തുടങ്ങിയ ചടങ്ങുകൾ
- പൊതുയിടങ്ങളിൽ സ്ത്രീ - പുരുഷ സ്വാതന്ത്ര്യം
- സ്ത്രീകൾക്ക് ഇഷ്ടപ്പെട്ട തൊഴിൽ ചെയ്യാനുള്ള സ്വാതന്ത്ര്യം
- വിവിധ തരം ആഭരണങ്ങൾ
- പലതരം വിനോദങ്ങളും കലോത്സവങ്ങളും
- ശകുനത്തിലും ജോത്സ്യത്തിലും വിശ്വാസം
- ഐന്തിണകളായി തിരിഞ്ഞ ജീവിതം

## Objective Type Questions

1. സംഘകാലത്തെ പ്രശസ്ത കവയിത്രി?
2. പ്രേമവിവാഹം അറിയപ്പെട്ടിരുന്നത്?
3. രക്ഷിതാക്കളുടെ സമ്മതത്തോടെ വിവാഹിതരാകുന്നതിനെ വിളിച്ചിരുന്നത്?
4. വിവാഹത്തോടെ ഭർത്താവ് നൽകുന്ന ചിലമ്പ് അണിയുന്ന ചടങ്ങ്?
5. പെൺകുട്ടികൾ അണിഞ്ഞിരുന്ന തഴയുട നിർമിക്കാനുപയോഗിച്ചിരുന്ന വസ്തുക്കൾ?
6. സ്ത്രീകൾ ഉപയോഗിച്ചിരുന്ന ലഹരിപദാർത്ഥം?
7. മുല്ലെത്തിണയിൽ താമസിച്ചിരുന്നവർ?
8. മലകൾ നിറഞ്ഞ കാട്ടുപ്രദേശങ്ങൾ ഉൾപ്പെട്ട തിണ?
9. മറവർ, മഴവർ മുതലായവർ വസിച്ചിരുന്ന തിണ?
10. നെയ്തൽ തിണ സ്ഥിതി ചെയ്തിരുന്നതെവിടെ?

## Answers to Objective Type Questions

1. ഔവ്വയാർ
2. കളവ്
3. കർപ്പ്
4. ചിലമ്പുകഴിനോമ്പ്
5. നൊച്ചിപ്പൂക്കളും അമ്പൽപ്പൂക്കളും
6. മുന്നീർ
7. ഇടയർ, ആയർ
8. കുറിഞ്ഞി
9. പാല
10. സമുദ്രതീര പ്രദേശങ്ങൾ

## Assignments

1. സംഘകാലത്തെ സാമൂഹ്യജീവിതത്തെക്കുറിച്ച് വിവരിക്കുക
2. ഐന്തിണകളിലെ ജീവിതത്തെക്കുറിച്ച് വിവരിക്കുക

## Suggested Readings

1. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. ഡോ. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിന്റെ അടിസ്ഥാനരേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. പ്രൊഫ.എസ്. അച്യുതവാര്യർ, കേരള സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

യൂണിറ്റ് 3

# സംഘകാലത്തെ മതം

## Learning Outcomes

- സംഘകാലത്തെ മതപരമായ വിശ്വാസങ്ങളെപ്പറ്റിയുള്ള അവബോധമുണ്ടാകുന്നു
- സംഘകാലത്തെ സാമ്പത്തിക രംഗത്തെക്കുറിച്ച് ധാരണയുണ്ടാകുന്നു
- സംഘകാല സമൂഹത്തിലെ ശാസ്ത്രവിജ്ഞാനം, അന്ധവിശ്വാസം എന്നിവയെപ്പറ്റി അവബോധം ഉണ്ടാകുന്നു

## Prerequisites

വിവിധ മതങ്ങൾ സുഘടിതം ആയി പ്രവർത്തിക്കുന്ന ഇന്നത്തെ കേരളത്തിൽ നിന്ന് ഭിന്നമായിരുന്നു സംഘകാലത്തെ കേരളം. പല മതങ്ങൾ അന്ന് നിലവിലുണ്ടായിരുന്നെങ്കിലും അവ തമ്മിൽ കാലുഷ്യമോ സംഘർഷമോ ഉണ്ടായിരുന്നില്ല. ചിട്ടയായ രീതിയിലല്ല, അയഞ്ഞ ഘടനയിലാണ് സംഘകാലത്ത് മതം പ്രവർത്തിച്ചത്. മനുഷ്യബന്ധങ്ങളെയോ വ്യക്തിജീവിതത്തെയോ പരിമിതപ്പെടുത്താൻ മതം അന്ന് ശ്രമിച്ചില്ല. പൂർവികരെ ദൈവമായി ആരാധിക്കുന്നത് അടക്കമുള്ള ഗോത്രരീതികൾക്ക് അന്ന് നല്ല സ്വീകാര്യത ഉണ്ടായിരുന്നു. കൃത്യമായ ജാതിവ്യവസ്ഥയോ സാമൂഹികമായ വേർതിരിവുകളോ സംഘകാലത്തുണ്ടായിരുന്നില്ല. ജനങ്ങൾ സാമൂഹികമായ സമത്വത്തിലും സ്വാതന്ത്ര്യത്തിലുമായിരുന്നു കഴിഞ്ഞുകൂടിയിരുന്നത്. ദ്രാവിഡ സംസ്കാരത്തിന്റെ ജീവൻ തന്നെ ജാതിയില്ലായ്മ ആയിരുന്നു. തൊഴിലിനെയും വാസസ്ഥലത്തെയും ആസ്പദമാക്കിയുള്ള വിഭജനമേ സമൂഹത്തിലുണ്ടായിരുന്നുള്ളൂ. അധ്വാനത്തിന്റെ മഹത്വം എവിടെയും അംഗീകരിക്കപ്പെട്ടിരുന്നു. തൊഴിലിന്റെ അടിസ്ഥാനത്തിൽ ഉച്ചനീചത്വം പാലിച്ചിരുന്നില്ല. ജാതിയുടെ പേരിലുള്ള ഉച്ചനീചത്വങ്ങൾ, തീണ്ടലും തൊടീലും പോലുള്ള ദുരാചാരങ്ങൾ ഒന്നും കേരളീയ ജീവിതത്തെ അലങ്കോലപ്പെടുത്തിയിരുന്നില്ല. ബുദ്ധ, ജൈന, യഹൂദ, ക്രിസ്ത്യൻ, ഹിന്ദു തുടങ്ങിയ മതങ്ങളെല്ലാം ക്രിസ്ത്വബ്ദത്തിന്റെ ആദ്യകാലങ്ങളിൽ തന്നെ കേരളത്തിൽ സാന്നിധ്യം ഉറപ്പിച്ചിരുന്നു. അങ്ങനെ വിവിധ മതങ്ങളുടെ സംഗമഭൂമിയായിരുന്നു സംഘകാല കേരളം. സവിശേഷ രീതിയിലുള്ള ശാസ്ത്രവിജ്ഞാനം ഉണ്ടായിരുന്നപ്പോൾ തന്നെ പല അന്ധവിശ്വാസങ്ങളും ജനതയെ നയിച്ചു.

## Keywords

സാമ്പത്തികരംഗം-മതപരമായ വിശ്വാസങ്ങൾ-ശാസ്ത്രവിജ്ഞാനവും അന്ധവിശ്വാസവും

## Discussion

### 2.3.1 സംഘകാലത്തെ മതം

സംഘകാലത്തെ ജനങ്ങളിൽ ഭൂരിപക്ഷത്തിനും എ.ഡി.500 വരെ പ്രത്യേക മതവിശ്വാസമൊന്നും ഉണ്ടായിരുന്നില്ല. എല്ലാമതങ്ങൾക്കും അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. മതവിശ്വാസം വ്യക്തികാര്യമായതിനാൽ ഒരു കുടുംബത്തിൽ തന്നെ വ്യത്യസ്ത മത വിശ്വാസികൾ ഉണ്ടായിരുന്നു. ബ്രാഹ്മണ, ജൈന, ബുദ്ധ മതദർശനങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിക്കപ്പെട്ടിരുന്നു. ജനങ്ങളുടെ ഭൗതിക ആത്മീയ ജീവിതങ്ങളിൽ സജീവ സാന്നിധ്യമാകാൻ മതത്തിന് കഴിഞ്ഞിരുന്നില്ല. ബ്രാഹ്മണമതത്തിന്റെ പ്രധാന ഘടകങ്ങളായ ചാതുർവർണ്യവും യാഗവും കാര്യമായി സ്വീകരിക്കപ്പെട്ടിരുന്നില്ല. യാഗം ചില രാജാക്കന്മാർ മാത്രം നടത്തിയതായി സൂചനകളുണ്ട്.

ജൈനമതം ശക്തമായിരുന്ന കൊങ്ങുനാട്ടിൽ നിന്നാണ് ഇവിടേക്ക് ജൈനമതം എത്തിയത്. യുദ്ധത്തിൽ മുറിവേറ്റ രാജാവ് വടക്കിരുന്ന് ജീവത്യാഗം ചെയ്യുന്ന "വടക്കിരിക്കൽ'' ജൈനരുടെ ഒരാചാരമായിരുന്നു. തൊൽക്കാപ്പിയം അടക്കമുള്ള കൃതികളിലൂടെ ജൈനമതം തമിഴ് സാഹിത്യത്തിന് വലിയ സംഭാവന നൽകിയിട്ടുണ്ട്. ബ്രാഹ്മണ ജൈനമതങ്ങളേക്കാൾ കൂടുതൽ സ്വാധീനമുണ്ടായിരുന്നത് ബുദ്ധമതത്തിനായിരുന്നു. ഉതിയൻ ചേരലും നെടുംചേരലാതനും ചെങ്കുട്ടുവനുമടക്കം പ്രബലരായ രാജാക്കന്മാർ ബുദ്ധമതത്തോട് പുലർത്തിയ ആഭിമുഖ്യം സാധാരണ ആളുകൾക്കിടയിലും അതിനു സ്വീകാര്യത ഉണ്ടാക്കി. കേരളവുമായി അടുത്ത ബന്ധമുണ്ടായിരുന്ന അലക്സാണ്ട്രിയ പോലുള്ള വിദേശനാടുകളിലേക്കുവരെ ബുദ്ധമതത്തിന്റെ ദർശനങ്ങൾ എത്തിയിരുന്നു. തെക്കുനിന്നാണ് ബുദ്ധമതം കേരളത്തിൽ എത്തിയത്. എ.ഡി. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആര്യദേവനെ പോലുള്ള പ്രശസ്തരായ ചിന്തകർ ബുദ്ധമതം പിൻപറ്റി. സംഘകാലത്ത് തന്നെ ക്രിസ്തുമതവും യഹൂദമതവും കേരളത്തിലെത്തിയിരുന്നു. ചുരുക്കത്തിൽ വിവിധ മതങ്ങളുടെ ധാർമിക ബോധങ്ങളെ ഒരുമിച്ചുചേർത്ത സവിശേഷമായ ഒരു സാംസ്കാരികധാര സംഘകാല കേരളം വളർത്തിയെടുത്തിരുന്നു.

വിവിധങ്ങളായ അനുഷ്ഠാനങ്ങളും ആരാധനാരീതികളും നിലനിന്നിരുന്നു. വീരന്മാരായ പൂർവികരെ ദൈവമായി ആരാധിച്ചുപോന്നു. ഐന്തിണകളിൽ വസിച്ചിരുന്നവർക്കെല്ലാം കുലദൈവങ്ങൾ ഉണ്ടായിരുന്നു. ഉഴവർക്ക് വേന്തൻ (ഇന്ദ്രൻ), ആയർക്ക് മായോൻ (വിഷ്ണു), പരതവർക്ക് കടന്റ ദൈവം(വരുണൻ), കുറവർക്ക് ചേയോൻ (മുരുകൻ), മറവർക്ക് കൊറ്റവൈ എന്നിങ്ങനെ പ്രധാന കുലങ്ങൾക്കെല്ലാം കുലദൈവങ്ങളും ആരാധനാസമ്പ്രദായവും ഉണ്ടായിരുന്നു. മരണാനന്തരജീവിതത്തിൽ വിശ്വസിച്ചിരുന്നതിനാൽ പരേതന് അന്നം നിവേദിക്കുന്ന സമ്പ്രദായം വ്യാപകമായിരുന്നു. ചിലയിടങ്ങളിൽ ഭർത്താവ് മരിച്ച സ്ത്രീ ഭർത്താവിന്റെ ചിതയിൽത്തന്നെ ചാടി മരിച്ചിരുന്നു.

### 2.3.2 സാമ്പത്തികരംഗം

ക്രിസ്തുവർഷത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ കേരളം സാമ്പത്തികമായി വലിയ പുരോഗതി നേടിയിരുന്നതായി സംഘകാലകൃതികൾ സൂചിപ്പിക്കുന്നു. കൃഷിയായിരുന്നു പ്രധാനതൊഴിൽ. ചക്ക, മഞ്ഞൾ, കുരുമുളക് തുടങ്ങിയവ വ്യാപകമായി കൃഷിചെയ്തിരുന്നു. കൊയ്ത്ത്, മെതി തുടങ്ങിയവയെപ്പറ്റി സംഘകാല കവിതകളിൽ പരാമർശമുണ്ട്. ഭൂമിയുടെ മേൽ സ്വകാര്യ അവകാശം നിലവിലിരുന്നു. ഭൂമി സ്വകാര്യ സ്വത്തായിരുന്നെങ്കിലും മേച്ചിൽ സ്ഥലങ്ങൾ, തൊഴുത്തുകൾ, വിനോദ സ്ഥലങ്ങൾ തുടങ്ങിയവ ഓരോ ഗ്രാമത്തിലും പൊതു ഉടമസ്ഥതയിലുണ്ടായിരുന്നു. ഇരുമ്പുകൊണ്ടുള്ള കാർഷികായുധങ്ങളാണ് ഉപയോഗിച്ചിരുന്നത്. ദീനാരം, കാണം തുടങ്ങിയ നാണയങ്ങൾ നിലവിലുണ്ടായിരുന്നെങ്കിലും സാധനങ്ങളുടെ കൈമാറ്റത്തിലൂടെയായിരുന്നു ആഭ്യന്തരവ്യാപാരം അധികവും നടന്നത്. മുസ്സിരിസിൽ നെല്ലു കൊടുത്ത് മീൻ വാങ്ങിയിരുന്നതായി സംഘകാല കൃതികളിൽ പറയുന്നുണ്ട്.

സംഘകാലത്ത് കേരളത്തിന് വിദേശരാജ്യങ്ങളുമായി വലിയ വ്യാപാരമുണ്ടായിരുന്നു. പ്രധാനമായും കേരളത്തിലെ ഉൽപ്പന്നങ്ങളാണ് വിദേശരാജ്യങ്ങളുമായുള്ള സമുദ്രവ്യാപാരത്തിൽ നിറഞ്ഞത്. കുരുമുളക്, സുഗന്ധതൈലം, വെറ്റില, രത്നങ്ങൾ, വജ്രങ്ങൾ, മുത്ത്, ആനക്കൊമ്പ്, പട്ട് എന്നിവ കയറ്റിയയച്ചിരുന്നു. ഇറക്കുമതിചെയ്യുന്ന സ്വർണം വിദേശ കപ്പലുകളിൽനിന്ന് മാറ്റുന്നതുമായി ബന്ധപ്പെട്ട വിവരണങ്ങൾ സംഘകാലകൃതികളിലുണ്ട്. കപ്പലുകൾക്ക് വരാൻകഴിയുന്ന തുറമുഖ സൗകര്യങ്ങൾ വ്യാപാരത്തിനു സഹായകരമായിരുന്നു. മുചിരി(മുസിരിസ്) ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാന തുറമുഖമായിരുന്നു. നൗറ, തുണ്ടിസ്, നെൽക്കിണ്ട, ബക്കറെ തുറമുഖങ്ങളിലൂടെയും വ്യാപാരം അഭിവൃദ്ധി പ്രാപിച്ചു.

### 2.3.3 ശാസ്ത്രവിജ്ഞാനവും അന്ധവിശ്വാസവും

പ്രാചീന കേരളീയർ നവഗ്രഹങ്ങളെപ്പറ്റിയും പഞ്ചഭൂതങ്ങളെക്കുറിച്ചും പ്രാഥമിക വിജ്ഞാനം നേടിയിരുന്നു. സംഘംകൃതികളിൽ ഇവയെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. പഞ്ചഭൂതങ്ങളെന്ന് അറിയപ്പെട്ട ഭൂമി, ജലം, വായു, അഗ്നി, ആകാശം എന്നിവയുടെ തത്വങ്ങൾ സസൂക്ഷ്മം ഗ്രഹിക്കാൻ കഴിഞ്ഞവർ അക്കാലത്തുണ്ടായിരുന്നു. ശുക്രന്റെ നിലയ്ക്കനുസരിച്ചാണ് മഴയുണ്ടാകുന്നതെന്നായിരുന്നു അന്നത്തെ വാനശാസ്ത്ര പണ്ഡിതൻമാരുടെ വിശ്വാസം. വെള്ളി നക്ഷത്രം തെക്കുദിച്ചാൽ മഴയുണ്ടാകില്ലെന്നും അവർ വിശ്വസിച്ചു. അങ്ങനെ വെള്ളി തെക്കുദിച്ച സന്ദർഭങ്ങളിൽ വരണ്ട കാലാവസ്ഥയെപ്പറ്റി ആശങ്കപ്പെടുന്ന കവിതകൾ അനേകമാണ്. ചൊവ്വചെല്ലുന്ന സ്ഥാനങ്ങളിൽ ശുക്രൻ ചെല്ലാറില്ലെന്ന് പറഞ്ഞിരിക്കുന്നു. ശുക്രൻ ശുഭഗ്രഹങ്ങളോടും നക്ഷത്രങ്ങളോടും ചേർന്നുനിൽക്കുകയും ധൂമകേതു ഒഴിഞ്ഞ് ആകാശം തെളിയുകയും ചെയ്യുന്നത് രാജ്യത്തിന് അഭിവൃദ്ധികരമാണെന്ന് സംഘകാലത്തിലെ ജനങ്ങൾ മനസിലാക്കിയിരുന്നു. നക്ഷത്രങ്ങളുടെ നിലനോക്കി ഭാവി പ്രവചിക്കാനുള്ള കഴിവ് അന്നത്തെ വാനശാസ്ത്ര വിജ്ഞാനികൾക്കുണ്ടായിരുന്നു. മാന്തരൻ ചേരൽ ഇരുമ്പൊറൈ 'ഏഴാം നാളിൽ' മരിക്കുമെന്ന് നക്ഷത്രങ്ങളുടെ നിലനോക്കി ഒരു പണ്ഡിതൻ പ്രവചിക്കുകയുണ്ടായി. ആ രാജാവ് അതുപ്രകാരം തന്നെ മരണമടയുകയും ചെയ്തു. നക്ഷത്രങ്ങളുടെ നിലയെക്കുറിച്ചെല്ലാം ഈ ഗാനത്തിൽ വ്യക്തമായി പറഞ്ഞിരിക്കയാൽ ജ്യോതിശാസ്ത്രവും ജ്യോതിഷവും അക്കാലത്ത് വളർച്ച പ്രാപിച്ചിരുന്നതായി മനസിലാക്കാം.

കാവേരി നദിയിൽ അണക്കെട്ടുകൾ നിർമിച്ച കരികാലന്റെ കാലത്ത് എൻജിനീയറിംഗ് ചെറിയ രീതിയിൽ വളർന്നിരുന്നു. കുടികൾ നിർമിക്കുന്നതിന് ശിൽപിതന്ത്രമാവശ്യമായിരുന്നു. മരപ്പണിക്കാരായ തച്ചൻമാർ, ആയുധങ്ങൾ നിർമിക്കുന്ന കൊല്ലൻമാർ, മൺപാത്രമുണ്ടാക്കുന്ന കുശവൻമാർ എന്നിവരെക്കുറിച്ചെല്ലാം സംഘംകൃതികളിൽ പരാമർശമുണ്ട്. കാൾഡ്വലിന്റെ അഭിപ്രായത്തിൽ, ബുധൻ, ശനി എന്നീ ഗ്രഹങ്ങളൊഴികെ പ്രാചീനർക്ക് സുപരിചിതമായ എല്ലാഗ്രഹങ്ങളും, ദ്രാവിഡർക്ക് അറിയാമായിരുന്നു. നൂറുവരെ എണ്ണാൻ അവർ മനസിലാക്കിയിരുന്നു. ചിലർക്ക് ആയിരംവരെ എണ്ണാനും അറിയാമായിരുന്നു. എന്നാൽ, ലക്ഷം, കോടി എന്നിങ്ങനെയുള്ള ഉയർന്ന സംഖ്യകൾ അവർക്ക് അറിയില്ലായിരുന്നു. കൃഷി അവർക്ക് നല്ലവണ്ണമറിയാമായിരുന്നു. ജലസേചനത്തിനായി ഇന്ത്യയിൽ ആദ്യമായി അണക്കെട്ട് നിർമിച്ചത് സംഘകാലത്തായിരുന്നു. പരുത്തിത്തുണി നിർമാണം, ചായംമുക്കൽ എന്നിവ ഉൾപ്പെടെ നിത്യജീവിതത്തിനാവശ്യമായ കരകൗശലങ്ങൾ അവർക്കറിയാമായിരുന്നു. എന്നാൽ ഉയർന്നതരം കരകൗശലങ്ങളായ ചായച്ചിത്രങ്ങൾ, പ്രതിമാശില്പം, ഉയർന്ന ശില്പവിദ്യ എന്നിവ അവർക്ക് അറിയുമായിരുന്നില്ല. പണത്തിന്റെ ഉപയോഗവും അവർ കണ്ടുപിടിച്ചിരുന്നു. ശനിയെക്കുറിച്ച് അവർക്കറിയാമായിരുന്നുവെന്ന് പുറനാനൂറിലെ പരാമർശങ്ങൾ കാണിക്കുന്നു. പ്രതിമാശിൽപത്തിൽ അവർ പുരോഗമിച്ചിരുന്നില്ലെങ്കിലും പ്രാഥമികതത്വങ്ങൾ ഗ്രഹിച്ചിരുന്നു എന്നതിന് സംഘംകൃതികളിൽ പല സൂചനകളും കാണാം. യാത്രാസമയത്തുകാണുന്ന ശകുനങ്ങൾ, യാത്ര

യ്ക്കും മറ്റ് പ്രവൃത്തികൾ ചെയ്യുന്നതിനും പറ്റിയ മുഹൂർത്തങ്ങൾ എന്നിവയെക്കുറിച്ചും പ്രാചീന തമിഴ് ജനതയ്ക്ക് വിശ്വാസമുണ്ടായിരുന്നു. ശകുനം, മുഹൂർത്തം എന്നിവയെക്കുറിച്ചുള്ള വിശ്വാസങ്ങൾ പ്രചരിപ്പിച്ചിരുന്നത് ബ്രാഹ്മണരാണ്.

## Recap

- എ.ഡി. 500 വരെ പ്രത്യേക മതവിശ്വാസം ഇല്ല
- വടക്കിരിക്കൽ പോലുള്ള ജൈന ആചാരങ്ങൾ
- പ്രബലരായ രാജാക്കന്മാരുടെ ബുദ്ധമതാഭിമുഖ്യം
- വീരന്മാരായ പൂർവികരെ ദൈവമായി ആരാധിക്കൽ
- ഐന്തിണകളിൽ ഓരോന്നിനും കുലദൈവങ്ങൾ
- സാമ്പത്തികമായി നല്ല പുരോഗതി
- തുറമുഖങ്ങളിലൂടെ സജീവമായ വിദേശ വാണിജ്യം
- നവഗ്രഹങ്ങളെപ്പറ്റിയും പഞ്ചഭൂതങ്ങളെ കുറിച്ചും പ്രാഥമിക വിജ്ഞാനം
- അണക്കെട്ടുകൾ നിർമിക്കാൻ പ്രാപ്തമായ ആധുനിക വിദ്യ

## Objective Type Questions

1. യുദ്ധത്തിൽ മുറിവേറ്റ രാജാവ് വടക്ക് ഇരുന്ന് ജീവത്യാഗം ചെയ്യുന്നതിനെ വിളിക്കുന്ന പേര്?
2. നെയ്തൽ തിണയിൽ ജീവിച്ചിരുന്ന പരതവരുടെ ദൈവം?
3. സംഘകാലത്തെ യുദ്ധദേവത?
4. മുസിരിസ് തുറമുഖത്തിന്റെ മറ്റൊരുപേര്?
5. കാവേരി നദിയിൽ അണക്കെട്ട് നിർമിച്ച രാജാവ്?
6. ബുധൻ, ശനി ഗ്രഹങ്ങൾ ഒഴികെ എല്ലാ ഗ്രഹങ്ങളും ദ്രാവിഡർക്ക് അറിയാമായിരുന്നു എന്ന് അഭിപ്രായപ്പെട്ടതാര്?
7. ശനിയെക്കുറിച്ച് പരാമർശമുള്ള സംഘകാലകൃതി?

## Answers to Objective Type Questions

1. വടക്കിരിക്കൽ
2. കടന്റ് ദൈവം (വരുണൻ)
3. കൊറ്റവൈ
4. മുചിരി
5. കരികാലൻ
6. കാൽഡ്വൽ
7. പുറനാനൂറ്

## Assignments

1. സംഘകാലത്തെ മതങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുക.
2. സംഘകാലത്തെ സാമ്പത്തികാഭിവൃദ്ധി വിശദീകരിക്കുക.

## Suggested Readings


1. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എ. ശ്രീധരമേനോൻ, കേരള സംസ്കാരം, ഡി.സി. ബുക്സ്, തിരുവനന്തപുരം.

BLOCK - 03

# ചേര
# സാമ്രാജ്യങ്ങൾ

യൂണിറ്റ്
1

# ഒന്നാം ചേരസാമ്രാജ്യം

## Learning Outcomes

- ചേരരാജാക്കൻമാരെയും ഭരണകാലത്തെയും കുറിച്ച് അറിവ് നേടുന്നു
- രാജാക്കന്മാരുടെ പ്രധാന ഭരണനേട്ടങ്ങൾ മനസിലാക്കുന്നു
- ചേര രാജാക്കന്മാരിൽ പ്രധാനമായും രണ്ട് ശാഖകളുണ്ടെന്ന ധാരണ നേടുന്നു

## Prerequisites

നമ്മുടെ നാടിനെ മുൻകാലത്ത് ഭരിച്ചിരുന്ന ഭരണാധികാരികളെക്കുറിച്ച് മനസിലാക്കുക എന്നത് വിജ്ഞാനാന്വേഷണത്തോടൊപ്പം കൗതുകകരമായ കാര്യം കൂടിയാണ്. വിവിധ നാട്ടുരാജ്യങ്ങളിലായി നിരവധി രാജാക്കന്മാർ അന്ന് ഭരണം നടത്തി. ജനക്ഷേമം ഉറപ്പാക്കുന്നതോടൊപ്പം സാധ്യമായ വികസനപ്രവർത്തനങ്ങളും അവർ നടത്തിയിരുന്നു. സംഘകാല കൃതികളിലെ പല വിവരണങ്ങളും അതിശയോക്തിപരമാണെങ്കിലും ഒന്നാം ചേര സാമ്രാജ്യത്തെക്കുറിച്ച് വിവരം കിട്ടാൻ നമുക്ക് ആശ്രയിക്കാവുന്ന മറ്റൊരു സ്രോതസ്സ് നിലവിലില്ല. ഇന്നത്തെ കേരളത്തിന്റെ മധ്യഭാഗങ്ങൾ ചേരരാജാക്കന്മാരും തെക്കുഭാഗം ആയ് രാജാക്കന്മാരും വടക്കുഭാഗത്ത് ഏഴിമല രാജാക്കന്മാരുമാണ് ഭരിച്ചിരുന്നത്. തെക്ക് നാഗർകോവിൽ തൊട്ട് വടക്ക് തിരുവല്ലാവരെ സഹ്യപർവ്വതപ്രദേശങ്ങൾ ഉൾപ്പെടെയുള്ള രാജ്യം ആയ് രാജാക്കന്മാരുടേതായിരുന്നു. പൊതിയൻ മലയിലെ ആയിക്കുടിയായിരുന്നു അവരുടെ ആസ്ഥാനം. ആയ് ആണ്ടിരൻ, തിതിയൻ, അതിയൻ എന്നീ മൂന്ന് രാജാക്കന്മാരെ സംഘം കൃതികൾ പരാമർശിക്കുന്നുണ്ട്. ഏഴിമല ഭരിച്ചിരുന്നത് നന്നൻ എന്ന രാജാവായിരുന്നു. ഏഴിമല രാഷ്ട്രീയമായി കുറേ നേട്ടങ്ങൾ നേടിയെടുത്തു. പരണർ എന്ന സംഘകാല കവിയുടെ ജന്മദേശമെന്ന പദവിയും ഏഴിമല രാജ്യത്തിനുണ്ടായിരുന്നു. നന്നന്റെ മരണ ശേഷം ഏഴിമല രാജ്യം ചേര സാമ്രാജ്യത്തിന്റെ അധീനതയിലായി. കേരളത്തിന്റെ അതിർത്തിയിൽ പെട്ട നാടുകളെയാണ് സംഘകാലത്ത് ചേരം എന്നു വിളിച്ചിരുന്നത്. വേണാട്, കർക്കാനാട്, കുട്ടനാട്, കുടനാട്, പൂഴിനാട് എന്നിവയാണ് അന്നത്തെ ചേരരാജ്യത്തിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങൾ. വഞ്ചി ആയിരുന്നു ചേരരാജ്യത്തിന്റെ തലസ്ഥാനം. തൊണ്ടിയും കൊങ്ങുനാടും ചേരന്മാരുടെ ആസ്ഥാനമായിട്ടുണ്ട്. ചേരരാജ്യത്തെ പ്രധാന തുറമുഖം മുചിരി പട്ടണം ആയിരുന്നു, ചേരന്മാരുടെ കൊടിയടയാളം വില്ലും അവർ ചൂടിയിരുന്നത് പനമാലയുമാണ്. കൃഷിയിലും വാണിജ്യത്തിലും അഭിവൃദ്ധി നേടിയ ഒരു രാജ്യമായിരുന്നു ചേരരാജ്യം. സംഘം കൃതികളനുസരിച്ച് ചേരമണ്ഡലത്തിൽ കുട്ടം, കുടം, കർക്കാ, പൂഴി, മലനാട്, കൊങ്ങ് എന്നിങ്ങനെയുള്ള നാടുകൾ ഉൾപ്പെട്ടിരുന്നു. സംഘം കൃതികളിൽ പതിറ്റുപ്പത്താണ് ചേരരാജാക്കന്മാരെപ്പറ്റി ഏറ്റവുമധികം വിവരങ്ങൾ നൽകുന്നത്. പുറനാനൂറിലെ പല പാട്ടുകളും ചേരരാജാക്കന്മാരുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്നവയാണ്.

## Keywords

ചേരരാജാക്കന്മാർ-സംഘം കൃതികൾ-ഭരണനേട്ടങ്ങൾ-ഭരണ കാലയളവ്-വിശേഷണങ്ങൾ

## Discussion

### 3.1.1 ഒന്നാം ചേരസാമ്രാജ്യം

പതിറ്റുപ്പത്ത് എന്ന സംഘംകൃതിയിൽ നിന്നാണ് ഒന്നാം ചേരസാമ്രാജ്യം എന്നറിയപ്പെടുന്ന പ്രബലരായ രാജാക്കന്മാരെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്നത്. പത്ത് രാജാക്കന്മാരെ പ്രകീർത്തിച്ച് പത്ത് ഗായകർ പാടിയ പാട്ടുകളാണ് ഇതിലുള്ളത്. ഒന്നാമത്തെയും അവസാനത്തെയും പാട്ടുകൾ നഷ്ടപ്പെട്ടതിനാൽ എട്ട് രാജാക്കന്മാരുടെ വിവരങ്ങളാണ് പതിറ്റുപ്പത്തിൽ നിന്ന് ലഭിച്ചിട്ടുള്ളത്. മറ്റു ചില രാജാക്കന്മാരെ അകനാനൂറിലും പുറനാനൂറിലും പരാമർശിച്ചിട്ടുണ്ട്.

### 3.1.2 വാനവരമ്പൻ ശാഖ

### ഉതിയൻ ചേരൽ

നഷ്ടമായ ആദ്യത്തെ പാട്ടിലെ രാജാവ് ഉതിയൻ ചേരലാണ് എന്ന് കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ രാജധാനി കുഴുമൂർ ആയിരുന്നു. ഉതിയന്റെ തുറമുഖത്ത് ധാരാളം കപ്പലുകൾ വന്നുചേർന്നിരുന്നതിനാൽ വിദേശ വാണിജ്യം അക്കാലത്ത് ശക്തമായിരുന്നു എന്ന് കരുതപ്പെടുന്നു. 'വാനവരമ്പൻ' എന്ന ബഹുമതിപ്പേര് അദ്ദേഹം സ്വീകരിച്ചിരുന്നു. ആകാശം വരമ്പായുള്ള രാജ്യത്തിന്റെ അധിപൻ എന്നും ദേവന്മാർക്ക് പ്രിയപ്പെട്ടവൻ എന്നും ഇതിന് അർഥം നൽകപ്പെട്ടിട്ടുണ്ട്. അതിഥികളെ സൽക്കരിക്കുന്നതിലുള്ള താല്പര്യം മൂലം ഇദ്ദേഹം "പെരുംചോറ്റ് ഉതിയൻ ചേരലാതൻ'' എന്നും അറിയപ്പെട്ടു.

### നെടുംചേരലാതൻ

ഉതിയൻ ചേരലിന്റെ മകനായ നെടുംചേരലാതൻ ആണ് പിന്നീട് രാജാവായത്. എ.ഡി. 75 മുതൽ എ.ഡി.133 വരെ 58 വർഷം ഇദ്ദേഹം രാജ്യം ഭരിച്ചു. ഇദ്ദേഹത്തിന്റെ ഭരണകാലം സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞതായിരുന്നു. 'ഇമയവരമ്പൻ' എന്ന ബഹുമതി പേര് ഇദ്ദേഹം സ്വീകരിച്ചിരുന്നു. ഹിമാലയം അതിർത്തിയായ പ്രദേശങ്ങൾക്ക് അധിപൻ എന്നും ദേവന്മാർക്ക് പ്രിയപ്പെട്ടവൻ എന്നും ഇതിന് അർഥം കൽപ്പിക്കപ്പെട്ടിട്ടുണ്ട്. കുടനാടിന്റെ രാജാവായതുകൊണ്ട് 'കുടക്കോ' എന്നും ഇദ്ദേഹം അറിയപ്പെട്ടു. ചോളരാജാവായ വേർവഹ്തടക്കെ പെരുവിരൽ കിള്ളിയോട് യുദ്ധം ചെയ്താണ് നെടുംചേരലാതന്റെ അന്ത്യം സംഭവിക്കുന്നത്.

### പൽയാനെ ചെൽകെഴു കുട്ടുവൻ

ഇമയവരമ്പന്റെ അനുജനായിരുന്നു ഇദ്ദേഹം. പൂഴിനാട്, കൊങ്ങുനാട് എന്നിവ കീഴടക്കി ചേരന്മാരുടെ ആധിപത്യം വികസിപ്പിച്ചത് ഇദ്ദേഹമാണ്. 'പൂഴിയർകോ' എന്ന് ഇദ്ദേഹം അറിയപ്പെട്ടിരുന്നു. നെടുംചേരലാതന്റെ കാലംവരെ യുവരാജാവായിരുന്ന പൽയാനെ ചെൽകെഴു കുട്ടുവൻ 25 വർഷം നാട് ഭരിച്ചു. വഞ്ചി ആയിരുന്നു തലസ്ഥാനം.

### നാർമുടിച്ചേരൽ

നെടുംചേരലാതന്റെ മറ്റൊരു മകനാണ് നാർമുടിച്ചേരൽ. "കളങ്കായ് കണ്ണി നാർമുടിച്ചേരൽ'' എന്നാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. കാപ്പിയാറ്റ് കാപ്പിയാനാർ എന്ന കവിയടക്കമുള്ള സാഹിത്യനായകർക്ക് വലിയ പ്രോത്സാഹനം ഇദ്ദേഹം നൽകിയിരുന്നു. 20വർഷം നാർമുടിച്ചേരൽ രാജ്യം ഭരിച്ചു. ഐശ്വര്യപൂർണമായ ഭരണകാലമായിരുന്നു ഇദ്ദേഹത്തിന്റേത്.

### ചെങ്കുട്ടുവൻ

നാർമുടിച്ചേരലിന്റെ അനുജനായ ചെങ്കുട്ടുവൻ 30കൊല്ലം രാജ്യം ഭരിച്ചു. വഞ്ചി ആയിരുന്നു തലസ്ഥാനം. ധാർമികനായ കുട്ടുവൻ എന്നാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. 'കടന്റ പിറകോട്ടിയ വേൽകുഴുകുട്ടുവൻ'' എന്ന സ്ഥാ

നപ്പേര് കടൽക്കൊള്ളക്കാരെ അമർച്ചചെയ്ത തിനാൽ ലഭിച്ചതാകണം. ശ്രദ്ധേയമായ നാവിക വിജയങ്ങൾ ഇദ്ദേഹത്തിന്റെ കാലത്ത് ഉണ്ടായി രുന്നു. ഹിമാലയത്തിൽ കുലചിഹ്നമായ വില്ല് നാട്ടുക എന്ന ബഹുമതിയും ഇദ്ദേഹം ആർജി ച്ചു. പ്രശസ്തമായ കണ്ണകി പ്രതിഷ്ഠ നടത്തുന്ന ത് ചെങ്കുട്ടുവന്റെ കാലത്താണ്.

### ആട്ട്കൊട്ട്പാട്ട് ചേരലാതൻ

ചേരസാമ്രാജ്യം സമൃദ്ധിയുടെ കൊടുമുടിയി ലെത്തിയ കാലത്താണ് ഇദ്ദേഹം നാട് ഭരിച്ചത്. ചെങ്കുട്ടുവന്റെ ഭരണകാലത്ത് നവറ ആസ്ഥാന മായി ഭരിക്കുന്ന യുവരാജാവായാണ് ആട്ട്കൊ ട്ട്പാട്ട് ചേരലാതൻ അവരോധിക്കപ്പെടുന്നത്. പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ ആട്ടും കൊട്ടും പാട്ടും ഇദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗം തന്നെയായിരുന്നു. യുദ്ധഭൂമിയിലെ വിജയ ത്തിന് ശേഷം പാട്ടുപാടി നൃത്തംചെയ്യുന്ന രീതി യും ഇദ്ദേഹത്തിനുണ്ടായിരുന്നു. "വാനവരമ്പൻ'' എന്ന ബഹുമതിപ്പേര് സ്വീകരിച്ചിരുന്ന ഇദ്ദേഹം 38 കൊല്ലം രാജ്യം ഭരിച്ചു.

ഇതിനു ശേഷം നാടു ഭരിച്ച പല രാജാക്കന്മാ രും പ്രശസ്തിയുള്ളവർ ആയിരുന്നില്ല. കുട്ടുവൻ കോതൈ, ചേരമാൻ ഇളംകുട്ടുവൻ, പാലൈ പാടിയ പെരുംകടുംകോ, മാവെങ്കോ, ചേരമാൻ വഞ്ചൻ എന്നിങ്ങനെയുള്ള രാജാക്കന്മാരെ കുറി ച്ച് ചില സംഘം കൃതികൾ വിവരം നൽകുന്നു ണ്ട്. പാണ്ഡ്യന്മാരും ചോളന്മാരും ഇടയ്ക്ക് നാട് ആക്രമിച്ചു. ഇങ്ങനെ മൂന്നാം നൂറ്റാണ്ടിന്റെ ഉത്ത രാർദ്ധത്തോടെ വഞ്ചി ആസ്ഥാനമാക്കി ഭരിച്ച ചേരന്മാരുടെ പരമ്പര അവസാനിച്ചതായി സം ഘംകൃതികളിൽ നിന്ന് മനസിലാക്കാം.

## 3.1.3 ഇരുമ്പൊറൈ ശാഖ

ഇത്തരമൊരു പശ്ചാത്തലത്തിലാണ് കരു വൂർ ആസ്ഥാനമായി ചേരൻമാരുടെ മറ്റൊരു ശാഖ ഭരണം ആരംഭിക്കുന്നത്. ആട്കോട് പാട്ടു ചേരലാതന് മക്കൾ ഇല്ലാത്തതിനാലാണ് പരമ്പര മാറിയത് എന്നൊരു വാദവുമുണ്ട്. ഇരുമ്പൊറൈ ശാഖ എന്നും ഇത് അറിയപ്പെടുന്നു. വൻ മലക ളുള്ള പ്രദേശത്തിന്റെ രാജാവ് എന്ന് വ്യക്തമാ ക്കാൻ വേണ്ടിയാണ് ഇരുമ്പൊറൈ എന്ന പിൻ പേര് ചേർത്തതെന്ന് കരുതപ്പെടുന്നു. അമ്മയുടെ വംശത്തെക്കുറിക്കുന്ന പൊറൈ എന്ന പിൻപേ രാണ് സ്വീകരിച്ചത് എന്ന വാദവുമുണ്ട്.

### ചെൽവകടുംകോ വാഴിയാതൻ

ഇരുമ്പൊറൈ ശാഖയിലെ പ്രധാനി. ഇദ്ദേഹ ത്തിന്റെ അമ്മ നെടുംചേരലാതന്റെ ഭാര്യയുടെ അനുജത്തി ആയിരുന്നു. 'ചേരമാൻ ഇരുമ്പൊ റൈ', 'ആതൻ ചേരൽ ഇരുമ്പൊറൈ' എന്നെ ല്ലാം അറിയപ്പെട്ട ഇദ്ദേഹം 25 വർഷം രാജ്യം ഭരി ച്ചു.

### പെരുംചേരൽ ഇരുമ്പൊറൈ

ചെൽവകടുംകോവിന്റെ മകനാണ് പെരും ചേരൽ ഇരുമ്പൊറൈ. 'കരുവൂർ ഏറിയ ഒൾ വാൾകോ പെരുംചേരൽ ഇരുമ്പൊറൈ' എന്നാ ണ് അറിയപ്പെട്ടിരുന്നത്.

### ആണ്ടുവൻ ചേരൽ ഇരുമ്പൊറൈ

പെരുംചേരൽ ഇരുമ്പൊറൈക്ക് ശേഷം രാ ജഭരണം ഏറ്റെടുത്ത ഇദ്ദേഹത്തെക്കുറിച്ച് കൂടു തൽ വിവരങ്ങൾ ലഭ്യമല്ല.

### ചെൽവക്കടുംകോ വഴിയാതൻ

ആണ്ടുവൻ ചേരലിന്റെ മകനായ ചെൽവ ക്കടുംകോയെ പ്രകീർത്തിച്ചാണ് പതിറ്റുപ്പത്തി ലെ ഏഴാം പത്ത് രചിച്ചിട്ടുള്ളത്. ചില ലിഖിത ങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ആതൻചേരൽ ഇരുമ്പൊറൈ ഇദ്ദേഹമായിരിക്കാമെന്ന് കരുത പ്പെടുന്നു.

### തകടൂർ എറിന്ത പെരുംചേരൽ ഇരുമ്പൊറൈ

ചേരവംശത്തിലെ പ്രശസ്ത രാജാക്കന്മാ രുടെ ഗണത്തിൽപ്പെടുന്ന ഒരാളാണ് ഇദ്ദേഹം. അതിയമാന്റെ തലസ്ഥാനമായ തകടൂർ ഇദ്ദേഹം കീഴടക്കി. ചോളതലസ്ഥാനമായ പുകാറിന്റെ നാഥനെന്ന് അരിചിൽ കിഴാർ എന്ന കവി അദ്ദേ ഹത്തെ പ്രശംസിച്ചിട്ടുണ്ട്.

## ഇളംചേരൽ ഇരുമ്പൊറൈ

യുദ്ധപ്രിയനായ ഇളംചേരൽ ഇരുമ്പൊറൈ കുട്ടനാടും പൂഴിനാടും കൊങ്ങുനാടും മാന്തെ നഗരവും അധീനതയിലാക്കിയ രാജാവാണ്. മാന്തരൻ ചേരൽ ഇരുമ്പൊറൈ, കണൈക്കാൽ ഇരുമ്പൊറൈ തുടങ്ങിയ രാജാക്കൻമാരും കരുവൂർ ശാഖയിൽ തങ്ങളുടെ ഭരണനൈപുണ്യം കൊണ്ട് പ്രശസ്തിയാർജിച്ചവരാണ്. രണ്ട് ശാഖയിലും പ്രതിപാദിക്കപ്പെട്ട രാജാക്കന്മാരിൽ ചിലർ യുവ രാജാക്കന്മാരായി മാത്രം ഭരണത്തിൽഉണ്ടായവരായിരുന്നു. വാനവരമ്പൻ ശാഖ 201 വർഷവും ഇരുമ്പൊറൈ ശാഖ 58 വർഷവും രാജ്യം ഭരിച്ചു എന്നാണ് പൊതുവേ കണക്കാക്കപ്പെടുന്നത്.

## Recap

- ഒന്നാം ചേര സാമ്രാജ്യത്തെക്കുറിച്ച് വിവരം നൽകുന്ന പതിറ്റുപ്പത്ത് എന്ന കൃതി
- അകനാനൂറിലും പുറനാനൂറിലും ചില രാജാക്കന്മാരെക്കുറിച്ചുള്ള പരാമർശങ്ങൾ
- വാനവരമ്പൻ ശാഖ
- ഉതിയൻ ചേരൽ തുടങ്ങി ആട്ട്കൊട്ട്പാട്ട് ചേരലാതൻ വരെയുള്ള പ്രധാന രാജാക്കന്മാർ
- ഇരുമ്പൊറൈ ശാഖ
- ചെൽവകടുംകോ ആഴിയാതൻ മുതൽ ഇളം ചേരൽ ഇരുമ്പൊറൈ വരെയുള്ള രാജാക്കന്മാർ
- മിക്ക രാജാക്കന്മാർക്കും ഉണ്ടായിരുന്ന വിശേഷണങ്ങൾ
- ഓരോ രാജാക്കന്മാരുടെയും ഭരണനൈപുണ്യത്തെക്കുറിച്ചുള്ള വിവരണം

## Objective Type Questions

1. പ്രാചീന ചേരരാജവംശത്തിന്റെ തലസ്ഥാനം?
2. ഒന്നാം ചേരസാമ്രാജ്യത്തെക്കുറിച്ച് വിവരം നൽകുന്ന കൃതി
3. ഉതിയൻ ചേരലിന്റെ രാജധാനി സ്ഥിതി ചെയ്തിരുന്ന പ്രദേശം?
4. കുടക്കോ എന്നറിയപ്പെട്ടിരുന്ന ചേരരാജാവ്?
5. പൽയാനെ ചെൽകുഴു കുട്ടുവനുണ്ടായിരുന്ന വിശേഷണം?
6. കണ്ണകി പ്രതിഷ്ഠ നടത്തിയ രാജാവ്?
7. ആട്ട്കൊട്ട്പാട്ട് ചേരലാതനുണ്ടായിരുന്ന ബഹുമതിപ്പേര്?
8. ഇരുമ്പൊറൈ ശാഖയുടെ ആസ്ഥാനം?
9. ചോളതലസ്ഥാനമായ പുകാറിന്റെ നാഥനെന്ന് പെരുംചേരൽ ഇരുമ്പൊറൈയെ വിശേഷിപ്പിച്ച കവി?
10. സംഘകാല ഘട്ടത്തിൽ കേരളത്തിന്റെ തെക്കൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന രാജവംശം?
11. സംഘകാലത്ത് കേരളത്തിന്റെ വടക്കൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന രാജവംശം?

## Answers to Objective Type Questions

1. വഞ്ചി
2. പതിറ്റുപ്പത്ത്
3. കുഴുമൂർ
4. നെടുംചേരലാതൻ
5. പൂഴിയർകോ
6. ചെങ്കുട്ടുവൻ
7. വാനവരമ്പൻ
8. കരുവൂർ
9. അരിചിൽ കിഴാർ
10. ആയ് രാജവംശം
11. ഏഴിമല രാജവംശം

## Assignments

1. ഒന്നാം ചേരസാമ്രാജ്യം-ഭരണകർത്താക്കളും ഭരണനേട്ടങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.
2. സംഘംകൃതികളിലെ രാജാക്കന്മാരെക്കുറിച്ച് വിവരിക്കുക.

## Suggested Readings


1. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. ഡോ. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. ഇളംകുളം കുഞ്ഞൻപിള്ള, അന്നത്തെ കേരളം, എസ്.പി.സി.എസ്, കോട്ടയം.
4. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

യൂണിറ്റ് 2

# രണ്ടാം ചേരസാമ്രാജ്യം- കുലശേഖരന്മാർ

## Learning Outcomes

- 9,10,11 നൂറ്റാണ്ടുകളിലെ കേരളചരിത്രത്തെക്കുറിച്ചുള്ള സാമാന്യധാരണ ഉണ്ടാകുന്നു
- കുലശേഖരൻമാർ എന്നറിയപ്പെട്ട ഭരണാധികാരികളെ സംബന്ധിച്ച അറിവ് നേടുന്നു
- രണ്ടാം ചേരസാമ്രാജ്യത്തിലെ രാജാക്കന്മാരുടെ പ്രധാന ഇടപെടലുകളെ പരിചയപ്പെടുന്നു

## Prerequisites

കേരളം ഇന്നുകാണുന്ന ഭൗതികസാന്നിധ്യമാകുന്നതിന് മുമ്പ് വിശാലമായ ഒരു ഭൂമികയായിരുന്നെന്ന് നമുക്കറിയാം. ദക്ഷിണേന്ത്യയാകെ ഇന്ന് കാണുന്ന സംസ്ഥാന അതിർത്തികളില്ലാതെ പരന്നുകിടന്ന കാലം. ഭൂവിസ്തൃതിയും ഇന്നത്തെ രീതിയിലായിരുന്നില്ല. സംഘംകൃതികളിൽനിന്ന് ലഭിച്ച സാമൂഹ്യ പ്രത്യേകതകൾക്കുശേഷം കേരളത്തിന്റെ ഭൂപ്രദേശം അടയാളപ്പെടുത്തപ്പെടുന്നത് രണ്ടാം ചേര സാമ്രാജ്യത്തോടെയാണ്. കേരള ചരിത്രത്തിൽ ഏറെ സവിശേഷമായ കാലഘട്ടമാണ് ഒമ്പതു മുതൽ പതിനൊന്ന് വരെയുള്ള നൂറ്റാണ്ടുകൾ. മുൻ നൂറ്റാണ്ടുകളിൽ ഈ  പ്രദേശങ്ങളിൽ പ്രാമുഖ്യം നേടിയിരുന്ന പല്ലവരെയും കദംബരെയും ചാലൂക്യരെയും പാണ്ഡ്യരെയും അപ്രസക്തരാക്കിക്കൊണ്ടാണ് രണ്ടാം ചേരസാമ്രാജ്യം പ്രാധാന്യം നേടുന്നത്.

ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പല്ലവ രാജാക്കന്മാരായിരുന്ന മഹേന്ദ്രവർമ്മനും നരസിംഹവർമനും കേരളത്തെ ആക്രമിച്ചു. പല്ലവ രാജാക്കന്മാർ എഴുതിയതും അവരുടെ പണ്ഡിത കവികൾ എഴുതിയതുമായ കൃതികൾ പലയിടത്തുനിന്നായി കണ്ടെത്തിയത് പല്ലവ സ്വാധീനത്തിന് ഉദാഹരണമാണ്. കവിയൂരിലെ അടക്കമുള്ള ശിലാക്ഷേത്രങ്ങളുടെ നിർമിതിയിലും പല്ലവശിൽപകലയുടെ സ്വാധീനത കാണാം. ഇതിനിടയിൽ പല്ലവരുടെ സ്വാധീനം അൽപമെങ്കിലും കുറഞ്ഞത് ചാലൂക്യരാജാവായ പുലികേശി രണ്ടാമന്റെ കാലത്താണ്. കാഞ്ചി പിടിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം വിജയംകണ്ടില്ലെങ്കിലും കേരളത്തിൽ നിർണായക സ്വാധീനം അദ്ദേഹം വെച്ചുപുലർത്തി. പുലകേശി രണ്ടാമന് ചങ്ങാത്തമുണ്ടായിരുന്ന ദുർവിനീതൻ എന്ന ഗംഗരാജാവും ഇതിനിടെ കേരളത്തെ ആക്രമിച്ചിരുന്നു.

ഏഴാം നൂറ്റാണ്ടിന്റെ അവസാനകാലങ്ങളിൽ മറ്റു ചില ആക്രമണങ്ങളാണ് കേരളത്തിന് നേരിടേണ്ടിവന്നത്. ചാലൂക്യരാജാവായ വിനയാദിത്യനും പാണ്ഡ്യരാജാവായ അരികേസരി മാരവർമനും കേരളത്തിനെതിരെ അന്ന് യുദ്ധം നയിച്ച രാജാക്കന്മാരാണ്. ഈ  ആക്രമണങ്ങളെ ചെറുത്തുനിന്ന് ശത്രുക്കൾക്കെതിരെ ആധിപത്യം നേടാൻ കേരള രാജാവ് കുലശേഖര ആഴ്വാർക്കായി. എ.ഡി. 650-668 ആണ് അദ്ദേഹത്തിന്റെ ഭരണകാലമായി കണക്കാക്ക

പ്പെടുന്നത്. ചോള-പാണ്ഡ്യ- മലനാടുകളുടെ മേൽ ആധിപത്യമുണ്ടായിരുന്ന രാജാവാണ് താനെന്ന് ആഴ്വാരുടെ ഒരു ഗാനത്തിൽ അദ്ദേഹം തന്നെ പറയുന്നുണ്ട്. അദ്ദേഹത്തിനുശേഷം പ്രാപ്തരായ രാജാക്കന്മാരുടെ അഭാവംമൂലം കേരളം വീണ്ടും പാണ്ഡ്യരുടെയും പല്ലവരുടെയും ചാലൂക്യൻമാരുടെയും അധീനതയിലായി.

എട്ടാം നൂറ്റാണ്ടിൽ ചാലൂക്യരുടെയും രാഷ്ട്രകൂടരുടെയും പാണ്ഡ്യരുടെയും ആക്രമണങ്ങളുണ്ടായി. ചാലൂക്യരാജാവായ കീർത്തിവർമൻ പല രാജാക്കന്മാരെയും തോൽപ്പിച്ചു. തുടർന്ന് രാഷ്ട്രകൂടരാജാവായ ദന്തിദുർഗൻ ചാലൂക്യന്മാരെ തോൽപ്പിച്ചു. മാറവർണൻ രാജസിംഹൻ, ജടിലപരാന്തക നെടുംചടയൻ എന്നീ പാണ്ഡ്യരാജാക്കന്മാരും കേരളത്തെ ആക്രമിക്കുകയും അധീനപ്പെടുത്തുകയും ചെയ്തതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. എട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിൽ പേരുകേട്ട രാജാവ് ചേരമാൻപെരുമാളാണ്. എ.ഡി.710 മുതൽ 746 വരെയുള്ള 36 വർഷം അദ്ദേഹം നാടുഭരിച്ചു എന്ന് കരുതപ്പെടുന്നു. എട്ടാംനൂറ്റാണ്ട് ഭരണകാലമായി കരുതപ്പെടുന്ന മറ്റൊരു രാജാവ് പള്ളിവാണർ എന്ന് പേരുള്ള പെരുമാളാണ്. കേരളം വാണിരുന്ന ഒരു പെരുമാൾ ബുദ്ധമതം സ്വീകരിച്ചതായി 'കേരളോൽപ്പത്തി'യെ അധികരിച്ച് ചിലർ വിശ്വസിച്ചുവരുന്നതും ഇദ്ദേഹത്തെക്കുറിച്ചാകാം. ഇതിനുശേഷം ഒമ്പതാം നൂറ്റാണ്ടോടെയാണ് പ്രശസ്തമായ രണ്ടാം ചേരസാമ്രാജ്യം പ്രാമുഖ്യം നേടുന്നത്.


## Keywords

ഒമ്പതാം നൂറ്റാണ്ടിലെ കേരളം-രണ്ടാം ചേരസാമ്രാജ്യം-കുലശേഖരന്മാർ-ഭരണകാലം


## Discussion

ഒമ്പതും പത്തും നൂറ്റാണ്ടുകൾ കുലശേഖരന്മാർ എന്ന പേരിൽ പ്രസിദ്ധരായ രാജാക്കന്മാരുടെ കാലമായിരുന്നു. ഈ രാജവംശകാലത്തെയാണ് പൊതുവായി രണ്ടാം ചേരസാമ്രാജ്യകാലം എന്നുവിളിക്കുന്നത്. കുലശേഖരവർമ എന്ന ആദ്യരാജാവിൽ നിന്നാണ് പരമ്പരയ്ക്ക് ആ പേര് കിട്ടിയത്. അദ്ദേഹത്തിന്റെ കാലം എ.ഡി 775-820 ആണെന്ന് കരുതപ്പെടുന്നു. 820-ൽ അദ്ദേഹം സിംഹാസനം വെടിയുന്നത് സന്യാസത്തിന് വേണ്ടിയായിരുന്നു. സംസ്കൃതപണ്ഡിതനും നാട്യകലാവിദഗ്ധനുമായിരുന്നു കുലശേഖര വർമ. തമിഴിലെ ഭക്തിപ്രബന്ധമായ പെരുമാൾ തിരുമൊഴി, സംസ്കൃതത്തിലെ മുകുന്ദമാല എന്നിവ അദ്ദേഹം രചിച്ചതാണ്. സുഭദ്രാധനഞ്ജയം, തപതിസംവരണം, വിച്ഛിന്നാഭിഷേകം എന്നീ മൂന്ന് നാടകങ്ങളുടെ കർത്താവുമായിരുന്നു അദ്ദേഹം. ആശ്ചര്യമഞ്ജരി എന്ന പേരിൽ ഒരു ഗദ്യകൃതിയും കുലശേഖരവർമ രചിച്ചിട്ടുണ്ട്. കേരളകുല ചൂഢാമണി, മഹോദയപുരപരമേശ്വരൻ എന്നീ ബിരുദങ്ങളാൽ അദ്ദേഹം അറിയപ്പെട്ടു. കൂടിയാട്ടത്തിന് പരിഷ്കാരങ്ങൾ നിർദ്ദേശിച്ച തോലൻ അദ്ദേഹത്തിന്റെ സമകാലികനായിരുന്നെന്ന് കരുതപ്പെടുന്നു.

രാജശേഖരവർമയാണ് അടുത്ത രാജാവ്. എ.ഡി.820-844 ആണ് അദ്ദേഹത്തിന്റെ കാലം. ചേരരാജാക്കന്മാരുടേതായി കേരളത്തിൽനിന്ന് കണ്ടെടുക്കപ്പെട്ട ഏറ്റവും പഴക്കംചെന്ന വാഴപ്പള്ളി ശാസനം അദ്ദേഹത്തിന്റേതാണ്. കൊല്ലവർഷം ആരംഭിച്ചത് രാജശേഖരന്റെ കാലത്താണ്. അദ്ദേഹം ഒരു ശിവഭക്തനായിരുന്നു എന്നതിന്റെ സൂചനകൾ ശാസനത്തിൽ കാണാം. സ്ഥാണുരവിയാണ് പിന്നീട് അധികാരമേറ്റ രാജാവ്. എ.ഡി 844 മുതൽ 885 വരെ അദ്ദേഹത്തിന്റെ ഭരണകാലമായി കരുതപ്പെടുന്നു. വേണാട്ടിലെ അയ്യനടികൾ തിരുവടികൾ ക്രിസ്ത്യൻ വണിഗ്വരനായ മറുവൻ ഈശോ സപീറിന് തരിസാപ്പള്ളിശാസനം എഴുതിക്കൊടുത്തത് സ്ഥാണുരവിയുടെ അഞ്ചാം ഭരണവർഷത്തിലാണ്. രാജാവിന് കീ

ഴിൽ കേരളം പലനാടുകളായി തിരിഞ്ഞിരുന്നെന്നും ഓരോ പ്രദേശത്തിനും ഉടൈയവർ എന്ന പേരിൽ മേൽനോട്ടച്ചുമതലയുള്ള വ്യക്തികളെ നിയമിച്ചിരുന്നെന്നും ശാസനത്തിൽ സൂചനകളുണ്ട്. കൂടൽ മാണിക്യം ക്ഷേത്രത്തിലും ഇദ്ദേഹത്തിന്റെ ഒരു ശാസനം ഉണ്ട്. ശങ്കരനാരായണൻ എന്ന ഗണിതശാസ്ത്രജ്ഞന്റെ കീഴിൽ മഹോദയപുരത്ത് ഒരു നക്ഷത്രബംഗ്ലാവും സ്ഥാണുരവിയുടെ കാലത്ത് പ്രവർത്തിച്ചിരുന്നതായി കരുതപ്പെടുന്നു. പ്രസിദ്ധ അറബി വ്യാപാരിയായ സുലൈമാന്റെ കേരള സന്ദർശനവും ഇക്കാലത്തായിരുന്നു.

തരിസാപ്പള്ളി ശാസനത്തിൽ കോയിലധികാരികൾ എന്ന നിലയിൽ സന്നിഹിതനായിരുന്ന വിജയരാഗദേവനാണ് തുടർന്നുള്ള ഭരണാധികാരി. സ്ഥാണുരവിയുടെ മകൻ രവിവർമയ്ക്ക് പ്രായപൂർത്തിയാകാതിരുന്നതിനാലാണ് മരുമകനായ വിജയരാഗദേവൻ അധികാരമേറ്റത്. എ.ഡി 885 മുതൽ 890 വരെ അദ്ദേഹം ഭരണത്തിലുണ്ടായിരുന്നു. പിന്നീട് അധികാരമേറ്റ രാമവർമ കുലശേഖരൻ വാസുദേവൻ, ലീലാശുകൻ തുടങ്ങി ധാരാളം പണ്ഡിതകവികളുടെ പുരസ്കർത്താവ് എന്ന നിലയിൽ വിഖ്യാതനായിരുന്നു. എ.ഡി. 890 മുതൽ 917 വരെയാണ് അദ്ദേഹത്തിന്റെ ഭരണകാലമായി കണക്കാക്കപ്പെടുന്നത്. പാണ്ഡ്യരുമായി അടുത്ത ബന്ധമാണ് രാമവർമ പുലർത്തിയിരുന്നത്. വിദേശ സഞ്ചാരിയായ മസൂദി കേരളം സന്ദർശിച്ചത് രാമവർമയുടെ കാലത്താണ്. കോതരവിയാണ് തുടർന്ന് രാജാവായത്. നെടുംപുറംതളി ക്ഷേത്രത്തിലെ ശാസനത്തിലെ വിവരപ്രകാരം എ.ഡി 917 മുതൽ 947 വരെയാണ് അദ്ദേഹത്തിന്റെ ഭരണകാലമായി കണക്കാക്കപ്പെടുന്നത്. അവിട്ടത്തൂർ, ചോക്കൂർ, തൃപ്പൂണിത്തുറ, ഉദയംപേരൂർ എന്നിവിടങ്ങളിൽനിന്നും അദ്ദേഹത്തിന്റെ ശാസനങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. പരാന്തക ചോളൻ പാണ്ഡ്യരാജ്യം ആക്രമിച്ചതിനെ തുടർന്ന് പാലായനം ചെയ്യേണ്ടിവന്ന മാരവർമൻ രാജസിംഹന് അഭയം കൊടുത്ത കാരണത്താൽ ചേരന്മാരും ചോളന്മാരും തമ്മിൽ ശത്രുത ഉടലെടുത്തത് കോതരവിയുടെ കാലത്താണ്. കോതരവിയെത്തുടർന്ന് രാജാവായ ഇന്ദുക്കോതവർമയുടെ കാലത്ത് ചേരചോള ബന്ധം സംഘർഷത്തിലെത്തി. എ.ഡി 947 മുതൽ 962 വരെയാണ് ഇന്ദുക്കോതവർമയുടെ ഭരണകാലം.

ഭാസ്കരരവിവർമനാണ് പിന്നീട് രാജാവായത്. എ.ഡി 962 മുതൽ 1021 വരെയുള്ള അദ്ദേഹത്തിന്റെ ഭരണകാലം കേരളചരിത്രത്തിലെ നിർണായക ഘട്ടമാണ്. വിവിധ നാട്ടുപ്രദേശങ്ങളിൽ അദ്ദേഹത്തിന് സ്വാധീനം ഉണ്ടായിരുന്നതിന് തിരുക്കടിത്താനം മുതൽ വയനാട്ടിലെ തിരുനെല്ലി വരെയുള്ള സ്ഥലങ്ങളിൽനിന്ന് ലഭിച്ച രേഖകൾ തെളിവാകുന്നുണ്ട്. മുപ്പത്തിയെട്ടാം ഭരണവർഷത്തിൽ അദ്ദേഹം പുറപ്പെടുവിച്ച ജൂതശാസനം ന്യൂനപക്ഷങ്ങളോട് രാജാക്കന്മാർ പുലർത്തിയിരുന്ന സൗഹൃദ മനോഭാവത്തെ വെളിപ്പെടുത്തുന്നതാണ്. ചോളന്മാരുടെ ഭാഗത്തുനിന്നും നിരന്തര ആക്രമണം ഈ സമയത്ത് ഉണ്ടാകുന്നുണ്ട്. ഭാസ്കര രവിവർമന്റെ മരണത്തോടുകൂടി കുലശേഖര രാജപരമ്പരയുടെ പ്രതാപത്തിന് മങ്ങലേറ്റു. അദ്ദേഹത്തെ തുടർന്ന് എ.ഡി 1036-ൽ ഭരണം നടത്തിയ രാജസിംഹൻ ചോളരാജാവിന്റെ ഒരു സാമന്തനെപ്പോലെയാണ് പെരുമാറിയിരുന്നത്. തുടർന്നുള്ള കാലത്തെ രേഖകളിൽ പ്രാമുഖ്യം ലഭിച്ചത് വേണാട് രാജാക്കന്മാർക്കാണ് എന്നതിനാൽ 11-ാം നൂറ്റാണ്ടോടെ ചേരരാജവംശം അസ്തമിച്ചു എന്ന് കരുതുന്നതാണ് ഉചിതം.

ഇളംകുളം കുഞ്ഞൻപിള്ളയും എ. ശ്രീധര മേനോനും തെളിവുകളുടെ വേണ്ടത്ര പിൻബലമില്ലാത്ത ഭാവനാവ്യായാമമായി അവതരിപ്പിച്ചതാണ് രണ്ടാം ചേരസാമ്രാജ്യമെന്നാണ് പി.കെ ബാലകൃഷ്ണന്റെ അഭിപ്രായം. ശാസനങ്ങളിലൊന്നും ചേരം എന്ന സംജ്ഞ ഉപയോഗിക്കുന്നില്ല. കുലശേഖരൻ എന്ന വംശനാമത്തിന്റെ കാര്യത്തിലും സ്ഥിതി അതുതന്നെയാണ്. രാജാക്കന്മാർ എന്ന് കരുതാവുന്ന ഏതാനും ചില പേരുകൾ ഒഴികെ രാജ്യത്തിന്റെ ഘടന, സമുദായ സ്ഥിതി, ധനസ്ഥിതി തുടങ്ങിയ കാര്യങ്ങളെക്കുറിച്ചൊന്നും ശാസനങ്ങളിൽ സൂചനകളില്ല എന്നദ്ദേഹം പറയുന്നു. ചരിത്രവസ്തുതകളുടെ പിൻബലമില്ലാത്ത കാര്യങ്ങൾ ദൃഢമായി ചുമ്മാതെ പറയാനുള്ള ഇളംകുളത്തിന്റെ ചങ്കൂറ്റത്തെളിവ് മാത്രമാണ് ഇവയെന്ന് പി.കെ. ബാലകൃഷ്ണൻ ഉപസംഹരിക്കുന്നു.

## Recap

- എ.ഡി 9 മുതൽ 11 വരെയുള്ള നൂറ്റാണ്ടുകൾ
- കുലശേഖരൻ മുതൽ ഭാസ്കര രവിവർമൻ വരെയുള്ള പ്രമുഖ രാജാക്കന്മാർ
- വാഴപ്പള്ളി, തരിസാപ്പള്ളി, ജൂതപ്പട്ടയം തുടങ്ങിയ പ്രധാന ശാസനങ്ങൾ
- ചോളപാണ്ഡ്യന്മാരോട് ഇണങ്ങിയും പിണങ്ങിയുമുള്ള ഭരണം
- പതിനൊന്നാം നൂറ്റാണ്ട് മുതൽ വേണാട് അടക്കമുള്ള പുതിയ രാജവംശങ്ങൾക്ക് പ്രാമുഖ്യം
- വസ്തുതകളുടെ പിൻബലമില്ലാത്ത ചങ്കൂറ്റത്തെളിവുകൾ മാത്രമെന്നും വാദം

## Objective Type Questions

1. രണ്ടാം ചേരസാമ്രാജ്യത്തിലെ ആദ്യ രാജാവിന്റെ പേര്?
2. കുലശേഖരവർമ്മയുടെ സ്ഥാനപ്പേരുകൾ ഏവ?
3. പെരുമാൾ തിരുമൊഴിയുടെ കർത്താവായ ചേരരാജാവ് ആരാണ്?
4. വാഴപ്പള്ളി ശാസനം പുറപ്പെടുവിച്ച ചേരരാജാവ്?
5. സ്ഥാണുരവിയുടെ അഞ്ചാം ഭരണ വർഷത്തിൽ പുറത്തുവന്ന ശാസനം?
6. മഹോദയപുരത്ത് നക്ഷത്രബംഗ്ലാവിന്റെ ചുമതലയുണ്ടായിരുന്ന ഗണിത ശാസ്ത്രജ്ഞൻ ആര്?
7. തരിസാപ്പള്ളി ശാസനത്തിൽ കോയിലധികാരികൾ എന്ന പേരിൽ സന്നിഹിതനായതാര്?
8. വിദേശ സഞ്ചാരിയായ മസൂദി കേരളം സന്ദർശിച്ചത് ഏത് രാജാവിന്റെ കാലത്താണ്?
9. ചേരചോള ബന്ധം സംഘർഷത്തിലേക്ക് എത്തിയത് ഏത് രാജാവ് ഭരിക്കുമ്പോഴാണ്?
10. ജൂതശാസനം ഏത് രാജാവിന്റെ കാലത്താണ് എഴുതപ്പെട്ടത്?

## Answers to Objective Type Questions

1. കുലശേഖര വർമ
2. കേരളകുല ചൂഡാമണി, മഹോദയപുരപരമേശ്വരൻ
3. കുലശേഖര വർമ
4. രാജശേഖരവർമ
5. തരിസാപ്പള്ളി ശാസനം
6. ശങ്കരനാരായണൻ
7. വിജയരാഗദേവൻ
8. രാമവർമയുടെ കാലത്ത്
9. ഇന്ദുക്കോതവർമ
10. ഭാസ്കരരവിവർമൻ



SREENARAYANAGURU OPEN UNIVERSITY

## Assignments

1. മഹോദയപുരത്തെ കുലശേഖരന്മാരെക്കുറിച്ച് വിവരിക്കുക.
2. 9,10,11 നൂറ്റാണ്ടുകളിലെ കേരളത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

## Suggested Readings


1. ഇളംകുളം കുഞ്ഞൻപിള്ള, ചേരസാമ്രാജ്യം ഒൻപതും പത്തും നൂറ്റാണ്ടുകളിൽ, എസ്.പി.സി.എസ്, കോട്ടയം.
2. ഇളംകുളം കുഞ്ഞൻപിള്ള, കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ, എസ്.പി.സി.എസ്, കോട്ടയം.
3. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി. ബുക്ക്സ്, കോട്ടയം.
4. എം.ജി.എസ്. നാരായണൻ, കേരളചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
5. വേലായുധൻ പണിക്കശ്ശേരി, കേരളത്തിലെ രാജവംശങ്ങൾ, ഡി.സി. ബുക്ക്സ്, കോട്ടയം.
6. പി.കെ. ബാലകൃഷ്ണൻ, ജാതി വ്യവസ്ഥിതിയും കേരള ചരിത്രവും, എസ്.പി.സി.എസ്, കോട്ടയം.

യൂണിറ്റ് 3

# കുലശേഖരകാലത്തെ സാംസ്കാരിക ചരിത്രം

## Learning Outcomes

- കുലശേഖര ഭരണകാലത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചുള്ളധാരണ
- സാമൂഹ്യ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള അറിവ്
- ഭരണ സംവിധാനങ്ങളെക്കുറിച്ചുള്ള ധാരണ
- നമ്പൂതിരിമാർക്ക് ഉണ്ടായിരുന്ന പ്രാമുഖ്യത്തെക്കുറിച്ചുള്ള അറിവ്

## Prerequisites

ശാസനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾവെച്ച് വസ്തുതകൾ പൂർണമായി യോജിക്കുന്നില്ലെങ്കിലും രണ്ടാം ചേരസാമ്രാജ്യകാലത്തെക്കുറിച്ച് മിക്ക ചരിത്രകാരന്മാരും അടയാളപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഒരു പ്രത്യേക കാലഘട്ടത്തെപ്പറ്റി കേരളചരിത്രത്തിൽ ഏറ്റവുമധികം പഠനം നടന്നതും രണ്ടാം ചേരസാമ്രാജ്യത്തെ പറ്റിയാകണം. സംഘകാലത്തെ ഒന്നാം ചേരരാജാക്കന്മാരുടെ ഭരണാനന്തരമുള്ള രണ്ട് മൂന്ന് നൂറ്റാണ്ടുകളിലെ കേരളത്തിന്റെ ഭരണരംഗത്തെക്കുറിച്ച് കാര്യമായ വിവരങ്ങളില്ല. അക്കാലത്ത് രാജ്യം ഭരിച്ചിരുന്നെന്ന് കരുതപ്പെടുന്ന വളരെ കുറച്ച് രാജാക്കന്മാരുടെ പേരും ഏകദേശ കാലവുമേ ഇന്ന് നമ്മുടെ മുമ്പിലുള്ളൂ. ആയതിനാൽ ഒമ്പതുമുതൽ പതിനൊന്ന് വരെയുള്ള നൂറ്റാണ്ടുകളിലെ കേരളചരിത്രത്തിന് വ്യക്തത വരണമെങ്കിൽ രണ്ടാം ചേരസാമ്രാജ്യത്തിലൂടെ കടന്നുപോവുക തന്നെ വേണം.

കുലശേഖരനിൽ തുടങ്ങുന്ന രണ്ടാം ചേരസാമ്രാജ്യത്തിന്റെ കാലത്തെ ഭൂപരിധിയെക്കുറിച്ച് കൃത്യമായ വിവരം ലഭ്യമല്ല. മാകോതൈ (കൊടുങ്ങല്ലൂർ) കുലശേഖരന്മാർ ഭരിച്ചിരുന്നു എന്നാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. രണ്ടാം ചേര സാമ്രാജ്യത്തിന്റെ ഉദയത്തിന് രണ്ടുഘടകങ്ങൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാന നദീതീരങ്ങളിൽ ഉണ്ടായിവന്ന ബ്രാഹ്മണഗ്രാമങ്ങളുടെ സംരക്ഷണത്തിനുള്ള ഒരു സംവിധാനം ഉണ്ടാകണമെന്ന ആവശ്യമായിരുന്നു അതിൽ ഒന്നാമത്തേത്. മറ്റൊന്ന് വളർന്നുകൊണ്ടിരിക്കുന്ന നാടുകൾക്കുമേൽ ആധിപത്യമുള്ള ഒരുകേന്ദ്ര സംവിധാനം വേണമെന്നുള്ളതായിരുന്നു. രണ്ടാം ചേരസാമ്രാജ്യത്തിന്റെ വളർച്ചയിൽ അക്കാലത്തെ വാണിജ്യബന്ധത്തിന് വലിയ സ്ഥാനമുണ്ട്. എ.ഡി ഒമ്പത്, പത്ത് നൂറ്റാണ്ടുകളിൽ മധ്യപൗരസ്ത്യ ദേശങ്ങളുമായുള്ള വാണിജ്യം ശക്തമായിരുന്നു. അറബിക്കടലിലൂടെ തെക്കുകിഴക്കൻ ഏഷ്യയിലേക്കും ചൈനയിലേക്കുമുള്ള വാണിജ്യത്തിൽ കൊടുങ്ങല്ലൂർ പ്രധാനകേന്ദ്രവും കുലശേഖരന്മാർ അതിനെ നിയന്ത്രിക്കുന്നവരുമായി മാറി.

രണ്ടാംചേരസാമ്രാജ്യത്തിലെ രാജാക്കന്മാർക്ക് പല പ്രത്യേകതകളും അവകാശപ്പെടാനുണ്ടായിരുന്നു. ഒന്നാം ചേരസാമ്രാജ്യത്തിലെ രാജാക്കന്മാരെപ്പോലെ ഒരുമിച്ചുള്ള ഭരണം ഇവരിൽ ഉണ്ടായിരുന്നില്ല. ഒന്നാം ചേരസാമ്രാജ്യത്തിലെ രാജാക്കന്മാർ പേരിനൊപ്പം കുലനാമങ്ങൾകൂടി ഉപയോഗിച്ചിരുന്ന രീതിയും ഇവരിൽ കാണാനാകില്ല. സ്വന്തംപേരും സ്ഥാനപ്പേരും ഉണ്ടെങ്കിലും വ്യത്യസ്ത സാഹചര്യങ്ങളിലാണ് അവ ഉപയോഗിച്ചിരുന്നത്. പല്ലവരാജാക്കന്മാരും പാണ്ഡ്യരാജാക്കന്മാരും ഈ രീതിയിലാണ് സ്ഥാനപ്പേരുകളെ സ്വീകരിച്ചിരുന്നത്. സ്ഥാനപ്പേരുകൾ സംസ്കൃതനാമങ്ങളിലായിരുന്നു. സംസ്കൃതം അറിയുന്ന ബ്രാഹ്മണർ നേതൃത്വം നൽകിയ ചടങ്ങിലൂടെയാണ് രാജാക്കന്മാർ സ്ഥാനപ്പേരുകൾ സ്വീകരിച്ചിരുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. പല നിലയിൽ സവിശേഷമായ സാംസ്കാരിക ഭരണസ്ഥിതിയാണ് രണ്ടാം ചേരസാമ്രാജ്യകാലത്ത് നിലവിലിരുന്നത്.

## Keywords

രണ്ടാം ചേരസാമ്രാജ്യം-സാംസ്കാരികചരിത്രം-ഭരണരംഗം-വിദ്യാശാലകൾ-വാണിജ്യബന്ധം

## Discussion

### 3.3.1 ഭരണം

പ്രാദേശിക ഭരണത്തിന് പ്രബലമായ ഒരു ഭരണസംവിധാനം ചേരൻമാർക്കുണ്ടായിരുന്നില്ല. നാടുവാഴികളുടെമേൽ അധീശത്വം ഉറപ്പിക്കാനായി കോയിലധികാരികളെ നിയമിച്ചിരുന്നു. പക്ഷേ അവരുടെ നടപടികൾക്ക് ചേരന്മാരുടെ അംഗീകാരം വേണമെന്ന നിഷ്കർഷ യുണ്ടായിരുന്നില്ല. ഭണ്ഡാരനായകൻ, മതിൽനായകൻ, പടനായകൻ, തിരുവാഴ്കേഴ്പ്പാൻ തുടങ്ങിയ ഉദ്യോഗസ്ഥരെ ഭരണ സുതാര്യതക്കായി നിയമിച്ചിരുന്നു. ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർക്കപ്പുറത്ത് നാടുവാഴികൾക്കുള്ള വിപുലമായ സംവിധാനം രാജാക്കന്മാർക്ക് ഉണ്ടായിരുന്നില്ല. സ്വന്തമായി നികുതിപിരിക്കാനോ നീതിന്യായകാര്യങ്ങൾ നിർവഹിക്കാനോ ഉള്ള സംവിധാനവും അവർക്കില്ലായിരുന്നു. നാടുകളിൽനിന്ന് നികുതി പിരിച്ചിരുന്നതും ക്ഷേത്രഭരണം കൈകാര്യം ചെയ്തിരുന്നതും നാടുവാഴികളായിരുന്നു. നാടുവാഴികളുടെ തീരുമാനങ്ങളിൽ രാജാക്കന്മാർ നേരിട്ട് ഇടപെട്ടിരുന്നില്ല. ബ്രാഹ്മണർ അംഗീകരിപ്പിച്ച ഒരു അനുഷ്ഠാനാത്മകമായ ബന്ധം മാത്രമാണ് അവർ തമ്മിലുണ്ടായിരുന്നത്. അംഗരക്ഷകരായി 'ആയിരം' എന്ന ഒരു സംഘമാണ് രാജാക്കന്മാർക്കുണ്ടായിരുന്നത്. നാടുവാഴികളുടെ മുന്നൂറ്റുവർ, അറുന്നൂറ്റുവർ തുടങ്ങിയ സംഘങ്ങളെ പോലെയായിരുന്നു ഇവരും പ്രവർത്തിച്ചിരുന്നത്. ഇവരല്ലാതെ മറ്റൊരു സൈന്യംപോലും ഉണ്ടായിരുന്നതായി സൂചനകളില്ല. രാജാവ് നേരിട്ട് യുദ്ധം നടത്തിയതായും തെളിവുകൾ സൂചിപ്പിക്കുന്നില്ല.

നാലുതളി എന്നറിയപ്പെട്ട ബ്രാഹ്മണസമിതി മറ്റൊരു പ്രധാന ഘടകമായിരുന്നു. മേൽത്തളി, കീഴ്ത്തളി, നെടിയതളി, ചിങ്ങപുരത്തുതളി എന്നിങ്ങനെയുള്ള നാലുക്ഷേത്രങ്ങളിലെ തളിയാതിരിമാരാണ് നാലുതളി എന്നറിയപ്പെട്ടിരുന്നത്. ഏഴാംനൂറ്റാണ്ടു മുതലാണ് ക്ഷേത്രങ്ങളെ തളി എന്ന് വിളിക്കാൻ തുടങ്ങിയത്. മൂഴിക്കുളം, ഐരാണിക്കുളം, ഇരിഞ്ഞാലക്കുട, പറവൂർ എന്നിങ്ങനെയുള്ള നാലു കഴകങ്ങളിലെ ബ്രാഹ്മണകുടുംബങ്ങളിൽപ്പെട്ട ക്ഷേത്രഭാരവാഹികളാണ് തളിയാതിരിമാർ. കേന്ദ്രീകൃത രാഷ്ട്രീയസംവിധാനത്തിന്റെ അഭാവത്തിൽ 'നാലുതളി' പതിയെ കാര്യവിചാരസമിതിയായി ഉയർന്നു. ഇങ്ങനെ ബ്രാഹ്മണർ ഉയർത്തിക്കൊണ്ടുവന്ന ഭരണസാരഥ്യമാണ് ചേരന്മാർക്ക് ഉണ്ടായിരുന്നത്. മാമാങ്കം

ഏർപ്പെടുത്തിയതോടെ നമ്പൂതിരി കുടുംബങ്ങളോട് പന്ത്രണ്ട് കൊല്ലത്തിലൊരിക്കൽ ഭരണകാര്യങ്ങൾ ചർച്ചചെയ്യുക എന്ന സമ്പ്രദായത്തിനും തുടക്കമായി. ക്ഷേത്രകാര്യങ്ങൾക്ക് പുറമേ രാജ്യകാര്യങ്ങളിലും ഇതോടെ നമ്പൂതിരിമാർക്ക് അധികാരം കൈവന്നു. കുലശേഖരന്മാരുടെ അവസാന കാലമാകുമ്പോഴേക്കും കേന്ദ്രീകൃത ഭരണം മാറി, നാടുവാഴികളുടെ ആധിപത്യവും നമ്പൂതിരിമാരോട് ആലോചിച്ചു മാത്രം ഭരണകാര്യങ്ങൾ നിർവഹിക്കുക എന്ന നിലയും സംജാതമായി.

### 3.3.2 വിദ്യാഭ്യാസം

സംഘകാലത്ത് നിലവിലുണ്ടായിരുന്ന സാർവജനീന വിദ്യാഭ്യാസസമ്പ്രദായത്തെ പിന്നീട് വന്ന കാലങ്ങളിലെ ജാതിസമ്പ്രദായം അമ്പേ ദുർബലപ്പെടുത്തിയിരുന്നതായി കാണാം. രണ്ടാം ചേരരാജാക്കന്മാർ നാടെങ്ങും ക്ഷേത്രങ്ങൾ സ്ഥാപിച്ചു. ക്ഷേത്രങ്ങൾ സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയായിരുന്നു. ക്ഷേത്രങ്ങളോട് അനുബന്ധിച്ച് 'ശാല' എന്നറിയപ്പെട്ടിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും രൂപമെടുത്തു. തലസ്ഥാനമായ മഹോദയപുരം വിപുലമായ ഒരു സാംസ്കാരിക കേന്ദ്രമായി വളർന്നു. യമകകാവ്യ കർത്താവായ വാസുദേവഭട്ടതിരി, കൂടിയാട്ടത്തിൽ പരിഷ്കരണങ്ങൾ വരുത്തിയ തോലൻ തുടങ്ങിയ സാഹിത്യനായകർ മഹോദയപുരത്താണ് താമസിച്ചിരുന്നത്. ദക്ഷിണേന്ത്യയിൽ തന്നെ ആദ്യത്തെ നക്ഷത്രബംഗ്ലാവ് ഒമ്പതാം നൂറ്റാണ്ടിൽ മഹോദയപുരത്ത് സ്ഥാപിക്കപ്പെട്ടു. ശങ്കരനാരായണൻ എന്ന പ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞൻ ആണ് അതിന് നേതൃത്വം കൊടുത്തത്.

ബ്രാഹ്മണയുവാക്കൾക്ക് സൗജന്യമായി ഭക്ഷണവും താമസവും ഒരുക്കിയാണ് 'ശാല' കൾ പ്രവർത്തിച്ചിരുന്നത്. സ്ത്രീകൾക്ക് അവിടെ പ്രവേശനമുണ്ടായിരുന്നില്ല. വേദങ്ങളും ഇതരശാസ്ത്രങ്ങളും സംസ്കൃതഭാഷയിലൂടെ അഭ്യസനം നടത്തിവന്നു. വിദ്യാർഥികളുടെ മാനസിക ബൗദ്ധിക കായിക വളർച്ച ലക്ഷ്യമാക്കിയാണ് വിദ്യാഭ്യാസരീതി ക്രമീകരിച്ചിരുന്നത്. അച്ചടക്കം പരമപ്രധാനമായിരുന്നു. അസഭ്യം പറഞ്ഞാലോ കലഹങ്ങൾ ഉണ്ടാക്കിയാലോ ഒരു ദിവസം പട്ടിണിക്കിടുകപോലുള്ള ശിക്ഷ നൽകിയിരുന്നു. കാന്തളൂർ, പാർത്ഥിവശേഖരപുരം, തിരുവല്ല, മൂഴിക്കുളം എന്നിവിടങ്ങളിലെ ശാലകൾ ചരിത്ര പ്രസിദ്ധങ്ങളാണ്. തിരുവല്ല, മൂഴിക്കുളം ശാലകളാണ് കുലശേഖരന്മാരുടെ കീഴിൽ ഉണ്ടായിരുന്നത്. തിരുവല്ലശാലയിലെ വിദ്യാർഥികളുടെ ഉച്ചഭക്ഷണത്തിനായി ദിനേന 350 നാഴി നെല്ല് നീക്കിവെച്ചിരുന്നു എന്ന തിരുവല്ലാശാസനത്തിലെ പ്രസ്താവം അവയോടുള്ള രാജാക്കന്മാരുടെ കരുതൽ സൂചിപ്പിക്കുന്നതാണ്. കാന്തളൂർ, പാർത്ഥിവശേഖരപുരം എന്നിവ ആയ് രാജാക്കന്മാരുടെ നിയന്ത്രണത്തിലായിരുന്നു. ശാലകൾക്ക് പുറമേ ക്ഷേത്രങ്ങളോടനുബന്ധിച്ച് ഗ്രന്ഥപ്പുരകളും ഉണ്ടായിരുന്നു. വേദപാരായണവും അതിന്റെ മത്സരപ്പരീക്ഷകളും അവിടെ സംഘടിപ്പിച്ചിരുന്നു. ഈ രീതിയിൽ കെട്ടിലും മട്ടിലും മികച്ച നിലയിലാണ് കുലശേഖരകാലത്തെ വിദ്യാഭ്യാസസമ്പ്രദായം മുന്നോട്ടുപോയത്.

### 3.3.3 സംസ്കാരം

ചേരരാജാക്കൻമാരിൽ പലരും പണ്ഡിതരും കലാവിദഗ്ധരുമായിരുന്നു. ആദ്യരാജാവായ കുലശേഖരവർമ തന്നെ ശ്രദ്ധേയമായ കൃതികൾ രചിച്ചിട്ടുണ്ട്. ലഘുഭാസ്കരീയം എഴുതിയ ശങ്കരനാരായണന്റെയും യുധിഷ്ഠിരവിജയം, ത്രിപുരദഹനം തുടങ്ങിയ കൃതികളുടെ രചയിതാവായ വാസുദേവന്റെയും കൃഷ്ണകർണാമൃതത്തിന്റെ കർത്താവായ ലീലാശുകന്റെയും പുരസ്കർത്താക്കൾ ചേരരാജാക്കന്മാരായിരുന്നു. ഇങ്ങനെ വിഖ്യാതരായ രാജാക്കന്മാരാലും പണ്ഡിതന്മാരാലും സമ്പന്നമായിരുന്നു കുലശേഖര കാലഘട്ടം. സംസ്കൃതത്തിന് വലിയ സ്വീകാര്യത ലഭിച്ചിരുന്നു. വിശിഷ്ടമായ തമിഴ് കൃതികളും അതോടൊപ്പം ഉണ്ടായിവന്നിരുന്നെങ്കിലും എട്ടാം നൂറ്റാണ്ടിനുശേഷം അവ കാര്യമായി രചിക്കപ്പെട്ടിട്ടില്ല. സാഹിത്യഭാഷ എന്നസ്ഥാനം തമിഴിന് നഷ്ടമാവുകയും അവിടേക്ക് സംസ്കൃതം കടന്നെത്തുകയും ചെയ്തു. തത്വചിന്ത, ആയുർവേദം, തച്ചു

ശാസ്ത്രം, ശബ്ദകോശം, ജോത്സ്യം തുടങ്ങിയ മേഖലകളിലും വികാസമുണ്ടായി.

കൂത്തും കൂടിയാട്ടവും ഹിന്ദുക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കലാപ്രദർശനങ്ങളെന്ന രീതിയിൽ പ്രാമുഖ്യം നേടി. സംഗീതം, നൃത്തം എന്നിവയും ക്ഷേത്രത്തിലൊതുക്കുകയും അതിനായി പരിശീലനം നേടിയ ദേവദാസികളെ ഏർപ്പാടാക്കുകയും ചെയ്തു. ആളുകളുടെ സാമൂഹ്യജീവിതത്തിന്റെ ഭാഗമായ കലാവിനോദങ്ങൾ ക്ഷേത്രങ്ങളിൽ നടത്തുന്നത് അവരിൽ മതഭക്തി വർധിപ്പിക്കും എന്ന തോന്നലാണ് ഇതിന് പ്രേരിപ്പിച്ചത്. ഓണം, വിഷു, തിരുവാതിര എന്നീ ആഘോഷങ്ങൾ വിപുലമായി സംഘടിപ്പിക്കപ്പെട്ടിരുന്നു. ഓണവും തിരുവാതിരയും സംഘകാലത്ത് തന്നെ ആഘോഷിക്കപ്പെട്ടു വന്നിരുന്നതിന്റെ സൂചനകളുണ്ടെങ്കിലും ശക്തിപ്പെട്ടത് ഇക്കാലത്താണ്. ഇങ്ങനെ വിവിധ വിജ്ഞാന ശാഖകളും ആഘോഷങ്ങളും വിനോദങ്ങളും സജീവമായ കാലമായാണ് രണ്ടാം കുലശേഖര സാമ്രാജ്യകാലത്തെ കാണാനാവുക.

## Recap

- കുലശേഖരന്മാരുടെ വളർച്ചയിൽ സമുദ്രവാണിജ്യത്തിന് പ്രധാന പങ്ക്
- ഒന്നാം ചേര രാജാക്കന്മാരിൽ നിന്നുള്ള പ്രകടമായ വ്യത്യാസങ്ങൾ
- രാജാക്കന്മാരേക്കാൾ വിപുല സംവിധാനങ്ങളുള്ള നാടുവാഴികൾ
- നാലുതളിയിലൂടെ ഉണ്ടായിവന്ന നമ്പൂതിരി പ്രാമുഖ്യം
- മഹോദയപുരം ഒരു സാംസ്കാരിക കേന്ദ്രം
- വിദ്യാഭ്യാസത്തിൽ ശാലകളുടെ പ്രാധാന്യം
- വിവിധ വിഷയങ്ങളിൽ കൃതികൾ
- കലകളും ഉത്സവങ്ങളും വികാസം പ്രാപിച്ചു

## Objective Type Questions

1. ചേരരാജാക്കന്മാർ നാടുവാഴികളുമായി ബന്ധപ്പെടാൻ നിയോഗിച്ചതാരെ?
2. നാടുവാഴികൾക്ക് സ്വന്തമായുണ്ടായിരുന്ന അംഗരക്ഷകരെ വിളിച്ചിരുന്ന പേര്?
3. രണ്ടാം ചേരകാലത്ത് പ്രാധാന്യമുണ്ടായിരുന്ന ബ്രാഹ്മണസമിതി?
4. ക്ഷേത്രങ്ങൾ അറിയപ്പെട്ടിരുന്ന മറ്റൊരു പേര്?
5. കുലശേഖരന്മാരുടെ തലസ്ഥാനമായി അറിയപ്പെട്ടിരുന്ന നഗരം?
6. ക്ഷേത്രത്തോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിളിച്ചിരുന്നത് എന്ത്?
7. ശാലയിലെ കുട്ടികൾക്ക് കൊടുത്തിരുന്ന ശിക്ഷ എന്താണ്?
8. ശാലയിലെ കുട്ടികൾക്കായി 350 നാഴി നെല്ല് മാറ്റിവെച്ചതായി പറയുന്ന ശാസനം?
9. ത്രിപുരദഹനം എന്ന കൃതിയുടെ കർത്താവായ ചേരരാജാക്കന്മാരുടെ ആശ്രിതൻ?

## Answers to Objective Type Questions

1. കോയിലധികാരികളെ
2. മുന്നൂറ്റവർ, അറുന്നൂറ്റവർ
3. നാലുതളി
4. തളി
5. മാകോതൈ (കൊടുങ്ങല്ലൂർ)
6. ശാലകൾ
7. ഒരുദിവസത്തെ പട്ടിണിക്കിടൽ
8. തിരുവല്ലാ ശാസനം
9. വാസുദേവൻ

## Assignments

1. കുലശേഖരന്മാരുടെ ഭരണനിർവഹണം.
2. രണ്ടാം ചേരസാമ്രാജ്യത്തിലെ വിദ്യാഭ്യാസ വിപ്ലവം.

## Suggested Readings


1. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, എസ്.പി.സി.എസ്, കോട്ടയം.
3. എം.ആർ. രാഘവവാര്യർ, കേരളചരിത്രം, രാജൻ ഗുരുക്കൾ, വള്ളത്തോൾ വിദ്യാപീഠം, മലപ്പുറം.
4. എ. ശ്രീധരമേനോൻ, കേരള സംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.
5. വേലായുധൻ പണിക്കശേരി, കേരളചരിത്രപഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം.

BLOCK - 04

# മതങ്ങൾ,
# ആര്യാധിനിവേശം

യൂണിറ്റ്
1

# ജൈന-ബൗദ്ധ-ഇസ്ലാം മതങ്ങൾ

## Learning Outcomes

- പ്രാചീനകേരളത്തിൽ ജൈന-ബൗദ്ധ-ഇസ്ലാം മതങ്ങളുടെ പ്രചാരത്തെക്കുറിച്ച് മനസിലാക്കുന്നു
- പ്രധാനപ്പെട്ട ജൈന, ബൗദ്ധ കേന്ദ്രങ്ങളെക്കുറിച്ചുള്ള അറിവ്
- ജൈന, ബൗദ്ധ മതങ്ങൾ ക്ഷയിച്ചതിന്റെ കാരണങ്ങൾ മനസിലാക്കുന്നു
- ഇസ്ലാം മതം കടന്നുവരാനിടയായ സാഹചര്യത്തെക്കുറിച്ചുള്ള ധാരണ

## Prerequisites

പ്രാചീനകേരളം വൈവിധ്യം നിറഞ്ഞ സംസ്കാരങ്ങളും ജീവിതരീതികളും നിലനിന്ന ഭൂമികയായിരുന്നു. തുടക്കത്തിൽ ദ്രാവിഡ രീതികളാണ് മതാചാരങ്ങളായി അനുവർത്തിച്ചിരുന്നത്. അതിലേക്കാണ് പിന്നീട് ഉത്തരേന്ത്യയിൽനിന്നും വിദേശനാടുകളിൽനിന്നും മതങ്ങളും ദർശനങ്ങളും എത്തിച്ചേർന്നത്. വിദേശനാടുകളുമായി സജീവമായുണ്ടായിരുന്ന വാണിജ്യത്തിലൂടെ ഉണ്ടായിവന്ന ബന്ധങ്ങളാണ് അവിടുത്തെ മതങ്ങളെയും ഇവിടെ പരിചയപ്പെടുത്തിയത്. ഉത്തരേന്ത്യയിൽ നിന്നുവന്ന ആര്യമതദർശനങ്ങളും വിദേശനാടുകളിൽ നിന്നെത്തിയ ദർശനങ്ങളും ദ്രാവിഡസംസ്കാരത്തിൽ കൂടിച്ചേർന്ന് പുതിയൊരു സാംസ്കാരിക സമന്വയം കേരളത്തിലുണ്ടായി. പല കാലങ്ങൾ ചേർത്ത് മിശ്രണം ചെയ്ത സംസ്കാരം കേരളത്തിന്റെ സവിശേഷതയാണ്.

ഓരോ സമൂഹത്തിനും പ്രാദേശികമായി തനതായ ജീവിതരീതിയും വിശ്വാസങ്ങളും ദേവതാരാധനകളും എന്ന നിലയായിരുന്നു പ്രാചീന കേരളത്തിൽ ഉണ്ടായിരുന്നത്. വൃക്ഷപൂജയും പിതൃപൂജയും സർവസാധാരണമായിരുന്നു. ആളുകൾക്കിടയിൽ അത്രകണ്ട് ജാതിമത ചിന്തകൾ സ്വീകാര്യമായിരുന്നില്ല. സമത്വബോധത്തിന് ഉന്നതസ്ഥാനം കൽപ്പിക്കപ്പെട്ടു. ജനങ്ങൾ സഹിഷ്ണുതാമനോഭാവത്തോടെയാണ് കാര്യങ്ങളെ സമീപിച്ചിരുന്നത്. സാമുദായികമായ വേർതിരിവില്ലാതെ ഒരുമിച്ചുപോയിരുന്ന ഈ സമൂഹത്തിനിടയിലേക്കാണ് വിവിധ മതങ്ങൾ പ്രവേശിച്ചത്. തുടക്കത്തിൽ അവ സംഘടിതമതങ്ങളുടെ സ്വഭാവം പ്രകടിപ്പിച്ചിരുന്നില്ല. നിലനിന്ന സംസ്കാരത്തിന്റെ ആചാരങ്ങളും അനുഷ്ഠാനങ്ങളും മതങ്ങൾ ഏറിയും കുറഞ്ഞും ഉൾക്കൊണ്ടു. സംഘടിതമതങ്ങളുടെ ചട്ടക്കൂടുകൾ മറികടന്ന് പൊതുവായ ചില വിശ്വാസപ്രമാണങ്ങൾ രൂപീകരിക്കുന്ന സാഹചര്യമാണ് അന്നുണ്ടായത്. ഒരേസമയം ജൈന-ബുദ്ധ ക്ഷേത്രങ്ങളിൽ ആരാധനകൾ അർപ്പിക്കുന്നതിലും വൈദികവിധിപ്രകാരമുള്ള കർമങ്ങൾ അനുഷ്ഠിക്കുന്നതിലും ആർക്കും പ്രയാസമുണ്ടായിരുന്നില്ല.



SREENARAYANAGURU OPEN UNIVERSITY

ബുദ്ധമതത്തിനും ജൈനമതത്തിനും കുറേക്കാലം കേരളത്തിൽ സ്വാധീനമുണ്ടായിരുന്നു. പതിനൊന്നാം നൂറ്റാണ്ടുവരെ ഈ മതങ്ങൾ സജീവമായി നിലനിന്നു. ജൂതമതവും ആരംഭകാലത്ത് തന്നെ കേരളത്തിലെത്തി. സ്വന്തംപ്രദേശം റോമാസാമ്രാജ്യം കൈയടക്കിയതോടെ പല സ്ഥലങ്ങളിലേക്ക് ചിതറിപ്പോയ ജൂതന്മാരുടെ ഒരുസംഘം കേരളത്തിലുമെത്തിയിരുന്നു. ചേരകാലത്ത് അഞ്ചുവണ്ണം എന്ന കച്ചവടസംഘത്തിന് നേതൃത്വം നൽകിയത് ജൂതന്മാരായിരുന്നു. അവർ അവരുടെ കൂട്ടങ്ങളിൽ ഒതുങ്ങിനിൽക്കാനും അവരുടേതായ ആചാരങ്ങൾമാത്രം പിൻപറ്റാനുമാണ് ശ്രമിച്ചിരുന്നത്. എ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽതന്നെ ക്രിസ്ത്യാനികളും ഇവിടേക്കു വന്നു. വാണിജ്യവുമായി ബന്ധപ്പെട്ടാണ് ക്രിസ്ത്യാനികളെക്കുറിച്ചുള്ള ആദ്യകാല പരാമർശങ്ങളുള്ളത്. മണിക്കിരാമം എന്ന കച്ചവടസംഘത്തിന് നേതൃത്വം നൽകിയിരുന്നത് ക്രിസ്ത്യാനികളാണ്. വാണിജ്യബന്ധങ്ങൾ തന്നെയാണ് ഇസ്ലാം മതത്തെയും കേരളത്തിലെത്തിച്ചത്.

## Keywords

മതങ്ങൾ-ബുദ്ധമതം-ജൈനമതം-ഇസ്ലാംമതം

## Discussion

### 4.1.1 ബുദ്ധമതം

ബി.സി. മൂന്നാം ശതകത്തിൽത്തന്നെ കേരളത്തിൽ ബുദ്ധമതം എത്തിയിരുന്നു. തമിഴ്നാടിന്റെ തെക്കുഭാഗത്തുനിന്നോ ശ്രീലങ്കയിൽനിന്നോ ആണ് ബുദ്ധമതം കേരളത്തിൽ എത്തിയത്. മണിമേഖല അടക്കമുള്ള ചില സംഘകൃതികൾ ബുദ്ധന്റെ തത്വോപദേശങ്ങൾ വിവരിക്കുന്നതാണ്. ഇന്നത്തെ പല പ്രധാന ഹൈന്ദവക്ഷേത്രങ്ങളും മുമ്പ് ബുദ്ധദേവാലയങ്ങളായിരുന്നു എന്നൊരു വാദമുണ്ട്. താന്ത്രികമതപ്രകാരം നടന്നിരുന്ന ബൗദ്ധവിഹാരങ്ങളെ ഹൈന്ദവ ക്ഷേത്രങ്ങളായി രൂപാന്തരപ്പെടുത്താൻ എളുപ്പമായിരുന്നു. ക്ഷേത്രങ്ങളിൽ പതിവുള്ള കുതിരകെട്ട്, രഥോത്സവങ്ങൾ, ശാലയോട്ടം, താലപ്പൊലി, കുത്തിയോട്ടം, അന്നംകെട്ട് തുടങ്ങിയവ ബൗദ്ധാചാരങ്ങളുടെ അവശിഷ്ടങ്ങളാണ്. തിരുവടി ക്ഷേത്രത്തിൽ മാനസിക രോഗികൾക്കും തകഴി ക്ഷേത്രത്തിൽ കുഷ്ഠരോഗികൾക്കും ചികിത്സ നൽകുന്നതും ബൗദ്ധപാരമ്പര്യത്തിന്റെ തുടർച്ചയാണ്. ഹൈന്ദവക്ഷേത്രങ്ങളിൽ ഇങ്ങനെ ചികിത്സ പതിവില്ല എന്നതും ഈ നിരീക്ഷണത്തെ സാധൂകരിക്കുന്നതാണ്. ദക്ഷിണ തമിഴ്നാട്ടിലും കേരളത്തിലും പ്രചരിച്ച അയ്യനാർ അഥവാ അയ്യപ്പന്റെ ആരാധനയിലും ബുദ്ധമതസ്വാധീനം കാണാം.

ഇന്നത്തെ കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് പ്രധാന ബുദ്ധകേന്ദ്രങ്ങൾ നിലനിന്നിരുന്നതെന്നതിന് ആ ഭാഗങ്ങളിൽനിന്ന് കണ്ടെടുത്തിട്ടുള്ള ബുദ്ധപ്രതിമകളും ഇതര ബുദ്ധമതാവശിഷ്ടങ്ങളും തെളിവാകുന്നുണ്ട്. മാവേലിക്കര, കിളിരൂർ, നീലംപേരൂർ, കുരുമാടി തുടങ്ങിയ സ്ഥലങ്ങൾ ഇതിൽ പ്രധാനപ്പെട്ടവയാണ്. പത്മാസനം, ധ്യാനഭാവം, ഉഷ്ണീഷം, ഉത്തരീയം, മടിയിൻമേൽ ഒന്നിനുമേൽ ഒന്നായി നിർത്തിവെച്ച ഹസ്തതലം, ജ്ഞാനമുദ്ര എന്നീ ലക്ഷണങ്ങളെല്ലാം അവിടെനിന്ന് കണ്ടുകിട്ടിയ ബുദ്ധവിഗ്രഹങ്ങളിൽ ഉണ്ടായിരുന്നു. അവയുടെ കാലം ഏഴും എട്ടും നൂറ്റാണ്ടുകളായിരുന്നുവെന്ന് കരുതപ്പെടുന്നു. 'പള്ളിച്ചന്ത'മെന്നും 'പള്ളിപ്പുറ'മെന്നും പഴയ രേഖകളിൽ സൂചിപ്പിക്കുന്ന സ്ഥലങ്ങൾ ഒരുകാലത്ത് ബുദ്ധകേന്ദ്രങ്ങളായിരുന്നു. കൊടുങ്ങല്ലൂർ കാളീക്ഷേത്രം ഒരുകാലത്ത് ബുദ്ധക്ഷേത്രമായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. ക്ഷേത്രത്തിലെ ബലിക്കല്ലിൽ കാണപ്പെടുന്ന പത്മദളങ്ങൾ അതൊരു ബൗദ്ധസ്തൂപത്തിന്റെ

ഭാഗമായിരുന്നു എന്ന് സൂചിപ്പിക്കുന്നതാണ്. അമ്പലപ്പുഴ കരുമാടിക്കുട്ടൻ പ്രസിദ്ധമായ ഒരു ബുദ്ധവിഗ്രഹമാണ്.

ശ്രീമൂലവാസം പ്രധാനപ്പെട്ട ഒരു ബുദ്ധ വിഹാരമായിരുന്നു. വിക്രമാദിത്യവരഗുണന്റെ പാലിയം ശാസനത്തിലും അതുല കവിയുടെ മൂഷികവംശത്തിലും ഈ കേന്ദ്രത്തെക്കുറിച്ച് പരാമർശങ്ങളുണ്ട്. അഫ്ഗാനിസ്ഥാനിൽനിന്ന് കണ്ടെടുക്കപ്പെട്ട ബുദ്ധവിഗ്രഹത്തിൽ ഈ കേന്ദ്രത്തെ പരാമർശിക്കുന്ന ലിഖിതമുണ്ടെന്നതിനാൽ ശ്രീമൂലവാസത്തിന്റെ പ്രശസ്തി ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ അറ്റത്ത് പോലും പരന്നിരുന്നതായി കരുതാം. കൃത്യമായി എവിടെയാണിത് സ്ഥിതി ചെയ്തിരുന്നതെന്ന കാര്യത്തിൽ തർക്കങ്ങൾ ഉണ്ടെങ്കിലും ആലപ്പുഴയിലെ തൃക്കുന്നപ്പുഴയായിരിക്കാമെന്ന വാദത്തിനാണ് കൂടുതൽ പിന്തുണയുള്ളത്. പശ്ചിമഘട്ടത്തിലെ പൊതിയിൽമല മറ്റൊരു പ്രധാന കേന്ദ്രമായിരുന്നു. അവലോകിതേശ്വരൻ എന്ന ബുദ്ധപണ്ഡിതനാണ് അവിടെയുണ്ടായിരുന്നത് എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. പല രാജാക്കന്മാരും ബുദ്ധകേന്ദ്രങ്ങളിൽ ആരാധന നടത്തുകയും വിഹാരങ്ങളിലേക്കു വേണ്ട സഹായസഹകരണങ്ങൾ നൽകുകയും ചെയ്തിരുന്നതായി ശാസനങ്ങൾ സൂചിപ്പിക്കുന്നു. പലസ്ഥലങ്ങളിലുമായി വ്യാപിച്ചുകിടന്ന ബുദ്ധമതസ്വാധീനം പതിനൊന്നാം നൂറ്റാണ്ടുവരെ തുടർന്നു.

### 4.1.2 ജൈനമതം

ക്രിസ്തുവിനു മുമ്പുതന്നെ ജൈനമതം കേരളത്തിലെത്തിയിരുന്നു. ധ്യാനമനനങ്ങൾക്ക് പര്യാപ്തമായ ശാന്തിനിറഞ്ഞ അന്തരീക്ഷം കേരളത്തിൽ ഉണ്ടായിരുന്നതാണ് ജൈനമത പ്രചാരകർ ഇവിടെയെത്താൻ കാരണമായി പറയപ്പെടുന്നത്. കർണാടകത്തിൽനിന്നും വടക്കൻ തമിഴ്നാട്ടിൽ നിന്നുമാണ് ജൈനമതം കേരളത്തിലെത്തിയത്. ചിലപ്പതികാരം എന്ന തമിഴ് കൃതിയിൽ ജൈനസന്യാസിമാരുടെ പ്രവർത്തനത്തെക്കുറിച്ച് പരാമർശങ്ങളുണ്ട്. ചിലപ്പതികാരം രചിച്ച ഇളങ്കോഅടികൾ ജൈനമത വിശ്വാസിയായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന തൃക്കണാമതിലകം ഒരു പ്രധാന ജൈനകേന്ദ്രമായിരുന്നു. പില്ക്കാലത്ത് ഹിന്ദുക്ഷേത്രമാക്കപ്പെട്ട പ്രസിദ്ധമായ ഒരു ജൈനക്ഷേത്രം അന്നവിടെ നിലനിന്നിരുന്നു. വയനാട്ടിലെ എടക്കൽഗുഹ ജൈന സങ്കേതങ്ങളിലൊന്നായിരുന്നു. സുൽത്താൻബത്തേരി (ഗണപതിവട്ടം), മാനന്തവാടി തുടങ്ങി വയനാട്ടിലെ പല ഭാഗങ്ങളിലും ജൈനആരാധനാലയങ്ങൾ ഉണ്ടായിരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. മഞ്ചേശ്വരം, കൽപ്പറ്റ, വടക്കന്തറ, കാവശ്ശേരി, തിരുവണ്ണൂർ, കിനാലൂർ, ആലത്തൂർ മുതലായ സ്ഥലങ്ങളിലും ജൈനക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. തെക്കൻതിരുവിതാംകൂറിലെ ചിതറാൽ എന്ന സ്ഥലത്തെ തിരിച്ചാണത്തു ഭഗവതിക്ഷേത്രം പ്രധാനപ്പെട്ട ഒരു ജൈനകേന്ദ്രമായിരുന്നു. നാഗർകോവിലിലെ നാഗരാജസ്വാമി ക്ഷേത്രവും പണ്ട് ജൈനക്ഷേത്രമായിരുന്നു. പാർശ്വനാഥൻ, മഹാവീര തീർത്ഥങ്കരൻ, പത്മാവതീദേവി എന്നിവരുടെ വിഗ്രഹങ്ങൾ അവിടെ യുണ്ടായിരുന്നു.

ഇരിങ്ങാലക്കുടയിലെ ഭരതേശ്വരൻ ഒരു ജൈനവിഗ്രഹമാണെന്ന വാദം നിലവിലുണ്ട്. പെരുമ്പാവൂരിലെ കല്ലിൽ ക്ഷേത്രവുമായി ബന്ധപ്പെട്ടും സമാന അഭിപ്രായമുണ്ടായിരുന്നു. പാർശ്വനാഥൻ, മഹാവീരതീർത്ഥങ്കരൻ, പത്മാവതീദേവി എന്നീ ജൈനമൂർത്തികളുടെ പ്രതിഷ്ഠകളാണ് അവിടെയുണ്ടായിരുന്നത്. തൃശ്ശൂരിലെ പരുവാശ്ശേരി ക്ഷേത്രത്തിനുവെളിയിൽ ഒരു ജൈനവിഗ്രഹം ഉണ്ടായിരുന്നു. മിക്ക ജൈനമതകേന്ദ്രങ്ങളും തമിഴകവുമായി ബന്ധിക്കുന്ന കച്ചവടപാതകൾക്ക് സമീപമായിരുന്നത് ജൈനമതത്തിന്റെ പ്രചാരവും കച്ചവടവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാണ്. കൊച്ചിയിലും ആലപ്പുഴയിലുമായി കച്ചവടത്തിൽ ഏർപ്പെട്ടിരുന്ന ജൈന കുടുംബങ്ങൾക്കെല്ലാം അവരുടേതായ ക്ഷേത്രങ്ങളുമുണ്ടായിരുന്നു.

എ.ഡി. ഏഴാം നൂറ്റാണ്ടോടെ തമിഴ്നാട്ടിൽ ജൈനമതം തകർന്നുതുടങ്ങി. കേരളത്തിൽ അതിന്റെ അധ:പതനം ആരംഭിക്കുന്നത് എട്ടാം നൂറ്റാണ്ടോടെയാണ്. ക്ഷേത്രങ്ങളിലും ജൈനഭിക്ഷുക്കളിലും വ്യാപാരികളിലും ഒതുങ്ങിനിന്ന

ജൈനമതം പലപ്പോഴും ജനകീയതലത്തിൽ എത്തിയിരുന്നില്ല. ക്ഷേത്രങ്ങളുടെയും മുസ്ലിം പള്ളികളുടെയും ശില്പത്തെ സംബന്ധിച്ചിടത്തോളം അവയിലുള്ള ജൈനസ്വാധീനതയെപ്പറ്റി പറയാമെങ്കിലും അതിനപ്പുറമുള്ള സ്വാധീനം ജൈനമതത്തിനുണ്ടായില്ല. ജൈനക്ഷേത്രങ്ങൾ പിന്നീട് ബ്രാഹ്മണർ വളർത്തിയ ക്ഷേത്രസംസ്കാരത്തിന്റെ ഭാഗമായതോടെ മതകേന്ദ്രമെന്ന രീതിയിലുള്ള അവയുടെ ഇടപെടൽ അവസാനിച്ചു.

ബുദ്ധമതവും ജൈനമതവും അതിന്റെ ജീർണദശയിലാണ് കേരളത്തിലെത്തിയത്. അവയുടെ ചില സമ്പ്രദായങ്ങളൊഴിച്ച് മതത്തിന്റെ ആശയസംഹിത പൂർണമായി വളർന്നുവന്നിരുന്നില്ല. അവയുടെ ജനപ്രിയ ആരാധനാസമ്പ്രദായങ്ങൾ ആളുകൾ പിൻപറ്റിയിരുന്നെങ്കിലും അവ ഒരു പ്രത്യേക മതത്തിന്റേതാണെന്ന ധാരണയൊന്നും അവർക്കുണ്ടായിരുന്നില്ല. വിഗ്രഹാരാധനയും ക്ഷേത്രചടങ്ങുകളും വളർന്നുവരികയും കേരളത്തിന്റെ സാമൂഹികജീവിതത്തിൽ നമ്പൂതിരിമാർ പ്രാമുഖ്യം നേടിത്തുടങ്ങുകയും ചെയ്ത കാലത്തോടെ രണ്ടുമതങ്ങളും തകർന്നു. അക്കാലത്ത് ശൈവ-വൈഷ്ണവ വൈരം പോലെ ബുദ്ധ-ജൈന മതങ്ങളും പരസ്പരം മാത്സര്യവും വിദ്വേഷവും പുലർത്തിയിരുന്നു എന്നതും ശ്രദ്ധേയമാണ്.

### 4.1.3 ഇസ്ലാം മതം

ഇസ്ലാംമതം അതിന്റ ആരംഭത്തിൽ, ഏഴാം നൂറ്റാണ്ടിൽ തന്നെ കേരളത്തിൽ എത്തി. പൗരസ്ത്യരാജ്യങ്ങളുമായി കപ്പൽവഴിയുള്ള വാണിജ്യബന്ധം അറബികൾക്കിടയിൽ അക്കാലത്തുതന്നെ ശക്തമായിരുന്നു. ഈ കച്ചവടക്കാർ വഴിയാണ് ഇസ്ലാംമതം കേരളത്തിൽ എത്തിച്ചേർന്നത്. ഇന്ത്യയിൽ തന്നെ ആദ്യമായി ഇസ്ലാമിന്റെ സന്ദേശം എത്തിച്ചേർന്നത് മലബാർ പ്രദേശത്താണ്. അറബികളുമായുള്ള വാണിജ്യബന്ധം മലബാർതീരത്തെ തുറമുഖങ്ങളിലൂടെയാണ് അന്ന് നടന്നിരുന്നത്. കോതമംഗലത്ത് നിന്നും ഖലീഫമാരുടെ കാലത്തെ (എ.ഡി 661-750) നാലു സ്വർണനാണയങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ഒരു ചേരരാജാവ് മക്കയിൽ പോയി ഇസ്ലാം മതം സ്വീകരിച്ചതായി ഒരു ഐതിഹ്യമുണ്ട്. ശൈഖ് സൈനുദ്ദീൻ എഴുതിയ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥത്തിലും 'റിഹ്ലത്തുൽ മുലൂക്ക്'' എന്ന അറബി ഗ്രന്ഥത്തിലും കേരളോൽപ്പത്തിയിലും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. കേരളോല്പത്തിയിലെ കാലഗണനയിലുള്ള പൊരുത്തമില്ലായ്മ മുൻനിർത്തി ചേരമാൻ പെരുമാളുടെ മതപരിവർത്തന കഥ വിശ്വാസയോഗ്യമല്ലെന്നാണ് പല ചരിത്രപണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. ബുദ്ധജൈന മതങ്ങൾ ക്ഷയോന്മുഖമാകുകയും ഹിന്ദുമതം പ്രചരിച്ചുതുടങ്ങാത്ത കാലവുമായതിനാൽ ഈ പരിവർത്തന ഐതിഹ്യം അസംഗതമെന്ന് തള്ളിക്കളയാവുന്നതല്ല എന്നാണ് പി.കെ. ഗോപാലകൃഷ്ണന്റെ അഭിപ്രായം (കേരളത്തിന്റെ സാംസ്കാരിക ചരിത്രം).

ചേരമാൻ പെരുമാളുടെ മക്കാസന്ദർശനത്തിനുശേഷം മാലിക് ഇബ്നു ദീനാർ കേരളത്തിലെത്തുകയും രാജാക്കന്മാരുടെ സഹായത്തോടെ ഇസ്ലാംമതം പ്രചരിപ്പിക്കുകയും ചെയ്തു എന്നും 'തുഹ്ഫത്തുൽ മുജാഹിദീൻ', 'റിഹ്ലത്തുൽ മുലൂക്ക്' എന്നീ ഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നുണ്ട്. ആദ്യം കൊടുങ്ങല്ലൂരും പിന്നീട് കൊല്ലം, ഫാക്കനൂർ, മംഗലാപുരം, കാസർഗോഡ്, ഏഴിമല, ശ്രീകണ്ഠപുരം, ധർമ്മടം, പന്തലായനി, ചാലിയം എന്നിവിടങ്ങളിലും മാലിക് ഇബ്നു ദീനാറും അദ്ദേഹത്തിന്റെ മരുമകനായ മാലിക് ഇബ്നുഹബീബും ചേർന്ന് ആരാധനാലയങ്ങൾ പണികഴിപ്പിച്ചു. കേരളീയ മാതൃകയിലാണ് പള്ളികളെല്ലാം പണികഴിപ്പിച്ചിരുന്നത്. മാലിക് ഇബ്നുദീനാർ കേരളത്തിൽ പ്രചരണം നടത്തിയതിന്റെ കാലത്തെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. എട്ടാംനൂറ്റാണ്ടിലാണ് അദ്ദേഹം കേരളത്തിൽ എത്തിയത് എന്ന വാദമാണ് ഇതിൽ ശക്തം. എ.ഡി. ഒമ്പതാം നൂറ്റാണ്ടിൽ ഒരു സാമൂതിരിയും പതിനാലാം നൂറ്റാണ്ടിൽ ഒരു കോലത്തിരിയും ഇസ്ലാംമതം സ്വീകരിച്ചിരുന്നു എന്നും വാദമുണ്ട്.

കടലിനോട് അടുത്തുള്ള വ്യാപാര കേന്ദ്രങ്ങളിലും ഉൾനാടുകളിലെ കച്ചവട കേന്ദ്രങ്ങളിലു

മാണ് മുസ്ലിങ്ങൾ ജീവിച്ചിരുന്നത്. പ്രധാന തൊഴിൽ കച്ചവടം ആയിരുന്നു. ഈജിപ്ത്, അറേബ്യ, പേർഷ്യ, ഗുജറാത്ത് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്ന ഉൽപ്പന്നങ്ങളാണ് അവർ വിറ്റഴിച്ചിരുന്നത്. തിരിച്ച് കേരളത്തിലെ മലഞ്ചരക്കുകളും തോട്ടവിളകളും മറ്റു പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നു. കോഴിക്കോട്, കണ്ണൂർ, വളപട്ടണം, പൊന്നാനി തുടങ്ങി മലബാറിലെ പ്രധാന തുറമുഖങ്ങൾ അന്ന് മുസ്ലിങ്ങളുടെ നിയന്ത്രണത്തിലായിരുന്നു. മറ്റു മതസ്ഥർക്കും ഈ കേന്ദ്രങ്ങളിൽ വ്യാപാരം നടത്താൻ അവസരം നൽകി, സഹിഷ്ണുതയോടെയാണ് അവർ പെരുമാറിയിരുന്നത്. മരുമക്കത്തായം ഒരു വിഭാഗം മുസ്ലിങ്ങൾ സ്വീകരിച്ചത് അന്നത്തെ കേരളീയരുടെ ആചാരവിശ്വാസങ്ങൾ ഉൾക്കൊള്ളാനുള്ള വിശാലമനസ്കതയെ കാണിക്കുന്നതുമാണ്.

### 4.1.4 ജാതികളും ഉപജാതികളും ജാതിവ്യവസ്ഥ ഇന്ത്യയിൽ

ഇന്ത്യയിൽ മാത്രം കാണുന്ന പ്രത്യേക പ്രതിഭാസമാണ് ജാതിവ്യവസ്ഥ. പരിഷ്കൃത ജീവിതത്തിന്റെ ആരംഭദശയിൽ ലോകത്തെല്ലായിടത്തും ജാതിയുടെ പ്രാകൃതഭാവം ഉദയം ചെയ്തിരുന്നെങ്കിലും, ഇന്ത്യയിലൊഴികെ മറ്റൊരിടത്തും ജാതിവ്യവസ്ഥ വേരുറയ്ക്കുകയുണ്ടായില്ല. ഇതിനു നാലുകാരണങ്ങൾ ചരിത്രകാരന്മാർ വിശദീകരിച്ചിട്ടുണ്ട്. അതിലൊന്ന് ഇന്ത്യയുടെ നിശ്ചലമായ ഗ്രാമസമുദായ വ്യവസ്ഥയാണ്. രണ്ടാമതായി വൈദികമതം പ്രചരിപ്പിച്ച തത്വചിന്താപദ്ധതിയാണ്. സാമ്പത്തിക രാഷ്ട്രീയരംഗങ്ങളിൽ ബ്രാഹ്മണർക്ക് സിദ്ധിച്ച മേധാവിത്വമാണ് മൂന്നാമത്തെ കാരണം. ജാതിയിൽ അന്തർഭവിച്ചിട്ടുള്ള ട്രൈബൽ സ്വഭാവമാണ് നാലാമത്തേത്. നാടുവാഴിജന്മിത്തസമ്പ്രദായങ്ങളുടെ ഉദയത്തോടെയാണ് കേരളത്തിൽ ജാതിവ്യവസ്ഥ രൂപമെടുത്തത്.

### 4.1.5 ജാതിവ്യവസ്ഥ കേരളത്തിൽ

ബുദ്ധമതത്തിന്റെ പ്രഭാവകാലം അവസാനിക്കുന്നതുവരെ കേരളത്തിൽ ജാതിയുണ്ടായിരുന്നില്ല. പറയൻ, പാണൻ, ചാൻറോൻ, എന്നിങ്ങനെയുള്ള പേരുകൾ തൊഴിലിന്റെ അടിസ്ഥാനത്തിൽ ജനസമൂഹങ്ങളെ സൂചിപ്പിക്കുക മാത്രമായിരുന്നു. ഇവർ തമ്മിൽ അയിത്തമോ വിവേചനമോ ഉണ്ടായിരുന്നില്ല. വിദ്വാനായ പാണനുള്ള സ്ഥാനം മാത്രമേ വിദ്വാനായ ബ്രാഹ്മണനും രാജസഭയിൽ ഉണ്ടായിരുന്നുള്ളൂ. ഏഴും എട്ടും നൂറ്റാണ്ടുകളിലെ ശൈവ-വൈഷ്ണവ ഭക്തിപ്ര സ്ഥാനങ്ങളുടെ കാലത്തും ജാതിസമ്പ്രദായത്തിനു വേരുറയ്ക്കാൻ കഴിഞ്ഞില്ല. ബ്രാഹ്മണരായ ചില ശിവഭക്തന്മാർ സ്വയം ജാതിമേന്മ നടിച്ചിരുന്നെങ്കിലും ജാതിസമ്പ്രദായത്തെ പൊതുവേ സമൂഹം അംഗീകരിച്ചില്ല. എന്നാൽ ബ്രാഹ്മണർക്കുണ്ടായ ആധിപത്യം ഇവിടെ ജാതിവ്യവസ്ഥ വേരുറയ്ക്കാൻ സഹായകമായി. എട്ടാം നൂറ്റാണ്ട് കഴിയുന്നതോടെ സാമൂഹികമായും സാംസ്കാരികമായും രാഷ്ട്രീയമായും ബ്രാഹ്മണർ മേൽക്കൈ നേടി. അതോടെ ജാതിവ്യവസ്ഥയും ആരംഭിച്ചു.

ബ്രാഹ്മണരും അവരോടടുത്തവരും, ബ്രാഹ്മണമതത്തെ എതിർക്കുന്നവരും എന്നിങ്ങനെ കേരളീയസമൂഹം രണ്ടായി വിഭജിക്കപ്പെട്ടു. ശൈവ-വൈഷ്ണവ മതാനുയായികൾ ബ്രാഹ്മണരെ അനുകൂലിച്ചവരും ബുദ്ധ-ജൈനമതാനുയായികൾ ഇവരെ പ്രതികൂലിച്ചവരുമാണ്. അങ്ങനെ ആദ്യത്തെ കൂട്ടർ ഹിന്ദുമതക്കാരും മറ്റുള്ളവർ ഹിന്ദുമതത്തിന് പുറത്തുള്ളവരുമായി. ക്രമേണ ഹിന്ദുമതം സ്വീകരിച്ചവരെ വർണങ്ങളായി വിഭജിച്ചു. ബ്രാഹ്മണർക്കുതാഴെ രാജാക്കന്മാരെല്ലാം ക്ഷത്രിയന്മാർ എന്നറിയപ്പെട്ടു. അന്ന് കച്ചവടം വിദേശികളും ക്രിസ്ത്യാനികളും ജൂതന്മാരുമടങ്ങുന്നവരുടെ കയ്യിലായിരുന്നതുകൊണ്ട് വൈശ്യർ എന്നൊരു വിഭാഗം ഇവിടെ ശക്തമായില്ല. പിന്നീട് ബ്രാഹ്മണമതം പിന്തുടർന്ന നായന്മാരടക്കമുള്ളവർ സവർണവിഭാഗമായി മാറുകയും ബ്രാഹ്മണമതത്തെ എതിർത്ത ബൗദ്ധന്മാരടക്കമുള്ളവർ വർണവ്യവസ്ഥയ്ക്കുപുറത്താകുകയും ചെയ്തു. ജാതിവ്യവസ്ഥയും ആയിത്താചാരങ്ങളും രൂപപ്പെടുത്തിയെടുത്തതിൽ പന്തീരാണ്ടു സഭകൾക്ക് സവിശേഷമായ സ്ഥാനമുണ്ട്.

പന്തീരാണ്ടു സഭകളുടെ പ്രവർത്തന ഫലമായാകാം തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങൾ നിലവിൽ വന്നതും തീണ്ടലും തൊടീലും രൂക്ഷമായി തീർന്നതും. ശങ്കരസ്മൃതിയും ജാതിനിർണയവും രാജ്യത്തിലെ നിയമമാക്കി മാറ്റുവാൻ ബ്രാഹ്മണർക്ക് യാതൊരു പ്രയാസവുമുണ്ടായില്ല.

### 4.1.6 നായന്മാർ

കേരളത്തിലെ ഏറ്റവും വലിയ സമുദായങ്ങളായ നായരും ഈഴവരും കേരളത്തിലെത്തന്നെ ജനവിഭാഗങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞു വന്നവരാണ്. നാകത്താന്മാരാണ് നായന്മാരായി തീർന്നതെന്ന് ചട്ടമ്പിസ്വാമികൾ രേഖപ്പെടുത്തുന്നു. ശൈവഭക്തിപ്രസ്ഥാനത്തിന്റെ ശിവഭക്തന്മാരായിരുന്നു. അനുയായികളായിരുന്ന നാകത്താന്മാർ പിന്നീട് അവർ ബ്രാഹ്മണമതാനുയായികളായിത്തീർന്നു. ഈ ജനവിഭാഗമാണ് നായന്മാർ. ബ്രാഹ്മണാധിപത്യം സ്വീകരിച്ചതുകൊണ്ടാണ് നായന്മാർ സവർണരായി കണക്കാക്കപ്പെട്ടത്. കേരളത്തിലെ വിവിധ സമുദായങ്ങളിൽപ്പെട്ടവർ നായർ സമുദായത്തിൽ ലയിച്ചിട്ടുണ്ട്. ആയർ, ഇടയർ, മേളാളർ, എന്നിവരാണ് ഈ സമുദായങ്ങൾ. ഇതു കൂടാതെ 'ചക്കാൻ (എണ്ണയാട്ടുകാരൻ), വണിയൻ (കച്ചവടക്കാരൻ), എരുമൻ (ആട്ടിടയൻ), കണിശൻ, പണിക്കർ, വള്ളിച്ചൻ, ഊരാളി അവസാനമായി വെള്ളാളർ എന്നിവരെല്ലാം ചേർന്നു വിപുലപ്പെട്ടതാണ് ഇന്നത്തെ നായർ സമുദായം. ഇവരും മരുമക്കത്തായികളായിരുന്നുവെന്നതാണ് ജാതിവ്യവസ്ഥയിൽ സവർണപദവി ലഭിക്കാനുള്ള മറ്റൊരു കാരണമാണ്.

### 4.1.7 ഈഴവർ

ഈഴവർ സിലോണിൽ നിന്നു വന്നവരാണെന്നാണ് ഐതിഹ്യം. "ഈഴം' ശബ്ദത്തിന് സിലോൺ എന്നർത്ഥമുള്ളതുകൊണ്ടും ഈഴത്തുനാട്ടിൽ നിന്നയക്കപ്പെട്ടവരുടെ സന്തതിപരമ്പരകളാണ് ഈഴവർ എന്ന വടക്കൻപാട്ടിലെ പരാമർശം കൊണ്ടുമാണ് ഈഴവരുടെ ഉൽപ്പത്തി ചരിത്രത്തെ സിലോണുമായി ബന്ധിപ്പിക്കുന്നത്. എന്നാൽ നായന്മാരെപ്പോലെ ഈഴവരും പ്രാചീനതമിഴകത്തെ ഗോത്രങ്ങളിൽനിന്ന് പരിണമിച്ചതാണെന്ന വാദത്തിനാണ് ചരിത്രത്തിന്റെ പിൻബലം. എ.ഡി. ആറാം നൂറ്റാണ്ടുവരെ കേരളജനസംഖ്യയിൽ നല്ലൊരു വിഭാഗം ബുദ്ധമതക്കാരായിരുന്നു. ബ്രാഹ്മണാധിപത്യത്തോട് അകന്നുനിന്ന ബുദ്ധമതാനുയായികൾ പിൽക്കാലത്ത് ഹിന്ദുമതം സ്വീകരിച്ചപ്പോൾ അവരെ അവർണരായിട്ടാണ് കണക്കാക്കിയത്. ബ്രാഹ്മണമതത്തെ എതിർത്ത ഇക്കൂട്ടരാണ് ഈഴവർ എന്ന പേരിലറിയപ്പെട്ടത്. ഈഴവരടക്കമുള്ള അവർണസമുദായങ്ങളെ താഴ്ത്തിക്കെട്ടുവാനാണ് ബ്രാഹ്മണമതം ശ്രമിച്ചത്. സാമ്പത്തികമായി ഭൂമിയുടെ മേലുള്ള അവകാശം തട്ടിയെടുത്തും ആചാരപരമായി അയിത്തത്തിന്റെ പേരിൽ മാറ്റി നിർത്തിയും ബുദ്ധിപരമായി വിജ്ഞാനസമ്പാദനമാർഗങ്ങളെല്ലാം അടച്ചുകൊണ്ടുമാണ് ബ്രാഹ്മണാധിപത്യം ഈഴവരെ താഴ്ന്ന നിലയിലാക്കിയത്. ഈഴവസമുദായത്തിലും ധാരാളം ഗണങ്ങൾ ലയിച്ചുചേർന്നിട്ടുണ്ട്. കൃഷിചെയ്തു ജീവിക്കുന്ന ഉഴവർ, മദ്യഹാരകന്മാരായ ചാന്റോർ (ചാത്തൻ), യോദ്ധാക്കളായി ജീവിച്ച വില്ലോർ, എന്നിവർ സംഘകാലത്തും; പിന്നീട് ബൗദ്ധപ്രഭവകാലത്ത് അവർ ബുദ്ധമതക്കാരായും ബ്രാഹ്മണമേധാവിത്വകാലത്ത് ഈഴവരായ അയിത്തജാതിക്കാരായും പരിണമിക്കുകയും ചെയ്തു.

### 4.1.8 അവർണർ

നായരും ഈഴവരുമല്ലാത്ത മറ്റ് പല ജാതികളുടേയും ഉത്ഭവം ഗണത്തിന്റെയും തൊഴിലിന്റെയും അടിസ്ഥാനത്തിലായിരുന്നു. പുലങ്ങളിൽ (പുലം-വയൽ) ജോലി ചെയ്തിരുന്നവർ പുലയരായിത്തീർന്നു. പൊറൈയ(പൊറൈയൻ കുന്നിന്മേടുകളിൽ താമസിക്കുന്നവൻ)നാണ് പറയനായിത്തീർന്നത്. വേട്ടുവൻ വേടന്മാരായിരുന്നു. വലവീശി മീൻ പിടിച്ചിരുന്നവർ വാലന്മാരായി. ആശാരിപ്പണി ചെയ്യുന്നവർ തച്ചന്മാരും ഇരുമ്പായുധങ്ങൾ നിർമിക്കുന്നവർ കൊല്ലന്മാരും എന്ന് സംഘംകൃതികളിൽ പോലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ബ്രാഹ്മണാധിപത്യത്തിന് കൂട്ടുനിൽക്കാത്ത ഇവരെല്ലാം അവർണരായി. ഓരോ വിഭാഗത്തിന്റെയും സാമ്പത്തികനിലയനുസരിച്ച് ഇവർ തമ്മിൽത്തന്നെ ഉച്ചനീചത്വങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

### 4.1.9 ജാതിപരമായ അസമത്വം

ജാതിവ്യവസ്ഥ ദൃഢപ്പെടുകയും ജാതിശ്രേണിയിൽ മേൽത്തട്ടുകാരായി വിഭജിക്കുകയും ചെയ്ത ബ്രാഹ്മണർ കീഴ്ത്തട്ടിലുള്ള ജനവിഭാഗങ്ങളെ എല്ലാവിധത്തിലും അടിച്ചമർത്തി. കുറ്റാന്വേഷണത്തിലും ശിക്ഷാവിധിയിലും വരെ ജാതിവിവേചനം കടന്നുവന്നു. ബ്രാഹ്മണർക്ക് തൂക്കുപരീക്ഷ, ക്ഷത്രിയർക്ക് അഗ്നിപരീക്ഷ, വൈശ്യർക്ക് ജലപരീക്ഷ, ശൂദ്രർക്ക് വിഷപരീക്ഷ എന്നതായിരുന്നു രീതി. ബ്രാഹ്മണർക്ക് തടവുശിക്ഷയോ വധശിക്ഷയോ ഉണ്ടായിരുന്നില്ല. അവർണർക്ക് എല്ലാവിധ സാമൂഹികനീതികളും പൊതുമര്യാദകളും വിലക്കപ്പെട്ടു. പൊതുവഴി നടക്കാനോ ക്ഷേത്രങ്ങളിൽ പ്രവേശിക്കാനോ അനുവാദമുണ്ടായിരുന്നില്ല. തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും അക്കാലത്ത് നിലനിന്നു. അവർണർ നമ്പൂതിരിയെ കാണാനിടയായാൽ പ്പോലും അയിത്തം കല്പിച്ചിരുന്നു. ഭരണാധികാരികളുടെ മൗനാനുവാദത്തോടെ താണജാതിക്കാരെ വധിക്കുകപോലും ചെയ്തിരുന്നു. പുലയർ, പറയർ, ചെറുമർ തുടങ്ങിയ സമുദായക്കാരെ കാർഷിക അടിമകളായി കരുതി വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ഏർപ്പാടും ആദ്യകാലങ്ങളിൽ നിലവിലിരുന്നു. പത്തൊൻപതാം നൂറ്റാണ്ടുവരെ ജാതിവിവേചനവും ജാതിപീഡനവും അതിശക്തമായി നിലനിന്നു. പാശ്ചാത്യ മിഷനറിമാരുടെയും ശ്രീനാരായണ ഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, തുടങ്ങിയ സാമൂഹിക പരിഷ്ക്കർത്താക്കളുടെ അശ്രാന്ത പരിശ്രമമാണ് കേരളത്തെ ജാതിഭ്രാന്തിൽ നിന്ന് മോചിപ്പിച്ചത്. 1936-ലെ ക്ഷേത്ര പ്രവേശനവിളംബരത്തോടെ (ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ) എല്ലാ അവർണർക്കും ക്ഷേത്ര പ്രവശനം സാധ്യമാക്കിയത് കേരളചരിത്രത്തിലെ ഒരു സുവർണ്ണ അധ്യായത്തിന് തുടക്കമായി.

## Recap

- ആദികേരളത്തിൽ ദ്രാവിഡ രീതികൾ
- ശ്രീമൂലവാസം എന്ന പ്രധാന ബുദ്ധവിഹാരം
- ഇളങ്കോഅടികൾ അടക്കമുള്ള ജൈനമത വിശ്വാസികൾ
- ബ്രാഹ്മണരുടെ പ്രാമുഖ്യമുണ്ടായതോടെ തകർച്ച
- മാലിക് ഇബിനു ദീനാറിന്റെ വരവും പ്രവൃത്തിയും
- ചേരമാൻ പെരുമാളിന്റെ മക്കായാത്ര എന്ന ഐതിഹ്യം

## Objective Type Questions

1. പ്രാചീനകേരളത്തിലെ ജൂതകച്ചവട സംഘത്തിന്റെ പേര്?
2. ക്രിസ്ത്യാനികളുടെ നേതൃത്വത്തിലുണ്ടായിരുന്ന കച്ചവടസംഘം അറിയപ്പെട്ടിരുന്നത്?
3. ബുദ്ധന്റെ തത്വോപദേശങ്ങൾ വിവരിക്കുന്ന തമിഴ്കൃതി?
4. പ്രാചീനകേരളത്തിലെ ശ്രീമൂലവാസം എന്ന സ്ഥലം ഏത് മതവുമായി ബന്ധപ്പെട്ടതാണ്?
5. ശ്രീമൂലവാസം നിലനിന്നതെന്ന് ഭൂരിപക്ഷാഭിപ്രായമുള്ള സ്ഥലം?

6. പൊതിയിൽമല കേന്ദ്രീകരിച്ച് ഉണ്ടായിരുന്ന ബുദ്ധഭിക്ഷു?
7. ജൈന സന്യാസിമാരെ പ്രതിപാദിക്കുന്ന തമിഴ് കൃതി?
8. ശൈഖ് സൈനുദ്ദീൻ എഴുതിയ ചരിത്രഗ്രന്ഥം?
9. ഇസ്ലാംമത പ്രചാരണത്തിനായി ആദ്യമായി കേരളത്തിലെത്തിയ അറബി?
10. ശ്രീമൂലവാസത്തെ പറ്റി പരാമർശമുള്ള വിക്രമാദിത്യ വരഗുണന്റെ ശാസനമേത്?

## Answers to Objective Type Questions

1. അഞ്ചുവണ്ണം
2. മണിക്കിരാമം
3. മണിമേഖല
4. ബുദ്ധമതം
5. ആലപ്പുഴയിലെ തൃക്കുന്നപ്പുഴ
6. അവലോകിതേശ്വരൻ
7. ചിലപ്പതികാരം
8. തുഹ്ഫത്തുൽ മുജാഹിദീൻ
9. മാലിക്ക് ഇബ്നു ദീനാർ
10. പാലിയം ശാസനം

## Assignments

1. പ്രാചീനകേരളത്തിലെ മതങ്ങളും ആചാരങ്ങളും.
2. കേരളത്തിലെ ബുദ്ധജൈനമതങ്ങളെ കുറിച്ച് വിശദമാക്കുക.

## Suggested Readings

1. സ്കറിയാ സക്കറിയ, 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, താപസം, ചങ്ങനാശ്ശേരി.
2. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. എം.ആർ. രാഘവവാര്യർ, കേരളീയത ചരിത്രമാനങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
5. എം.ജി. ശശിഭൂഷൺ, കേരളചരിത്രം അപ്രിയ നിരീക്ഷണങ്ങൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

യൂണിറ്റ്

2

# ഭക്തിപ്രസ്ഥാനം

## Learning Outcomes

- ഭക്തിപ്രസ്ഥാനത്തിന്റെ തുടക്കം സംബന്ധിച്ച് സാമാന്യധാരണ ലഭിക്കുന്നു
- പ്രാചീനകേരളത്തിലെ ശൈവ-വൈഷ്ണവ മതദർശനങ്ങളെക്കുറിച്ചുള്ള അറിവ് നേടുന്നു
- മതപുനരുജ്ജീവനത്തിൽ ശങ്കരാചാര്യരുടെ ഇടപെടൽ മനസിലാക്കുന്നു
- അദ്വൈത ദർശനത്തെ പരിചയപ്പെടുന്നു

## Prerequisites

ക്രിസ്തുവിന് മൂന്നോ നാലോ നൂറ്റാണ്ടുമുമ്പ് കേരളത്തിലെത്തിയ ആര്യസംസ്കാരം ഇവിടെ നിലവിലുണ്ടായിരുന്ന ദ്രാവിഡ സംസ്കാരത്തെ കീഴ്പ്പെടുത്തിയതോടെയാണ് ഹിന്ദുമതം വ്യവസ്ഥാപിതമായി പ്രചരിപ്പിക്കപ്പെട്ടുതുടങ്ങിയത്. എ.ഡി അഞ്ചാംനൂറ്റാണ്ട് ആകുമ്പോഴേക്കും പൂർത്തിയായ ആര്യാധിനിവേശം സമൂഹത്തിൽ ചില വേർതിരിവുകൾ സൃഷ്ടിച്ചു. ജാതിവ്യവസ്ഥ ശക്തമാകുകയും ഉയർന്നനിലയിൽ വർത്തിച്ചിരുന്ന ജാതികളെ താഴേത്തട്ടുകളിലേക്ക് കൊണ്ടുവരികയും ചെയ്തു. പാണർ, വേടർ, കുറവർ തുടങ്ങിയ ജാതികളെല്ലാം ഇത്തരത്തിൽ സാമൂഹ്യനില താഴ്ത്തപ്പെട്ടവരാണ്. വിദ്യാഭ്യാസത്തിൽ മികച്ചുനിന്ന ദ്രാവിഡരെ തങ്ങളിലേക്ക് കൂട്ടിയോജിപ്പിക്കാൻ ബോധപൂർവമുള്ള പ്രവർത്തനങ്ങൾ ആര്യന്മാർ നടത്തി. കപിലരെപ്പോലുള്ള ദ്രാവിഡ കവികളെ ബ്രാഹ്മണരായി അംഗീകരിച്ചത് ഈ രീതിയുടെ ഭാഗമായിട്ടാണ്.

ദക്ഷിണഭാരതത്തിൽ നിലനിന്ന ദ്രാവിഡ ആചാരങ്ങളെ പൂർണമായി ആര്യന്മാർ തള്ളിക്കളഞ്ഞില്ല. തദ്ദേശീയരുടെ ചില ആചാരങ്ങൾ അവർ അംഗീകരിക്കുകയും അവരുടെ ദൈവങ്ങളെക്കൂടി സ്വന്തം മതത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. ആര്യേതരമായ നാഗാരാധന ഇത്തരത്തിൽ കടന്നുവന്ന ഒന്നാണ്. സംഘകാലത്ത് നിലവിലില്ലാതിരുന്ന നാഗാരാധന അതിനുശേഷമാണ് കേരളത്തിൽ എത്തിയത് എന്നാണ് അനുമാനിക്കപ്പെടുന്നത്. പിതൃപൂജ എന്ന ദ്രാവിഡാചാരവും ഹൈന്ദവമതത്തിലേക്ക് ഇത്തരത്തിൽ പിന്നീട് കൂട്ടിച്ചേർത്തതാണ്. ഇങ്ങനെ ഉത്തരേന്ത്യയിൽ നിന്നെത്തിയ ആര്യസങ്കല്പങ്ങളും ദക്ഷിണേന്ത്യയിൽ നിലനിന്ന ദ്രാവിഡസങ്കൽപ്പങ്ങളും കൂടിച്ചേർന്ന് സവിശേഷരീതിയിലാണ് ഹിന്ദുമതം കേരളത്തിൽ പ്രചരിച്ചത്.

ബുദ്ധ-ജൈന മതങ്ങളുടെ അധഃപതനം സംഭവിച്ചു കഴിഞ്ഞിരുന്നതിനാൽ ഹിന്ദുമതത്തിന് വേഗത്തിൽ വേരോടാനായി. ബുദ്ധരോടും ജൈനരോടും കായികമായ പ്രതിരോധത്തേക്കാൾ സംവാദം അടക്കമുള്ള വൈജ്ഞാനിക വാഗ്വാദങ്ങളിലാണ് ആര്യന്മാർ താല്

പര്യമെടുത്തത്. അതിനായി പ്രമുഖ മീമാംസകനായ കുമാരിലഭട്ടൻ അടക്കമുള്ള ഹൈന്ദവ പണ്ഡിതന്മാരെ കേരളത്തിനു പുറത്തുനിന്ന് കൊണ്ടുവരുന്നതിനും അവർ ശ്രദ്ധപുലർത്തിയിരുന്നു. കുമാരിലഭട്ടന്റെ ഭട്ടമതവും അദ്ദേഹത്തിന്റെ ശിഷ്യൻ പ്രഭാകരൻ മുന്നോട്ടുവെച്ച പുതിയൊരു ചിന്താപദ്ധതിയായ ഗുരുമതവും ജൈനരെയും ബൗദ്ധരെയും ദാർശനികമായി എതിരിട്ടു. കേരളത്തിൽ നിരവധി ശിഷ്യസമ്പത്ത് നേടിയ പ്രഭാകരന്റെ ഗുരുമതത്തിനായിരുന്നു കൂടുതൽ പ്രചാരം. ശാസ്ത്രപഠനത്തിന് നിരവധി പദ്ധതികൾ അന്ന് ആവിഷ്കരിച്ചിരുന്നു.

ഇത്തരത്തിൽ പ്രഭാകരനും പിന്നീട് ശങ്കരാചാര്യരും ഏറ്റെടുത്ത പ്രവർത്തനങ്ങൾക്ക് സ്വാഭാവികമായ ചില പരിമിതികൾ ഉണ്ടായിരുന്നു. ബൗദ്ധികമായി ഉയർന്നുനിന്ന അവരുടെ ആശയങ്ങൾ ഉന്നത ബുദ്ധി നിലവാരമുള്ള ആളുകളിൽ മാത്രമാണ് സ്വീകരിക്കപ്പെട്ടിരുന്നത്. സാധാരണക്കാർക്ക് അവരുടെ ഭാഷ കാര്യമായി മനസിലായില്ല. ഈ വിടവ് നികത്തിയത് ഭക്തിപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളാണ്. വൈഷ്ണവാചാര്യനായ കുലശേഖര ആഴ്വാറും ശൈവാചാര്യൻമാരായ ചേരമാൻ പെരുമാൾ നായനാർ, വിറൽമിണ്ട നായനാർ തുടങ്ങിയവരുമാണ് എ.ഡി. ഒൻപതാം നൂറ്റാണ്ടുമുതൽ സജീവമായ ഈ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. കുലശേഖര ആഴ്വാരുടെ 'പെരുമാൾ തിരുമൊഴി' ഭക്തിപ്രസ്ഥാനത്തിലെ ആദ്യകൃതിയായി കരുതപ്പെടുന്നു. ഭക്തിപ്രസ്ഥാനത്തിലെ ആചാര്യന്മാർ സാധാരണക്കാർക്കിടയിൽ സ്വീകാര്യത നേടിയതോടെ ഹിന്ദുമതത്തിന്റെ വേഗത്തിലുള്ള വളർച്ചയ്ക്ക് തുടക്കമായി. ബുദ്ധ-ജൈനമതങ്ങളുടെ തകർച്ചയും ഇതോടെ പൂർണമായി.

## Keywords

ഭക്തിപ്രസ്ഥാനം-ശൈവമതം-വൈഷ്ണവമതം-ശങ്കരാചാര്യർ-അദ്വൈതം.

## Discussion

### 4.2.1 ശൈവവൈഷ്ണവ മതങ്ങൾ

ദൈവങ്ങളിൽ ശിവന് പ്രാധാന്യം കല്പിക്കുന്നവരാണ് ശൈവ ഭക്തിപ്രസ്ഥാനത്തിൽ ഉണ്ടായിരുന്നത്. അപ്പർ, ജ്ഞാനസംബന്ധർ, സുന്ദരർ, ചേരമാൻ പെരുമാൾ നായനാർ, മാണിക്യവാചകർ തുടങ്ങിയവരാണ് ഇതിൽ പ്രധാനികൾ. ദൈവങ്ങളുടെ കൂട്ടത്തിൽ വിഷ്ണുവാണ് പ്രധാന ദൈവം എന്നവകാശപ്പെട്ടാണ് വൈഷ്ണവ ഭക്തിപ്രസ്ഥാനം വ്യാപിപ്പിച്ചത്. തിരുമഴിശൈ ആഴ്വാർ, കുലശേഖര ആഴ്വാർ, തിരുമങ്കൈ ആഴ്വാർ, നമ്മാഴ്വാർ, പെരിയാഴ്വാർ, ആണ്ടാൾ തുടങ്ങി പന്ത്രണ്ട് പ്രധാന വിഷ്ണുഭക്തർ അക്കാലത്തുണ്ടായിരുന്നു. മനോഹരമായ ഭക്തിഗാനങ്ങൾ ആലപിച്ച് ഒറ്റയ്ക്കും കൂട്ടമായും തങ്ങളുടെ ശിഷ്യൻമാരുടെകൂടെ ഇവർ ക്ഷേത്രങ്ങൾതോറും സഞ്ചരിച്ചു.

ശൈവനായന്മാരിൽ പ്രധാനികളായ അപ്പർ, സംബന്ധർ, മാണിക്യവാചകർ, സുന്ദരർ എന്നിവർ. തങ്ങളുടെ കൃതികളിലൂടെ ജൈനന്മാരെയും ബൗദ്ധന്മാരെയും ആക്രമിക്കാനും അനുയായികളെ ശൈവമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാനും ശ്രമിച്ചു. പല്ലവരാജാവായ മഹേന്ദ്രവർമ്മനെ അപ്പർ ഇത്തരത്തിൽ മതപരിവർത്തനം ചെയ്തതായി പെരിയപുരാണം വിവരിക്കുന്നുണ്ട്. നിന്റ ശീർ നെടുമാരനായനാർ എന്ന പാണ്ഡ്യരാജാവിനെ ശൈവമതത്തിലെത്തിച്ചത് സംബന്ധരാണ്. ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് അപ്പരും സംബന്ധരും ജീവിച്ചിരുന്നത്. ഏഴാംനൂറ്റാണ്ടിന്റെ അവസാനത്തിൽ ജീവിച്ച മാണിക്യവാചകർ ബുദ്ധരെയാണ് ഉന്നംവെച്ചത്. ചേരമാൻ പെരുമാളിന്റെ സമകാലികനായിരുന്ന സുന്ദരരുടെ ജീവിതകാലം എട്ടാംനൂറ്റാണ്ടിന്റെ തുടക്കത്തിലാണ്.

വൈഷ്ണവരിൽ തിരുമഴിശൈ ആഴ്വാർ ആറാംനൂറ്റാണ്ടിന്റെ അവസാനമോ ഏഴാംനൂറ്റാണ്ടിന്റെ തുടക്കത്തിലോ ആണ് ജീവിച്ചിരുന്നത്. തമിഴകത്ത് ജൈനമതത്തെ നിർവീര്യമാക്കിയത് സംബന്ധരുടെയും തിരുമഴിശൈ, തിരുമങ്കൈ എന്നിവരുടെയും ശക്തമായ ഭക്തിപ്രചാരണം കൊണ്ടാണെന്ന് അപ്പർ ഒരു ഗാനത്തിൽ സൂചിപ്പിക്കുന്നതുവെച്ച് അവരുടെ കാലം ഏഴാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ ആണെന്നുകൂടി മനസിലാക്കാവുന്നതാണ്. തിരുമഴിശൈ ആഴ്വാർ ജൈനരെയും ബുദ്ധരെയും എതിർത്തിരുന്നതു പോലെ തന്നെ ശൈവരെയും എതിർത്തിരുന്നു. തിരുമങ്കൈ ആഴ്വാർ ബുദ്ധമതത്തെ കഠിനമായി എതിർത്തു. ഏഴാംനൂറ്റാണ്ടിൽ ജീവിച്ച കുലശേഖരആഴ്വാരും ബുദ്ധമതത്തെ ശക്തമായി എതിർത്തു. പെരിയാഴ്വാറിന്റെ കാലമായ ഒമ്പതാംനൂറ്റാണ്ട് ആയപ്പോഴേക്കും ജൈന-ബൗദ്ധ മതങ്ങൾ തളർന്നിരുന്നു. അദ്ദേഹത്തിന്റെ പുത്രിയാണ് ആണ്ടാൾ. 'തിരുപ്പാവൈ' അടക്കമുള്ള പ്രസിദ്ധമായ ഭക്തിഗാനങ്ങൾ വഴി വലിയ കൂട്ടം ആളുകളെ വിഷ്ണുഭക്തിയിലേക്ക് ആകർഷിക്കാൻ അവർക്കായി.

തമിഴകമാകെ സ്വാധീനമുണ്ടായിരുന്ന 63 ശൈവനായനാർമാരുടെ ഭക്തിഗീതങ്ങൾ 'തിരുമുറൈകൾ' എന്ന പേരിൽ സമാഹരിച്ചിട്ടുണ്ട്. ശൈവനായനാർമാരെ സംബന്ധിച്ച ഐതിഹ്യങ്ങൾ 'പെരിയപുരാണ' മെന്ന പേരിലും സമാഹരിക്കപ്പെട്ടു. വൈഷ്ണവരുടെ ഭക്തിഗാനങ്ങൾ 'നാലായിരം പ്രബന്ധം' എന്ന പേരിലും വൈഷ്ണവ ഭക്തശിരോമണികളുടെ ജീവിതം 'ഗുരുപരമ്പരൈ' എന്ന പേരിലും സമാഹരിച്ചിട്ടുണ്ട്. ശൈവ-വൈഷ്ണവ ഭക്തിപ്രസ്ഥാനങ്ങൾ കേരളത്തിലും ചലനങ്ങൾ സൃഷ്ടിച്ചിരുന്നെങ്കിലും തമിഴകത്താണ് അവയ്ക്ക് വ്യാപകസ്വാധീനം ഉണ്ടായിരുന്നത്. ശൈവ നായനാർമാരിൽ ചേരമാൻ പെരുമാളും വിറൻമിണ്ട നായനാരും വൈഷ്ണവരിൽ കുലശേഖര ആഴ്വാരും മാത്രമാണ് കേരളീയരായി ഉണ്ടായിരുന്നത്. പുണ്യക്ഷേത്രങ്ങളായ തിരുപ്പതികളും കേരളത്തിൽ വളരെ കുറവാണ്. ശൈവർക്ക് ഒന്നും വൈഷ്ണവർക്ക് പതിമൂന്നും ക്ഷേത്രങ്ങളാണ് കേരളത്തിൽ ഉണ്ടായിരുന്നതെന്നതിൽ നിന്ന് ഇവിടെ വൈഷ്ണവമതത്തിനാണ് ശൈവമതത്തിനേക്കാൾ പ്രചാരമുണ്ടായിരുന്നതെന്ന് വ്യക്തമാകുന്നു.

### 4.2.2 ശങ്കരാചാര്യരുടെ അദ്വൈത ദർശനം

കേരളത്തിലെ ഹൈന്ദവാചാര്യന്മാരിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യക്തിത്വമാണ് ശങ്കരാചാര്യരുടേത്. അദ്ദേഹത്തിന്റെ ജീവിതകാലവുമായി ബന്ധപ്പെട്ട് നിരവധി അഭിപ്രായങ്ങളുണ്ട്. എ.ഡി 788 മുതൽ 820 വരെയാണ് മാക്സ്മുള്ളർ ശങ്കരാചാര്യരുടെ ജീവിതകാലമായി കണക്കാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ജനനത്തെ സൂചിപ്പിക്കുന്ന ശ്രീമച്ഛങ്കര വിജയത്തിലുള്ള ശ്ലോകത്തെ അധികരിച്ച് ജീവിതകാലം എ.ഡി 805 മുതൽ 837 വരെയായിരുന്നു എന്ന വാദവും ശക്തമാണ്. ശങ്കരാചാര്യർ ഇന്ത്യയൊട്ടാകെ സഞ്ചരിക്കുകയും ശാക്തന്മാർ, കാപാലികന്മാർ, പഞ്ചരാത്രന്മാർ, ശൈവന്മാർ, അർഹതന്മാർ തുടങ്ങിയവരുമായി വാഗ്വാദങ്ങളിൽ ഏർപ്പെട്ട് അവരെ പരാജയപ്പെടുത്തുകയും ചെയ്തിരുന്നതായി പറയപ്പെടുന്നു. എല്ലാവരെയും ജയിച്ച് ഒടുവിൽ കാശ്മീരിലെത്തി അദ്ദേഹം സർവജ്ഞപീഠത്തിൽ ആരോഹണം ചെയ്യപ്പെട്ടു. ഇന്ത്യയിൽ നിന്നുതന്നെ ബുദ്ധമതം നിഷ്കാസനം ചെയ്യുന്നതിലുള്ള പ്രധാനപങ്ക് ശങ്കരാചാര്യരുടേതാണ്. ഇന്ത്യയുടെ നാലു കോണുകളിലായി നാലുമഠങ്ങൾ അദ്ദേഹം സ്ഥാപിച്ചു. വടക്ക് ബദരീനാഥിലും കിഴക്ക് ജഗന്നാഥപുരിയിലും പടിഞ്ഞാറ് ദ്വാരകയിലും തെക്ക് ശൃംഗേരിയിലുമാണ് മഠങ്ങൾ സ്ഥാപിച്ചത്. തൃശ്ശൂരിൽ വച്ചാണ് അദ്ദേഹത്തിന്റെ അന്ത്യമുണ്ടായതെന്ന് വിശ്വസിക്കപ്പെടുന്നു. വടക്കുന്നാഥ ക്ഷേത്രത്തിനുള്ളിലെ ശംഖചക്രകുടീരവും അദ്ദേഹത്തിന്റെ ശിഷ്യന്മാർ അവിടെ സ്ഥാപിച്ച നാല് മഠങ്ങളും ഇതിനു തെളിവായി ഉള്ളൂർ ചൂണ്ടിക്കാണിക്കുന്നു (കേരള സാഹിത്യചരിത്രം).

ഗൗഡപാദന്റെ മാണ്ഡൂക്യകാരികയ്ക്കും ബാദരായണന്റെ ബ്രഹ്മസൂത്രത്തിനും ഭഗവത് ഗീതയ്ക്കും രചിച്ച ഭാഷ്യങ്ങളിലൂടെയാണ് ശങ്ക

രാചാര്യർ അദ്വൈത ദർശനം ആവിഷ്കരിച്ചത്. മാണ്ഡൂക്യകാരികയുടെ ഭാഷ്യത്തിൽ ആത്മാവും ബ്രഹ്മവും ഒന്നാണെന്ന അദ്വൈത ചിന്ത ആദ്യമായി അവതരിപ്പിച്ചു. ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യത്തിലാണ് കൂടുതൽ വ്യക്തമായി അവയെ പ്രതിപാദിച്ചിട്ടുള്ളത്. ബ്രഹ്മം, ആത്മാവ്, മായ, അവിദ്യ, സംസാരം, മോക്ഷം, പ്രകൃതി, ഉപാധി തുടങ്ങിയ ആധ്യാത്മിക വിഷയങ്ങൾ അതിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പാമ്പിനെ കണ്ടു കയറാണെന്ന് ശങ്കിക്കുന്നതുപോലെയാണ് പ്രപഞ്ചത്തിന്റെ മായാസ്വഭാവം എന്നദ്ദേഹം വിശദീകരിക്കുന്നു. ബ്രഹ്മത്തെ മായ മൂടിയിരിക്കുന്നതുപോലെ മനുഷ്യാത്മാവിനെ അവിദ്യ കീഴടക്കിയിരിക്കുന്നു. അവിദ്യയെ ദുരീകരിച്ചാൽ ബ്രഹ്മജ്ഞാനം ഉണ്ടാകുകയും അങ്ങനെ ജീവാത്മാവും പരമാത്മാവും ഒന്നാണെന്ന സത്യത്തിലേക്ക് എത്തുകയും ചെയ്യും. ഇതാണ് അദ്വൈത ദർശനത്തിന്റെ സംഗ്രഹം.

ഭാരതത്തിൽ അന്നു നിലനിന്ന എല്ലാ ചിന്താപദ്ധതികളെയും കൂട്ടിച്ചേർത്തു വിശാലമായ ഒരു തത്ത്വദർശനം ഉണ്ടാക്കിയതാണ് ശങ്കരാചാര്യരുടെ വിജയം. അതുവരെയുണ്ടായിരുന്ന മതങ്ങൾ തമ്മിലുള്ള വൈരുധ്യങ്ങൾ അടിസ്ഥാനരഹിതമാണെന്നും ദൈവങ്ങളെ സംബന്ധിച്ച തർക്കം അർഥശൂന്യം ആണെന്നും അദ്ദേഹം ജനങ്ങളെ ബോധ്യപ്പെടുത്തി. ആത്മജ്ഞാനികൾക്കായി അദ്വൈതതത്വം ഉപദേശിച്ചപ്പോൾ സാമാന്യജനങ്ങൾ ധർമനീതിക്കനുസരിച്ച് ജീവിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇത് ഒരർഥത്തിൽ മനുസ്മൃതിയിലെ ജാതിവ്യവസ്ഥയ്ക്കും നമ്പൂതിരിമാർ ആഗ്രഹിച്ച അയിത്താചാരത്തിനും അംഗീകാരം നൽകൽ കൂടിയായി. ഏതായാലും വേദാന്തദർശനത്തിന് ശങ്കരാചാര്യർ നേടിക്കൊടുത്ത ഉൾക്കാഴ്ച ഇന്ത്യയിലെങ്ങും ഹിന്ദുമതത്തിന്റെ ഉയർച്ചയ്ക്ക് കാരണമായി.

## Recap

- ആര്യസംസ്കാരം ദ്രാവിഡ സംസ്കാരത്തെ കീഴ്പ്പെടുത്തിയ തുടക്കം
- ദ്രാവിഡ ആചാരങ്ങൾക്കൂടി ഉൾപ്പെടുത്തിയ രീതി
- ശിവന് പ്രാധാന്യം കല്പിച്ച ശൈവരും, വിഷ്ണുവിന് പ്രാധാന്യം കൽപിച്ച വൈഷ്ണവരും
- ശൈവനായനാർമാരുടെയും ആഴ്വാർമാരുടെയും ഭക്തിഗീത സമാഹാരങ്ങൾ
- ശങ്കരാചാര്യരുടെ വാഗ്വാദങ്ങളും മഠങ്ങളും
- ആത്മാവും ബ്രഹ്മവും ഒന്നാണെന്ന അദ്വൈത ചിന്ത

## Objective Type Questions

1. ആര്യന്മാർ ബ്രാഹ്മണനായി അംഗീകരിച്ച ദ്രാവിഡ കവി?
2. ദ്രാവിഡസംസ്കാരത്തിൽ നിന്നും ആര്യന്മാർ സ്വീകരിച്ച ആചാരങ്ങൾ?
3. ഭട്ടമതം സ്ഥാപിച്ചതാര്?
4. പ്രഭാകരന്റെ ചിന്താപദ്ധതിയുടെ പേര്?
5. പല്ലവരാജാവായ മഹേന്ദ്രവർമനെ ശൈവമതത്തിൽ എത്തിച്ച ആചാര്യൻ?
6. "തിരുപ്പാവൈ'' എന്ന ഭക്തിഗാനത്തിന്റെ രചയിതാവ്?
7. ശൈവനായനാർമാരുടെ ഭക്തി ഗീതങ്ങളുടെ സമാഹാരം?
8. വൈഷ്ണവരുടെ ഭക്തിഗാനങ്ങൾ അറിയപ്പെടുന്ന പേര്?
9. ശങ്കരാചാര്യർ ഇന്ത്യയുടെ തെക്കു ഭാഗത്ത് ഏതു സ്ഥലത്താണ് മഠം സ്ഥാപിച്ചത്?
10. ശങ്കരാചാര്യർ അദ്വൈത സങ്കല്പം വിശദീകരിക്കുന്ന ആധ്യാത്മിക കൃതി?

## Answers to Objective Type Questions

1. കപിലർ
2. നാഗാരാധന, പിതൃപൂജ
3. കുമാരിലഭട്ടൻ
4. ഗുരുമതം
5. അപ്പർ
6. ആണ്ടാൾ
7. തിരുമുറൈകൾ
8. നാലായിരം പ്രബന്ധം
9. ശൃംഗേരി
10. ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യം

## Assignments

1. ഭക്തിപ്രസ്ഥാനത്തിന്റെആവിർഭാവവും വികാസവും.
2. ശങ്കരാചാര്യരുടെ അദ്വൈതദർശനം.

## Suggested Readings


1. കേസരി ബാലകൃഷ്ണപിള്ള, ചരിത്രത്തിന്റെ അടിവേരുകൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. കെ.കെ. കൊച്ച്, കേരള ചരിത്രവും സമൂഹരൂപീകരണവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഡോ.എം.എൻ. നമ്പൂതിരി, കേരള സംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.
4. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്രനിഘണ്ടു, വാല്യം 1, 2, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എ. ശ്രീധരമേനോൻ, ഇന്ത്യാചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
6. പന്മന രാമചന്ദ്രൻ നായർ, കേരള സംസ്കാര പഠനങ്ങൾ, എഡി. കറന്റ് ബുക്സ്, കോട്ടയം.

BLOCK - 05

# ജന്മി സമ്പ്രദായത്തിന്റെ കാലം

യൂണിറ്റ് 1

# കേരളത്തിലെ ജന്മിസമ്പ്രദായം

## Learning Outcomes

- കേരളത്തിൽ ജന്മികുടിയാൻ ബന്ധം ഉണ്ടായിവന്ന സാഹചര്യം മനസിലാക്കുന്നു
- ബ്രഹ്മസ്വം ദേവസ്വം ഭൂമികളെക്കുറിച്ച് അറിവ് നേടുന്നു
- ജന്മി സമ്പ്രദായത്തിൽ ഉൾക്കൊള്ളുന്ന ജന്മം, പാട്ടം, കുടിയായ്മ എന്നിവയെ കുറിച്ച് ധാരണ നേടുന്നു

## Prerequisites

ജന്മിസമ്പ്രദായം കേരളത്തിൽ പൊടുന്നനെ ഉത്ഭവിച്ചതല്ല. നൂറ്റാണ്ടുകളായി അതിന് സാഹചര്യം ഒരുങ്ങുകയും നൂറ്റാണ്ടുകളിലൂടെ അത് ശക്തിപ്പെടുകയും ചെയ്തതാണ്. എ.ഡി ആറുവരെയുള്ള നൂറ്റാണ്ടുകളിൽ കേരളത്തിൽ വണികർ, ഉഴവർ, വേളാവർ, ചാന്റോർ തുടങ്ങിയ വിഭാഗങ്ങളായിരുന്നു സ്വത്തിന്റെ ഉടമകൾ. വിനൈഞർ, അടിയാർ തുടങ്ങിയവർ ആ ഭൂമിയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളും. പ്രാചീന വർഗസമുദായം എന്നാണ് ഈ സാമൂഹ്യ വ്യവസ്ഥിതിയെ വിളിച്ചിരുന്നത്. ഭൂമിയിൽനിന്നുമുള്ള ആദായത്തിന്റെ ആറിൽ ഒരു ഭാഗം രാജഭോഗമായി രാജാവിന് നൽകിയിരുന്നു. അതോടൊപ്പം രാജാക്കന്മാർ തങ്ങളെ പ്രീതിപ്പെടുത്തുന്ന പണ്ഡിതർക്കും ബ്രാഹ്മണർക്കും ഭൂമി ദാനമായി നൽകിയിരുന്നു. മേൽപ്പറഞ്ഞ വിഭാഗങ്ങൾ കൃഷിചെയ്തിരുന്ന ഭൂമി തന്നെയാണ് ഇങ്ങനെ ദാനം നൽകിയിരുന്നത്. രാജാവിന് രാജഭോഗം നൽകുന്നതുപോലെ ദാനംകിട്ടിയ ഭൂവുടമയ്ക്കും കർഷകൻ ഒരു വിഹിതം കൊടുക്കേണ്ടതുണ്ടായിരുന്നു. ഫലത്തിൽ രാജാവിന് തുല്യമായി ഓഹരി, അതുപോലെ അവകാശികളായി മാറുന്ന മറ്റൊരു വിഭാഗത്തിനും നല്കേണ്ട സ്ഥിതിയായി. ബുദ്ധമതം ശക്തമായിരുന്ന കാലത്ത് ബുദ്ധവിഹാരങ്ങൾക്ക് ഇങ്ങനെ ധാരാളം ഭൂമി ലഭിച്ചിരുന്നു. കേരളത്തിൽ ബുദ്ധമതം ക്ഷയിക്കാൻ തുടങ്ങിയ കാലത്തെ ബുദ്ധഭിക്ഷുക്കളിൽ പലരും ഈ ഭൂമി ലഭിച്ച സൗകര്യങ്ങൾ കൊണ്ടുകൂടിയാണ് അലസരായിത്തീർന്നത്.

ഏഴാം നൂറ്റാണ്ടിൽ എത്തിയതോടെ സ്ഥിതിഗതികൾ മാറാൻ തുടങ്ങി. പുതുതായി നിലവിൽവന്ന ക്ഷേത്രങ്ങൾക്കാണ് പിന്നീട് രാജാക്കന്മാർ ഭൂമി ദാനംചെയ്തത്. ആര്യാധിനിവേശത്തെത്തുടർന്ന് ബ്രാഹ്മണർ നിർണായക ശക്തിയാകുകയും ചാതുർവർണ്യവ്യവസ്ഥ പ്രചരിക്കാൻ തുടങ്ങുകയും ചെയ്തിരുന്നു. സമൂഹത്തിൽ സാമൂഹികവും രാഷ്ട്രീയവും മതപരവുമായി പ്രമുഖരായ ബ്രാഹ്മണരുടെ പ്രീതി പിടിച്ചുപറ്റാനായി അവർക്കും ധാരാളം ഭൂമിദാനം ചെയ്യപ്പെട്ടു. എട്ടും ഒൻപതും നൂറ്റാണ്ടുകളിൽ തുടർന്ന ഈ ഭൂമിദാനമാണ് കേരളത്തിൽ ജന്മിസമ്പ്രദായം ഉടലെടുക്കാൻ കാരണമായത്. ഒമ്പതാം നൂറ്റാണ്ടിലെ ഭൂമിദാന



SREENARAYANAGURU OPEN UNIVERSITY

വുമായി ബന്ധപ്പെട്ട രേഖകൾ ഇളംകുളം കുഞ്ഞൻപിള്ള സമാഹരിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്. കരുന്തനടുക്കൻ എന്ന ആയരാജാവിന്റെയും കോതരവിയുടെയും ഇന്ദുക്കോതയുടെയും ദാനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. ക്ഷേത്രത്തിലെ ഉത്സവങ്ങൾക്കും നിത്യചെലവുകൾക്കും നമ്പൂതിരി വിദ്യാർഥികൾക്ക് താമസിച്ചുപഠിക്കാനുള്ള ചെലവുകൾക്കും അനേകായിരം ഏക്കർ നിലം ദാനമായി നൽകിയിരുന്നു. ക്ഷേത്രങ്ങളിലെ ഒരുവർഷത്തെ വിവിധ ചെലവുകളിലേക്കായി ചില ഗ്രാമങ്ങൾ മുഴുവനായിത്തന്നെ ദാനം നൽകിയിട്ടുണ്ട്.

എ.ഡി പതിനൊന്നാം നൂറ്റാണ്ടുമുതൽ ജന്മി കുടിയാൻ വ്യവസ്ഥ കൂടുതൽ ശക്തിപ്രാപിച്ചു. നമ്പൂതിരിമാരുടെ തീരുമാനങ്ങൾ മരുമക്കത്തായം എന്ന ദായക്രമത്തെയും അതിന്റെഭാഗമായ സംബന്ധം എന്ന ബഹുഭർതൃത്വ സമ്പ്രദായത്തെയും അവതരിപ്പിച്ചു. മരുമക്കത്തായം അതിന്റെ സ്വാഭാവിക ചുറ്റുപാടായാണ് കൂട്ടുകുടുംബങ്ങളെ നിർമിച്ചത്. മാതാവ്, മക്കൾ, പേരക്കുട്ടികൾ, സഹോദരീ- സഹോദരന്മാർ എന്നിവരെല്ലാം ഒരു വീട്ടിൽ തന്നെ ജീവിച്ചു. ഒറ്റനോട്ടത്തിൽ കുടുംബത്തിലെ മുതിർന്ന സ്ത്രീയ്ക്കാണ് അധികാരമെന്ന് തോന്നുമെങ്കിലും കുടുംബ കാരണവരായ പുരുഷനാണ് ഭരണം നിർവഹിച്ചത്. ഇങ്ങനെ നിലവിലിരുന്ന നാടുവാഴിത്ത വ്യവസ്ഥയുടെ പരിണിതഫലമായാണ് കേരളത്തിൽ ജന്മിസമ്പ്രദായം ഉടലെടുത്തത്.

## Keywords

ജന്മി-കുടിയാൻ-ദേവസ്വം-ബ്രഹ്മസ്വം-ജന്മം-പാട്ടം.

## Discussion

### 5.1.1 ജന്മിത്തം

മധ്യകാലകേരളത്തിലെ സവിശേഷമായ ഒരു സാമൂഹിക ഘടനയായിരുന്നു ജന്മിത്തം. ജന്മം എന്നാൽ ജനിക്കുമ്പോൾത്തന്നെയുള്ളത് എന്നർഥം. ജന്മാവകാശമുള്ള വസ്തുക്കൾ അനുഭവിക്കുന്നയാളാണ് ജന്മി. ഊരാൺമാവകാശം പാരമ്പര്യവഴിക്കായിത്തീരുന്നതിനുമുമ്പ് ജീവിതകാലം അതായത് ജന്മം മുഴുവൻ ആ അവകാശം വച്ചുപുലർത്തുന്ന ഒരു ഘട്ടമുണ്ടായിരുന്നു. ജന്മാവകാശത്തിൽ നിന്നാണ് ജന്മിയുടെ ഉത്ഭവം. ബ്രാഹ്മണർക്ക് ഭൂമി ദാനം ചെയ്യാനാരംഭിച്ച ഏർപ്പാടിൽ നിന്നാണ് ജന്മഭൂമികളുടെ തുടക്കം. ഭൂമിദാനം ചെയ്യപ്പെട്ടവനുപുറമേ അയാളുടെ സന്തതി പരമ്പരകൾക്കും ഭൂമിയുടെ അധികാരം ലഭിച്ചിരുന്നു. ഒരാൾ ഭൂമി സ്വകാര്യമായി വയ്ക്കുകയും, ഭൂമിയില്ലാത്തവർക്ക് ഒരു നിശ്ചിതകാലത്തേക്ക് ആ ഭൂമിയിൽ പണിയെടുക്കാൻ അവസരം നൽകുകയും, അതിനുപകരമായി അവർ ഉത്പാദിപ്പിക്കുന്ന വിളവിന്റെ നിശ്ചിത അംശം വാങ്ങിച്ചെടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ജന്മിസമ്പ്രദായം. ആ അർഥത്തിൽ ജന്മാവകാശം ഭൂമിയിൽ നിന്നുള്ള വിളവിന്റെ ഒരു പങ്കിന്മേലുള്ള അവകാശം കൂടിയായിത്തീരുന്നു എന്നുകാണാം.

ജന്മിസമ്പ്രദായത്തിന്റെ കാരണമായി ഇളംകുളം സൂചിപ്പിക്കുന്നത് ഒരു നൂറ്റാണ്ടോളം ഇവിടെത്തുടർന്നതും, നൂറ്റാണ്ടുയുദ്ധമെന്ന പേരിലറിയപ്പെട്ടതുമായ ചേരചോളാക്രമണങ്ങളെയാണ്. കൊല്ലവർഷം ആദിശതകങ്ങളിലെ പ്രബലശക്തിയായ കുലശേഖരന്മാരും ചോളരാജാക്കന്മാരും തമ്മിലുണ്ടായ ആക്രമണ പ്രത്യാക്രമണങ്ങളിൽ അബ്രാഹ്മണരായ ജനങ്ങൾ യുദ്ധത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അവർക്ക് ക്ഷേത്രഭരണങ്ങളിൽ താല്പര്യവും കുറഞ്ഞു. ഇതോടെ

ക്ഷേത്രങ്ങളുടെ ഊരാളന്മാരായ നമ്പൂതിരിമാർ ക്ഷേത്രസ്വത്തുക്കളും ക്ഷേത്രസംഭാവനകളും ആദായങ്ങളുമെല്ലാം കയ്യടക്കി. അതേസമയം ചെറുകിട പാട്ടക്കാരും കുടിയാന്മാരും തങ്ങളുടെ കൈവശമിരുന്ന സർവസ്വത്തുക്കളും ക്ഷേത്രങ്ങൾക്ക് കാഴ്ചവച്ചു. ദേവസ്വം - ബ്രഹ്മസ്വം സ്വത്തുക്കളെ ശത്രുക്കൾ ആക്രമിക്കുകയില്ലെന്ന പ്രതീക്ഷയിലാണിങ്ങനെ ചെയ്തത്. ഈ പരിതസ്ഥിതിയിൽ നമ്പൂതിരിമാർ സമ്പന്നരായ ജന്മികളായിത്തീരുകയാണുണ്ടായത്. എന്നാൽ ചേരചോളയുദ്ധത്തെ ജന്മിസമ്പ്രദയത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെടുത്താനാവില്ല എന്നൊരു വാദവുമുണ്ട്. കാരണം കേരളത്തിന്റെ പ്രധാനഭാഗങ്ങളെ ഈ യുദ്ധം നേരിട്ടു ബാധിച്ചിരുന്നില്ല

രണ്ടാം ചേരസാമ്രാജ്യം എ.ഡി പതിനൊന്നാം നൂറ്റാണ്ടോടെ ശിഥിലമായത് കേന്ദ്രീകൃത വ്യവസ്ഥയുടെ കൂടി തകർച്ചയായി മാറി. നാടുവാഴികൾ അവരുടെ സ്വാതന്ത്ര്യവും അധികാരവും ഉറപ്പിക്കാൻ ആരംഭിച്ചു. കോഴിക്കോട് വേണാട് രാജവംശങ്ങളുടെ അധികാരത്തിൽ നാടുവാഴികൾ കുറെയൊക്കെ നിയന്ത്രിക്കപ്പെട്ടെങ്കിലും ക്ഷേത്രസങ്കേതം വ്യത്യസ്തമായി തന്നെ നിന്നു. ആഴ്വാഞ്ചേരി തമ്പ്രാക്കളോടല്ലാതെ മറ്റൊരു ഭരണാധികാരികളോടും തങ്ങൾക്ക് വിധേയത്വമില്ല എന്ന ഭാവമാണ് ബ്രാഹ്മണർക്കുണ്ടായിരുന്നത്. ജന്മിത്ത വ്യവസ്ഥയുടെ തലവനായിരുന്ന നാടുവാഴിക്ക് നിയന്ത്രിതമായ അധികാരങ്ങളുണ്ടായിരുന്നു. അവരുടെ ഭൂസ്വത്തിൽ അടിമകൾ കൃഷി ചെയ്യും. മറ്റു വഴിക്കും നല്ല വരുമാനം നാടുവാഴിക്കുണ്ടായിരുന്നു. കയറ്റുമതിക്കും ഇറക്കുമതിക്കും തീരുവ, ഗതാഗതനികുതി, സമീപത്തുള്ള ഏതെങ്കിലും നാടുവാഴിയുടെ അന്യാധീനപ്പെടുന്ന സ്വത്ത്, കാരണവരുടെ മരണശേഷം അനന്തരാവകാശി കുടുംബഭരണം ഏറ്റെടുക്കുമ്പോൾ പുരുഷാന്തരം, അവകാശികളില്ലാതെ ഉടമസ്ഥൻ മരിച്ചാൽ എല്ലാം നാടുവാഴിയിൽ നിക്ഷിപ്തമാകുന്ന അറ്റാലടക്കം, കുടുംബത്തിലേക്ക് ദത്തെടുക്കണമെങ്കിൽ നൽകേണ്ട കെട്ടുകാഴ്ച എന്നിവയെല്ലാം നാടുവാഴിയുടെ വരുമാനമാർഗങ്ങളാണ്. കൂടാതെ വിവാഹം, പ്രസവം, മരണം, ഗൃഹപ്രവേശം തുടങ്ങിയ വിശേഷാവസരങ്ങളിളെല്ലാം നാടുവാഴികൾക്ക് സംഭാവന നൽകണം. പരപുരുഷസംഗമം ആരോപിക്കപ്പെടുന്ന സ്ത്രീയെ വിദേശവ്യാപാരികൾക്ക് വിൽക്കുകയും അതിന്റെ പ്രതിഫലം വാങ്ങുകയും ചെയ്യും. ആരെങ്കിലും സ്വർണം വാങ്ങിയാൽ അതിന്റെ വിഹിതം, പൗരരെ സംരക്ഷിക്കുന്നതിനായി രക്ഷാഭോഗം, ചങ്ങാതം എന്നീ നികുതികളും വരുമാനം തന്നെ. രണ്ടു കക്ഷികൾ തമ്മിൽ തർക്കം ഉണ്ടായാൽ അങ്കംവെട്ടി പരിഹരിക്കുന്നതിനും അനുമതിക്കായി നാടുവാഴിക്ക് പണം നൽകണം. തന്റെ അതിർത്തിയിലുള്ള വിവാഹ ചടങ്ങുകൾ നടത്തി കൊടുക്കേണ്ടത് നാടുവാഴിയാണ്. വ്യക്തികളിൽനിന്ന് പണമോ സാധനങ്ങളോ സ്വീകരിച്ച് മേനോൻ തുടങ്ങിയ പദവികൾ കൊടുക്കുന്ന രീതിയും ഉണ്ടായിരുന്നു. രണ്ടു കയ്യിലും വള അണിയണമെങ്കിലും മൂക്കുത്തി ധരിക്കാനും കാലുള്ള കുട ഉപയോഗിക്കാനും നാടുവാഴിയുടെ അനുമതി വേണം. അടിയന്തിരഘട്ടങ്ങളിൽ അക്രമത്തിലേക്ക് പോവാനും കൊല്ലുംകൊലയും നടത്താനും നാടുവാഴിക്ക് അധികാരമുണ്ടായിരുന്നു. ഇങ്ങനെ ജന്മിക്ക് കാരണം ഒന്നും ബോധിപ്പിക്കാതെതന്നെ ഒരാളെ കൊല്ലാൻപോലും തടസങ്ങളില്ലാതിരുന്നത്രയും ശക്തമായിരുന്നു കേരളത്തിലെ ജന്മിസമ്പ്രദായം.

ജന്മി സമ്പ്രദായത്തിൽ അഞ്ചു തട്ടുകൾ ഉണ്ടായിരുന്നു. ഉടയവർ, ഊരാളർ, കാരാളർ, കുടിയാർ, അടിയാർ എന്നിങ്ങനെ അഞ്ചുതട്ടുകൾ. നാടുവാഴികളാണ് ഉടയവർ. ബ്രാഹ്മണ ഗ്രാമങ്ങളുടെയും ക്ഷേത്രങ്ങളുടെയും നിയന്ത്രണമാണ് ഊരാളർക്കുണ്ടായിരുന്നത്. ഭൂവുടമകളിൽ വലിയൊരു ഭാഗമാണ് കാരാളർ. ക്ഷേത്രങ്ങൾക്കും ഊരാളർക്കും സേവനങ്ങൾ നൽകാൻ ബാധ്യതയുള്ളവരായിരുന്നു കാരാളർ. ഭൂമിയിൽ ഉല്പാദനവൃത്തിയുടെ ഉത്തരവാദിത്വം കുടിയാർക്കും അടിയാർക്കുമാണുണ്ടായിരുന്നത്. അഞ്ച് വിഭാഗങ്ങൾ തമ്മിലും വ്യക്തമായ ആശ്രിതത്വ ബന്ധങ്ങൾ നിലവിലുണ്ടായിരുന്നു. കുടിയാരും അടിയാരും ഒരേതട്ടിലുള്ളവർ തന്നെയാകുന്ന

സ്ഥിതി ഉണ്ടായിരുന്നു. കേരളത്തിലെല്ലായിടത്തും ഇങ്ങനെ അഞ്ചുതട്ടുകൾ സജീവമായിരുന്നില്ല. ബ്രാഹ്മണഗ്രാമങ്ങളും ക്ഷേത്രങ്ങളും സ്ഥാപിക്കപ്പെട്ടു, നാടുവാഴികളുടെ കോയ്മ ശക്തമായിരുന്ന സ്ഥലങ്ങളിലാണ് ഇതു സജീവമായത്.

ചേരന്മാരും ചോളന്മാരും തമ്മിലുണ്ടായ യുദ്ധത്തോടെയാണ് കേരളത്തിൽ ജന്മിസമ്പ്രദായം ആരംഭിക്കുന്നത്. വലിയൊരു വിഭാഗം ജനങ്ങൾക്ക് യുദ്ധത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിവന്നതുകൊണ്ടുതന്നെ അവർക്ക് ക്ഷേത്രത്തിന്റെയും മറ്റും കാര്യങ്ങളിൽ ശ്രദ്ധിക്കാൻ പറ്റാതെയായി. ക്ഷേത്രങ്ങളുടെ ഊരാളന്മാരായിരുന്ന നമ്പൂതിരിമാരുടെ കൈകളിലേക്ക് സ്വത്തുക്കളും വരുമാനവും വന്നുചേർന്നു. സഭൈപ്പെരുമക്കൾ, സഭയാര്യർ, പരുടൈയാർ എന്നും മറ്റും ശാസനങ്ങളിൽ സൂചിപ്പിക്കുന്നത് ഈ ഊരാളരെയാണ്. അതോടൊപ്പം യുദ്ധസമയത്ത് ശത്രുക്കളുടെ ആക്രമണം ഇല്ലാതിരിക്കാനും നികുതി അടയ്ക്കുന്നതിൽനിന്ന് ഒഴിവായിക്കിട്ടാനും ചെറുകിടപാട്ടക്കാരും കുടിയാന്മാരും അവരുടെ വസ്തുവകകളും ബ്രാഹ്മണരെ ഏൽപ്പിക്കുകയോ ക്ഷേത്രങ്ങളിൽ സമർപ്പിക്കുകയോ ചെയ്തു. ഇവ യഥാക്രമം ബ്രഹ്മസ്വം ഭൂമിയായും ദേവസ്വം ഭൂമിയായും അറിയപ്പെട്ടു. രാജാവിനുകൊടുത്തുകൊണ്ടിരുന്ന രാജഭോഗം ക്ഷേത്രങ്ങൾക്കോ ബ്രാഹ്മണർക്കോ നൽകിയാൽ മതി. ദൈവത്തിന്റെയും ബ്രാഹ്മണന്റെയും പ്രീതി ലഭിക്കുകയും ചെയ്യും. ബ്രഹ്മസ്വം, ദേവസ്വം വസ്തുവകകൾ യുദ്ധത്തിൽ ആക്രമിക്കില്ല എന്ന പ്രതീക്ഷയിലാണ് അവരത് ചെയ്തത്. ഇങ്ങനെ ബ്രാഹ്മണർ സമ്പന്നരായ ജന്മികളായിത്തീർന്നു. ചേര-ചോള യുദ്ധം കേരളത്തെ കാര്യമായി ബാധിക്കാത്തതിനാൽ ഈ വാദം അപ്രസക്തമാണ് എന്ന അഭിപ്രായം ചില പണ്ഡിതർ മുന്നോട്ടു വെച്ചിട്ടുണ്ട്. ക്ഷേത്ര ഊരാളന്മാരായ നമ്പൂതിരിമാരിലൂടെയാണ് ജന്മിത്വം വളർന്നതെന്ന് അവരും പറയുന്നു.

വലിയ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നവരെന്ന നിലയിൽ ഊരാളൻമാരുടെ സ്വാധീനവും സാമ്പത്തികശേഷിയും വർധിച്ചു. ക്ഷേത്രസ്വത്തുക്കളിൽനിന്നുള്ള വരുമാനം അന്യായമായി കൈപ്പറ്റാൻ തുടങ്ങി. ഇതിനെ നിയന്ത്രിക്കാൻ വേണ്ടിയാണ് 'മൂഴിക്കളം കച്ചം' ഏർപ്പെടുത്തിയത്. തിരുവല്ല, കവിയൂർ, തിരുനെല്ലി തുടങ്ങി പല പ്രശസ്ത ക്ഷേത്രങ്ങളിലെ രേഖകളിലും മൂഴിക്കുളം കച്ചത്തെ കുറിച്ചുള്ള പരാമർശങ്ങൾ കാണാം. ഊരാളൻമാരുടെ തട്ടിപ്പു നിയന്ത്രിക്കുക എന്ന ലക്ഷ്യമാണ് അതിന് പ്രധാനമായും ഉണ്ടായിരുന്നത്. ക്ഷേത്ര നടത്തിപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും കൃഷി ചെയ്യുന്ന കുടിയാന്മാരെ ഒഴിപ്പിച്ചു കൂടുതൽ പാട്ടം ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളരുത് എന്നിവയായിരുന്നു കച്ചത്തിന്റെ പ്രധാന വ്യവസ്ഥകൾ. ഇത് ലംഘിക്കുന്നവരെ കർശനമായി ശിക്ഷിക്കുകയും ചെയ്യും. ഒമ്പതാം നൂറ്റാണ്ടായിരിക്കണം മൂഴിക്കളം കച്ചത്തിന്റെകാലം. കടങ്കാട്ടു കച്ചം, ശങ്കരമംഗലത്ത് കച്ചം, കൊടുവായൂർ വേലികച്ചം, തവനൂർ കച്ചം തുടങ്ങിയ പുതിയ കച്ചങ്ങളുമുണ്ടായി. ക്ഷേത്രങ്ങളെയും ബ്രാഹ്മണഗ്രാമങ്ങളെയും സംബന്ധിച്ച എല്ലാഇടപാടുകളും കച്ചങ്ങൾവഴി നിയന്ത്രിക്കപ്പെട്ടു. കുലശേഖരന്മാരുടെ കാലത്ത് ഈ വ്യവസ്ഥകൾ ഏറെക്കുറെ പാലിക്കപ്പെട്ടുപോന്നു. എന്നാൽ ചോളന്മാരുടെ ആക്രമണം ആരംഭിച്ചതോടെ ബ്രാഹ്മണരെയും നാടുവാഴികളെയും നിയന്ത്രിക്കാനാകാതെ വന്നു. ഈ സാഹചര്യത്തിൽ വളരെയധികം സ്വത്തുക്കൾ ബ്രഹ്മസ്വം ആയി മാറി. രാജ്യത്തെ മിക്ക ഭൂസ്വത്തും ദേവസ്വം ബ്രഹ്മസ്വം ഭൂമികളായി മാറി.

### 5.1.2 ക്ഷേത്ര കേന്ദ്രീകൃത സംസ്കാരം

കുലശേഖര സാമ്രാജ്യത്തിന്റെ പതനത്തോടെ കേരളം പ്രാദേശിക നാട്ടുരാജ്യങ്ങളായി (സ്വരൂപങ്ങൾ) നാടുവാഴികളുടെ അധീനതയിലായി. ഈ കാലഘട്ടത്തിലെ സാമൂഹിക ജീവിതത്തിന്റെ സിരാകേന്ദ്രം ക്ഷേത്രങ്ങളായിത്തീർന്നു. ഇക്കാലത്തു നിരവധി ക്ഷേത്രങ്ങൾ സ്ഥാപിക്കപ്പെട്ടു. അതിന്റെ ഭാഗമായി നാടുവാഴികളിൽ നിന്നും ജനങ്ങളിൽ നിന്നും ധാരാളം ഭൂസ്വത്ത് ദാനമായി ലഭിക്കുകയും ചെയ്തു. ഹിന്ദുമത വിശ്വാസികളായിരുന്നവരുടെ ജീവിതം തന്നെ

ക്ഷേത്രങ്ങളെ ചുറ്റിപ്പറ്റിയുള്ളതായിത്തീർന്നു. ദൈവാരാധന, വിദ്യാഭ്യാസം, ആയുധപരിശീലനം തുടങ്ങി സാമൂഹികജീവിതത്തിനാവശ്യമായ എല്ലാകാര്യങ്ങളുടെയും കേന്ദ്രം ക്ഷേത്രമായിരുന്നു. ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചു നഗരങ്ങളും (ക്ഷേത്ര നഗരങ്ങൾ) വളർന്നുവന്നു. മഹോദയപുരം, പാർത്ഥിവപുരം, കാന്തള്ളൂർ, കണ്ടിയൂർ, തിരുവല്ല, തൃക്കൊടിത്താനം, തൃക്കാക്കര, തിരുനെല്ലി തുടങ്ങിയ നഗരങ്ങൾ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചാണ് വികാസം നേടിയത്. ക്ഷേത്രങ്ങളിലെ പൂജാരിയും ഭരണാധികാരിയും നമ്പൂതിരിമാരായിരുന്നു. ഇങ്ങനെ സമുന്നതമായ നമ്പൂതിരിമാരെ പെരുമക്കൾ (മഹാന്മാരായ ജനങ്ങൾ) എന്നു വിളിച്ചിരുന്നു. സവർണരെയെല്ലാം മക്കൾ എന്ന നിലയിൽ കണക്കാക്കി. അവർണരാകട്ടെ സാമൂഹ്യജീവിതത്തിനു പുറത്തുമായിരുന്നു.

### 5.1.3 അയിത്തം; സംബന്ധം, മരുമക്കത്തായം

അയിത്താചാരം ഉത്ഭവിച്ചത് ക്ഷേത്രങ്ങളിൽ നിന്നായിരുന്നു. ബ്രാഹ്മണമേധാവിത്വകാലത്തിനു മുൻപ് കാവുകളിലും എല്ലാവർക്കും പ്രവേശനമുണ്ടായിരുന്നു. ക്ഷേത്രങ്ങളിൽ നിന്നകറ്റി നിർത്തപ്പെട്ട ബൗദ്ധന്മാർ പിന്നീട് ഹിന്ദുമതത്തിൽ ചേർന്നെങ്കിലും അവരെ അവർണരായി അകറ്റി നിർത്തുകയുണ്ടായി. നമ്പൂതിരിമാർ ഭൂവുടമകളായപ്പോൾ അവരുടെ സ്വത്ത് അന്യാധീനമാകാതിരിക്കാൻ കണ്ടുപിടിച്ച ഉപായമാണ് വേളിയും സംബ ന്ധവും. കുടുംബത്തിലെ മൂത്തമകൻ മാത്രം വേളി കഴിയ്ക്കുകയും മറ്റുള്ള ഇളയ ആൺ മക്കളെല്ലാം മറ്റുസമുദായങ്ങളിലെ സ്ത്രീകളെ സംബന്ധം ചെയ്യുക എന്നതായിരുന്നു ഇതിന്റെ രീതി. പീന്നിട് ഇത് നായർ സമുദായവും പിന്തുടരുന്നത് കാണാം. ഈ കാലഘട്ടത്തിൽ വന്ന മറ്റൊരാചാരമായിരുന്നു മരുമക്കത്തായം. ഇതു സംബന്ധസമ്പ്രദായത്തിന്റെ സ്വാഭാവികമായ ഫലമാണ്. ഇതോടെ പരേതന്റെ സ്വത്തിൽ മരുമക്കൾക്കു അവകാശം ലഭിക്കുകയും പുത്രന്മാർ ശേഷക്രിയകളിൽ നിന്നും സ്വത്തവകാശത്തിൽ നിന്നും പുറംതള്ളപ്പെടുകയും ചെയ്തു.

### 5.1.4 ദേവദാസി സമ്പ്രദായം

ക്ഷേത്രസംസ്കാരത്തോടൊപ്പം ഉടലെടുത്ത മറ്റൊരു സാമൂഹി കാചാരമായിരുന്നു ദേവദാസി സമ്പ്രദായം. എ.ഡി. ഏഴാം നൂറ്റാണ്ട് മുതലേ ഈ സമ്പ്രദായം നിലവിലിരുന്നു. കുലശേഖര ആഴ്വാർ അദ്ദേഹത്തിന്റെ പുത്രിയെ ശ്രീരംഗം ക്ഷേത്രത്തിൽ ദേവദാസിയായി നല്കിയിരുന്നു എന്നത് ദേവദാസി സമ്പ്രദായത്തിന് അന്നു ലഭിച്ചിരുന്ന ബഹുമാന്യതയെ സൂചിപ്പിക്കുന്നു. ദേവന്റെ ഭാര്യയെന്നനിലയിൽ ഈശ്വരസ്തോത്രങ്ങൾ ആലപിക്കുകയും അവയെ ഉപജീവിച്ച് നൃത്തം ചെയ്യുകയുമായിരുന്നു ഇവരുടെ തൊഴിൽ. ദേവദാസികളായി സ്ത്രീകളെ ക്ഷേത്രങ്ങളിൽ ഏൽപ്പിക്കുന്നതിനോടൊപ്പം അവ രുടെ ചെലവിനായി ഭൂമി ദാനം ചെയ്യുകയും പതിവുണ്ടായിരുന്നു. ശുചീന്ദ്രം ക്ഷേത്രത്തിലെ ദേവദാസികൾക്കു സമാദരണീയമായ സ്ഥാനമുണ്ടായിരുന്നുവെന്നു അവിടുത്തെ ശാസനങ്ങളിൽ നിന്ന് വ്യ ക്തമാകുന്നു. പതിമൂന്നാം ശതകത്തിൽ ദേവദാസിസ്ഥാനം പാരമ്പര്യ വഴിയ്ക്കായി തീരുകയും പൂർവ്വകാലങ്ങളിലേതു പോലെ കുലീന സ്ത്രീകളെ ആകർഷിക്കുന്ന ഒരു സമ്പ്രദായമല്ലാതായിത്തീരുകയും ചെയ്തു. അതോടെ ദേവദാസി സമ്പ്രദായം ധാർമികമായും സദാചാരപരമായും അധഃപതിക്കുകയും ചെയ്തു. അപചയം സംഭവിച്ച ദേവദാസി സമ്പ്രദായം കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭദശയോളം ദക്ഷിണ തിരുവിതാംകൂറിലെ ചില ക്ഷേത്രങ്ങളിൽ നിലവിലിരുന്നു. 1930-ൽ ഒരു വിളംബരം മുഖേന തിരുവിതാംകൂർ ഗവൺമെന്റ് ദേവദാസി സമ്പ്രദായം നിരോധിക്കുകയുണ്ടായി.

### 5.1.5 വേദപാഠശാലകൾ

ഈ കാലഘട്ടത്തിൽ ക്ഷേത്രങ്ങൾ ആരാധനാലയം എന്നതിലുപരി സാംസ്കാരിക കേന്ദ്രവും അഭയസ്ഥാനവും വിദ്യാകേന്ദ്രവും കലാകേന്ദ്രവുമായിരുന്നു. ക്ഷേത്രങ്ങളുടെ സംരക്ഷണത്തിലും പ്രോത്സാഹനത്തിലുമാണ് കലയും സാഹിത്യവുമെല്ലാം വളർന്നത്. തിരുവനന്തപുരത്ത് വലിയശാല, മൂഴിക്കുളം ശാല,

പാർത്ഥിവപുരം ശാല, കാന്തള്ളൂർ ശാല എന്നീ വിടങ്ങളിലെല്ലാം താമസിച്ചു പഠിക്കാനുള്ള സൗകര്യമൊരുക്കിയിരുന്നു. തർക്കം, വ്യാകരണം, മീമാംസ, ജ്യോതിഷം, വേദാന്തം എന്നിവയായിരുന്നു പഠനവിഷയങ്ങൾ. കൂത്ത്, കൂടിയാട്ടം തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി ക്ഷേത്രത്തോടു ചേർന്നു തന്നെ കൂത്തമ്പലങ്ങൾ പണികഴിച്ചിരുന്നു. ശിൽപ്പകല, ചിത്രകല, പാവകല, വാസ്തുവിദ്യ എന്നിവയും മതിൽകെട്ടിനകത്ത് പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. വേദപഠനശാലകൾക്കു പുറമേ സാമൂഹിക വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു പല സമ്പ്രദായങ്ങളും ഏർപ്പെടുത്തിയിരുന്നു. അതിലൊന്ന് ക്ഷേത്രങ്ങളിലെ പുരാണ കഥാപ്രവചനമാണ്. ഒരു ബ്രാഹ്മണ പണ്ഡിതൻ മഹാഭാരത കഥാപ്രവചനം നടത്തുന്ന മഹാഭാരതപട്ടത്താനം അക്കൂട്ടത്തിൽ പ്രസിദ്ധമാണ്. ക്ഷേത്രങ്ങളോടനുബന്ധിച്ച് ഗ്രന്ഥപ്പുരകളുണ്ടായിരുന്നു. വേദപാരായണം, മത്സരപരീക്ഷകൾ ഇങ്ങനെ വിദ്യാഭ്യാസത്തെ ഔപചാരികവും അനൗപചാരികവുമായി പ്രോത്സാഹിപ്പിച്ചിരുന്നു.

### 5.1.6 രേവതിപട്ടത്താനം

സാമൂതിരിമാരുടെ നേതൃത്വത്തിൽ കോഴിക്കോട് കേരളത്തിലെ ഏറ്റവും വലിയ വിദ്യാകേന്ദ്രമായിരുന്നു. തുലാമാസത്തിലെ രേവതിനക്ഷത്രത്തിൽ കോഴിക്കോട് തളിക്ഷേത്രത്തിൽ നടത്തിയിരുന്ന പണ്ഡിതന്മാരുടെ മത്സരങ്ങളുടെ വാർഷിക സഭയായിരുന്നു രേവതി പട്ടത്താനം. മികവുറ്റ പണ്ഡിതന്മാർക്ക് സാമൂതിരി ഭട്ടസ്ഥാനവും പണവും നൽകി ആദരിച്ചിരുന്നു. കേരളത്തിൽ നിന്നുള്ള എല്ലാ സഭാമഠങ്ങളിൽ നിന്നും പണ്ഡിതന്മാർ പട്ടത്താനത്തിൽ പങ്കുകൊണ്ടിരുന്നു. പയ്യൂർ പട്ടേരിയായിരുന്നു ഇതിൽ മുഖ്യൻ. മീമാംസ, വേദാന്തം, വ്യാകരണം എന്നീ വിഷയങ്ങളിലാണ് മത്സരം നടത്തിയി രുന്നത്. ഉദ്ദണ്ഡശാസ്ത്രികളെപ്പോലുള്ള ഒരു പ്രൗഢപണ്ഡിതൻ പോലും കാക്കശ്ശേരി ഭട്ടതിരിയുമായി പരാജയപ്പെടേണ്ടിവന്നിട്ടുള്ളത് മത്സരത്തിന്റെ ദുഷ്കരത വെളിപ്പെടുത്തുന്നുണ്ട്. 'നാരായണീയ കർത്താവായ മേല്പത്തൂർ നാരായണ ഭട്ടതിരി ആറു തവണ പരാജയപ്പെട്ടതിനു ശേഷമാണ് ഭട്ടസ്ഥാനം കരസ്ഥമാക്കിയത്.

### 5.1.7 കടവല്ലൂർ അന്യോന്യം

നാടുവാഴിവാഴ്ചക്കാലത്തെ കേരളത്തിലെ മറ്റൊരു പ്രശസ്ത സാംസ്കാരിക കേന്ദ്രമായിരുന്നു കടവല്ലൂർ. കടവല്ലൂർ അന്യോന്യം എന്ന പേരിലറിയപ്പെട്ട മത്സരപരീക്ഷ വേദപാഠങ്ങളുടെ മാറ്റുരയ്ക്കലായിരുന്നു. തൃശൂരിലും തിരുനാവായിലുമുള്ള സഭാമഠങ്ങളിൽ പരിശീലനം നേടിയവരടക്കം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നമ്പൂതിരി വിദ്യാർഥികൾ ഈ മത്സരത്തിൽ വന്നെത്തിയിരുന്നു. മത്സരപരീക്ഷകളിൽ പ്രധാനപ്പെട്ടത് 'കടന്നിരിക്കൽ' എന്ന പരീക്ഷയായിരുന്നു. ഇതിൽ ജയിക്കുന്ന ചുരുക്കം പേർക്ക് ബഹുമാന്യസ്ഥാനത്ത് കടന്നിരിക്കുന്നതിനുള്ള അവകാശം കിട്ടുന്നു. പരീക്ഷയിൽ രണ്ടാം സ്ഥാനക്കാർ 'മുമ്പിരിക്കലിനും' സാമാന്യവിജയം നേടുന്ന വിദ്യാർഥികൾ 'രണ്ടാംവാരമിരിക്കലിനും' അർഹരായിത്തീരുന്നു.

### 5.1.8 ജന്മം പാട്ടം കുടിയായ്മ

ഭൂവുടമാസമ്പ്രദായത്തിൽ നിലനിന്നിരുന്ന പാരമ്പര്യ ഉടമസ്ഥാവകാശത്തിന്റെ ഒരു രൂപമാണ് ജന്മം. ജനിക്കുമ്പോൾ തന്നെയുള്ള അവകാശം എന്നാണ് ജന്മത്തിന്റെ അർഥം. ഒരു പ്രത്യേക കുടുംബത്തിന്റെയോ വ്യക്തിയുടെയോ കയ്യിൽ പാരമ്പര്യമായി കിട്ടിയ അവകാശമാണ് ഇങ്ങനെ അറിയപ്പെട്ടിരുന്നത്. ബ്രാഹ്മണർക്ക് ഭൂമി ദാനം നൽകിയ നാട്ടിലാണ് ഇതിന്റെ തുടക്കം. ഭൂമി ദാനം ചെയ്യപ്പെട്ട വ്യക്തിക്ക് പുറമേ അയാളുടെ സന്തതികൾക്കും അവകാശം ലഭിക്കുന്നു എന്നാണ് ജന്മത്തിന്റെ അർഥം. പല ജന്മികുടുംബങ്ങളും പതിനായിരക്കണക്കിന് ഏക്കർ ഭൂമി ഇങ്ങനെ ജന്മാവകാശമായി കൊണ്ടു നടന്നിരുന്നു. ജന്മാവകാശത്തിന്റെ ഒരു ലക്ഷണം അട്ടിപ്പേറായി ഭൂമിനൽകാനുള്ള അവകാശമാണ്. ഭൂമി കുടിയാന് വിട്ടുകൊടുക്കേണ്ട സന്ദർഭത്തിൽ പൂർണമായും അവകാശം കൊടുക്കുക എന്നത് അന്തസില്ലാത്ത പ്രവർത്തിയായാണ് ജന്മികൾ കണ്ടിരുന്നത്. ഭൂമി വിട്ടുകൊടുക്കാൻ

ഉറപ്പിച്ചാൽ മൂന്നു ഘട്ടമായാണ് കൈമാറ്റം പൂർത്തീകരിക്കുക. ജന്മി കുടിയാന് ഭൂമിയുടെമേലുള്ള അവകാശം നൽകുന്നതിനെ അട്ടിപ്പേർ എന്നാണ് വിളിച്ചിരുന്നത്. അട്ടിപ്പേറിനുമുമ്പ് അഞ്ച് തലങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നു. ആദ്യത്തെ കുഴിക്കാണത്തിലൂടെ ഉടമസ്ഥതയുടെ എട്ടിലൊന്നും രണ്ടാമത്തെ കാണത്തിലൂടെ നാലിലൊന്നും അവകാശം ജന്മിക്ക് നഷ്ടമാകും. മൂന്നാമത്തേതായ ഒറ്റിയിലൂടെ രണ്ടിലൊന്ന് അവകാശവും നാലാമത്തെ ഒറ്റിക്കുമ്പുറത്തിലൂടെ നാലിൽമൂന്ന് അവകാശവും ജന്മിക്ക് നഷ്ടമാകും. അഞ്ചാമത്തേത് ജന്മപ്പണയമാണ്. എട്ടിൽ ഏഴ് അവകാശവും നഷ്ടമാകുന്ന ജന്മപ്പണയംവരെ വസ്തു വീണ്ടെടുക്കാൻ ജന്മിക്ക് അവകാശമുണ്ട്. പതിനഞ്ചാം നൂറ്റാണ്ട് ആകുമ്പോഴേക്കും അട്ടിപ്പേർ കൈമാറ്റം കുറയുകയും കാണം അല്ലെങ്കിൽ ഒറ്റി ഉപയോഗിച്ച് ഭൂമിയുടെ ഉടമസ്ഥാവകാശം ജന്മിമാർ കൈയ്യിൽ തന്നെ നിലനിർത്താനും ശ്രമിച്ചതായി കാണുന്നുണ്ട്. ഭൂമിയുടെമേലുള്ള അവകാശം പരമ്പരാഗതമായി കഴിഞ്ഞെന്നും അത് കൈമാറി പോകാതെ ഇരിക്കാൻ ഭൂവുടമകൾ ശ്രദ്ധിച്ചിരുന്നെന്നും ഇതിൽനിന്ന് വ്യക്തമാകുന്നു. അട്ടിപ്പേർ കഴിഞ്ഞാൽ പിന്നെ ആ ഭൂമിയിൽ ഒരു അവകാശവുമുണ്ടായിരുന്നില്ല. നീരട്ടിപ്പേർ എന്നും ഇത് അറിയപ്പെടുന്നുണ്ട്. ജന്മമായി അനുഭവിക്കുന്ന ഭൂമിയിൽപ്പോലും വലിയ അധികാരങ്ങളാണ് ജന്മിക്കുണ്ടായിരുന്നത് എന്ന് ഇതിൽനിന്ന് വ്യക്തമാകും.

പാട്ടം എന്ന പദം ആദ്യം ഉപയോഗിച്ചുകാണുന്നത് തളി എന്നറിയപ്പെട്ടിരുന്ന ക്ഷേത്രങ്ങളിലെ ലിഖിതങ്ങളിലാണ്. വിളവിന്റെ ഓഹരി എന്ന അർഥത്തിലാണ് ഈ പദം ഉപയോഗിച്ചിട്ടുള്ളത്. രാജാവിന് അവകാശപ്പെട്ട ഓഹരിയാണ് ക്ഷേത്രങ്ങളുടെ ചെലവിനായി പാട്ടമായി നൽകാൻ വ്യവസ്ഥ ചെയ്തതെന്ന് ഇത് സൂചിപ്പിക്കുന്നു. രാജാവിന് നൽകിയിരുന്ന രാജഭോഗത്തിന്റെ അവകാശം ക്ഷേത്രത്തിനോ വ്യക്തിക്കോ കൈമാറുമ്പോൾ അത് പാട്ടമായി മാറും. കൃഷിചെയ്യുന്ന ഓരോ ഏക്കർ ഭൂമിയിലും ഇത്തരത്തിൽ ഭൂനികുതിയായി പാട്ടം ചുമത്തിയിരുന്നു. ജന്മിമാർ കുടിയാന്മാർക്ക് കൃഷിചെയ്യാൻ ഭൂമി വിട്ടുനൽകിയിരുന്നത് കാണപ്പാട്ട സമ്പ്രദായം എന്നും അറിയപ്പെട്ടിരുന്നു. പാട്ടത്തിനായി ഭൂമി വാങ്ങുമ്പോൾ കുടിയാൻ ജന്മിക്ക് പണം നൽകേണ്ടതുണ്ട്. കാണം അഥവാ കാണപ്പണം എന്നാണിത് അറിയപ്പെട്ടത്. ഭൂമിയുടെ യഥാർഥ വിലയേക്കാൾ കുറവുള്ള വിലയാണ് ഇങ്ങനെ കാണമായി നിശ്ചയിച്ചത്. ഭൂമിയുടെ ഗുണം നോക്കിയാണ് കാണം നിശ്ചയിച്ചിരുന്നത്. തുടക്കത്തിൽ 12 വർഷത്തേക്കാണ് പാട്ടംനൽകിയിരുന്നതെങ്കിലും പിന്നീടത് 24, 36, 48 വർഷങ്ങളിലേക്ക് നീണ്ടു. സ്ഥിരമായി ഒരു പാട്ടക്കാരന്റെ കയ്യിൽ ത്തന്നെ ഭൂമി നിൽക്കുന്ന സ്ഥിതിയുമുണ്ടായി. എങ്കിലും12 വർഷം കൂടുമ്പോൾ ജന്മി പാട്ടം പുതുക്കി നിശ്ചയിച്ചിരുന്നു. വിളവിൽനിന്ന് ക്ഷേത്രങ്ങളിലേക്കുംമറ്റും നൽകേണ്ട പങ്കിന് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടായിരുന്നു. ക്ഷേത്രങ്ങൾക്കും നാടുവാഴികൾക്കും കരം കൊടുത്തിരുന്ന ഉഴവരാണ് പിന്നീട് കുടിയാന്മാരായി മാറിയത്. കൃഷിസ്ഥലത്ത് താമസിച്ച് കൃഷിയിലേർപ്പെട്ടവർ അഥവാ കൃഷി ചെയ്യുന്നതിനായി കുടിയിരുത്തപ്പെട്ടവർ ആണ് കുടിയാർ എന്നറിയപ്പെട്ടത്. കൃഷിസ്ഥലത്ത് താമസിക്കാനുള്ള അവകാശം കുടിയായ്മ എന്നും അറിയപ്പെട്ടു. അത് ഭൂമിയുടെ മേലുള്ള നിയന്ത്രണാധികാരമായിരുന്നില്ല. ഏതെങ്കിലും തരത്തിൽ ഭൂമി കൈമാറ്റം ചെയ്യാനോ പണയം വെക്കാനോ ഭൂമിയോ അതിലെ ഉൽപ്പന്നങ്ങളോ വിൽക്കാനോ അധികാരമുണ്ടായിരുന്നില്ല. കുടിയാനെ ഒഴിപ്പിക്കാൻ ജന്മിക്ക് അധികാരം ഉണ്ടായിരുന്നതായി തുടക്കത്തിൽ കരുതപ്പെട്ടിരുന്നില്ല. ജന്മിക്ക് പാട്ടത്തിന് മാത്രമേ അവകാശമുള്ളൂ എന്നും ഭൂമിയുടെ യഥാർഥ അവകാശി കുടിയാനാണ് എന്ന ധാരണയുമാണ് ഉണ്ടായിരുന്നത്. പിന്നീട് കരംകൊടുക്കാതിരുന്നാൽ കുടികളുടെ അവകാശങ്ങൾ നഷ്ടപ്പെടാൻ തുടങ്ങി.

കുടിയാനും താഴെയായി അടിയാർ ഉണ്ടായിരുന്നു. കൃഷിഭൂമിയിൽ നേരിട്ട് പണിയെടുത്തിരുന്നത് ഇവരായിരുന്നു. അടിയായ്മ നിർബന്ധി

തമായ അധ്വാനമാണ്. ഉടയവരുടെ സൈനിക ശക്തിയും ക്ഷേത്രങ്ങളുടെ ദൈവികശക്തിയും കൂടിയാണ് ഈ അധ്വാനത്തെ നിർണയിച്ചത്. വനവിഭവങ്ങൾ ശേഖരിച്ചിരുന്നവരടക്കം നാടുകളായി വളർന്നുവന്ന പ്രദേശങ്ങളിലെ സമൂഹങ്ങളെല്ലാം അടിയാരായി. ഓരോ ജന്മി കുടുംബത്തിന്റെയും കൃഷിപ്പണിക്ക് മേൽനോട്ടം വഹിച്ച് ആ കുടുംബത്തിന്റെ പേരിൽ അറിയപ്പെടുന്നതിനെ അടിയായ്മ എന്നാണ് വിളിച്ചിരുന്നത്. അടിയാന്റെ കുടുംബം മുഴുവൻ ജന്മിയുടെ ആശ്രിതരാകും. കൃഷിസ്ഥലം മറ്റൊരു ജന്മിയുടേതായാൽ അടിയാരും പിന്നെ പുതിയ ആൾക്കുള്ളതാണ്. കൈത്തൊഴിലുകളുടെ ഘടനയിലും മാറ്റങ്ങളുണ്ടായി. കൈത്തൊഴിലുകൾ ക്ഷേത്രങ്ങളുടെയും ബ്രാഹ്മണരുടെയും നാടുവാഴികളുടെയും ആവശ്യങ്ങൾക്ക് മാത്രം ചെവികൊടുത്തു. ഇങ്ങനെ എ.ഡി ഏഴാം നൂറ്റാണ്ട് മുതൽ പതിനൊന്നാം നൂറ്റാണ്ടുവരെ സംഭവിച്ച ക്രമികമായ മാറ്റത്തിന്റെ ഫലമായാണ് കേരളത്തിൽ ജന്മിത്വം വേരുറച്ചത്. അടിയാളർക്കൊപ്പം ഉടമസ്ഥർക്ക് കൂടി വിളനിലങ്ങളിൽ അധ്വാനിക്കാനിറങ്ങിയിരുന്ന പ്രാചീനവർഗ സമുദായത്തിൽനിന്ന് ഭൂമിയിൽ അധ്വാനിക്കാതെയും ഒരുപക്ഷെ മുഴുവൻ ഭൂമി നേരിട്ടുകാണുകപോലും ചെയ്യാതെ ആദായമെടുക്കുന്ന വ്യവസ്ഥിതിയിലേക്ക് സമൂഹം മാറി. സാമൂഹികമായും സാംസ്കാരികമായും വലിയ മാറ്റങ്ങൾ അത് സൃഷ്ടിച്ചു. മതമേധാവിത്വവും സാമ്പത്തിക അടിത്തറയുമായി വളരെ ശക്തമായാണ് കേരളത്തിൽ ജന്മിത്വം പ്രവർത്തിച്ചത്. ജന്മിത്വത്തിന്റെ ഉത്ഭവത്തോടെ കേരളത്തിൽ ജാതിവ്യവസ്ഥയും ഉടലെടുത്തു. തൊഴിലിനെ അടിസ്ഥാനമാക്കി ആരംഭിച്ച ജാതിവ്യവസ്ഥ പിന്നീട് മനുഷ്യരെ പലതരത്തിൽ വിഭജിച്ചു. ബ്രാഹ്മണന്റെ സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ മേധാവിത്വം തന്നെയാണ് ജാതിയിൽ അധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയെയും നിർമിച്ചത്. ജാതിവ്യവസ്ഥ കേരളത്തെ അയിത്തവും തീണ്ടലും തൊടീലും പോലുള്ളവയിലേക്കുമെത്തിച്ചു.

## Recap

- ആറാം നൂറ്റാണ്ടുവരെ പ്രാചീന വർഗസമുദായം
- പതിനൊന്നാം നൂറ്റാണ്ടോടെ ജന്മിത്വം ശക്തിപ്രാപിച്ചു
- നാടുവാഴികൾക്ക് പലനിലയിൽ വരുമാനം
- ജന്മി സമ്പ്രദായത്തിലെ അഞ്ചു തട്ടുകൾ
- ഊരാളന്മാരെ നിയന്ത്രിക്കാൻ മൂഴിക്കളം കച്ചം
- ഭൂമിയിൽ പാരമ്പര്യമായി കിട്ടിയ ജന്മാവകാശം
- വിളവിന്റെ ഓഹരിയായി പാട്ടം
- കൃഷി ചെയ്യാനായി കുടിയിരുത്തപ്പെട്ട കുടിയാർ
- നേരിട്ട് പണിയെടുത്തിരുന്ന അടിയാർ

## Objective Type Questions

1. എ.ഡി. ആറാം നൂറ്റാണ്ടുവരെ നിലവിലിരുന്ന സാമൂഹ്യവ്യവസ്ഥിതി അറിയപ്പെട്ടിരുന്നത് എങ്ങനെ?
2. കൃഷിഭൂമിയിലെ ആദായത്തിൽ നിന്ന് രാജാവിന് നൽകുന്നതിനെ പറയുന്ന പേര്?
3. അവകാശികളില്ലാതെ ഉടമസ്ഥൻ മരിച്ചാൽ സ്വത്തെല്ലാം നാടുവാഴികളിൽ നിക്ഷിപ്തമാകുന്നത് അറിയപ്പെടുന്നത് ഏത് പേരിൽ?
4. പുരുഷാന്തരം എന്ന പണം നാടുവാഴിക്ക് കൊടുക്കേണ്ടത് എപ്പോൾ?
5. അഞ്ച് തലങ്ങളുള്ള ജന്മിസമ്പ്രദായത്തിന്റെ തട്ടിൽ നാടുവാഴികൾ അറിയപ്പെട്ടിരുന്നത്?
6. ഊരാളന്മാരെ നിയന്ത്രിക്കാൻ കൊണ്ടുവന്ന വ്യവസ്ഥ?
7. ഭൂവുടമാസമ്പ്രദായത്തിൽ നിലനിന്ന പാരമ്പര്യ ഉടമസ്ഥാവകാശത്തിന്റെ പേര്?
8. കുടിയാന് ഭൂമി പൂർണമായും വിട്ടുകൊടുക്കുന്നത് അറിയപ്പെടുന്നത് ഏത് പേരിൽ?
9. കൃഷിചെയ്യുന്ന ഭൂമിയുടെമേൽ വാങ്ങുന്ന നികുതി?
10. കൃഷിസ്ഥലത്ത് താമസിച്ചു കൃഷിയിൽ ഏർപ്പെട്ടിരുന്നവർ ആര്?
11. കൃഷിഭൂമിയിൽ അധ്വാനിച്ചിരുന്ന വിഭാഗം?

## Answers to Objective Type Questions

1. പ്രാചീന വർഗസമുദായം
2. രാജഭോഗം
3. അറ്റാലടക്കം
4. കുടുംബഭരണം പുതിയ ആൾ ഏറ്റെടുക്കുമ്പോൾ
5. ഉടയവർ
6. മൂഴിക്കളം കച്ചം
7. ജന്മം
8. അട്ടിപ്പേറ്
9. പാട്ടം
10. കുടിയാർ
11. അടിയാർ

## Assignments

1. പ്രാചീന കേരളത്തിലെ ജന്മി കുടിയാൻ ബന്ധം.
2. ജന്മിസമ്പ്രദായം വളർച്ചയും തളർച്ചയും.

## Suggested Readings


1. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, എസ്.പി.സി.എസ്, കോട്ടയം.
4. ഇളംകുളം കുഞ്ഞൻപിള്ള, ജന്മി സമ്പ്രദായം കേരളത്തിൽ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
5. എ. ശ്രീധരമേനോൻ, കേരള സംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.

യൂണിറ്റ്
2

# ഉത്സവങ്ങൾ, ആഘോഷങ്ങൾ, ആചാരങ്ങൾ

## Learning Outcomes

- ഉത്സവങ്ങളുടെ രൂപപ്പെടലിനെ സംബന്ധിച്ച ധാരണ ഗ്രഹിക്കുന്നു
- കേരളത്തിലെ പ്രധാന ആഘോഷങ്ങൾ, ആചാരങ്ങൾ എന്നിവ പരിചയപ്പെടുന്നു
- കേരളീയ സാമൂഹ്യജീവിതത്തെക്കുറിച്ച് മനസിലാക്കുന്നു
- കൃഷിയുമായി ബന്ധപ്പെട്ട ആഘോഷങ്ങളെക്കുറിച്ച് അറിയുന്നു

## Prerequisites

കേരളത്തിൽ സ്വന്തമായി നിരവധി ഉത്സവങ്ങളും ആഘോഷങ്ങളും ആചാരങ്ങളുമുണ്ട്. മതപരവും സാംസ്കാരികവുമായ ആഘോഷങ്ങൾ അതിലുൾപ്പെടും. ഓരോനാടിന്റെയും പ്രാദേശികാഘോഷങ്ങളും സംസ്ഥാനത്താകെയുള്ള ആഘോഷങ്ങളും ദേശീയആഘോഷങ്ങളുടെ കേരളീയ ഭേദങ്ങളുമൊക്കെയായി അവയിങ്ങനെ നിറഞ്ഞുനിൽക്കുന്നു. പലതും ദീർഘകാലത്തെ ചരിത്രവും പാരമ്പര്യവും അവകാശപ്പെടാനാവുന്നവയാണ്. പാരമ്പര്യങ്ങളെ തനിമ നഷ്ടമാകാതെ കാക്കുന്നതോടൊപ്പം തന്നെ ജാതിമത ചിന്തകൾക്കപ്പുറത്ത് കേരളീയനെന്ന പൊതുസ്വത്വത്തെ മുറുകെപ്പിടിക്കാനും ഈ ആഘോഷങ്ങൾ പ്രേരിപ്പിക്കുന്നു. മിക്ക ഉത്സവങ്ങളും മതനിരപേക്ഷ സ്വഭാവത്തിലുള്ളവയാണ്. മതാനുഷ്ഠാനത്തിന്റെ ഭാഗമായുള്ളവപോലും എല്ലാവരുടേതുമാക്കുന്ന സവിശേഷസിദ്ധി കേരളീയർ പൊതുവേ പ്രകടിപ്പിക്കാറുണ്ട്. നാടിന്റെ ഐക്യത്തിനും മുന്നേറ്റത്തിനും ഇത്തരത്തിലുള്ള സഹവർത്തിത്വം ഏറെ സഹായം ചെയ്യാറുമുണ്ട്. അതത് നാടിനെ അടയാളപ്പെടുത്തുന്നതുതന്നെ പലപ്പോഴും ഇത്തരം പരിപാടികളാണ്. നാടിന്റെ അഭിമാനസ്തംഭമായിതന്നെ ഇവയെ കണക്കാക്കാറുണ്ട്.

ഓണവും വിഷുവും ക്രിസ്മസും ഈദും പള്ളിപ്പെരുന്നാളും നാടിന്റെ മുഴുവൻ ആഘോഷമാണ്. ലോകത്തിലെ പല ഭാഗത്തുമുള്ള മലയാളികളും ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കാറുണ്ട്. മിത്തുകളുടെ പുനരാഖ്യാനമായി തെയ്യവും ഓണപ്പൊട്ടനുമെല്ലാം നിറഞ്ഞാടുമ്പോൾ പൊയ്പ്പോയ കാലത്തിന്റെ മഹിമയോർത്ത് മനസുനിറയാത്ത മലയാളികളില്ല. ജനനിബിഡമായ തെരുവുകളിലൂടെ നീങ്ങുന്ന ഘോഷയാത്രകളിലെ താളമേളങ്ങളും കാവടിയുടെ അലങ്കാരങ്ങളും അവിടെയുള്ള മനസുകളെയാകെ നൃത്തം ചെയ്യിക്കും. നെറ്റിപ്പട്ടം കെട്ടിയ ഗജഗാംഭീര്യം മനസുനിറയ്ക്കും. ആകാശത്ത് തീ എഴുതുന്ന ചിത്രങ്ങളാൽ വിസ്മയം തീർക്കുന്ന കരിമരുന്നുപ്രയോഗം, താഴെ ഭൂമിയിൽ മനസുകളെയാകെ പ്രകമ്പനം കൊള്ളിച്ചിട്ടുണ്ടാകും. കേരളത്തിന്റെ സ്വന്തമായ എല്ലാ നാടൻ കലാരൂപങ്ങളുടെയും സാ


SREENARAYANAGURU OPEN UNIVERSITY

ന്നിധ്യമുള്ള തൃപ്പൂണിത്തുറയിലെ അത്തച്ചമയ ഘോഷയാത്രയുടെ കാഴ്ചാനുഭവം വളരെ വിശേഷപ്പെട്ടതാണ്. നാടൻ കലകളടക്കമുള്ള മിക്ക കലാരൂപങ്ങളും വികസിച്ചതും ഇന്നും സജീവമായി ആവിഷ്കരിക്കപ്പെടുന്നതും ഉത്സവാഘോഷവുമായി ബന്ധപ്പെട്ടാണ്.

ഓണംപോലെ കേരളത്തിന് പൊതുവായുള്ളതും, പ്രധാനപ്പെട്ട മതങ്ങൾക്ക് അവരുടേതായതുമായ ആഘോഷങ്ങളുണ്ട്. വിഷു, തിരുവാതിര എന്നിവ ഹിന്ദുക്കളുടെയും ബക്രീദ്, റംസാൻ എന്നിങ്ങനെ മുസ്ലിങ്ങളുടെയും ക്രിസ്തുമസ് ക്രിസ്ത്യാനികളുടെയും വലിയ ആഘോഷങ്ങളാണ്. ഇവയിൽ പലതിനും ദേശീയവും അന്തർദേശീയവുമായ സ്വഭാവമുണ്ടെങ്കിലും കേരളം മതനിരപേക്ഷമായി അവയെ അവതരിപ്പിക്കുന്നു. കേരളത്തിന്റെ വ്യതിരിക്തത കുറെക്കൂടി തീവ്രമായി കാണാനാകുന്നത് ആചാരാനുഷ്ഠാനങ്ങളിലാണ്. വിശ്വാസവുമായി ബന്ധപ്പെട്ടാണ് ആചാരങ്ങൾ വികസിക്കുന്നത്. കേരളീയർ പാരമ്പര്യമായി കൂടെക്കൂട്ടിയ അനുഷ്ഠാനപരവും അനുഷ്ഠാനേതരവുമായ ചടങ്ങുകളെയെല്ലാം ആചാരങ്ങൾ എന്ന് വിവക്ഷിക്കാം. മനുഷ്യജീവിതം എല്ലാഘട്ടത്തിലും ഇത്തരത്തിലുള്ള ആചാരങ്ങളോടു ബന്ധപ്പെട്ടിരുന്നു. ജാതിവ്യവസ്ഥ മനുഷ്യരെ വർഗീകരിക്കുകയും അവയ്ക്ക് അനുസൃതമായ ആചാരങ്ങളെ നിർമിക്കുകയും ചെയ്തു. ജനാധിപത്യം പുലരുകയും മനുഷ്യാവബോധം പരിഷ്കൃതമാകുകയും ചെയ്തതോടെ അവയിൽ പലതും പിന്നീട് സമൂഹത്തിന് ഉപേക്ഷിക്കേണ്ടിയും വന്നു. ചുരുക്കത്തിൽ ഉത്സവങ്ങളും ആഘോഷങ്ങളും ആചാരങ്ങളും കേരളത്തിന്റെ സവിശേഷ സാഹചര്യത്തിലാണ് ഇവിടെ നിലനിന്നത്.

## Keywords

ഉത്സവങ്ങൾ-ആഘോഷങ്ങൾ-ആചാരങ്ങൾ-ജാതിവ്യവസ്ഥ-അനാചാരങ്ങൾ.

## Discussion

### 5.2.1 ഓണം

സംഘകാലത്ത് തന്നെ തമിഴകത്ത് ഓണം ആഘോഷിച്ചു വന്നിരുന്നതായി സംഘകാല കൃതിയായ മധുരൈക്കാഞ്ചിയിൽ പറയുന്നുണ്ട്. മധുരയിലെ തെരുവുകളിൽ ആളുകൾ കൂടിച്ചേർന്ന് ഇഷ്ടദൈവങ്ങളെ ആരാധിച്ചും ഉല്ലസിച്ചും നടന്നതിനെ കുറിച്ചാണ് വിവരണമുള്ളത്. ഏഴുദിവസമാണ് അവിടെ ഓണാഘോഷമുണ്ടായിരുന്നത്. എ.ഡി ഒൻപതാം നൂറ്റാണ്ടിലെ കവിയായ പെരുയാഴ്‌വാർ തിരുപല്ലാണ്ട് എന്ന ഗാനത്തിൽ ഓണാഘോഷത്തെപ്പറ്റി പറയുന്നുണ്ട്. അങ്ങനെവരുമ്പോൾ പത്താം നൂറ്റാണ്ടുവരെയെങ്കിലും തമിഴകത്ത് ഓണം ആഘോഷിച്ചിരുന്നതായി കരുതാവുന്നതാണ്. കേരളത്തിലാണ് ഓണാഘോഷം പിന്നീട് വ്യാപകമായത്. ഇവിടെ വൈഷ്ണവ ഭക്തിപ്രസ്ഥാനമാണ് ഓണാഘോഷത്തെ സാർവത്രികമാക്കിയത്. എ.ഡി എട്ടാം നൂറ്റാണ്ടിൽ തൃക്കാക്കര ക്ഷേത്രം സ്ഥാപിച്ചതോടെ ഓണാഘോഷം ഭംഗിയായി നടത്തിതുടങ്ങി സ്താണുരവിയുടെ എ.ഡി. 861-ലെ താമ്രശാസനത്തിൽ ആവണി ഓണത്തെപ്പറ്റിയുള്ള പരാമർശമുണ്ട്. പതിനെട്ടാം ശതകത്തിൽ ബർത്തലോമിയോ എന്ന സഞ്ചാരി കേരളത്തിലെ ഓണാഘോഷത്തെപ്പറ്റി വിവരിച്ചിട്ടുണ്ട്. കേരളം സമത്വപൂർണമായി ഭരിച്ചിരുന്ന മഹാബലി എന്ന രാജാവിനെയും അദ്ദേഹത്തെ, വാമനാവതാരംപൂണ്ട് പാതാളത്തിലേക്ക് ചവിട്ടിത്താഴ്

ത്തിയ വിഷ്ണുവിനെയും ബന്ധപ്പെടുത്തിയാണ് ഓണത്തിന്റെ മിക്ക ഐതിഹ്യങ്ങളുമുള്ളത്.

മഹാബലിയോടുള്ള ആദരവായാണ് ആദ്യകാലങ്ങളിലെ ഓണാഘോഷങ്ങളെങ്കിൽ, വൈഷ്ണവകാലം മുതൽ മഹാബലിയെ പുറത്താക്കിയ വിഷ്ണുവിന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ടായി. നമ്മുടെ പ്രദേശവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളോടൊപ്പം വിദേശസ്ഥലങ്ങളുമായും ഓണത്തെ ബന്ധപ്പെടുത്താറുണ്ട്. അസീറിയയുടെ തലസ്ഥാനമായിരുന്ന നിനെവേയിൽനിന്ന് കണ്ടെടുക്കപ്പെട്ട ഗ്രന്ഥാലയത്തിലെ കൃതികളിൽനിന്ന് 'ബെല' ശബ്ദത്തോടുകൂടെയുള്ള പല രാജാക്കന്മാരും അവിടെ ഭരിച്ചിരുന്നതായ സൂചനകൾ ലഭിച്ചിട്ടുണ്ട്. അതിന്റെ സംസ്കൃതരൂപമായ 'ബലി' വാണിരുന്ന ശോണിതപുരവും നിനെവേയും ഒന്നു തന്നെ. അവിടുത്തെ രാജാവായിരുന്ന മഹാബലിയുടെ സ്മരണയിൽ തങ്ങളുടെ പ്രാപിതാക്കൾ ആഘോഷിച്ചിരുന്ന ഓണം പിൻതലമുറ പലയിടത്തുമായി വന്നപ്പോൾ അവിടെയും തുടർന്നു എന്ന അഭിപ്രായം ചില ചരിത്രകാരന്മാർ മുന്നോട്ടുവെച്ചിട്ടുണ്ട്. ദ്രാവിഡരുടെ മൂലവംശങ്ങളിലൊന്ന് അസ്സീറിയയിൽനിന്ന് കുടിയേറിപ്പാർത്തവരായിരുന്നു എന്നതും ഇതിനോട് കൂട്ടിവായിക്കപ്പെട്ടിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് മുറ്റത്ത് പൂവിടുന്നത് പതിവാണ്. ചില വീടുകളിൽ തൃക്കാക്കരയപ്പന്റെ വിഗ്രഹം കൂടിവെക്കും. കുടുംബത്തിലുള്ളവരെല്ലാം ഓണമാഘോഷിക്കാൻ ഒത്തുകൂടുകയും ഓണക്കോടി കൈമാറുകയും ചെയ്യും. ജന്മിത്വകാലത്ത് ജന്മിക്ക് വാഴക്കുലയും പച്ചക്കറികളും ഓണക്കാഴ്ചയായി നൽകുന്ന പതിവുണ്ടായിരുന്നു. ഓണസദ്യയ്ക്കുശേഷം പലതരത്തിലുള്ള കളികളിലും വിനോദങ്ങളിലും ഏർപ്പെടാറുണ്ട്. തലപ്പന്ത്, ഓണത്തല്ല്, കിളികളി, കുട്ടിയും കോലും, കരടികളി, പുലികളി, കുമ്മി, മുടിയാട്ടം കളി, ഊഞ്ഞാലാട്ടം എന്നിവ ഇതിൽ ചിലതാണ്. ഇതിൽ തൃശ്ശൂരിൽ വെച്ച് നടക്കുന്ന പുലികളി ഏറെ പ്രസിദ്ധവും നിരവധി വിദേശസഞ്ചാരികളെ അടക്കം ആകർഷിക്കുന്നതുമാണ്. ഇത്തരം വിനോദങ്ങളിലെല്ലാം ജനങ്ങൾ ജാതിമത വ്യത്യാസമന്യേ പങ്കെടുക്കാറുണ്ട്.

### 5.2.2 വിഷു

ഹിന്ദുമതത്തിലെ ഉയർച്ചയുടെ കാലത്ത് പ്രാധാന്യം കൈവന്ന ഒരു ആഘോഷമാണ് വിഷു. നരകാസുരനെ ജയിച്ച വിഷ്ണുവിനെ കീർത്തിക്കുന്നതാണ് വിഷു ആഘോഷം. ഭാസ്കരരവിവർമന്റെ തൃക്കൊടിത്താനത്തുള്ള ഒരപൂർണ ശാസനത്തിൽ ചിത്തിര വിഷുവിനെ പരാമർശിച്ചിട്ടുണ്ട്. സൂര്യൻ ഭൂമധ്യരേഖയ്ക്ക് നേരെ വരുന്ന മേടം ഒന്നാം തീയതി വിഷു ആഘോഷത്തിന് തിരഞ്ഞെടുത്തത് ഗണിത ശാസ്ത്രത്തിന്റെ കൂടി അടിസ്ഥാനത്തിലാണ്. രണ്ടാം ചേരകാലത്ത് ഗണിത ശാസ്ത്രത്തിന്റെ വളർച്ചയിൽ നിർണായക സംഭാവന നൽകിയ ശങ്കരനാരായണീയം സ്ഥാപിച്ച സ്ഥാണുരവിയുടെ കാലത്താകണം വിഷു ആഘോഷം കേരളത്തിൽ ആരംഭിച്ചത്. മേടമാസത്തിലെ നവവർഷാരംഭത്തിൽ കാണുന്ന വിഷുക്കണിക്ക് അനുസരിച്ചാണ് ആ വർഷത്തെ ഫലമെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലും വിഷുക്കണി ഒരുക്കാറുണ്ട്. വിഷുക്കൈനീട്ടം അനിവാര്യമായ ഒരു ചടങ്ങാണ്. വടക്കൻ കേരളത്തിലും മധ്യകേരളത്തിലും വിഷുക്കണിക്കുശേഷം പടക്കം പൊട്ടിക്കുന്ന സമ്പ്രദായവുമുണ്ട്. വിഷു സദ്യയിലെ വിഭവങ്ങളുടെ കാര്യത്തിലും ഇത്തരത്തിൽ പ്രാദേശിക ഭേദങ്ങളുണ്ട്.

### 5.2.3 മറ്റു ചില ആഘോഷങ്ങളും ഉത്സവങ്ങളും

നായർ സ്ത്രീകൾക്കിടയിൽ പ്രചാരത്തിലുള്ള ഒരാഘോഷമാണ് തിരുവാതിര. ധനുമാസത്തിലെ തിരുവാതിര നക്ഷത്ര ദിവസത്തിലാണ് ഇതാഘോഷിക്കുന്നത്. വിവാഹ ജീവിതം സുഖപ്രദം ആക്കുന്നതിന് ശിവനെ പൂജിക്കുകയാണ് തിരുവാതിരയുടെ ലക്ഷ്യം. വെറ്റില മുറുക്കൽ, ഊഞ്ഞാലാട്ടം, തിരുവാതിര കളി തുടങ്ങിയ വിനോദങ്ങൾ അന്നുണ്ടാകും. സംഘകൃതികളിലുൾപ്പെട്ട നല്ലാണ്ടുവനാരുടെ 'പരിപാടലി'ൽ തിരുവാതിരയെക്കുറിച്ചുള്ള പരാമർശമുണ്ട്. 'അംബാവാടന്റ്' എന്നും അന്നതി

ന് പേരുണ്ടായിരുന്നു. ജഗദംബയെ ഉദ്ദേശിച്ച് കന്നിമാസത്തിൽ നടത്തുന്ന ആഘോഷമായ നവരാത്രിയും പ്രധാനമാണ്. ഒമ്പത് ദിവസത്തെ ആഘോഷത്തിൽ അവസാന മൂന്നു ദിവസത്തിലെ ദുർഗാഷ്ടമി, മഹാനവമി, വിജയദശമി എന്നിവ കൂടുതൽ വിശേഷപ്പെട്ടതായി കരുതപ്പെടുന്നു. ലോക സംരക്ഷണത്തിനായി ശിവൻ കാളകൂടവിഷം പാനം ചെയ്ത ശിവരാത്രി ദിനം, ശ്രീകൃഷ്ണന്റെ ജന്മദിനമായ അഷ്ടമിരോഹിണി എന്നിവയും കേരളത്തിൽ വിപുലമായി ആചരിക്കാറുണ്ട്. ദീപാവലിയും ഇപ്പോൾ കൂടുതലായി ആഘോഷിച്ചുവരുന്നു.

കേരളത്തിന്റെ തനതായ ആഘോഷങ്ങളിൽ സവിശേഷ സ്ഥാനമുള്ള ഒന്നാണ് വള്ളംകളി. ആലപ്പുഴയിലെ പുന്നമടക്കായലിൽ നടത്തുന്ന നെഹ്റു ട്രോഫി വള്ളംകളി ലോകപ്രശസ്തമാണ്. ഓണത്തോടനുബന്ധിച്ച് നടക്കുന്ന ആറന്മുള ഉതൃട്ടാതി വള്ളംകളിയും ചമ്പക്കുളത്ത് മൂലം വള്ളംകളിയും ഹരിപ്പാടിന് സമീപമുള്ള പായിപ്പാട്ടു ജലോത്സവവും അതതിടങ്ങളിലെ പ്രധാന ക്ഷേത്രങ്ങളുടെ അനുഷ്ഠാനവുമായി ബന്ധപ്പെട്ടവയാണ്. വിശ്വപ്രസിദ്ധങ്ങളായ തൃശ്ശൂർ പൂരവും ശബരിമല മണ്ഡല ക്കാലവും വൈക്കത്തഷ്ടമിയും കൊട്ടിയൂർ ഉത്സവവും അടക്കം നിരവധി ക്ഷേത്രോത്സവങ്ങൾ കേരളത്തിന് സ്വന്തമായുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ മുറജപം, ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവം, ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഓച്ചിറക്കളി, ചെങ്ങന്നൂർ ഭഗവതി ക്ഷേത്രത്തിലെ തൃപ്പൂത്ത്, ചിറ്റൂർ ഭഗവതി ക്ഷേത്രത്തിലെ കൊങ്ങൻപട തുടങ്ങി പ്രാദേശികമായി പ്രസിദ്ധമായ നിരവധി ഉത്സവങ്ങൾ വേറെയുമുണ്ട്. തൈപ്പൊങ്കൽ, മാട്ടുപ്പൊങ്കൽ തുടങ്ങി കാർഷിക പശ്ചാത്തലമുള്ള ചില ഉത്സവങ്ങളും കേരളത്തിൽ ആഘോഷിക്കാറുണ്ട്.

മുസ്ലീങ്ങൾ റംസാൻ, ബക്രീദ്, നബിദിനം എന്നിങ്ങനെയുള്ള ആഘോഷങ്ങൾ വിപുലമായി സംഘടിപ്പിക്കാറുണ്ട്. റംസാനിലെ മുപ്പതു ദിവസത്തെ നോമ്പിന് ശേഷമാണ് പെരുന്നാൾ ആഘോഷം. ദൈവശാസന അനുസരിച്ച് മകനെ ബലി നൽകാൻ തയ്യാറായ ഇബ്രാഹിം നബിയുടെ സ്മരണയിലാണ് ബക്രീദ് ആഘോഷിക്കുന്നത്. മക്കയിൽ പ്രസിദ്ധമായ ഹജ്ജ് കർമ്മം ബക്രീദിനോടനുബന്ധിച്ചാണ് നടത്തുന്നത്. മുസ്ലിങ്ങളിലെ പാരമ്പര്യവാദികളായ സുന്നികൾക്കിടയിലാണ് നബിദിനം ആചരിക്കപ്പെടുന്നത്. മലബാർ പ്രദേശത്തെ നേർച്ചകൾ, തിരുവിതാംകൂറിലെ കൊടികുത്ത്, ബീമാപള്ളി ഉറൂസ് എന്നിവ പ്രാദേശികമായി വലിയ സ്വീകാര്യത ഉള്ളവയാണ്. ക്രിസ്ത്യാനികൾ ക്രിസ്തുമസും, ഈസ്റ്ററും, പള്ളി പെരുന്നാളുകളും വിപുലമായി കൊണ്ടാടുന്നു. യേശുക്രിസ്തുവിന്റെ ജന്മദിനമായ ഡിസംബർ 25ന് അനേകം ആചാരങ്ങളും കീഴ്നടപ്പുകളും വെച്ചുപുലർത്തുന്ന ആഘോഷമാണ് ക്രിസ്മസ്. ബൈബിൾ പാരായണം, പ്രാർത്ഥന, ക്രിസ്മസ് സന്ദേശപ്രഭാഷണം എന്നിവ ഇതിനോടനുബന്ധിച്ച് ഉണ്ടാകും. കരോളും, നക്ഷത്ര വിളക്കും ക്രിസ്മസിന്റെ അവിഭാജ്യഘടകങ്ങളാണ്. ക്രിസ്മസ്പോലെ വർണശബളമല്ലെങ്കിലും മൊത്തത്തിൽ പഴക്കമുള്ള ആഘോഷമാണ് ഈസ്റ്റർ. പെസഹാവ്യാഴം, ദുഃഖവെള്ളി എന്നിവ ആചരിച്ചാണ് ക്രിസ്തുദേവന്റെ ഉയർത്തെഴുന്നേൽപ്പിനെ അനുസ്മരിച്ച് ഈസ്റ്റർ കൊണ്ടാടുന്നത്. പള്ളികളിലെ വാർഷിക പെരുന്നാളുകൾ പലതും പ്രശസ്തി ഉള്ളതാണ്. എല്ലാ മതസ്ഥരും അവരവരുടെ ആഘോഷങ്ങൾ കേരളത്തിൽ നന്നായി സംഘടിപ്പിക്കാറുണ്ട്.

### 5.2.4 ആചാരങ്ങൾ

നമ്പൂതിരിമാർക്ക് സാമ്പത്തികരാഷ്ട്രീയ മേഖലകളിൽ ലഭിച്ച സ്വാധീനശക്തിയാണ് കേരളത്തിൽ സവിശേഷമായ ജാതിവ്യവസ്ഥയും അതിനെ അടിസ്ഥാനമാക്കിയുള്ള അയിത്തവും തീണ്ടലും തൊടീലും നിർമിച്ചത്. നമ്പൂതിരിമാർക്കിടയിൽതന്നെ നിരവധി ആചാരങ്ങൾ നിലവിലുണ്ടായിരുന്നു. ബ്രാഹ്മണസ്ത്രീകളുടെ പാതിവ്രത്യത്തിൽ സംശയമുണ്ടായാൽ നടത്തുന്ന സ്മാർത്തവിചാരവും അതിനെത്തുടർന്നുള്ള ഭ്രഷ്ടും അതിൽ പ്രധാനപ്പെട്ടതാണ്. സ്വന്തം സമുദായത്തിനിടയിൽ പാലിക്കേണ്ട ആചാരങ്ങൾക്കൊപ്പം അടിയാളരോടുള്ള ആചാരങ്ങളും നിർമിച്ചു. ഓരോജാതിയുടെയും സാമൂഹ്യ

നില വെച്ച് മേലാളനിൽനിന്ന് പാലിക്കേണ്ട ദൂരം നിശ്ചയിച്ചു. ചില ജാതികളെ കണ്ടാൽത്തന്നെ അയിത്തമാകുമായിരുന്നു. ബ്രാഹ്മണരും നാടുവാഴികളും ഉണ്ടാക്കിയ ആചാരങ്ങൾക്ക് സമാന്തരമായി കുടിയാരും അടിയാളരും അവരുടേതായ ആചാരങ്ങളും അനുഷ്ഠിച്ചിരുന്നു. യക്ഷി, ചാത്തൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആചാരങ്ങളും കാവുകളിലെ ആചാരങ്ങളും ഈ രീതിയിൽ ഉണ്ടായതാണ്. പറയന്മാരും മറ്റു അടിയാളരും ചെയ്തിരുന്ന ഒടിവിദ്യ, കൂടോത്രം എന്നിവ മേലാളരിൽ ചെറിയ ഭയമുണ്ടാക്കി. മേലാളസ്ത്രീകളെ അടിയാള പുരുഷന്മാർക്ക് സ്വന്തമാക്കാനുള്ള അവസരമാണ് മണ്ണാപ്പേടി, പുലപ്പേടി, പറപ്പേടി തുടങ്ങിയ ആചാരങ്ങൾ. കാർത്തിക മാസത്തിൽ രാത്രികാലങ്ങളിൽ പുറത്തിറങ്ങുന്ന സവർണസ്ത്രീയുടെ നേർക്ക് പുലയജാതിയിലോ മണ്ണാൻജാതിയിലോ പെട്ട പുരുഷൻ ഒരു കല്ലോ കമ്പോ എടുത്തെറിഞ്ഞ് അവരുടെ ദേഹത്ത് കൊണ്ടാൽ പ്രസ്തുത സ്ത്രീ കുടുംബത്തിൽനിന്നും ഭ്രഷ്ടയായി പുറത്താകും. ശൈഖ് സൈനുദ്ദീൻ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന കൃതിയിൽ ഇവ രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണ്ടർട്ട് തന്റെ നിഘണ്ടുവിൽ പ്രസ്തുതമാസം കർക്കിടകമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മധ്യകാല ജാതിബന്ധങ്ങളുടെ സ്വഭാവം നോക്കിയാൽ അടിയാർ ജാതികൾ, നായർസ്ത്രീകളെ ഇങ്ങനെ കയ്യടക്കുക സാധ്യമല്ലെന്നും സ്വന്തം സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കാൻ നായന്മാർ കണ്ടെത്തിയ ആചാരങ്ങളാണ് ഇവയെന്നും പുതിയ കാലത്ത് വാദങ്ങളുണ്ട്.

### 5.2.5 വിവാഹവുമായി ബന്ധപ്പെട്ടത്

നമ്പൂതിരിമാരിൽ കുടുംബത്തിലെ മൂത്ത ആൾ മാത്രം സ്വജാതിയിൽനിന്ന് വിവാഹം (വേളി) കഴിക്കുകയും മറ്റുള്ളവർ നായർ തുടങ്ങിയ അന്യജാതിക്കാരുമായി സംബന്ധത്തിൽ ഏർപ്പെടുകയുമാണ് ചെയ്തിരുന്നത്. നായർ, ഈഴവർ, കുറവർ, പുലയർ എന്നിവരുടെയിടയിൽ ബഹുഭർതൃത്വം നിലവിലിരുന്നു. നായർ, ഈഴവർ തുടങ്ങിയ ജാതികളിൽ താലികെട്ട്, തിരണ്ടുകല്യാണം, പുളികുടി എന്നിവ നടത്തിയിരുന്നു. പെൺകുട്ടി ഋതു ആകുന്നതിനു മുമ്പ് തന്നെ ഉയർന്നജാതിയിലെ ഒരു വ്യക്തിയെക്കൊണ്ട് കഴുത്തിൽ താലികെട്ടിക്കുന്നതാണ് താലികെട്ട് അഥവാ കെട്ടുകല്യാണം എന്നറിയപ്പെട്ടിരുന്നത്. പെൺകുട്ടിയുടെ മേൽ യാതൊരു അവകാശവും താലികെട്ടിയ ആൾക്കില്ല. പെൺകുട്ടി ഋതുവാകുമ്പോഴാണ് തിരണ്ടുകല്യാണം നടത്തിയിരുന്നത്. ഗർഭിണിയായാൽ ഒമ്പതാംമാസം നടത്തുന്ന ചടങ്ങാണ് പുളികുടി. വെള്ളാള സമൂഹത്തിൽ സവിശേഷമായ മറ്റൊരു ആചാരം നിലനിന്നിരുന്നു. വിവാഹസമയത്ത് വധു പാതിവ്രത്യം കാത്തുസൂക്ഷിക്കാം എന്ന പ്രതിജ്ഞ എടുക്കുന്ന 'അമ്മിചവിട്ടി അരുന്ധതികാണൽ' ആയിരുന്നു അത്.

### 5.2.6 കൃഷിയുമായി ബന്ധപ്പെട്ടത്

കാർഷിക രംഗവുമായി ബന്ധപ്പെട്ട നിരവധി ആചാരങ്ങൾ കേരളത്തിലുണ്ട്. നിലമൊരുക്കുന്നതു മുതൽ കൊയ്യുന്നത് വരെയുള്ള ഘട്ടങ്ങളിലായി പല അനുഷ്ഠാനങ്ങളും കൃഷിയുമായി ബന്ധപ്പെട്ടുണ്ടായിരുന്നു. ഐശ്വര്യവും സമ്പൽസമൃദ്ധിയും ലഭിക്കാനായി കർക്കിടക മാസത്തിൽ നടത്തുന്ന ഇല്ലംനിറ വളരെ പ്രാധാന്യമുള്ള ഒരു ചടങ്ങായിരുന്നു. വ്രതനിഷ്ഠയോടെ കൃഷിഭൂമിയിൽ നിന്ന് കൊയ്തെടുക്കുന്ന നെൽക്കതിർ വഴിപാടായി ക്ഷേത്രത്തിൽ കൊടുക്കുകയും പൂജ കഴിഞ്ഞ് ലഭിക്കുന്ന കതിർക്കുലകൾ വീടിന്റെ മച്ചിലും ഉമ്മറത്തും തൂക്കുകയും ചെയ്യും. അടുത്തവർഷം സമാന ചടങ്ങു നടക്കുന്നതുവരെ അത് അവിടെത്തന്നെ ഉണ്ടാകും. ശബരിമലയിലെ നിറപുത്തരി ചടങ്ങുകൾ പ്രശസ്തമാണ്. നെൽകൃഷിയുമായി ബന്ധപ്പെട്ട കാളയോട്ട മത്സരമായ മരമടി, വയലിൽ നിന്നും കൊണ്ടുവരുന്ന നെല്ല് അതിനെ ശുദ്ധിവരുത്തുന്ന നിറ, കൊയ്ത്ത് നെൽക്കറ്റകൾ മെതിച്ച് നെല്ല് അതേപടി കൂട്ടിയിടുന്ന പൊലി, ആദ്യ വിളവെടുപ്പിനുശേഷം പുന്നെല്ലരി ഭക്ഷിച്ചു തുടങ്ങുന്ന പുത്തരി, എന്നിവയും പ്രധാനപ്പെട്ട കാർഷികാചാരങ്ങളാണ്.

## Recap

- ആഘോഷങ്ങളും ഉത്സവങ്ങളും മതനിരപേക്ഷമാക്കുന്ന കേരളീയ സ്വഭാവം
- സംഘകാലത്തുതന്നെ ഓണാഘോഷം തുടങ്ങി
- സ്ഥാണുരവിയുടെ കാലം മുതൽ വിഷു ആഘോഷം
- വിവാഹ ജീവിതം സുഖപ്രദമാക്കാൻ തിരുവാതിര
- മുസ്ലിം, ക്രിസ്ത്യൻ ആഘോഷങ്ങൾ
- വിവിധ ജാതികൾ, അവർക്കിടയിലും പുറത്തേക്കും നിർമിച്ച ആചാരങ്ങൾ
- സംബന്ധവും ബഹുഭർതൃത്വവും
- നിലമൊരുക്കുന്നതു മുതൽ വിളവെടുപ്പു വരെയുള്ള കാർഷികാചാരങ്ങൾ

## Objective Type Questions

1. സംഘകാല തമിഴകത്ത് ഓണം ആഘോഷിച്ചിരുന്നതായി പറയുന്ന കൃതി?
2. ആവണി ഓണത്തെക്കുറിച്ച് സൂചിപ്പിക്കുന്ന ശാസനം?
3. കേരളത്തിലെ ഓണാഘോഷത്തെക്കുറിച്ച് സൂചിപ്പിച്ച വിദേശ സഞ്ചാരി?
4. ഓണത്തിന്റെ പ്രാഗ്രൂപം ആഘോഷിച്ചിരുന്നതായി കരുതപ്പെടുന്ന അസീറിയയിലെ പുരാതനനഗരം?
5. ചിത്തിരവിഷു ആഘോഷത്തെക്കുറിച്ച് സൂചനകളുള്ള ശാസനം?
6. തിരുവാതിരയെക്കുറിച്ച് പരാമർശങ്ങളുള്ള സംഘംകൃതി?
7. ശ്രീകൃഷ്ണന്റെ ജന്മദിനവുമായി ബന്ധപ്പെട്ട ആഘോഷം?
8. നെഹ്റുട്രോഫി വള്ളംകളി നടക്കുന്ന കായലിന്റെ പേര്?
9. ഹജ്ജ് കർമത്തിനോട് അടുത്തുനിൽക്കുന്ന പെരുന്നാൾ?
10. ക്രിസ്തുദേവന്റെ ഉയർത്തെഴുന്നേൽപ്പുമായി ബന്ധപ്പെട്ട ആഘോഷം?
11. ബ്രാഹ്മണസ്ത്രീകളുടെ പാതിവ്രതവുമായി ബന്ധപ്പെട്ട ആചാരം?
12. ഗർഭിണികളുടെ ഒമ്പതാം മാസത്തിൽ നടത്തുന്ന ചടങ്ങ്?
13. ആദ്യ വിളവെടുപ്പിനുശേഷം പുന്നെല്ലരി ഭക്ഷിച്ചു തുടങ്ങുന്ന ആചാരത്തിന്റെ പേര്?

## Answers to Objective Type Questions

1. മധുരൈക്കാഞ്ചി
2. സ്ഥാണുരവിയുടെ താമ്രശാസനം
3. ബർത്തലോമിയോ
4. നിനെവേ
5. ഭാസ്കരരവിവർമ്മന്റെ തൃക്കടിത്താനം ശാസനം
6. പരിപാടന്റ്
7. അഷ്ടമിരോഹിണി
8. പുന്നമടക്കായൽ
9. ബക്രീദ്
10. ഈസ്റ്റർ
11. സ്മാർത്തവിചാരം
12. പുളികുടി
13. പുത്തരി

## Assignments

1. കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവാഘോഷങ്ങളെപ്പറ്റി വിവരിക്കുക.
2. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട കേരളീയാചാരാനുഷ്ഠാനങ്ങളെപ്പറ്റി വിവരിക്കുക.

## Suggested Readings


1. എം.ജി. ശശിഭൂഷൺ, അത്താഴപ്പഷ്ണിക്കാരുണ്ടോ? ആചാരങ്ങളും അനാചാരങ്ങളും, ഡി.സി. ബുക്സ്, കോട്ടയം.
2. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, എസ്.പി. സി.എസ്, കോട്ടയം.
3. എ.എൻ. സത്യദാസ് (വിവ), ഞാൻ കണ്ട കേരളം, സാമുവൽ മെറ്റീരിയൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. സ്കറിയാ സക്കറിയ, 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, താപസം, കോട്ടയം.
6. വി.എസ്. ബിന്ദു, നാട്ടുവഴി കേരളീയർക്ക് നഷ്ടപ്പെട്ട ഗ്രാമീണ ഗൃഹാതുരത്വം, ഡി.സി. ബുക്സ്. കോട്ടയം.

BLOCK - 06

# കേരളത്തിലെ ദൃശ്യ കലാരൂപങ്ങൾ

യൂണിറ്റ് 1

# കേരളത്തിന്റെ ചികിത്സാപാരമ്പര്യം

## Learning Outcomes

- കേരളത്തിന്റെ ചികിത്സാപാരമ്പര്യത്തെ പരിചയപ്പെടുന്നു
- വിവിധ പാരമ്പര്യ ചികിത്സാരീതികളെക്കുറിച്ച് അറിവു നേടുന്നു
- കളരി സമ്പ്രദായത്തെക്കുറിച്ചുള്ള ധാരണകൾ ലഭിക്കുന്നു
- നാടോടി ചികിത്സാപാരമ്പര്യത്തെപ്പറ്റി അറിയുന്നു
- കളരിപ്പയറ്റിന്റെ സമകാലികപ്രാധാന്യം ഗ്രഹിക്കുന്നു

## Prerequisites

കേരളം മറ്റു നാടുകളിൽനിന്നും വ്യത്യസ്തമാകുന്നതിലും അടയാളപ്പെടുത്തപ്പെടുന്നതിലും കാരണമായ നിരവധി ഘടകങ്ങളുണ്ട്. കേരളത്തിലെ സവിശേഷമായ ചികിത്സാരീതി അതിൽ പ്രധാനപ്പെട്ട ഒന്നാണ്. ആയുർവേദവും സിദ്ധചികിത്സയും വിഷചികിത്സയും ഒക്കെയായി അതിന് നിരവധി ഉൾപ്പിരിവുകളുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കവും പാരമ്പര്യവും ഇവയിൽ പലതിനും അവകാശപ്പെടാനുണ്ട്. ഇതിൽ ആയുർവേദം വ്യവസ്ഥാപിതമായി പഠിക്കപ്പെട്ടുവരുന്ന ശാഖയാണ്. വിശദമായ സിലബസും പരിശീലന കാലയളവും ഒക്കെയായി സംഘടിതമായാണ് അത് നിലനിൽക്കുന്നത്. മിക്ക രോഗങ്ങളുടെയും ശമനത്തിനുള്ള ചികിത്സ മാത്രമായല്ല, മറിച്ച് ഒരു ജീവിതരീതിയായാണ് ആയുർവേദത്തെ ആചാര്യർ ചിട്ടപ്പെടുത്തിയിട്ടുള്ളത്. കോട്ടക്കൽ ആര്യവൈദ്യശാല അടക്കമുള്ള ആയുർവേദ ചികിത്സാലയങ്ങൾ ലോകപ്രശസ്തമാണ്. ഇന്ത്യയ്ക്കകത്തും പുറത്തുനിന്നുമായി ലക്ഷക്കണക്കിനാളുകളാണ് കേരളത്തിലെ വിവിധ ചികിത്സാകേന്ദ്രങ്ങളിൽ എത്തുന്നത്. ടൂറിസവുമായി ബന്ധപ്പെടുന്ന പുതിയ ചികിത്സാരീതി പഞ്ചനക്ഷത്ര സൗകര്യങ്ങളുള്ള ആശുപത്രികളിലേക്കും റിസോർട്ടുകളിലേക്കും ഇന്ന് ചികിത്സയെ മാറ്റിയിട്ടുണ്ട്.

പാരമ്പര്യ ചികിത്സ എന്നു വിളിപ്പേരുള്ള മറ്റു പല ശാഖകളും കാലങ്ങളായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന വിശ്വാസങ്ങളും ധാരണകളും അനുസരിച്ച് മുന്നോട്ടുപോകുന്നവയാണ്. ശരീരത്തെയും അതിനെ ബാധിക്കുന്ന രോഗങ്ങളെയുംകുറിച്ച് യാതൊരു ജ്ഞാനവും പല ചികിത്സകർക്കുമില്ല. അമിത അവകാശവാദങ്ങൾ കുത്തിനിറച്ച് മാധ്യമങ്ങളിൽ നൽകുന്ന പരസ്യങ്ങൾ വഴിയാണ് പലരും ആളുകളെ ആകർഷിക്കുന്നത്. ഓരോ ചികിത്സകരും രോഗനിർണയം നടത്തുന്ന രീതിയും നൽകുന്ന മരുന്നും വളരെ വ്യത്യസ്തമാണ്. ഇക്കാരണങ്ങൾ കൊണ്ടൊക്കെ പാരമ്പര്യചികിത്സ പലതരം ചോദ്യങ്ങളെ പുതിയ കാലത്ത് നേരിടുന്നുണ്ട്. എങ്കിലും അഭ്യസ്തവിദ്യരായ ആളുകളടക്കം ഇത്തരത്തിലുള്ള ചികിത്സകളുടെ

ഗുണഭോക്താക്കളും പ്രചാരകരുമാകുന്ന കാഴ്ചയും സാധാരണയായി കാണുന്നുണ്ട്. വിഷചികിത്സയുമായി ബന്ധപ്പെട്ടാണ് പാരമ്പര്യവൈദ്യത്തെ പുതിയ കാലത്തെ ശാസ്ത്രീയ സമീപനങ്ങൾ ഏറെ വിമർശനാത്മകമായി സമീപിച്ചിട്ടുള്ളത്.

പാരമ്പര്യ ചികിത്സാരീതികളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് കളരി. കേരളത്തിന്റെ ആയോധനകലകൾ അഭ്യസിപ്പിച്ചിരുന്ന ഇടമാണത്. മർമ്മവിദ്യകളുമായി ബന്ധപ്പെട്ട അറിവുകൂടി കളരികളിൽ നൽകുന്നതിനാൽ മർമ്മചികിത്സ എന്ന വിഭാഗം കൂടി അതിന്റെകൂടെ രൂപമെടുക്കുന്നുണ്ട്. കടത്തനാട്ടിലെ കളരികളും അവ വിഷയമായ വടക്കൻപാട്ടുകളും വളരെ പ്രസിദ്ധങ്ങളാണ്. സംഘംകൃതിയായ പത്തുപ്പാട്ടിൽ കളരി എന്ന പ്രയോഗം കാണുന്നുണ്ട്. യുദ്ധക്കളം, അഭ്യാസപ്രകടന മത്സരസ്ഥലങ്ങൾ എന്ന അർഥത്തിലാണ് അത് ഉപയോഗിച്ചിട്ടുള്ളത്. കേരളത്തിനൊപ്പം തമിഴ്നാട്ടിലെ ചില ഭാഗങ്ങളിലും കളരിപ്പയറ്റ് അഭ്യസിച്ചു വരുന്നത് ഈ പാരമ്പര്യത്തിന്റെ ഭാഗമാകണം. ബോധിധർമ്മനുമായി ബന്ധപ്പെട്ട പഠനങ്ങൾ കളരിയിലെ ബുദ്ധമത സ്വാധീനത വ്യക്തമാക്കുന്നതാണ്. ജന്മിത്വം ശക്തമായിരുന്ന കാലത്ത് കളരിപ്പയറ്റിന് പ്രാധാന്യം ഏറെയുണ്ടായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടോടെ പ്രാമുഖ്യം നേടുകയും ഇരുപതാം നൂറ്റാണ്ടോടുകൂടി പ്രതാപം നഷ്ടമാകുകയും ചെയ്ത കളരി സമകാലിക സാഹചര്യത്തിൽ സജീവമാണ്.

## Keywords

വൈദ്യശാസ്ത്രം-പാരമ്പര്യചികിത്സ-ആയുർവേദം-കളരി-മർമ്മചികിത്സ

## Discussion

### 6.1.1 വൈദ്യശാസ്ത്രം

ബുദ്ധ, ജൈനമത സ്വാധീനത്താലാണ് കേരളത്തിൽ വൈദ്യശാസ്ത്രം ആരംഭിച്ചതെന്നു പറയാം. ആയതിനാൽ ബുദ്ധകാലത്തോളം കേരളത്തിലെ വൈദ്യപാരമ്പര്യത്തിന് പഴക്കമുണ്ട്. പല ബുദ്ധവിഹാരങ്ങളും ചികിത്സാകേന്ദ്രങ്ങൾ കൂടിയായിരുന്നു. എന്നാൽ ബ്രാഹ്മണാധിപത്യകാലത്ത് ഇവയെല്ലാം പിടിച്ചെടുത്തു ഹൈന്ദവക്ഷേത്രങ്ങളാക്കി മാറ്റിയതോടെ അതിന്റെ ആതുരശുശ്രൂഷാ പാരമ്പര്യം നഷ്ടമായി. ബ്രാഹ്മണാധിപത്യ കാലത്ത് അവർ പതിനെട്ടു സംഘങ്ങളായി പിരിഞ്ഞപ്പോൾ ഓരോ സംഘത്തിനും ഓരോ വൈദ്യകുടുംബം എന്ന നിലയിൽ ബുദ്ധഭിക്ഷുക്കളിലെ പ്രമുഖ വൈദ്യനെ സ്വീകരിച്ചിട്ടുണ്ടാവുമെന്ന് വിശ്വസിക്കപ്പെടുന്നു. അതിൽ എട്ട് കുടുംബക്കാർ മാത്രം അവശേഷിച്ചുവെന്നും അവർ അഷ്ടവൈദ്യന്മാർ എന്നറിയപ്പെട്ടുവെന്നു മാണ് അനുമാനം. അതെന്തായാലും ബൗദ്ധരിൽ നിന്നും ജൈനരിൽ നിന്നുമാണ് ബ്രാഹ്മണർ വൈദ്യശാസ്ത്രം വശമാക്കിയെന്നതിൽ തർക്കമില്ല. അഷ്ടാംഗഹൃദയത്തിന്റെ കർത്താവായ വാഗ്ഭടൻ എട്ടാം നൂറ്റാണ്ടിലാണ് കേരളത്തിലെത്തിയതെന്ന് കരുതാം. അഷ്ടാംഗഹൃദയത്തിന് ഇന്ന് ഇന്ത്യയിൽ ഏറ്റവും പ്രചാരമുള്ളത് കേരളത്തിലാണ്. അഷ്ടാംഗഹൃദയം ആസ്പദമാക്കിയാണ് ഇന്ന് കേരളത്തിൽ കൂടുതലായി ആയുർവേദ ചികിത്സ നടക്കുന്നത്.

### 6.1.2 ആയുർവേദം

കേരളമാകെ വികാസം പ്രാപിച്ച ചികിത്സാശാഖയാണ് ആയുർവേദം. എ.ഡി. അഞ്ചാം നൂറ്റാണ്ടിനും എട്ടാം നൂറ്റാണ്ടിനുമിടയ്ക്ക് തന്നെ ആയുർവേദത്തിന് നല്ല പ്രചാരം സിദ്ധിച്ചു. രോഗത്തിന് കാരണമായ ത്രിദോഷങ്ങളെ പൂർണമായും ഒഴിവാക്കി ശരീരത്തിന്റെ മൊത്തത്തിലുള്ള

പ്രതിരോധസംവിധാനം ഉണർത്തുന്ന രീതിയാണ് ആയുർവേദത്തിനുള്ളത്. ജൈന-ബുദ്ധമതക്കാരാണ് കേരളത്തിൽ ആയുർവേദം അവതരിപ്പിച്ചത്. മതകേന്ദ്രങ്ങൾക്കൊപ്പം ആയുർവേദ വിധിപ്രകാരമുള്ള ചികിൽസാലയങ്ങളും അവർ സ്ഥാപിച്ചിരുന്നു. പിന്നീട് നമ്പൂതിരിമാരും ഈഴവരും ഇതിൽ പ്രാവീണ്യം നേടി. നമ്പൂതിരി വൈദ്യൻമാരുടെ പരമ്പര അഷ്ടവൈദ്യന്മാർ എന്ന പേരിൽ പ്രസിദ്ധരായിരുന്നു. 'മൂസ്സന്മാർ' എന്നും അവർ അറിയപ്പെട്ടു. പുലാമന്തോൾ, കുട്ടഞ്ചേരി, തൃശ്ശൂർ തൈക്കാട്, എളേടത്തു തൈക്കാട്, ചിരട്ടമൺ, വയസ്കര, വെള്ളോട് തുടങ്ങിയ ഇല്ലങ്ങളിലെ വൈദ്യൻമാരാണ് ഇങ്ങനെ അറിയപ്പെട്ടത്. ഇന്നും ഈ കുടുംബങ്ങളിൽ മിക്കവരും പ്രസിദ്ധ ആയുർവേദ ചികിത്സകരും ഔഷധ നിർമാതാക്കളുമാണ്. അഷ്ടവൈദ്യന്മാർക്ക് മുമ്പ് ആയുർവേദത്തിൽ പ്രസിദ്ധമായ പതിനെട്ട് കുടുംബങ്ങൾ ഉണ്ടായിരുന്നെങ്കിലും പിൽക്കാലത്ത് അവകാശികളില്ലാതെയും മറ്റും അവ പലതും അന്യംനിന്നുപോയി. ആയുർവേദം അഭ്യസിച്ച ഈഴവ വൈദ്യൻമാർക്ക് എവിടെയും അയിത്തം കൽപ്പിച്ചിരുന്നില്ല. 'ഹോർത്തൂസ് മലബാറിക്കസ്' എന്ന ഗ്രന്ഥം രചിക്കാൻ ഡച്ചുകാർക്ക് സഹായം നൽകിയ ഇട്ടിഅച്യുതൻ ഈഴവവൈദ്യൻമാരിൽ പ്രധാനിയാണ്. വേലൻ, കണിയാൻ തുടങ്ങിയ ജാതിക്കാരുടെ ഇടയിലും നല്ല വൈദ്യന്മാർ ഉണ്ടായിരുന്നു.

ആയുർവേദത്തിലെ ഉൾപ്പിരിവുകളുമായി ബന്ധപ്പെട്ട വിഷയങ്ങളെ ആസ്പദമാക്കിയുള്ള ധാരാളം ഗ്രന്ഥങ്ങൾ മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. അഷ്ടാംഗഹൃദയം, സുശ്രുതസംഹിത, ചരകസംഹിത തുടങ്ങിയ ആയുർവേദ ഗ്രന്ഥങ്ങൾക്ക് കേരളത്തിലെങ്ങും പ്രചാരമുണ്ടായിരുന്നു. വാഗ്ഭടന്റെ അഷ്ടാംഗഹൃദയമാണ് ഇതിലേറ്റവും പ്രധാനം. പുലാമന്തോൾ മൂസതിന്റെ ചികിത്സാമഞ്ജരി, ആലത്തിയൂർ പരമേശ്വരൻ നമ്പൂതിരിയുടെ വാക്യപ്രദീപിക, കൈക്കുളങ്ങര രാമവാര്യരുടെ സാരാർഥദർപ്പണം, ഭാവപ്രകാശം, പോർട്ട് കണ്ണന്റെ ഭാസ്ക്കരം, ഗോവിന്ദൻ വൈദ്യരുടെ അരുണോദയം തുടങ്ങിയ കൃതികളെല്ലാം അഷ്ടാംഗഹൃദയം ആസ്പദമാക്കിയുള്ള പ്രസിദ്ധ വ്യാഖ്യാനങ്ങളാണ്. ആയുർവേദത്തിന്റെ താത്വികവും പ്രായോഗികവുമായ വശങ്ങളിൽ ഒരുപോലെ പ്രാവീണ്യമുണ്ടായിരുന്ന കോട്ടയ്ക്കൽ വൈദ്യശാലയിലെ വൈദ്യരത്നം പി.എസ്. വാര്യർ രചിച്ച അഷ്ടാംഗശരീരം, ബൃഹദ്ശരീരം തുടങ്ങിയ ഗ്രന്ഥങ്ങൾ ഈ മേഖലയിലെ ശ്രദ്ധേയ സംഭാവനകളാണ്. തൈക്കാട്ട് നാരായണൻ മൂസതിന്റെ സിന്ദൂരമഞ്ജരി, കൈക്കുളങ്ങര രാമവാര്യരുടെ ആരോഗ്യദ്രുമം എന്നിവയും പ്രധാന കൃതികളാണ്. തയ്യിൽ കൃഷ്ണൻ വൈദ്യരുടെ ഔഷധ നിഘണ്ടു, ചോലയിൽ കെ.എം. വൈദ്യർ, കാണിപ്പയ്യൂർ എന്നിവരുടെ ആയുർവേദ നിഘണ്ടുക്കളും ധാരാളം വിവരങ്ങൾ അടങ്ങിയതാണ്. വിഷവൈദ്യം, ബാലചികിത്സ, കണ്ണുചികിത്സ, ക്ഷയം, കുഷ്ഠം, പ്രമേഹം തുടങ്ങി വിവിധ രോഗങ്ങളുമായി ബന്ധപ്പെട്ട ചികിത്സകൾ ആയുർവേദ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്നു.

ആയുർവേദ ചികിത്സയിൽ കാലാനുസൃതമായ മാറ്റം പ്രകടമാണ്. കേരളത്തിലെ മിക്ക പ്രദേശങ്ങളിലും ഇന്ന് ആയുർവേദ ഡോക്ടർമാരും ആശുപത്രി സൗകര്യവും ലഭ്യമാണ്. രോഗികൾക്ക് വിവിധ ഔഷധസസ്യങ്ങളുടെ കുറിപ്പെഴുതി നിർദ്ദേശിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായി മരുന്നുകൾ ശാസ്ത്രീയമായി നിർമ്മിച്ച് വിതരണം ചെയ്യുന്നതാണ് പുതിയ കാലത്തെ രീതി. ആയുർവേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കാനുള്ള ഔഷധസസ്യത്തോട്ടങ്ങളും അവ ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കാനുള്ള സൗകര്യങ്ങളും മരുന്നുനിർമ്മാണ ഫാക്ടറികളും വിപുലമായ വിതരണ-വിൽപ്പന ശൃംഖലകളും ഇന്ന് പ്രവർത്തിക്കുന്നു. പച്ചമരുന്നിന്റെ നീര് പിഴിഞ്ഞെടുക്കുന്ന സ്വരസം, മരുന്ന് അരച്ചുരുട്ടി എടുക്കുന്ന കല്ക്കം, അരച്ചുരുട്ടി നിഴലിൽ ഉണക്കിയെടുക്കുന്ന ഗുളിക, വിവിധ കഷായങ്ങൾ, സ്വരസം, കല്ക്കം, കഷായം എന്നിവ കുറുക്കിയെടുക്കുന്ന ലേഹ്യം തുടങ്ങി വിവിധ ഔഷധങ്ങൾ ആയുർവേദത്തിലുണ്ട്. ഗോരോചനാദി, കൊമ്പഞ്ചാദി, ധന്വന്തരം, കസ്തൂര്യാദി, ഇളനീർകുഴമ്പ് തുടങ്ങി കേരളീയ വൈദ്യന്മാരുടെ സവിശേഷമായ ഔഷധക്കൂട്ടുകൾ ആയുർവേദത്തിൽ പ്രധാന

മാണ്. പഞ്ചകർമ്മചികിത്സ, ധാര, പിഴിച്ചിൽ, ധാന്യക്കിഴി, ഞവരക്കിഴി, ഉഴിച്ചിൽ, ശിരോവസ്തി തുടങ്ങിയ ആയുർവേദ ചികിത്സാരീതികൾ ലോകമാകെ ഖ്യാതി നേടിയവയാണ്.

വിഷചികിത്സ കേരളത്തിലെ ആയുർവേദ ചികിത്സകളിൽ പ്രധാനപ്പെട്ട ഒരു ശാഖയാണ്. ദംഷ്ട്രചികിത്സ എന്നും അറിയപ്പെടുന്നു. ശരീരത്തിന് ഹാനികരമായി പുറത്തുനിന്നും വരുന്ന വസ്തുക്കളായ വിഷത്തിനെതിരായാണ് വിഷചികിത്സ നടത്തുന്നത്. അഗദതന്ത്രം എന്ന വിഭാഗത്തിലാണ് ആയുർവേദം വിഷചികിത്സയെ ഉൾപ്പെടുത്തുന്നത്. കാരാട്ടുനമ്പൂതിരി എഴുതിയ ജോത്സനിക എന്ന വിഷവൈദ്യഗ്രന്ഥമാണ് ചികിത്സയുടെ അടിസ്ഥാനം. കോക്കര, പാമ്പുമേക്കാട്, കാരാട്ട് തുടങ്ങിയ ഇല്ലങ്ങൾ വിഷചികിത്സയിൽ പ്രാഗല്ഭ്യം നേടിയവരാണ്. ഇതിൽ പാമ്പുമേക്കാട് സർപ്പവിഷത്തിന് മാത്രമേ ചികിത്സയുള്ളൂ. ആധുനിക വൈദ്യശാസ്ത്രം പുതിയകാലത്ത് പാമ്പുകടിക്കെതിരെയുള്ള ആയുർവേദ വിഷചികിത്സയെ ചോദ്യം ചെയ്തിട്ടുണ്ട്. വിഷമുള്ള പാമ്പുകളുടെ കടിയേറ്റാൽ അലോപ്പതി വിധിപ്രകാരമുള്ള ആൻറിവെനം നൽകൽ മാത്രമാണ് ചികിത്സ എന്ന വാദമാണ് അവർ ഉന്നയിക്കുന്നത്. ബാലചികിത്സയിൽ പ്രാവീണ്യം നേടിയ ധാരാളം വൈദ്യൻമാർ കേരളത്തിലുണ്ട്. ആനയെ ചികിത്സിക്കുന്ന ഹസ്ത്യായുർവേദം, സസ്യപരിപാലനവുമായി ബന്ധപ്പെട്ട വൃക്ഷായുർവേദം എന്നിവയും പ്രധാന ശാഖകളാണ്. ഇന്ത്യക്കകത്തും പുറത്തുനിന്നുമായി പ്രശസ്തരായ നിരവധി വ്യക്തികൾ ആയുർവേദത്തിന്റെ സ്വാസ്ഥ്യം തേടി കേരളത്തിലെത്തുന്നു.

### 6.1.3 നാടോടിവൈദ്യം

താരതമ്യേന ചെലവുകുറഞ്ഞതും ലളിതമായ ചികിത്സാരീതികളുമുള്ള ചികിത്സാപദ്ധതിയാണ് നാടോടി വൈദ്യത്തിന്റേത്. ചികിത്സയിൽ പ്രകൃതിയെ പരമാവധി ഉപയോഗപ്പെടുത്താൻ നാടോടിവൈദ്യം ശ്രദ്ധിക്കുന്നു. ജീവിത പരിതസ്ഥിതിയിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ജീവിക്കുക എന്ന സാമാന്യ ഫോക്‌ലോർ രീതി നാട്ടുവൈദ്യത്തിലും ബാധകമാണ്. സമൂഹം കാലങ്ങളായി ആർജിച്ച പാരമ്പര്യ ധാരണകളെയാണ് ദൈവത്തിന്റെയും മന്ത്രത്തിന്റെയും മരുന്നിന്റെയും സഹായത്തോടെ നാട്ടുവൈദ്യം ഉപയോഗിക്കുന്നത്. മരുന്ന് പറിച്ചെടുക്കുന്നതിനു മുമ്പുള്ള ഈശ്വരധ്യാനവും മരുന്ന് പ്രയോഗിക്കാനുള്ള കാലപരിഗണനയും കിഴക്കുതിരിഞ്ഞ് നിന്ന് കഴിക്കണമെന്ന വിശ്വാസവുമെല്ലാം ഇതിന്റെ ഭാഗമാണ്. മന്ത്രവാദക്കളങ്ങൾ വരച്ചുള്ള മന്ത്രവാദവും ചികിത്സയുടെ ഭാഗംതന്നെ. വൈദ്യന്റെ സാന്നിധ്യം നാട്ടുവൈദ്യത്തിൽ ആവശ്യമില്ല. പഴുതാര കടിക്കുക, കടന്നൽ കുത്തുക തുടങ്ങിയവയ്ക്ക് ചുണ്ണാമ്പ് തേക്കൽ, വയറുവേദനയ്ക്ക് ഇഞ്ചിനീര് അല്ലെങ്കിൽ വെളുത്തുള്ളിനീര് കഴിക്കൽ, ഛർദി, വയറിളക്കം എന്നിവയ്ക്ക് കരിക്കിൻവെള്ളം കഴിക്കൽ തുടങ്ങിയ നിരവധി നാട്ടറിവുകൾ തലമുറകളായി കൈമാറി വന്നതാണ്.

ഇഴജന്തുക്കളെയും അട്ട, ചെള്ള് എന്നിവയേയും തുരത്താൻ നിരവധി മാർഗങ്ങൾ നാട്ടുവൈദ്യത്തിൽ ഉണ്ട്. മരുന്നുകൾ കഴിയുന്നത്ര അതിന്റെ സ്വാഭാവിക അവസ്ഥയിൽ കഴിക്കും. ആയുർവേദം, സിദ്ധവൈദ്യം മുതലായ ചികിത്സാരീതികളുടെയും അടിസ്ഥാനം നാട്ടുവൈദ്യം തന്നെ. രോഗം വന്നുള്ള ചികിത്സയേക്കാൾ വരാതെ നോക്കലിനാണ് നാട്ടുവൈദ്യത്തിൽ പ്രാധാന്യം. കുളി, പല്ലുതേക്കൽ തുടങ്ങിയ ദൈനംദിന ജീവിതശീലങ്ങൾതന്നെ രോഗപ്രതിരോധമാർഗങ്ങളാണ്. ഭക്ഷണം കഴിക്കുന്നതിൽ നിരവധി നിർദ്ദേശങ്ങൾ നാട്ടുവൈദ്യം നൽകുന്നുണ്ട്. ചമ്രം പടിഞ്ഞുള്ള ഇരിപ്പു മുതൽ മിതമായ അളവും മെല്ലെയുള്ള കഴിക്കലും വിരുദ്ധാഹാരങ്ങളെ ഒഴിവാക്കലും വ്രതാനുഷ്ഠാനവും എല്ലാം ഇതിലുൾപ്പെടുന്നു. ദേശാടനക്കാരായ ലാടൻമാരുടെ ചികിത്സയിൽ പാരമ്പര്യമായി കൈമാറിക്കിട്ടിയ ഒട്ടേറെ ഒറ്റമൂലി രഹസ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. നാടോടിവൈദ്യത്തിന്റെ മറ്റൊരു രൂപമാണിതും.

### 6.1.4 സിദ്ധവൈദ്യം

മഹാദേവനിൽ നിന്നുത്ഭവിച്ച് പാർവതി, നന്ദികേശ്വരൻ, ധന്വന്തരി, അഗസ്ത്യൻ, പുല

സ്ത്യൻ, തേരയ്യർ എന്നിവരിലൂടെ വികസിച്ച ചികിത്സാവിധിയാണ് സിദ്ധവൈദ്യം. തേരയ്യരിൽ നിന്നും പതിനെട്ട് സിദ്ധന്മാർ സിദ്ധവൈദ്യം അഭ്യസിച്ചു. ചിന്താമണി എന്നും ഇതിന് പേരുണ്ട്. ഇന്ത്യൻ പ്രദേശങ്ങളിലാണ് ഇതിന് കാര്യമായ പ്രചാരമുള്ളത്. അഗസ്ത്യർ രചിച്ച വൈദ്യശതകം, ഗുരുനാഡി, (അഗസ്ത്യർ-1200) എന്നീ ഗ്രന്ഥങ്ങളാണ് സിദ്ധവൈദ്യത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ. രാമാനന്ദ് സ്വാമികളുടെ സിദ്ധവൈദ്യ പ്രവേശിക പ്രധാനപ്പെട്ട മറ്റൊരു ഗ്രന്ഥമാണ്. ആയുർവേദത്തെ പോലെതന്നെ വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങളെയാണ് ചികിത്സയിൽ സിദ്ധവൈദ്യവും ലക്ഷ്യം വെക്കുന്നത്. സിദ്ധവൈദ്യം രോഗങ്ങളെ സ്ഥൂലമെന്നും സൂക്ഷ്മമെന്നും രണ്ടായി തിരിക്കാറുണ്ട്. ഔഷധ ചികിത്സയുടെകൂടെ രോഗിയുടെ മാനസാന്തരത്തിലൂടെയുള്ള പശ്ചാത്താപത്തിനും സിദ്ധവൈദ്യത്തിൽ സ്ഥാനമുണ്ട്. രോഗലക്ഷണങ്ങളേക്കാൾ നാഡിസ്പന്ദം പരിശോധിച്ചാണ് സിദ്ധവൈദ്യന്മാർ രോഗം നിർണയിക്കുക. വലിയ ഏകാഗ്രതയും ജ്ഞാനേന്ദ്രിയങ്ങളുടെ ശുദ്ധിയും ആവശ്യപ്പെടുന്ന രീതിയാണിത്. രോഗിയുടെ പ്രായം, ശാരീരിക പ്രത്യേകതകൾ, നാഡിമിടിപ്പിലെ വ്യത്യാസം എന്നിവയ്ക്കനുസരിച്ച് രോഗത്തിന്റെ പഴക്കം വരെ ചികിത്സകർ പറയാറുണ്ട്. സ്വർണം, വെള്ളി, ഇരുമ്പ്, ചെമ്പ് മുതലായ ലോഹങ്ങൾ, രസം, ഗന്ധകം തുടങ്ങിയ ധാതുക്കൾ, ഉപ്പുകൾ, ക്ഷാരങ്ങൾ എന്നിവ ധാരാളം ഉൾപ്പെടുത്തിയാണ് സിദ്ധവൈദ്യത്തിലെ ഔഷധങ്ങൾ നിർമിക്കപ്പെടുന്നത്.

### 6.1.5 കളരി

കേരളത്തിന്റെ സ്വന്തമായ ആയോധനകലയായ കളരിപ്പയറ്റ് അഭ്യസിക്കുന്ന സ്ഥലമാണ് കളരി. ആയോധനകലയോടൊപ്പം മറ്റു വിദ്യകൾ പഠിപ്പിക്കുന്ന പാഠശാലകളെയും കളരി എന്ന് വിളിക്കാറുണ്ട്. കളരി എന്ന പദത്തിന്റെ നിഷ്പത്തിയിൽ സംസ്കൃതത്തിലെ ഖലൂരിക എന്ന വാക്കും കല്ലൂരി എന്ന ദ്രാവിഡവാക്കും പണ്ഡിതാഭിപ്രായങ്ങളിൽ ഉണ്ട്. കേരളത്തിൽ നിലവിലുള്ള മിക്ക കലാരൂപങ്ങളിലും കളരിപ്പയറ്റിന്റെ സ്വാധീനമുള്ള മെയ്വഴക്കം ആവശ്യമാണ്. തെയ്യം, പൂരക്കളി, മറുത്തുകളി, കഥകളി, കോൽക്കളി, വേലകളി തുടങ്ങിയ പല പരമ്പരാഗത കലാരൂപങ്ങളും ഇത്തരത്തിൽ കളരിപ്പയറ്റിനെ ഉപജീവിച്ചവയാണ്. ആൺ-പെൺ വ്യത്യാസമില്ലാതെ എല്ലാവരും കളരി അഭ്യസിച്ചിരുന്ന ഒരു കാലം കേരളത്തിന്റെ ചരിത്രത്തിലുണ്ട്. ജന്മിത്വത്തിന്റെ പ്രഭവകാലത്ത് കളരി വളരെ പ്രധാനപ്പെട്ട സ്ഥാനം വഹിച്ചിരുന്നു. പ്രബലരായ രാജാക്കന്മാരും നാട്ടുരാജാക്കന്മാരും പടനായകരും സൈന്യതലവന്മാരും കളരികൾ സ്ഥാപിച്ചു പരിശീലനം നൽകിവന്നിരുന്നു. പതിനൊന്നാം നൂറ്റാണ്ടിലെ ചേരചോള യുദ്ധത്തിന്റെ ഫലമായി പന്ത്രണ്ടാം നൂറ്റാണ്ടോടെയാണ് കേരളത്തിൽ കളരിക്ക് പ്രചാരം ലഭിച്ചതെന്ന ഒരു വാദമുണ്ട്. സംഘകാല കൃതികളായ അകനാനൂറിലും പുറനാനൂറിലും കളരിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ കാണാം. പ്രാക്തനകാലം, കുലശേഖരന്മാരുടെ ഭരണകാലം, നാട്ടുരാജാക്കന്മാരുടെ കാലം തുടങ്ങിയ കാലഘട്ടങ്ങളിൽ ദേശങ്ങൾ തോറും കളരികൾ സ്ഥാപിക്കപ്പെട്ടു. ആയുധാഭ്യാസങ്ങളോടൊപ്പം ശാസ്ത്രങ്ങൾക്കും കലകൾക്കും വിദ്യകൾക്കും കളരിയിൽ പ്രാധാന്യം നൽകിയിരുന്നു.

വിവിധ ഘട്ടങ്ങളിലൂടെ സുഘടിതമായി മുന്നേറുന്ന കളരിയഭ്യാസം ഇന്നും കേരളത്തിലുണ്ട്. ദീർഘചതുരാകൃതിയിൽ ആണ് കളരികൾ ഉണ്ടാക്കുക. ഇലങ്കങ്ങൾ എന്നുകൂടി പേരായ തെക്കൻപ്രദേശങ്ങളിൽ നിരപ്പായ സ്ഥലം മറ കെട്ടി തിരിച്ചാണ് കളരികൾ സ്ഥാപിക്കുക. ഭൂമി കുഴിച്ച് നിർമിച്ച കുഴിക്കളരിയാണ് വടക്കൻ ചിട്ടയിലുള്ളത്. നീളത്തിലെ പകുതി വീതി എന്ന വാസ്തു കണക്കാണ് നിർമാണത്തിൽ സ്വീകരിക്കുക. ഇരുപത്തീരടിയിൽ മാത്രം വീതിയും നീളവും കണക്കാണ്. കളരി പരദേവതയുടെ സ്ഥാനമായ പൂത്തറയും ഗുരുഭൂതന്മാർ സങ്കൽപ്പിക്കുന്ന ഗുരുത്തറയും കളരിയിൽ ഉണ്ടാകും. ഗണപതിക്കുള്ള സങ്കല്പസ്ഥാനമായ ഗണപതിത്തറയും നാഗപ്രതിഷ്ഠാസങ്കല്പത്തിൽ നാഗത്തറയും ഉണ്ടാവും. ഇവിടെ നമസ്കരിച്ചേ അഭ്യാസങ്ങൾ ആരംഭിക്കൂ. വലതുകാൽ വെച്ചാണ് കളരിയിൽ പ്രവേശിക്കുക. വെട്ടുകളരി, പയറ്റുകളരി, ചാട്ട

ക്കളരി, ഓട്ടക്കളരി, പറക്കളരി എന്നിങ്ങനെ ദേശ ഭേദത്തിനനുസരിച്ച് വ്യത്യസ്ത ശൈലികളുണ്ട്. പതിമൂന്നു മുഴം നീളവും ഒരു ചാൺ വീതിയു മുള്ള കട്ടിത്തുണി പ്രത്യേകതരത്തിൽ ചുരുട്ടി ചുറ്റുന്നതാണ് കളരിയുടെ വേഷം. കച്ച എന്നാ ണിതിന് പറയുക. അഭ്യാസികളുടെ ചുവടുകൾ നിയന്ത്രിക്കുന്ന വായ്ത്താരി കളരിപ്പയറ്റ് പരി ശീലനത്തിലെ പ്രധാനഘടകമാണ്. കുറുവടി, നെടുവടി, കുന്തം, വാൾ, ഉറുമി, വടിവാൾ, അര വാൾ, കഠാര, പരിച മുതലായ ആയുധങ്ങൾ പ്രയോഗിക്കാനുള്ള പരിശീലനവും കളരിയിൽ ഉണ്ട്. മർമ്മപ്രയോഗങ്ങൾ ഔഷധപ്രയോഗ ങ്ങൾ, മന്ത്രതന്ത്ര വിദ്യകൾ, ജ്യോതിഷം എന്നി വയും കളരിയിലെ പാഠ്യവിഷയങ്ങളാണ്.

കളരിപ്പയറ്റ് ഇന്ന് ഒരു പ്രദർശന കലയാണ്. മെയ്പയറ്റ് (മെയ്ത്താരി), വടിപ്പയറ്റ് (കോൽ ത്താരി), വാൾപ്പയറ്റ് (അങ്കത്താരി) വെറുംകൈ പ്രയോഗം എന്നിവ അഭ്യാസത്തിലെ നാല് പ്ര ധാന വഴികളാണ്. മെയ്യഭ്യാസമാണ് ആദ്യം പ ഠിപ്പിക്കുക. ശരീരത്തിൽ എണ്ണ തേച്ച് തിരുമ്മി പരിശീലനം ആരംഭിക്കും. തുടർന്ന് പല നീള ത്തിലുള്ള വടികൾ ഉപയോഗിച്ചുള്ള കോൽപ്പയ റ്റ് പരിശീലിക്കും. നീളം കൂടിയ വടികൊണ്ടുള്ള കെട്ടുകാരിപ്പയറ്റ്, മുച്ചാൺ വടിപ്പയറ്റ്, ഒടിപ്പയ റ്റ് തുടങ്ങിയ പല അഭ്യാസങ്ങളും ഇതിലുൾ പ്പെടുന്നു. വാൾ, പരിച, ഉറുമി, കുന്തം, കഠാര ഉപയോഗിച്ചുള്ള അങ്കത്താരിയാണ് അടുത്ത ഘട്ടം. ഇത് പരിശീലിക്കാൻ രണ്ടോ അതിൽ കൂ ടുതലോ ആളുകൾ ഉണ്ടാവും. ആയുധങ്ങളുടെ സഹായമില്ലാതെ എതിരാളിയെ നേരിടുന്ന രീതി യാണ് വെറുംകൈ പ്രയോഗം. ഏതവസ്ഥയിലും എതിരാളിയെ സധൈര്യം നേരിടാനുള്ള മനക്ക രുത്തും മെയ്ക്കരുത്തും ഇതിലൂടെ ലഭിക്കുന്നു. ഇങ്ങനെ ലഭിച്ച ആദർശധീരതയും മരണഭയമി ല്ലായ്മയുമാണ് മാമാങ്കത്തിലെ ചാവേറുകളെ സൃഷ്ടിച്ചത്. പതിനെട്ടടവുകൾ എന്നുപേരായ വി വിധ രീതികൾ കളരിയിൽ അഭ്യസിച്ചു വരുന്നു. അങ്കംവെട്ടുന്നതിനായി അങ്കക്കളരി ഉപയോഗി ച്ചുവന്നിരുന്നു. തർക്കങ്ങൾ ഉയർന്നുവന്നാൽ അങ്കംവെട്ടിയിരുന്നത് എല്ലാവർക്കും കാണാൻ സൗകര്യമുള്ള പൊതുസ്ഥലങ്ങളിൽ താൽക്കാ ലിക അങ്കക്കളരികൾ സ്ഥാപിച്ചാണ്.

ശരീരത്തിനും മനസിനും ഉന്മേഷവും ഏകാഗ്രതയും നൽകുന്ന ഒന്നാണ് കളരിപ്പയറ്റ്. സധർമ്മം, ക്ഷമ, സൽസ്വഭാവം, ബുദ്ധി എന്നി ങ്ങനെയുള്ള ഗുണങ്ങളെല്ലാം കളരി അഭ്യാസ ത്തിന് ആവശ്യമാണ്. സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവരോട് ഒരിക്കലും അക്ര മം പാടില്ലെന്ന നിഷ്ക്കർഷ കളരിപ്പയറ്റിലുണ്ട്. അധർമത്തിന് വേണ്ടി ഒരിക്കലും പോരാടരുത്. ആയുധമില്ലാത്തവനോട് ആയുധത്തോടുകൂടി പോരാടാനോ ചതിപ്രയോഗങ്ങൾ നടത്താനോ കളരിപ്പയറ്റ് അനുവദിക്കുന്നില്ല. കളരിയുടേതായ ഒരു ചികിത്സാസമ്പ്രദായം കേരളത്തിൽ രൂപപ്പെ ട്ടിട്ടുണ്ട്. ആദ്യകാലങ്ങളിൽ കളരി അഭ്യാസത്തി നിടെ പരിക്കുപറ്റുന്നവരെ ശുശ്രൂഷിക്കാനായാ ണ് ചികിത്സ ആരംഭിച്ചതെങ്കിലും പിന്നീട് ഒരു ചികിത്സാസമ്പ്രദായമായി അത് വികസിച്ചു. ആയുർവേദ പ്രമാണങ്ങളാണ് അടിസ്ഥാനമെ ങ്കിലും ഇതിന് കളരിയുടേതായ അടിത്തറയൊ രുക്കുന്നതിൽ കളരി ഗുരുക്കൻമാർ ശ്രദ്ധിച്ചി രുന്നു. നടുവേദന അടക്കമുള്ള രോഗങ്ങൾക്ക് കളരി ചികിത്സ അത്യുത്തമമാണ്. കളരി ചികി ത്സയും അതിന്റെ ഭാഗമായ മർമ്മചികിത്സയും തിരുമ്മലും വ്യായാമചികിത്സയും ഇന്ന് ഏറെ പ്പേരെ ആകർഷിക്കുന്നു. മർമ്മ ചികിത്സ രഹ സ്യസ്വഭാവം അടക്കം നിരവധി നിഷ്കർഷകൾ ഉള്ളതാണ്. കളരിക്ക് വീണ്ടും കേരളത്തിൽ പുത്തനുണർവ് ലഭിക്കുന്നുണ്ട്. പെൺകുട്ടികൾ കൂട്ടംകൂട്ടമായി വീണ്ടും കളരിയങ്കത്തിലേക്ക് എത്തുന്നു. ജീവിതത്തിന്റെ നല്ലൊരുഭാഗവും കളരികളിൽ ചെലവിടുന്ന ഓരോ കളരിപ്പയറ്റു കാരനും കളരി അഭ്യാസമുറ മാത്രമല്ല, ജീവിതം തന്നെയാണ്.

## Recap

- കേരളം വ്യത്യസ്തമായി അടയാളപ്പെടുന്നതിൽ ചികിത്സാരീതിക്കും പങ്ക്
- ജൈന-ബുദ്ധ മതക്കാർ പ്രചരിപ്പിച്ച ആയുർവേദം
- അഷ്ടാംഗഹൃദയത്തിന്റെ പരിഭാഷകൾ അടക്കമുള്ള ഗ്രന്ഥങ്ങൾ
- ആയുർവേദത്തിലെ കാലാനുസൃത മാറ്റങ്ങൾ
- വിഷചികിത്സ, ബാലചികിത്സ, ഹസ്ത്യായുർവേദം തുടങ്ങിയ പ്രധാനശാഖകൾ
- നാടോടിവൈദ്യം, സിദ്ധവൈദ്യം മുതലായ തുടർച്ചകൾ
- കേരളത്തിന്റെ സ്വന്തമായ ആയോധനകല
- അഭ്യാസത്തിൽ നാല് പ്രധാന വഴികൾ
- കളരിയിലെ ധാർമിക നിഷ്കർഷകൾ
- കളരിയുടേതായ ചികിത്സാപാരമ്പര്യം

## Objective Type Questions

1. കേരളത്തിൽ ആയുർവേദം അവതരിപ്പിച്ചതാര്?
2. നമ്പൂതിരി വൈദ്യന്മാരുടെ പരമ്പര അറിയപ്പെട്ടത്?
3. ഹോർത്തൂസ് മലബാറിക്കസ് രചനയിൽ സഹായം നൽകിയ വൈദ്യൻ ആര്?
4. അഷ്ടാംഗഹൃദയം എന്ന ആയുർവേദ ഗ്രന്ഥം എഴുതിയതാര്?
5. അഷ്ടാംഗശരീരം എന്ന കൃതി രചിച്ചതാര്?
6. പച്ചമരുന്നിന്റെ നീര് പിഴിഞ്ഞെടുക്കുന്ന ഔഷധ നിർമാണരീതിയുടെ പേര്?
7. ദംഷ്ട്ര ചികിത്സ എന്നുകൂടി അറിയപ്പെടുന്നത് ഏതു ചികിത്സാരീതിയാണ്?
8. ആനയെ ചികിത്സിക്കുന്ന ആയുർവേദ ചികിത്സാശാഖ ഏത്?
9. സിദ്ധവൈദ്യത്തിന്റെ മറ്റൊരു പേര്?
10. സിദ്ധവൈദ്യത്തിൽ ചികിത്സിക്കുന്ന ത്രിദോഷങ്ങൾ?
11. കളരിയെ പറ്റി പരാമർശമുള്ള സംഘകാല കൃതികൾ?
12. പല നീളത്തിലുള്ള വടികൾ ഉപയോഗിച്ചുള്ള കളരിയഭ്യാസരീതി?

## Answers to Objective Type Questions

1. ജൈന-ബുദ്ധമതാനുയായികൾ
2. അഷ്ടവൈദ്യന്മാർ
3. ഇട്ടി അച്യുതൻ
4. വാഗ്ഭടൻ
5. വൈദ്യരത്നം പി.എസ്. വാര്യർ
6. സ്വരസം

7. വിഷചികിത്സ
8. ഹസ്ത്യായുർവേദം
9. ചിന്താമണി
10. വാതം, പിത്തം, കഫം
11. അകനാനൂറ്, പുറനാനൂറ്
12. കോൽപ്പയറ്റ്

## Assignments

1. കേരളത്തിന് സ്വന്തമായ ആയുർവേദത്തെപ്പറ്റി അപഗ്രഥിക്കുക.
2. കളരിയിലെ ദേശഭേദങ്ങളെപ്പറ്റി വിലയിരുത്തുക.
3. കേരളത്തിന്റെ സ്വന്തമായ ചികിത്സാപാരമ്പര്യത്തെപ്പറ്റി വിശകലനം ചെയ്യുക.

## Suggested Readings


1. എ. ശ്രീധരമേനോൻ, കേരള സംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.
2. ഡോ. അബ്സീന ജെ. സലീം, ആയുർവേദം ചരിത്രം ശാസ്ത്രം ചികിത്സ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
3. സ്വാമി നിർമലാനന്ദഗിരി, ആയുർവേദ ചികിത്സാശാസ്ത്രം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. കെ. രാഘവൻ തിരുമുൽപ്പാട്, അഷ്ടാംഗദർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. വൈദ്യഭൂഷണം കെ രാഘവൻ തിരുമുൽപ്പാട്, ആയുർവേദ ദർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. വളപ്പിൽ കരുണൻ ഗുരുക്കൾ, കളരിപ്പയറ്റിലെ കണക്കുകൾ കളരിപ്രയോഗപ്രകാരം, ഡി.സി. ബുക്സ്, കോട്ടയം.
7. എം.കെ. പണിക്കോട്ടി, വടക്കൻപാട്ടുകളിലെ പെൺകരുത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
8. എസ്.ആർ.ഡി. പ്രസാദ്, കളരിപ്പയറ്റ് വിജ്ഞാനകോശം, കൈരളി ബുക്സ്, കണ്ണൂർ.

യൂണിറ്റ് 2

# കേരളത്തിലെ കലാരൂപങ്ങൾ

## Learning Outcomes

- കേരളത്തിലെ പ്രധാന കലകളെ പരിചയപ്പെടുന്നു
- ക്ലാസിക്കൽ, നാടോടി, അനുഷ്ഠാന കലാരൂപങ്ങളെ അടുത്തറിയുന്നു
- വിവിധ കലകൾ രൂപപ്പെടാനിടയായ ചരിത്രസന്ദർഭങ്ങൾ മനസിലാക്കുന്നു
- കലകളുടെ സാംസ്കാരിക പ്രാധാന്യം തിരിച്ചറിയുന്നു

## Prerequisites

കേരളത്തിലെ മനുഷ്യരുടെ ജീവിതമാവിഷ്കരിക്കുന്ന നിരവധി കലാരൂപങ്ങൾ നമുക്ക് സ്വന്തമായുണ്ട്. പ്രാചീനകാലത്ത് അക്ഷരമാലയും എഴുത്തും വരുന്നതിനുമുമ്പ് നമ്മുടെ പൂർവികർ ആശയസംവേദനത്തിന് ഉപയോഗിച്ചിരുന്നത് കലകളെയാണ്. ഇടുക്കി മറയൂരിലെ ഗുഹാചിത്രങ്ങളിലും വയനാട് എടക്കൽ ഗുഹയിലെ ചിത്രങ്ങളിലും മൃഗങ്ങളുടെയും മനുഷ്യരുടെയും രൂപങ്ങൾ കാണാം. ശിലായുഗ മനുഷ്യന്റെ ആശയ സംവേദനത്തിനുള്ള മാർഗങ്ങളായിരുന്നു അവ. സംഘംകൃതികളിൽ അക്കാലത്ത് പ്രചാരമുണ്ടായിരുന്ന നിരവധി കലകളെക്കുറിച്ചുള്ള സൂചനകളുണ്ട്. പാട്ട്, കൂത്ത് എന്നറിയപ്പെട്ട നൃത്തം എന്നിവ ആളുകൾ കൂട്ടമായി അവതരിപ്പിച്ചതിനെ സംബന്ധിച്ച് കൃതികൾ സൂചിപ്പിക്കുന്നുണ്ട്.

പ്രകൃതിശക്തികളോടും മൺമറഞ്ഞ പൂർവികരോടുമുള്ള ആരാധന നിരവധി കലാരൂപങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്. പലതിനും വളരെ പ്രാചീനത അവകാശപ്പെടാവുന്നതുമാണ്. ഇവയിൽ പലതും എന്നുണ്ടായി എന്ന് കൃത്യമായി പറയാനാകില്ല. പ്രചാരത്തിലുള്ള പലതരം പ്രാദേശികനാടക രൂപങ്ങളുടെയും സ്ഥിതി അതുതന്നെയാണ്. പ്രാചീന മധ്യകാല കേരളത്തിൽ കളി എന്ന് പൊതുവെ വിളിച്ചിരുന്ന ഈ കലാരൂപങ്ങളുടെ ഉത്ഭവം അജ്ഞാതമാണ്. കലാരൂപങ്ങളിൽ പലതിനും അധ്വാനവുമായി നേരിട്ട് ബന്ധമുണ്ടായിരുന്നു. വഞ്ചിപ്പാട്ടുകൾ, കൊയ്ത്തുപാട്ടുകൾ, ചക്രപ്പാട്ടുകൾ തുടങ്ങിയ വിഭാഗങ്ങളെല്ലാം ഇത്തരത്തിലുള്ളവയാണ്. കേരളത്തിൽ നിലവിലിരുന്ന ജനകീയ കലാരൂപങ്ങൾക്ക് പൊതുവെ സാമൂഹ്യസ്വഭാവം പ്രകടമാണ്. വ്യക്തിപരമായ അനുഷ്ഠാനങ്ങളോ സ്വന്തമായ സ്രഷ്ടാവോ അവയ്ക്കില്ല. മിക്ക കലാരൂപങ്ങളും ഉത്സവങ്ങളുമായി ബന്ധപ്പെട്ടതാണ്. ആട്ടത്തിലും പാട്ടിലും നേരിട്ട് പങ്കെടുക്കുന്നവരും കാഴ്ചക്കാരായി പ്രതികരിക്കുന്നവരും ഒക്കെയായി വലിയൊരു കൂട്ടം മനുഷ്യർ കലാരൂപങ്ങളുടെ കൂടെ എപ്പോഴും ഉണ്ടാകും.

ക്ഷേത്രങ്ങളെയും ആരാധനാരീതികളെയും കേന്ദ്രമാക്കിയാണ് പല ദൃശ്യകലകളും വളർന്നുവന്നത്. ക്ഷേത്രത്തിൽമാത്രം അവതരിപ്പിച്ചിരുന്നതും സമൂഹത്തിൽ നിലനിന്നിരുന്നതുമായ കലകളെ ക്ഷേത്രത്തിനുള്ളിലെ ചുമരുകളിൽ ചിത്രീകരിക്കുന്ന രീതിയും ഉണ്ടായിരുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ കൂടൈക്കൂത്തും കൂടക്കൂത്തും ഇവിടെ നിലനിന്നിരുന്നതായി തൃക്കൊടിത്താനം ക്ഷേത്രത്തിലെ നൃത്തമാതൃകാശില്പങ്ങൾ സൂചിപ്പിക്കുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ കൊത്തിയതായി കരുതപ്പെടുന്ന നർത്തകിയുടെയും ഗായകരുടെയും ബിംബങ്ങൾ തിരുവനന്തപുരം ത്രിവിക്രമംഗലം ക്ഷേത്രത്തിലുണ്ട്. അക്കാലമാകുമ്പോഴേക്കും കേരളത്തിലെ ക്ഷേത്രങ്ങളിൽ സ്ഥാനം നേടിയിരുന്ന ഭരതനാട്യമാണ് ആ ബിംബങ്ങളിലെ വിഷയം. ക്ഷേത്രസംസ്കാരത്തിൽ നിന്നു തന്നെയാണ് മോഹിനിയാട്ടവും രൂപമെടുത്തത്. ക്ഷേത്രങ്ങളുടെ സമീപം സജീവമായിരുന്ന ദേവദാസികളുടെ നൃത്തത്തിൽ നിന്നാണ് ദക്ഷിണേന്ത്യയിലെ ഭരതനാട്യം ഉടലെടുത്തതെന്ന് കരുതപ്പെടുന്നു. ശൃംഗാരപ്രധാനമായ മോഹിനിയാട്ടവും രൂപമെടുത്തത് ഇങ്ങനെ തന്നെയാകണം. പാണ്ഡ്യദേശങ്ങളിൽനിന്ന് കേരളത്തിലേക്ക് കൊണ്ടുവന്നതാണ് മോഹിനിയാട്ടമെന്ന വാദവുമുണ്ട്. ഭഗവതിപ്പാട്ട്, തിയ്യാട്ട്, പാന, കണിയാർകളി, കാവടിയാട്ടം തുടങ്ങിയ കലകളും ക്ഷേത്രകേന്ദ്രീകൃതമായി ഉണ്ടായി വന്നവയാണ്. കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ ക്ലാസിക് കലകളുടെ ആരംഭവും അത്തരത്തിൽ തന്നെ.

ബ്രാഹ്മണമതം ഉണ്ടാക്കിയ ക്ഷേത്രകേന്ദ്രിതമായ കലാരൂപങ്ങൾക്ക് സമാന്തരമായി ഗ്രാമീണ അനുഷ്ഠാനങ്ങളിൽനിന്നും കലകൾ ഉണ്ടായിവന്നു. സാധാരണജനങ്ങളുടെ ലളിതമായ ജീവിതവും സമ്പന്നമായ ജീവിതാനുഭവവുമാണ് ഇത്തരം കലകളിൽ നിറഞ്ഞത്. കൃത്രിമമില്ലാത്ത ജീവിതവീക്ഷണവും മധുരമുള്ള ജീവിത നൈർമല്യവും ഈ കലകളിൽ പ്രതിഫലിച്ചു. ക്ഷേത്രസംസ്കാരത്തെ വെല്ലുവിളിച്ച് ഉയർന്നുവന്ന തുള്ളൽ വളരെ ജനകീയമായ ഒരു കലാരൂപമായി മാറി. കൈകൊട്ടിക്കളി, തിരുവാതിരപ്പാട്ട്, കുമ്മി, കുമ്മാട്ടി, തുമ്പിതുള്ളൽ മുതലായ കലകളും ക്ഷേത്രങ്ങളെവിട്ട് ജനങ്ങളുടെ ഇടയിലാണ് വളർന്നത്. കോൽക്കളി, ഒപ്പന, ചവിട്ടുനാടകം തുടങ്ങി മുസ്ലിം, ക്രിസ്ത്യൻ മതവിഭാഗങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള കലാരൂപങ്ങളും വലിയ ശ്രദ്ധ നേടിയവയാണ്. ആയോധന പാരമ്പര്യത്തിൽനിന്ന് ഉടലെടുത്ത ധാരാളം സമൂഹനൃത്തങ്ങളും കേരളത്തിന് സ്വന്തമായുണ്ട്. വടക്കേ മലബാറിലെ പൂരക്കളി, മധ്യതിരുവിതാംകൂറിലെ വേലകളി, പടയണി, ഓച്ചിറക്കളി തുടങ്ങിയവ അക്കൂട്ടത്തിൽ പെട്ടതാണ്. മുസ്ലീങ്ങൾക്കിടയിൽ പ്രചാരമുള്ള പരിചമുട്ടുകളി, നമ്പൂതിരിമാരുടെ സംഘക്കളി അഥവാ ശാസ്ത്രക്കളി മുതലായവയും ഇതിലുൾപ്പെടും. നല്ല മെയ്‌വഴക്കവും ആയുധപരിശീലനവും ആവശ്യമായ ഈ കളികൾ കളരിയും കളരിപ്പയറ്റും വ്യാപകമായിരുന്ന ഒരു കാലത്തിന്റെ ശേഷിപ്പുകൾ കൂടിയാണ്. ക്ലാസിക് കലാരൂപങ്ങളും നാടോടി കലാരൂപങ്ങളും അനുഷ്ഠാന കലാരൂപങ്ങളും സവിശേഷ രീതിയിലാണ് കേരളത്തിൽ രൂപമെടുത്തതും വളർന്നതും.

## Keywords

ക്ലാസിക് കലകൾ-നാടോടികലകൾ-അനുഷ്ഠാനകലകൾ-ചരിത്രസന്ദർഭം-ക്ഷേത്രകേന്ദ്രീകൃതം-ജനകീയം

## Discussion

### 6.2.1 ക്ലാസിക്കൽ കലകൾ

ക്ഷേത്രങ്ങളിലെ നടനവേദിയിൽ കൂടിയാണ് ക്ലാസിക്കൽ കലകൾ വളർന്നത്. ക്ലാസിക്കൽ കലകളിലെ ചിട്ടകളും മുറയും ക്രമവും തെറ്റാതെയുള്ള അവതരണവും നിരന്തര പരിശീലനത്തിലൂടെമാത്രം ആർജിക്കുന്ന നേട്ടങ്ങളാണ്. എ.ഡി എട്ടു മുതൽ പന്ത്രണ്ട് വരെയുള്ള നൂറ്റാണ്ടുകളിലാണ് ക്ലാസിക് കലകൾ വളർന്നത്. രണ്ടാം ചേരസാമ്രാജ്യം മുതൽ കലകൾ ഉണ്ടായി വന്നിരുന്നെങ്കിലും സ്ത്രീകൾക്ക് കാര്യമായ പങ്കാളിത്തം അന്ന് ഇവയൊന്നും നൽകിയിരുന്നില്ല. പുതിയ കാലത്ത് കലാമണ്ഡലം സ്ഥാപിച്ചതോടുകൂടിയാണ് അപ്രഖ്യാപിതമായ നിരോധത്തിന് കുറച്ചെങ്കിലും കുറവുവന്നത്. കൂത്ത്, കൂടിയാട്ടം, കഥകളി എന്നിവ പ്രധാനപ്പെട്ട ക്ലാസിക് കലകളാണ്.

#### 6.2.1.1 കൂത്ത്

ചിലപ്പതികാരകാലത്തുതന്നെ കൂത്ത് നിലവിലിരുന്നതായി കൃതിയിലെ സൂചനകളിൽനിന്ന് വ്യക്തമാണ്. ഹാസ്യാഭിനയത്തിന് പ്രാധാന്യമുള്ള കലാരൂപമാണ് കൂത്ത്. പുതിയ കാലത്തെ മോണോആക്ടിനോട് അടുത്തുനിൽക്കുന്ന ഘടന. പുരാണകഥകളും കഥാപാത്രങ്ങളുമാണ് ഏകാംഗാഭിനയമായി ചാക്യാർകൂത്തിൽ ആവിഷ്കരിക്കപ്പെടുന്നത്. പുരാണ സന്ദർഭങ്ങൾക്കിടയിൽ ധാർമിക പ്രബോധനം ലക്ഷ്യമാക്കി സമകാലിക സംഭവങ്ങളെയും കൂത്തിൽ ഉൾപ്പെടുത്താറുണ്ട്. സദസ്സിൽ ഇരിക്കുന്ന പ്രധാന വ്യക്തികളെ പോലും ചാക്യാർ പരിഹാസരീതിയിൽ അവതരിപ്പിച്ചേക്കാം. അതിനുള്ള സ്വാതന്ത്ര്യം ചാക്യാർക്കുണ്ട്. കിടങ്ങൂർ പരമേശ്വരചാക്യാർ, പൊതിയിൽ രാമച്ചാക്യാർ, ഇരിങ്ങാലക്കുട ചാച്ചുചാക്യാർ, മാണി മാധവച്ചാക്യാർ, പൈങ്കുളം രാമച്ചാക്യാർ തുടങ്ങിയ പ്രശസ്തർ ഈ കലാരൂപത്തെ വളർത്തിയവരാണ്.

പ്രബന്ധക്കൂത്ത്, പറക്കുംകൂത്ത്, നങ്ങ്യാർകൂത്ത് തുടങ്ങി പല വിഭാഗങ്ങൾ കൂത്തിലുണ്ട്. ക്ഷേത്രത്തിൽ നടക്കുന്ന കൂത്തിന്റെ ആദിമരൂപമാണ് നങ്ങ്യാർകൂത്ത്. സ്ത്രീയായ നങ്ങ്യാരാണ് കൂത്തു നടത്തുക. പ്രബന്ധം കൂത്താണ് പിന്നീട് പ്രസിദ്ധമായ ചാക്യാർകൂത്തായി മാറിയത്. ആദ്യകാലങ്ങളിൽ കൂത്തിന്റെ ആവിഷ്കരണത്തിൽ ലിംഗഭേദങ്ങൾ ഇല്ലായിരുന്നെങ്കിലും പിന്നീട് ചാക്യാർകൂത്തും നങ്ങ്യാർകൂത്തും അത്തരമൊരു വിഭജനത്തെ കൂട്ടിക്കൊണ്ടുവന്നു. മധ്യകാല കേരളത്തിലെ മിക്ക ക്ഷേത്രങ്ങളിലും കൂത്തമ്പലങ്ങൾ ഉണ്ടായിരുന്നു. ജനജീവിതത്തിൽനിന്നും മാറിയാണ് കൂത്തിന്റെ വിഷയങ്ങൾ പലപ്പോഴും തീരുമാനിച്ചിരുന്നത്. സംസ്കൃത പ്രഹസനങ്ങൾ, നാടകങ്ങൾ എന്നിവയാണ് കൂത്തിന് തെരഞ്ഞെടുക്കപ്പെട്ടിരുന്നത്. സമകാലീന സംഭവങ്ങളായി കൂട്ടിച്ചേർത്തിരുന്നവയിൽ പലതും ബ്രാഹ്മണരുടെ പ്രാധാന്യം കൂട്ടുന്ന തരത്തിലുള്ളതുമായിരുന്നു. വലിയ സമയദൈർഘ്യമുള്ള കലാവതരണമാണ് കൂത്തിനുണ്ടായിരുന്നത്. നാടകത്തിന്റെ ഒരു ചെറിയ ഭാഗം എടുത്താലും അത് വളരെ വിസ്തരിച്ചു മാസങ്ങളോളം നീണ്ടുനിൽക്കുന്ന രീതിയിലാണ് കൂത്ത് ചിട്ടപ്പെടുത്തിയിരുന്നത്.

#### 6.2.1.2 കൂടിയാട്ടം

പരമ്പരാഗതമായ നാടകാഭിനയ രൂപമാണ് കൂടിയാട്ടം. ഒന്നിലധികം വേഷങ്ങൾ രംഗത്തുവന്ന് ആടുന്നു. കൂത്തിലെ കൂട്ടായ്മയുടെ അംശമാണ് കൂടിയാട്ടത്തിലുള്ളത്. എ.ഡി പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണുനീലി സന്ദേശത്തിൽ കൂടിയാട്ടം പരാമർശിക്കപ്പെട്ടിട്ടുണ്ട്. ചാക്യാർ പുരുഷവേഷവും നങ്ങ്യാർ സ്ത്രീവേഷവും കെട്ടുന്നു. മിഴാവാണ് പ്രധാന വാദ്യം. നമ്പ്യാരാണ് മിഴാവ് കൊട്ടുക. ഇടയ്ക്ക, കൊമ്പ് തുടങ്ങിയവയും ഉപയോഗിക്കാറുണ്ട്. കൂത്തമ്പലത്തിൽവെച്ച് മാത്രമാണ് കൂടിയാട്ടം അവതരിപ്പിച്ചിരുന്നത്. നിലവിളക്കും തിരശ്ശീലയും ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ കൂടിയാട്ടത്തിന്റെ ഭാഗമാണ്. വിദൂഷകൻ ഒഴിച്ചുള്ള നടൻമാർ സംസ്കൃതശ്ലോകം ചൊല്ലി അഭിനയം നിർവഹിക്കുന്നു. വിദൂഷകനുമാത്രം ഭാഷാശ്ലോകങ്ങൾ ചൊല്ലാം. തോലൻ രചിച്ചതെന്ന് കരു

തുന്ന ആട്ടപ്രകാരവും ക്രമദീപികയും കൂടിയാട്ട അഭിനയത്തെ സംബന്ധിച്ച വിശദവിവരങ്ങൾ നൽകുന്നതാണ്. കൂടിയാട്ടത്തിനുള്ള ആട്ടപ്രകാരങ്ങൾ ജനകീയ കലാരൂപങ്ങളുടെ നേർക്കുള്ള നിയന്ത്രണത്തിന് ആദ്യസൂചനയായും എടുക്കാവുന്നതാണ്. മുഖാഭിനയം കൊണ്ട് രസഭാവങ്ങളും ആംഗ്യചലനങ്ങൾ കൊണ്ട് ആശയ കൈമാറ്റവും നടക്കുന്നു. കൂത്തിലെപ്പോലെ തന്നെ കൂടിയാട്ടത്തിലും സദസ്സിലെ ആരെയും വിമർശിക്കാനുള്ള സ്വാതന്ത്ര്യം ചാക്യാർ പ്രകടിപ്പിക്കുന്നു. ആംഗികം, വാചികം, ആഹാര്യം, സാത്വികം തുടങ്ങിയ നാലുവിധ അഭിനയവും കൂത്തിലും കൂടിയാട്ടത്തിലും ഉൾച്ചേർന്നിരിക്കുന്നു എന്നുള്ളതും രണ്ടിനുമുള്ള സമാനത തന്നെ. കൂടിയാട്ടത്തിലെ വേഷങ്ങൾ കഥകളിവേഷങ്ങളുടെ മുൻകാലരൂപങ്ങളെന്ന് തോന്നിക്കുന്നവയാണ്. ക്ഷേത്രവളപ്പിനും കലാമണ്ഡലത്തിനും പുറത്ത് ജനകീയമായ ഒരിടം കണ്ടെത്താൻ പുതിയ കാലത്ത് ഈ കലകൾക്കായിട്ടില്ല.

### 6.2.1.3 കഥകളി

കേരളത്തിന് പുറത്തേക്കുള്ള വാതിലുകളിൽ നമ്മുടെ കൊടിയടയാളമായി നിൽക്കുന്ന കലാരൂപമാണ് കഥകളി. വേഷം, രസാഭിനയം, നൃത്തം, ഗീതം, മേളം തുടങ്ങിയവയിലെല്ലാം ശ്രദ്ധിക്കുന്ന വിദഗ്ധ കലയാണിത്. ചാക്യാർ കലകൾ കൂടുതൽ ഗഹനമായതിനാൽ സാധാരണ ജനങ്ങൾക്ക് അവ പ്രാപ്യമല്ല എന്നു മനസിലാക്കിയ കോഴിക്കോട്ടെ മാനവേദ രാജാവ് കൃഷ്ണനാട്ടം എന്ന നൃത്തനാടക രൂപം അവതരിപ്പിച്ചു. ഗീതാഗോവിന്ദകാവ്യത്തെ മാതൃകയാക്കി എട്ടു ഭാഗങ്ങളിലായി അദ്ദേഹം രചിച്ച 'കൃഷ്ണഗീതി' എന്ന കാവ്യമാണ് കൃഷ്ണനാട്ടത്തിന് വാചികാംശമായി ഉപയോഗിച്ചത്. നൃത്തം, ഗീതം, വാദ്യം എന്നിവ കൂടിച്ചേരുന്നതിനാൽ അത് വേഗം ആളുകളെ ആകർഷിച്ചു. കൃഷ്ണനാട്ടം തെക്കൻകേരളത്തിൽ പ്രദർശിപ്പിക്കാൻ കൊട്ടാരക്കര തമ്പുരാൻ ആവശ്യപ്പെട്ടെന്നും കൃഷ്ണനാട്ടം ആസ്വദിക്കാൻ കഴിവുള്ളവർ തെക്കൻ ദിക്കിലില്ല എന്നുപറഞ്ഞ് മാനവേദരാജാവ് ആവശ്യം നിരസിച്ചു എന്നുമാണ് ഐതിഹ്യം. അപമാനിതനായ കൊട്ടാരക്കര തമ്പുരാൻ അതിനു ബദലായി രാമായണ കഥയെ അധികരിച്ച് രാമനാട്ടം ആവിഷ്കരിച്ചെന്നും അത് പിന്നീട് കഥകളിയായി മാറിയെന്നും ഐതിഹ്യം പറയുന്നു.

വാചികാഭിനയത്തിന്റെ അഭാവമാണ് കഥകളിയുടെ ഏറ്റവും വലിയ പ്രത്യേകത. പിന്നണിയിലുള്ള ഗായകരുടെ ആലാപനത്തിനനുസരിച്ച് കൈമുദ്രകൾക്ക് പ്രാധാന്യമുള്ള ആംഗിക അഭിനയവും മുഖത്താലുള്ള ഭാവാഭിനയവും വഴി കഥ അവതരിപ്പിക്കുന്നു. കൂത്തും കൂടിയാട്ടവും സംസ്കൃത നാടക പാരമ്പര്യത്തെയാണ് ആശ്രയിച്ചതെങ്കിൽ അതിൽനിന്നും വ്യത്യസ്തമായി ഇതിഹാസ പുരാണങ്ങളെയാണ് കഥകളി ഉപയോഗപ്പെടുത്തിയത്. കഥാപാത്രങ്ങളുടെ സ്വഭാവമനുസരിച്ച് പച്ച, മിനുക്ക്, കത്തി, താടി തുടങ്ങിയ വേഷങ്ങൾ കഥകളിയിൽ ഉണ്ട്.സാത്വികഭാവമുള്ള ധീരോദാത്തരായ ഇന്ദ്രാദിദേവന്മാർ, പാണ്ഡവന്മാർ, ശ്രീകൃഷ്ണൻ തുടങ്ങിയവർക്ക് പച്ചവേഷമാണ്. രാവണൻ, കംസൻ, ശിശുപാലൻ തുടങ്ങിയ ദുഷ്ടകഥാപാത്രങ്ങൾക്കാണ് കത്തി. താടി ദുശാസനൻ, ബകൻ തുടങ്ങിയവർക്കുള്ളതാണ്. രാക്ഷസികൾ ഒഴികെയുള്ള സ്ത്രീകൾ, ഋഷിമാർ തുടങ്ങിയ കഥാപാത്രങ്ങൾക്കുള്ളതാണ് മിനുക്ക്. കല്ലടിക്കോടൻ, കപ്ലിങ്ങാടൻ, കല്ലുവഴിച്ചിട്ട എന്നിങ്ങനെ മൂന്ന് സമ്പ്രദായങ്ങൾ പ്രധാനപ്പെട്ടതാണ്. ചുവന്ന താടിയുടെ കുറ്റിച്ചാമരത്തിന്റെ വ്യാസം വർദ്ധിപ്പിച്ചും വെള്ളത്താടിക്ക് വട്ടമുടി നടപ്പിലാക്കിയും പരിഷ്ക്കാരങ്ങൾ വരുത്തിയ ചാത്തുപണിക്കരാണ് കല്ലടിക്കോടൻ ചിട്ടയുടെ ഉപജ്ഞാതാവ്. തിരനോട്ടം, മേളം എന്നിവയ്ക്കുള്ള പ്രാധാന്യം വർധിപ്പിച്ചും കത്തി, വേഷങ്ങൾക്ക് ചുട്ടിപ്പൂവ് നിശ്ചയിച്ചും കപ്ലിങ്ങാട് നമ്പൂതിരി ഭേദങ്ങൾ വരുത്തി. കല്ലടിക്കോടൻ, കപ്ലിങ്ങാട് രീതികളുടെ സമന്വയത്തിൽ കല്ലുവഴിച്ചിട്ട ഉൽഭവിച്ചു. ചൊല്ലിയാട്ടം മുതൽ മുദ്ര വരെയുള്ള കാര്യങ്ങളിൽ വലിയ ശ്രദ്ധ കല്ലുവഴിച്ചിട്ട പുലർത്തുന്നു.

അതിപ്രശസ്തരായ നിരവധി നടന്മാരെ കഥകളി രംഗത്തുനിന്നും കണ്ടെടുക്കാം. കഥകളിയെ കുറച്ചെങ്കിലും ജനകീയമാക്കുന്നതിൽ

കലാമണ്ഡലം വലിയ പങ്കു വഹിച്ചിട്ടുണ്ട്. സമയം മൂന്നോ നാലോ മണിക്കൂറാക്കി ചുരുക്കിയും രംഗസജ്ജീകരണത്തിൽ പുതുമ കൊണ്ടുവന്നും പുതിയ അലങ്കാരവസ്തുക്കൾ ഉപയോഗിച്ചുമെല്ലാം പുതിയ കാലത്തോട് ചെറുത്തുനിൽക്കാൻ കഥകളി ശ്രമിക്കുന്നുണ്ട്. എന്നാൽ ആംഗികത്തിലും ആഹാര്യത്തിലും ഊന്നിയ കഥകളി സാധാരണ ജനങ്ങളുടെ സംവേദന സാഹചര്യത്തിന് പുറത്താണ്. നാടുവാഴി ബ്രാഹ്മണസദസ്സുകളുടെ കലാരൂപവുമായാണ് കഥകളി നിലനിന്നത്. അതിനാൽ തന്നെ സാധാരണക്കാരുടെ കലയായി മാറാൻ കഥകളിക്ക് കാര്യമായി കഴിഞ്ഞിരുന്നില്ല.

### 6.2.2 നാടോടികലകൾ

സാധാരണ ജനങ്ങളുടെ സ്വാഭാവിക ജീവിതമാണ് നാടോടികലകൾ ആവിഷ്കരിക്കുന്നത്. ആ അർഥത്തിൽ നാടിന്റെ തനതുപാരമ്പര്യം വെളിപ്പെടുത്തുന്നത് നാടോടികലകളാണ്. പ്രാചീന ജനവിഭാഗങ്ങൾ നിരവധി നാടോടി കലാരൂപങ്ങൾക്ക് തുടക്കമിട്ടിരുന്നു. പ്രകൃതി ദേവതയെ പ്രീതിപ്പെടുത്തുന്ന ഗോത്രവർഗക്കാരുടെ പ്രാകൃതഗാനങ്ങളിലും നൃത്തങ്ങളിലും ഈ സ്വഭാവമാണ് പ്രകടമാകുന്നത്. കാർഷികവൃത്തി അടക്കമുള്ള അക്കാലത്തെ ജീവിതരീതികൾ കലകളിൽ പ്രതിഫലിച്ചു. സംഗീതത്തിനൊത്തുള്ള താളാത്മക ചലനങ്ങൾ അവയിൽ നിറഞ്ഞിരുന്നു. ക്ഷേത്രത്തിന് പുറത്തേക്ക് കലയെ എത്തിച്ച തുള്ളലും തുള്ളലിന്റെ ലഘുരൂപമായ പാഠകവും പ്രധാന നാടോടി കലാരൂപങ്ങളാണ്.

#### 6.2.2.1 തുള്ളൽ

കേരളത്തിലെ അനുഷ്ഠാന സ്വഭാവമുള്ള നൃത്തരൂപങ്ങളെയെല്ലാം പൊതുവായി തുള്ളൽ എന്ന് വിളിക്കാറുണ്ട്. സർപ്പംതുള്ളൽ, കോലം തുള്ളൽ, പടേനിതുള്ളൽ തുടങ്ങി കേരളീയമായ അനുഷ്ഠാനങ്ങളിൽ ഈ തുള്ളൽ ഉണ്ട്. എന്നാൽ തുള്ളൽ എന്നു പ്രധാനമായും വിവക്ഷിക്കുന്നത് കുഞ്ചൻനമ്പ്യാർ രൂപംകൊടുത്ത തുള്ളലിനെയാണ്. എ.ഡി പതിനെട്ടാം നൂറ്റാണ്ടിൽ അമ്പലപ്പുഴ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ നാടകശാലയിലുണ്ടായ ഒരു സംഭവത്തെ തുള്ളലിന്റെ ആവിർഭാവത്തിന് കാരണമായി പറയാറുണ്ട്. ചാക്യാർകൂത്തിനിടയിൽ മിഴാവിൽ താളം തെറ്റിയതിന് കൊട്ടിയിരുന്ന കുഞ്ചൻ നമ്പ്യാരെ ചാക്യാർ പരിഹസിച്ചെന്നും, അതുകേട്ട് അപമാനിതനായ നമ്പ്യാർ ഒറ്റദിവസംകൊണ്ട് ഒരു കലാരൂപം ഉണ്ടാക്കി എന്നുമാണ് കഥ. പിറ്റേദിവസം ചാക്യാർകൂത്തിന്റെ സമയത്ത് തുള്ളൽ അവതരിപ്പിക്കുകയും കാണികളെല്ലാം തുള്ളൽ കാണാൻ വന്നതോടെ കാഴ്ചക്കാരില്ലാതെ ചാക്യാർ നാണംകെട്ടു എന്നുമാണ് ഐതിഹ്യം. പണ്ഡിത പിന്തുണയില്ലാത്ത കേവലമൊരു കഥമാത്രമാണിത്. ചാക്യാർകൂത്തിലെ മനോധർമരൂപങ്ങളെ കുഞ്ചൻനമ്പ്യാർ തുള്ളലിൽ ഉപയോഗിച്ചിട്ടുണ്ട്. മധ്യതിരുവിതാംകൂറിൽ നിലനിന്ന പടയണിയുടെയും കോലങ്ങളുടെയും തുള്ളൽ രൂപങ്ങളിൽ നിന്നാണ് തുള്ളൽ ഉണ്ടായി വന്നത്. കൂത്തമ്പലത്തിൽ കൂത്തും കൂടിയാട്ടവും കാണാനുള്ള അനുമതിയോ സൗകര്യമോ ഇല്ലാത്ത അബ്രാഹ്മണ വിഭാഗങ്ങൾക്കായുള്ള ഒരു കലാരൂപമെന്ന നിലയ്ക്ക് വളരെക്കാലം മുമ്പ് തന്നെ ഉണ്ടായതാണ് ഓട്ടൻതുള്ളൽ എന്നാണ് ഉള്ളൂരിന്റെ അഭിപ്രായം (കേരളസാഹിത്യചരിത്രം).

പറയൻ, ശീതങ്കൻ തുള്ളലുകളുമുണ്ടെങ്കിലും ഓട്ടൻതുള്ളലാണ് കൂടുതൽ പ്രചാരത്തിലുണ്ടായിരുന്നത്. അവതരണത്തിലെ വേഗത കാരണമാണ് ഓട്ടൻ എന്ന പേരുണ്ടായത്. പറയൻ, ശീതങ്കൻ എന്നിവ ജാതിയുമായി ബന്ധപ്പെട്ടതാണ്. വേഷത്തിലും അവതരണത്തിലും മൂന്നു തുള്ളലിലും വ്യത്യാസങ്ങളുണ്ട്. ഇതിഹാസ പുരാണകഥകളാണ് തുള്ളലിന്റെ ആഖ്യാനത്തിലും പ്രധാനമെങ്കിലും കലാകാരന്റെ മനോധർമ്മമനുസരിച്ച് സമകാലിക സംഭവങ്ങളെ ഉൾപ്പെടുത്താനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. തുള്ളലിൽ നിറഞ്ഞുനിൽക്കുന്ന ഹാസ്യം ഒരു ജനകീയ കലാരൂപമായി അവയ്ക്ക് വേഗം അംഗീകാരം നേടിക്കൊടുത്തു. ഉത്സവപ്പറമ്പുകളിലെ വേദികൾക്കുമുമ്പിൽ ജനങ്ങൾ തിങ്ങി നിറഞ്ഞു. തുള്ളൽ ഒരു ജനകീയ കലാരൂപമായ

തിനാൽ തന്നെ നാടുവാഴി സദസ്സുകളിൽ കാര്യമായ സ്വീകാര്യതയുണ്ടായിരുന്നില്ല. കുഞ്ചൻനമ്പ്യാർക്ക് ശേഷം അമ്പയാറ്റു പണിക്കർ മുതൽ വെൺമണി മഹൻ വരെയുള്ളവർ തുള്ളൽകൃതികൾ രചിച്ചിരുന്നെങ്കിലും അവയ്ക്ക് കാര്യമായ ജനശ്രദ്ധ കിട്ടിയില്ല. മധ്യതിരുവിതാംകൂറിലെ മാത്തൂർ, നീണ്ടൂർ മുതലായ കളരികൾ ഒരു ഘട്ടംവരെ തുള്ളലിനെ നിലനിർത്തിയെങ്കിലും കഥകളിക്കും മറ്റും കിട്ടിയ സ്വീകാര്യത ആ കളികൾക്ക് ലഭിക്കാത്തതിനാൽ അവ കാര്യമായി വികസിച്ചില്ല. ഇങ്ങനെ കുഞ്ചൻ നമ്പ്യാർക്ക് ശേഷം ഒരു പ്രസ്ഥാനമായി രൂപപ്പെടാൻ തുള്ളലിന് കഴിഞ്ഞില്ല.

### 6.2.2.2 പാഠകം

തുള്ളലിന്റെ ലഘുരൂപമാണ് പാഠകം. ചാക്യാർകൂത്തിൽനിന്നാണ് പാഠകവും ഉൽഭവിച്ചത് എന്ന് പൊതുവേ കരുതപ്പെടുന്നു. തുള്ളലിന്റെ രൂപപ്പെടലിന് സമാനമായ ഒരു കഥ ഇതിലുമുണ്ട്. ഒരിക്കൽ കൂത്ത് അവതരിപ്പിക്കാൻ ചാക്യാർക്ക് എത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ മിഴാവ് വായിക്കാൻ വന്ന നമ്പ്യാർ കഥ പറഞ്ഞ് പാഠകം അവതരിപ്പിച്ചു എന്നാണ് ഐതിഹ്യം. നടൻ പ്രധാന വിഷയമാക്കുന്നത് പുരാണകഥകളെയാണ്. ചാക്യാർകൂത്തിന് സമാനമായി നടൻ കഥ പറയുന്ന ആളായും ചിലപ്പോൾ കഥാപാത്രമായും മറ്റുചിലപ്പോൾ കാണികളോട് സംസാരിച്ചു അവരിലൊരാളായും മാറും. എന്നാൽ കൂത്തിലെ പോലെ പരിഹാസ പ്രയോഗങ്ങൾ പാഠകത്തിൽ അനുവദനീയമല്ല. നമ്പ്യാർമാരാണ് പ്രധാനമായും പാഠകം അവതരിപ്പിച്ചുവരുന്നത്. നല്ല വാഗ്മിയും നർമബോധവുമുള്ള വ്യക്തിക്കേ പാഠകം അവതരിപ്പിക്കാനാകൂ. കൂത്തമ്പലത്തിന് പുറത്ത് പ്രദക്ഷിണവഴിയോട് ചേർന്നാണ് പാഠകം അവതരിപ്പിക്കപ്പെട്ടുവരുന്നത്. കത്തിച്ചുവെച്ച ഒരു നിലവിളക്ക് മാത്രം ആവശ്യമുള്ള ലളിതമായ രംഗസജ്ജീകരണമാണ് പാഠകത്തിന്റേത്. നടന്റെ വേഷവും ലളിതമാണ്. തലയിൽ ഒരു ചുവന്ന കെട്ടും മാലകളും നെറ്റിയിലെ കുങ്കുമപ്പൊട്ടും ശരീരത്തിലെ ഭസ്മക്കുറിയും മാത്രമാണ് നടനുണ്ടാകുക. വാദ്യപ്രയോഗങ്ങൾ ഇതിന്റെ അവതരണത്തിന് ആവശ്യമില്ല. പാഠകം ഇന്ന് കാര്യമായി അവതരിപ്പിക്കപ്പെട്ടു വരുന്നില്ല. പാഠകത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന കഥാപ്രസംഗം തന്നെ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ അവതരിപ്പിക്കപ്പെടുന്നുള്ളൂ.

### 6.2.2.3 സംഗീതം

സംഗീതത്തിന്റെ വളർച്ചക്കും ഗണ്യമായ സംഭാവനകളാണ് മധ്യകാല കേരളം നൽകിയിട്ടുള്ളത്. വീണ, കുഴൽ, ചെണ്ട, പറ തുടങ്ങിയ വാദ്യോപകരണങ്ങളോടെ സംഗീതാലാപനം നടത്തി ദുർദേവതകളെ ഉച്ചാടനം ചെയ്തിരുന്നതായി പുറനാനൂറിൽ പാട്ടുകളുണ്ട്. ഇഷ്ടദേവതാപ്രീതിക്കായി നൃത്തം പോലെ തന്നെ സംഗീതവും പ്രാചീനകാലം മുതലേ ഉപയോഗിച്ചിരുന്നു. ദേവതാപ്രീതിപോലെ തന്നെ രാജപ്രീതിയ്ക്കായി രാജസ്തുതികൾ ആലപിച്ച് രാജാക്കന്മാരിൽനിന്ന് സമ്മാനങ്ങൾ നേടിയിരുന്ന പതിവ് സംഘകാലം മുതലേനിലവിലുണ്ടായിരുന്നു. സംഗീതത്തിന് കൂടുതൽ പ്രചാരവും പ്രോത്സാഹനവും ലഭിച്ചത് കുലശേഖര ചക്രവർത്തിമാരുടെ കാലത്തായിരുന്നു. പിന്നീടുണ്ടായ ഭക്തിപ്രസ്ഥാനത്തിന്റെ ഉയർച്ചയും വളർച്ചയും സംഗീതകലയ്ക്ക് ഗണനീയ സംഭാവനകളാണ് നൽകിയത്. ക്ഷേത്രങ്ങളിൽ ഭജന പാടുന്ന പതിവ് ഇതിന്റെ ഭാഗമായുണ്ടായതാണ്. കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും വളർച്ച സംഗീതത്തിനുള്ള പ്രാധാന്യം വർധിപ്പിച്ചു.

വേണാട്ടുരാജാവായ രവിവർമ്മ കുലശേഖരൻ (1299-1314), സംഗീത കലാപ്രവീണനായ ചക്രവർത്തിയായിരുന്നു രവിവർമ്മ. അറുപത്തിനാലു കലകളിൽ നിപുണനാണെന്ന് തിരുവനന്തപുരം ശാസനത്തിൽ വാഴ്ത്തുന്നുണ്ട്. പതിനേഴാം ശതകത്തിൽ ഉമയമ്മറാണിയെ സഹായിക്കാൻ വന്ന കോട്ടയം കേരളവർമ്മ വാല്മീകിരാമായണ വിവർത്തനംകൊണ്ട് തന്നെ പ്രസിദ്ധനാണ്. ശ്രീപത്മനാഭനെ സ്തുതിച്ചുകൊണ്ട് ഇരുപത്തിനാല് രാഗങ്ങളിലായി എട്ടു ശ്ലോകങ്ങൾ അദ്ദേഹം രചിച്ചു. സംഗീതരംഗത്തെ മറ്റൊരു പ്രതിഭ ഇരയിമ്മൻ തമ്പിയാണ് (1782-1886). 'കീചകവധം', 'ഉത്തരാസ്വയംവരം', 'ദക്ഷയാഗം' എന്നീ മൂന്നാട്ടക്കഥകൾക്ക് പുറമെ

ധാരാളം വർണ്ണങ്ങളും പദങ്ങളും അദ്ദേഹം രചിച്ചു. തമ്പിയുടെ 'ഓമനത്തിങ്കൾക്കിടാവോ' എന്ന് ആരംഭിക്കുന്ന താരാട്ടുപാട്ട് ഭാവഗാംഭീര്യം കൊണ്ട് ഇന്നും നൂതന ശോഭയോടെ നിലകൊള്ളുന്നു. എന്നാൽ കേരളീയ സംഗീതചരിത്രത്തിലെ അതുല്യപ്രതിഭ സ്വാതിതിരുനാളായിരുന്നു (1829-47). സംഗീതജ്ഞന്മാരിൽ ചക്രവർത്തിയും ചക്രവർത്തിമാരിൽ സംഗീതജ്ഞനുമായ സ്വാതിതിരുനാൾ മലയാളം, തമിഴ്, തെലുങ്ക്, കന്നട, സംസ്കൃതം, ഹിന്ദി ഭാഷകളിലായി അറുനൂറിൽപ്പരം കൃതികൾ രചിച്ചു. സ്വര, ജതി, വർണം, കീർത്തനം, പദം, തില്ലാന തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇതു മാത്രമല്ല ഭാരതത്തിലെങ്ങുമുള്ള ഗായകരെ അദ്ദേഹം സദസ്സിലേക്ക് ക്ഷണിച്ച് ആദരിച്ച് ഉപഹാരങ്ങൾ നൽകിയിരുന്നു. വടിവേലു, ശിവാനന്ദം, ചിന്നയ്യ, പൊന്നയ്യ, ഷട്കാല ഗോവിന്ദമാരാർ, ലാഹോറിലെ ഇമാം ഫക്കീർ, ഹരിദാസ് ഗോസായി, ഗ്വാളിയാർ ലക്ഷ്മണദാസ് എന്നിവരെല്ലാം സ്വാതിതിരുനാളിനാൽ പുരസ്കൃതരായവരാണ്. സ്വാതിതിരുനാളിന് ശേഷം എടുത്തുപറയേണ്ട മറ്റൊരു പേര് ഇരയിമ്മൻ തമ്പിയുടെ മകളായ കുട്ടികുഞ്ഞു തങ്കച്ചി (1820-1904)യുടേതാണ്. തികഞ്ഞ സംഗീതവിദുഷിയായിരുന്ന തങ്കച്ചി ദീർഘകാവ്യങ്ങളും കീർത്തനങ്ങളും രചിച്ചിട്ടുണ്ട്.

ശാസ്ത്രീയസംഗീതത്തിന്റെ മേഖലയിൽ മാത്രമല്ല നാടോടി സംഗീതത്തിന്റെ മേഖലയിലും കേരളം സമ്പന്നമാണ്. ജീവിതത്തിലെ എല്ലാ കർമ്മങ്ങളുമായി ബന്ധപ്പെട്ട നാടൻപാട്ടുകളുണ്ടായിരുന്നു. തെക്കൻപാട്ടുകൾ, പണിപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, അനുഷ്ഠാനപാട്ടുകൾ തുടങ്ങി വിപുലമായ നാടോടി സംഗീതമേഖലയാണ് കേരളത്തിലുള്ളത്. ഇവ കൂടാതെ സംഗീതസാഹിത്യസമ്പന്നമായ തുള്ളൽ, കഥകളി എന്നീ ദൃശ്യരൂപങ്ങളും സംഗീതത്തെ സമ്പന്നമാക്കിയിട്ടുണ്ട്. അതുപോലെ മലബാറിൽ പ്രചാരത്തിലുള്ള മാപ്പിളപ്പാട്ടുകൾ, തിരുവിതാംകൂറിൽ പ്രചാരത്തിലുള്ള വഞ്ചിപ്പാട്ടുകൾ തുടങ്ങിയവയെല്ലാം കേരളീയസംഗീത പാരമ്പര്യത്തിന് എന്നും മുതൽക്കൂട്ടാണ്.

### 6.2.2.4 ചിത്രകല

കേരളീയ ചിത്രകലയ്ക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. കന്യാകുമാരി ജില്ലയിലെ തിരുനക്കരയിലെ ചുവർചിത്രങ്ങളാണ് കേരളീയ ചിത്രകലയുടെ ആദ്യത്തെ മാതൃക എന്ന് കരുതപ്പെടുന്നു. പതിനാറാം നൂറ്റാണ്ടിലേതെന്ന് കരുതപ്പെടുന്ന ഒരു ചുവർചിത്രം ഏറ്റുമാനൂർ ശിവക്ഷേത്രത്തിലുണ്ട്. തിന്മയെ പ്രതിനിധാനം ചെയ്യുന്ന രാക്ഷസനെ ചവിട്ടിമെതിച്ചുകൊണ്ട് നൃത്തം ചെയ്യുന്ന നടരാജന്റെ രൂപമാണ് ഈ ചിത്രം. 14 മുതൽ 16 വരെയുള്ള നൂറ്റാണ്ടുകളിലേതെന്ന് കരുതുന്ന 20 ചിത്രങ്ങൾ വൈക്കം മഹാദേവക്ഷേത്രത്തിലുണ്ട്. 150 ചതുരശ്രയടി വിസ്തീർണ്ണമുള്ള 5 ചുവർചിത്രപാളികൾ തിരുവഞ്ചിക്കുളത്തെ ശിവക്ഷേത്രത്തിലുണ്ട്. തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിലെ ചുവർചിത്രം, ശങ്കരനാരായണ ക്ഷേത്രചുവരിലുള്ള ചിത്രം, തൃപ്രയാർ, തൃപ്രങ്ങോട്ട് ക്ഷേത്രങ്ങളിലെ ചുവർചിത്രങ്ങൾ എന്നിവയെല്ലാം കേരളീയ ചിത്രകല ഏറ്റവും സജീവമായിരുന്ന 17, 18 നൂറ്റാണ്ടുകളിലുള്ളവയാണ്. ആലപ്പുഴയിലെ മാന്നാറിലുള്ള പനയന്നാർ കാവിലെ ചുവർചിത്രങ്ങൾ പതിനെട്ടാം നൂറ്റാണ്ടിൽ കേരളീയ ചിത്രകലയ്ക്കുണ്ടായ അപചയത്തെ സൂചിപ്പിക്കുന്നതായി ചരിത്രകാരന്മാർ കണക്കാക്കുന്നു. പത്മനാഭപുരം കൊട്ടാരത്തിലെ നാൽപ്പതിൽപ്പരം ചുവർചിത്രങ്ങളും കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷം ചുവർചിത്രവും പതിനെട്ടാം നൂറ്റാണ്ടിനു മുമ്പ് തന്നെയുള്ള കേരളീയ ചിത്രകലാവൈദഗ്ദ്ധ്യത്തിന്റെ നിദർശനങ്ങളാണ്.

കേരളത്തിന് സ്വന്തമായ മറ്റൊരു ആലേഖനപാരമ്പര്യവും ഉണ്ടായിരുന്നു. അനുഷ്ഠാനപരമെന്നോ മതപരമെന്നോ വിശേഷിപ്പിക്കാവുന്ന കളമെഴുത്ത് സമ്പ്രദായമാണിത്. പദ്മം, സ്വസ്തികം, ചക്രം തുടങ്ങിയ ജ്യാമിതീയ രൂപങ്ങൾ അനുഷ്ഠാനപരവും ആരാധനാപരവുമാണ്. ഇതോടൊപ്പം ദുർഗ്ഗ, കാളി, ശാസ്താവ്, നാഗങ്ങൾ തുടങ്ങിയ ദേവതകളുടെ ആരാധനയ്ക്കായി ആ രൂപങ്ങൾ ശുദ്ധമാക്കിയ തറയിൽ വരയ്ക്കുന്നു. മഞ്ഞൾ, വാകയില തുടങ്ങിയ നാടൻ

പദാർത്ഥങ്ങളാണ് കളമെഴുത്തിന് ഉപയോഗിക്കുക. കളങ്ങൾക്കരികിലിരുന്ന് ദേവതാരാധന പരമായ സ്തുതികൾ പാടുന്നു. കാഴ്ചക്കാരിൽ ഭയവും ആരാധനയും വളർത്തുന്ന വിധത്തിൽ അസാമാന്യ വലിപ്പവും ഭാവപ്പൊലിമയുമുള്ളവയാണ് കളമെഴുത്തിൽ തെളിയുന്ന ദേവതകൾ. പതിനെട്ടാം നൂറ്റാണ്ടോടെ അപചയപ്പെടുന്ന കേരളീയ ചിത്രകലയ്ക്ക് പുതുജീവൻ ലഭിക്കുന്നത് 19-ാം നൂറ്റാണ്ടിൽ സ്വാതിതിരുനാൾ നൽകിയ പ്രോത്സാഹനങ്ങളുടെ ഫലമായാണ്. കൂടാതെ പാശ്ചാത്യ ചിത്രകലാപ്രസ്ഥാനങ്ങളുടെ സ്വാധീനതയും കേരളീയ ചിത്രകലയ്ക്ക് ഉണർവുണ്ടാക്കി. സ്വാതിതിരുനാൾ കൊട്ടാരത്തിലേക്ക് പ്രതിഭാധനരായ ചിത്രകലാകാരന്മാരെ വരുത്തി. സ്വാതിയുടെ സദസ്യനായിരുന്ന അളഗിരി നായിഡുവായിരുന്നു രാജാരവിവർമ്മയ്ക്ക് ചിത്രകലയിൽ പരിശീലനം നൽകിയത്.

### 6.2.3 അനുഷ്ഠാനകലകൾ

മതപരവും സാമൂഹികവുമായ വിശ്വാസങ്ങളെ മുൻനിർത്തി ഇഷ്ടദൈവപ്രീതിക്കായി നടത്തപ്പെടുന്ന കലാരൂപങ്ങളാണ് അനുഷ്ഠാനകലകൾ എന്നറിയപ്പെടുന്നത്. സന്താനലബ്ധി, രോഗം ഭേദമാകൽ, ഐശ്വര്യലബ്ധി, ബാധ ഒഴിപ്പിക്കൽ തുടങ്ങി നിരവധി ലക്ഷ്യങ്ങൾ അനുഷ്ഠാന കലകൾക്കു പിറകിലുണ്ട്. വിവിധ മതങ്ങളിലും സമുദായങ്ങളിലും പ്രദേശങ്ങളിലുമായി നിരവധി അനുഷ്ഠാനകലകൾ കേരളത്തിൽ നിലനിൽക്കുന്നുണ്ട്. ഗോത്രവർഗക്കാരുടെ ഇടയിൽ പ്രചാരമുള്ള നിരവധി കലാരൂപങ്ങളുണ്ട്. അവയിൽനിന്ന് തെയ്യം, തിറ, പടയണി എന്നിവയെയാണ് പരിചയപ്പെടുത്തുന്നത്.

#### 6.2.3.1 തെയ്യം

വടക്കേ മലബാറിൽ, പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ പ്രചാരത്തിലുള്ള കലാരൂപമാണ് തെയ്യം. പ്രധാനപ്പെട്ട ഭഗവതി ക്ഷേത്രങ്ങളിലെല്ലാം വർഷംതോറും തെയ്യം നടത്താറുണ്ട്. ഇതിന് കളിയാട്ടമെന്നാണ് പേര്. മുച്ചിലോട്ടു കാവുകളിൽ പന്ത്രണ്ട് വർഷത്തിലൊരിക്കൽ നടക്കുന്നതിനെ പെരുങ്കളിയാട്ടമെന്നും വിളിക്കുന്നു. തുലാപ്പത്തുമുതൽ ഇടവപ്പാതി വരെയാണ് തെയ്യാട്ടക്കാലം. മതനിരപേക്ഷ സ്വഭാവം പുലർത്തുന്ന ഒരു കലാരൂപം കൂടിയാണിത്. തെയ്യാട്ടമെന്നും തെയ്യംതുള്ളലെന്നും തിറയാട്ടമെന്നും ഇത് അറിയപ്പെടാറുണ്ട്. ദൈവം എന്നാണ് തെയ്യം എന്ന വാക്കിനർത്ഥം. വീരാരാധനയുമായി ബന്ധപ്പെട്ടാണ് ഈ കലാരൂപം ഉണ്ടായിവന്നതെന്ന് കരുതപ്പെടുന്നു. തെയ്യം കെട്ടിയാടുന്നവരെ കോലക്കാർ എന്നാണ് വിളിക്കുക. തെയ്യം കലാകാരന്റെ ശരീരത്തിൽ ബാധ പ്രവേശിക്കുന്നത് മുതൽ വിട്ടൊഴിയുന്നതുവരെ നൃത്തമുണ്ടാകും. ആസുരവാദ്യങ്ങളുടെ ത്വരിതതാളത്തിൽ കാലുകൾ മാറിമാറി ഉയർത്തിയും ചവിട്ടിയുമുള്ള നൃത്തം വേഗത കൈവരിക്കും. ആട്ടത്തിന്റെ അവസാനം ഭക്തരോട് തെയ്യം ഉരിയാട്ടം അഥവാ അരുളപ്പാട് നടത്തും. ഭക്തന്മാർ ഭഗവതിയുടെ മുമ്പിൽ പ്രണമിക്കും. ആടാൻ വ്രതം വേണ്ട ദേവതകളും വ്രതം ആവശ്യമില്ലാത്ത ദേവതകളുമുണ്ട്. വർണശബളമായ വസ്ത്രവും ധാരാളം അലങ്കാരങ്ങളും മനോഹരമായ ദൃശ്യഭംഗി നൽകുന്നതാണ്. മറ്റൊരു ആകർഷണീയത വലിയ മുടിയാണ്. മുളങ്കമ്പിൽ ഓലമെടഞ്ഞ് അലങ്കരിച്ചാണ് മുടി ഉണ്ടാക്കുന്നത്. തലപ്പാളി എന്നു പേരുള്ള ഉപകരണം എല്ലാ തെയ്യങ്ങളുടെയും ശിരസ്സിലുണ്ടാകും. ചെണ്ട, വീക്കൻ ചെണ്ട, ഇലത്താളം, കുഴൽ എന്നീ വാദ്യങ്ങൾ ഉപയോഗിക്കാറുണ്ട്. മനോഹരമായ കാഴ്ചകളും അനുഭവങ്ങളുമൊരുക്കി തെയ്യാട്ടം സജീവമായി തുടരുന്നു.

#### 6.2.3.2 തിറ

തെയ്യത്തോട് ഏറെ സാമ്യമുള്ള കലാരൂപമാണ് തിറ. തെയ്യം കൊട്ടിയാടുന്ന വടക്കൻ മലബാറിൽ തന്നെയാണ് തിറയും പ്രചാരത്തിലുള്ളത്. കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് പ്രധാനമായും ഇത് അനുഷ്ഠിച്ചുവരുന്നത്. തലയിൽ വെക്കാനായി മരത്തിൽ നിർമ്മിക്കുന്ന അർധവൃത്താകൃതിയിലുള്ള വസ്തുവാണ് തിറ എന്നു പറയപ്പെടുന്നത്. ഈ തലപ്പാളിക്ക് ദിവ്യത്വമേറെയാണ്. തിറ തലയിൽ കെട്ടിയശേഷം ആടുന്നതിനാൽ തിറയാട്ടം എന്നും അറിയപ്പെടുന്നു. വേലൻ, വണ്ണാൻ, പാണൻ, മലയൻ, കനലാടി തുടങ്ങിയ സമുദായങ്ങളാണ് തിറയാട്ടം നടത്തു

ന്നത്. മഞ്ഞയും ചെമപ്പും കറുപ്പും നിറത്തിലുള്ള വരകൾ മുഖത്തെഴുത്തായി ഉപയോഗിക്കുന്നു. കാതിലും കവിളിലും മാറിലും കയ്യിലും അരയിലും കാലിലും അലങ്കാരങ്ങൾ ധരിക്കും. മരങ്ങളുടെ കനം കുറഞ്ഞ പലകകൾ കൊണ്ട് നിർമ്മിക്കുന്ന മുടി ചൂടും. വിവിധ തിറകൾക്ക് വിവിധ മുടികളാണ് ഉപയോഗിച്ചുവരുന്നത്. വെള്ളാട്ടം, വെള്ളകെട്ട്, തിറയാട്ടം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായാണ് ഇത് നടത്തുന്നത്. വെള്ളാട്ടം, വെള്ളകെട്ട് എന്നിവ ഒന്നിച്ചും തിറയാട്ടം മാത്രമായും നടത്തിവരാറുണ്ട്. മുക്കണ്ണിത്താളം, ചവിട്ടുതാളം, ചാമുണ്ഡിത്താളം, ഇളകിയാട്ടം എന്നിങ്ങനെ വ്യത്യസ്ത താളത്തിനൊപ്പിച്ചുള്ള ചുവടുകളാണ് തിറയാട്ടത്തിലുണ്ടാവുക. തെയ്യത്തെപ്പോലെതന്നെ അരുളപ്പാടോടെയാണ് തിറയാട്ടവും അവസാനിക്കുക. അവസാനം കുരുതിയുമുണ്ടാകും.

### 6.2.3.3 പടയണി

മധ്യതിരുവിതാംകൂറിൽ പ്രചാരത്തിലുള്ള അനുഷ്ഠാന കലാരൂപമാണ് പടയണി. പ്രധാനമായും പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് കൂടുതൽ പ്രചാരമുള്ളത്. പടേനി എന്നും അറിയപ്പെടുന്നു. ദാരികനെ വധിച്ചശേഷം രൗദ്രയായി വന്ന ഭദ്രകാളിയെ ശാന്തയാക്കാൻ ശിവനും ദേവന്മാരും കോലംകെട്ടിയാടിയെന്നും അവരുടെ പ്രകടനം കണ്ട് ഭദ്രകാളി ശാന്തയായെന്നുമുള്ള ഐതിഹ്യം ഈ കലാരൂപത്തിന്റെ പിറവിക്കു പിന്നിലുണ്ട്. ഗർഭം അലസൽ, ചാപ്പിള്ളയായുള്ള ജനനം, രക്തംപോക്ക്, ശിശുമരണം, പേബാധ, വസൂരി, ദുർമരണങ്ങൾ എന്നിവയ്ക്ക് പരിഹാരമായി പടയണി അനുഷ്ഠിച്ചു വരുന്നു.

ദാരികാവധം മുൻനിർത്തിയുള്ള കാളിനാടകമാണ് പടയണിയിലെ പ്രധാന ഇതിവൃത്തം. രാമായണം, മഹാഭാരതം എന്നിവയിലെ കഥാസന്ദർഭങ്ങളും വിഷയമാകാറുണ്ട്. നിരവധി കോലങ്ങൾ പടയണിയിലുണ്ട്. കമുകിന്റെ പാള ചെത്തിയെടുത്ത് പ്രകൃതിവസ്തുക്കളാൽ നിറം കൊടുത്താണ് കോലങ്ങൾ നിർമിക്കുന്നത്. പ്രധാന വാദ്യം പ്ലാവിന്റെ ഉൾക്കാമ്പ് കൊണ്ട് നിർമ്മിക്കുന്ന വളയത്തിൽ പോത്തിന്റെ തോൽ പൊതിഞ്ഞുണ്ടാക്കുന്ന തപ്പ് ആണ്. ചിലയിടങ്ങളിൽ ചെണ്ടയും കൈമണിയും ഉപയോഗിക്കാറുണ്ട്. നിരപ്പായ ഭൂമിയും കളിത്തട്ടും പടയണിയുടെ അരങ്ങാകും. സമൂഹത്തിലെ വിവിധ ജാതികളെ പ്രതിനിധീകരിക്കുന്ന വേഷങ്ങൾ പടയണിയിലുണ്ട്. അവരോടൊപ്പം അപ്പൂപ്പൻ, അമ്മൂമ്മ, യുവതി, മഹർഷി എന്നീ വേഷങ്ങളുമുണ്ടാകും. കഥകളിയിലെപ്പോലെ വേഷത്തിനനുസരിച്ച് വസ്ത്രാലങ്കാരത്തിലും വ്യത്യാസങ്ങളുണ്ട്. പടയണിയുടെ അവതരണത്തിൽ നൃത്തത്തിനാണ് പ്രാധാന്യമുള്ളത്. വടക്കൻ, തെക്കൻ എന്നീ രണ്ടു ഭേദങ്ങളിലായി അവതരണത്തിലും വേഷത്തിലും ചെറിയ വ്യത്യാസങ്ങൾ കാണാം.

### 6.2.3.4 ചിത്രകല

ചിത്രകലയ്ക്ക് കേരളത്തിൽ പുരാതനകാലം മുതലേ പ്രചാരമുണ്ടായിരുന്നതായി കാണാം. കേരളചിത്രകലയ്ക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. കന്യാകുമാരി ജില്ലയിലെ തിരുനക്കരയിലെ ചുവർചിത്രങ്ങളാണ് കേരളീയചിത്രകലയുടെ ആദ്യത്തെ മാതൃക എന്ന് കരുതപ്പെടുന്നു. പതിനാറാം നൂറ്റാണ്ടിലേതെന്ന് കരുതപ്പെടുന്ന ഒരു ചുവർചിത്രം ഏറ്റുമാനൂർ ശിവക്ഷേത്രത്തിലുണ്ട്. തിന്മയെ പ്രതിനിധാനം ചെയ്യുന്ന രാക്ഷസനെ ചവിട്ടിമെതിച്ചുകൊണ്ട് നൃത്തം ചെയ്യുന്ന നടരാജന്റെ രൂപമാണ് ഈ ചിത്രം. പതിനാലു മുതൽ പതിനാറു വരെയുള്ള നൂറ്റാണ്ടുകളിലേതെന്ന് കരുതുന്ന ഇരുപതു ചിത്രങ്ങൾ വൈക്കം മഹാദേവക്ഷേത്രത്തിലുണ്ട്. 150 ചതുരശ്രയടി വിസ്തീർണമുള്ള അഞ്ച് ചുവർചിത്ര പാളികൾ തിരുവഞ്ചിക്കുളത്തെ ശിവക്ഷേത്രത്തിലുണ്ട്. തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിലെ ശങ്കരനാരായണ ക്ഷേത്ര ചുവരിലുള്ള ചിത്രം, തൃപ്രയാർ, തൃപ്രങ്ങോട്ട് ക്ഷേത്രങ്ങളിലെ ചുവർചിത്രങ്ങൾ എന്നിവയെല്ലാം കേരളീയ ചിത്രകല ഏറ്റവും സജീവമായിരുന്ന പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിലുള്ളവയാണ്. പത്മനാഭപുരം കൊട്ടാരത്തിലെ നാൽപ്പതിൽപ്പരം ചുവർചിത്രങ്ങളും കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷം ചുവർചിത്രവും പതിനെട്ടാം നൂറ്റാണ്ടിനു മുമ്പ്

തന്നെയുള്ള കേരളീയ ചിത്രകലാവൈദഗ്ദ്ധ്യത്തിന്റെ നിദർശനങ്ങളാണ്.

കേരളത്തിന് സ്വന്തമായ മറ്റൊരു ആലേഖനപാരമ്പര്യവും ഉണ്ടായിരുന്നു. മതപരമെന്നോ അനുഷ്ഠാനപരമെന്നോ വിശേഷിപ്പിക്കാവുന്ന കളമെഴുത്ത് സമ്പ്രദായമാണിത്. സ്വസ്തികം, ചക്രം, പദ്മം തുടങ്ങിയ ജ്യാമിതീയ രൂപങ്ങൾ അനുഷ്ഠാനപരവും ആരാധനാപരവുമാണ്. ഇതോടൊപ്പം ദുർഗ, കാളി, ശാസ്താവ്, നാഗങ്ങൾ തുടങ്ങിയ ദേവതകളുടെ ആരാധനയ്ക്കായി രൂപങ്ങൾ ശുദ്ധമാക്കിയ തറയിൽ വരയ്ക്കുന്നു. മഞ്ഞൾ, വാകയില തുടങ്ങിയ നാടൻ പദാർഥങ്ങളാണ് കളമെഴുത്തിന് ഉപയോഗിക്കുക. കളങ്ങൾക്കരികിലിരുന്ന് ദേവതാരാധനപരമായ സ്തുതികൾ പാടുന്നു. കാഴ്ചക്കാരിൽ ഭയവും ആരാധനയും വളർത്തുന്ന വിധത്തിൽ അസാമാന്യ വലിപ്പവും ഭാവപ്പൊലിമയുമുള്ളവയാണ് കളമെഴുത്തിൽ തെളിയുന്ന ദേവതകൾ.

പതിനെട്ടാം നൂറ്റാണ്ടോടെ അപചയപ്പെടുന്ന കേരളീയ ചിത്രകലയ്ക്ക് പുതുജീവൻ ലഭിക്കുന്നത് 19-ാം നൂറ്റാണ്ടിൽ സ്വാതി തിരുനാൾ നൽകിയ പ്രോത്സാഹനങ്ങളുടെ ഫലമായാണ്. കൂടാതെ പാശ്ചാത്യ ചിത്രകലാപ്രസ്ഥാനങ്ങളുടെ സ്വാധീനതയും കേരളീയ ചിത്രകലയ്ക്ക് ഉണർവുണ്ടാക്കി. സ്വാതിതിരുനാൾ കൊട്ടാരത്തിലേക്ക് പ്രതിഭാധനരായ ചിത്രകലാകാരന്മാരെ വരുത്തി. സ്വാതിയുടെ സദസ്യനായിരുന്ന അളഗിരി നായിഡുവായിരുന്നു രാജാരവിവർമ്മയ്ക്ക് ചിത്രകലയിൽ പരിശീലനം നൽകിയത്.

### 6.2.3.5 സംഗീതം

കേരളത്തിൽ സംഗീതത്തിനും മികച്ച പാരമ്പര്യമുണ്ടെന്നു പറയാം. സംഘകാലം മുതൽ സംഗീതത്തിന്റെ വളർച്ചക്കും ഗണ്യമായ സംഭാവനകളാണ് കേരളം നൽകിയിട്ടുള്ളത്. വീണ, കുഴൽ, ചെണ്ട, പറ തുടങ്ങിയ വാദ്യോപകരണങ്ങളോടെ സംഗീതാലാപനം നടത്തി ദുർദേവതകളെ ഉച്ചാടനം ചെയ്തിരുന്നതായി പുറനാനൂറിൽ പാട്ടുകളുണ്ട്. ഇഷ്ടദേവതാപ്രീതിക്കായി നൃത്തം പോലെ തന്നെ സംഗീതവും പ്രാചീനകാലം മുതലേ ഉപയോഗിച്ചിരുന്നു. ദേവതാപ്രീതിപോലെ തന്നെ രാജപ്രീതിയ്ക്കായി രാജസ്തുതികൾ ആലപിച്ച് രാജാക്കന്മാരിൽനിന്ന് സമ്മാനങ്ങൾ നേടിയിരുന്ന പതിവ് സംഘകാലം മുതലേ നിലവിലുണ്ടായിരുന്നു.

സംഗീതത്തിന് കൂടുതൽ പ്രചാരവും പ്രോത്സാഹനവും ലഭിച്ചത് കുലശേഖര ചക്രവർത്തിമാരുടെ കാലത്തായിരുന്നു. പിന്നീടുണ്ടായ ഭക്തിപ്രസ്ഥാനത്തിന്റെ ഉയർച്ചയും വളർച്ചയും സംഗീതകലയ്ക്ക് ഗണനീയ സംഭാവനകളാണ് നൽകിയത്. ക്ഷേത്രത്തിന്റെയും കൂടിയാട്ടത്തിന്റെയും വളർച്ച സംഗീതത്തിനുള്ള പ്രാധാന്യം വർധിപ്പിച്ചു. സംഗീതകലാപ്രവീണനായിരുന്നു വേണാട്ടുരാജാവായ രവിവർമ്മ കുലശേഖരൻ. അറുപത്തിനാലു കലകളിൽ നിപുണനാണെന്ന് തിരുവനന്തപുരം ശാസനത്തിൽ ഇദ്ദേഹത്തെ വാഴ്ത്തുന്നുണ്ട്. പതിനേഴാം ശതകത്തിൽ ഉമയമ്മ റാണിയെ സഹായിക്കാൻ വന്ന കോട്ടയം കേരളവർമ്മ വാല്മീകി രാമായണവിവർത്തനം കൊണ്ട് തന്നെ പ്രസിദ്ധനാണ്. ശ്രീപത്മനാഭനെ സ്തുതിച്ചുകൊണ്ട് ഇരുപത്തിനാല് രാഗങ്ങളിലായി എട്ടു ശ്ലോകങ്ങൾ അദ്ദേഹം രചിച്ചു. സംഗീതരംഗത്തെ മറ്റൊരു പ്രതിഭ ഇരയിമ്മൻ തമ്പിയാണ്. കീചകവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം എന്നീ മൂന്നാട്ടക്കഥകൾക്ക് പുറമെ ധാരാളം വർണങ്ങളും പദങ്ങളും അദ്ദേഹം രചിച്ചു. തമ്പിയുടെ ഓമനത്തിങ്കൾക്കിടാവോ' എന്ന് ആരംഭിക്കുന്ന താരാട്ടുപാട്ട് ഭാവഗാംഭീര്യം കൊണ്ട് ഇന്നും നൂതന ശോഭയോടെ നിലകൊള്ളുന്നു. എന്നാൽ കേരളീയ സംഗീത ചരിത്രത്തിലെ അതുല്യപ്രതിഭ സ്വാതിതിരുനാളാ(1829-47)യിരുന്നു. സംഗീതജ്ഞന്മാരിൽ ചക്രവർത്തിയും ചക്രവർത്തിമാരിൽ സംഗീതജ്ഞനുമായ സ്വാതിതിരുനാൾ മലയാളം, തമിഴ്, തെലുങ്ക്, കന്നട, സംസ്കൃതം, ഹിന്ദി ഭാഷ കളിലായി അറുനൂറിൽപ്പരം കൃതികൾ രചിച്ചു. സ്വര, ജതി, വർണം, കീർത്തനം, പദം, തില്ലാന തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇതു മാത്രമല്ല ഭാരതത്തിലെങ്ങുമുള്ള ഗായകരെ അദ്ദേഹം സദസ്സിലേക്ക് ക്ഷണിച്ച് ആദരിച്ച് ഉപഹാരങ്ങൾ നൽകിയിരുന്നു.

സ്വാതിതിരുനാളിന് ശേഷം എടുത്തുപറയേണ്ട മറ്റൊരു പേര് ഇരയിമ്മൻ തമ്പിയുടെ മകളായ കുട്ടികുഞ്ഞു തങ്കച്ചി (1820-1904)യുടേതാണ്. തികഞ്ഞ സംഗീതവിദുഷിയായിരുന്ന തങ്കച്ചി ദീർഘകാവ്യങ്ങളും കീർത്തനങ്ങളും രചിച്ചിട്ടുണ്ട്. ശാസ്ത്രീയ സംഗീതത്തിന്റെ മേഖലയിൽ മാത്രമല്ല നാടോടി സംഗീതത്തിന്റെ മേഖലയിലും കേരളം സമ്പന്നമാണ്. ജീവിതത്തിലെ എല്ലാ കർമ്മങ്ങളുമായി ബന്ധപ്പെട്ട നാടൻ പാട്ടുകളുണ്ടായിരുന്നു. തെക്കൻപാട്ടുകൾ, പണിപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, അനുഷ്ഠാന പാട്ടുകൾ തുടങ്ങി വിപുലമായ നാടോടി സംഗീത മേഖലയാണ് കേരളത്തിലുള്ളത്. ഇവ കൂടാതെ സംഗീതസാഹിത്യസമ്പന്നമായ തുള്ളൽ, കഥകളി എന്നീ ദൃശ്യരൂപങ്ങളും സംഗീതത്തെ സമ്പന്നമാക്കിയിട്ടുണ്ട്. അതുപോലെ മലബാറിൽ പ്രചാരത്തിലുള്ള മാപ്പിളപ്പാട്ടുകൾ, തിരുവിതാംകൂറിൽ പ്രചാരത്തിലുള്ള വഞ്ചിപ്പാട്ടുകൾ തുടങ്ങിയവയെല്ലാം കേരളീയസംഗീത പാരമ്പര്യത്തിന് എന്നും മുതൽക്കൂട്ടാണ്.

## Recap

- ചിത്രങ്ങൾ ശിലായുഗമനുഷ്യന്റെ ആശയ സംവിധാനമാർഗം
- അധ്വാനവുമായി ബന്ധമുള്ള കലകൾ
- ക്ഷേത്രങ്ങളിലെ നടനവേദികളിലൂടെ ക്ലാസിക്കൽ കലകൾ
- ഹാസ്യാഭിനയത്തിന് പ്രാധാന്യമുള്ള ചാക്യാർകൂത്ത്
- പരമ്പരാഗത നാടകാഭിനയരൂപമായി കൂടിയാട്ടം
- കൃഷ്ണനാട്ടത്തിൽ നിന്ന് രാമനാട്ടവും പിന്നീട് കഥകളിയും
- നാടിന്റെ തനതുപാരമ്പര്യമുള്ള നാടൻ കലകൾ
- വിവിധ തുള്ളലുകളും ലളിതരൂപമായ പാഠകവും
- ഇഷ്ടദേവപ്രീതിക്കായി അനുഷ്ഠാനകലകൾ
- വടക്കേ മലബാറിലെ തെയ്യവും തിറയും
- മധ്യതിരുവിതാംകൂറിലെ പടയണി

## Objective Type Questions

1. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഭരതനാട്യം വിഷയമായി കൊത്തിയ ശിൽപ്പങ്ങളുള്ള ക്ഷേത്രം?
2. പ്രാചീന കേരളത്തിൽ കൂത്ത് നിലവിലിരുന്നതായി സൂചിപ്പിക്കുന്ന ഗ്രന്ഥം?
3. ചാക്യാർകൂത്തിന്റെ ആദ്യരൂപം?
4. കൂടിയാട്ടം പരാമർശിക്കപ്പെട്ട സന്ദേശകാവ്യം?
5. കൂടിയാട്ടത്തിനുള്ള നിബന്ധനകളായി രചിക്കപ്പെട്ട കൃതികൾ?
6. കോഴിക്കോട്ടെ മാനവേദന രാജാവ് അവതരിപ്പിച്ച നൃത്തനാടകരൂപത്തിന്റെ പേര്?
7. ദുഷ്ടകഥാപാത്രങ്ങൾക്കുള്ള കഥകളിയിലെ വേഷം?
8. പാഠകത്തിൽ നിന്നും ഉരുത്തിരിഞ്ഞ കലാരൂപം?
9. വർഷംതോറും നടത്തുന്ന തെയ്യാട്ടത്തിന്റെ പേര്?
10. തിറയുടെ അവസാനത്തിലുള്ള പറച്ചിൽ?
11. പടയണിയിലെ പ്രധാനവാദ്യം?
12. പടയണിയിലെ രണ്ടു ഭേദങ്ങൾ?

## Answers to Objective Type Questions

1. തിരുവനന്തപുരം ത്രിവിക്രമക്ഷേത്രം
2. ചിലപ്പതികാരം
3. പ്രബന്ധംകൂത്ത്
4. ഉണ്ണുനീലിസന്ദേശം
5. ആട്ടപ്രകാരം, ക്രമദീപിക
6. കൃഷ്ണനാട്ടം
7. കത്തി
8. കഥാപ്രസംഗം
9. കളിയാട്ടം
10. അരുളപ്പാട്
11. തപ്പ്
12. തെക്കൻ, വടക്കൻ

## Assignments

1. കേരളകലകളുടെ നാടോടിവഴക്കങ്ങളെപ്പറ്റി വിവരിക്കുക
2. അനുഷ്ഠാന കലകളിലെ ജീവിതത്തെപ്പറ്റി അപഗ്രഥിക്കുക
3. കേരളത്തിലെ പ്രധാനപ്പെട്ട നാടോടി, അനുഷ്ഠാന കലകളെപ്പറ്റി വിവരിക്കുക

## Suggested Readings


1. ബാലകൃഷ്ണൻ കൊയ്യാൽ, നമ്മുടെ നാടൻകലകൾ, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ
2. ഡോ. ശശിധരൻ ക്ലാരി, കേരളത്തിലെ നാടൻകലകൾ, ചിന്ത പബ്ലിഷേഴ്‌സ്, തിരുവനന്തപുരം
3. ഡോ. കവടിയാർ രാമചന്ദ്രൻ, കേരളത്തിന്റെ ദൃശ്യകലകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. എ.എൻ. കൃഷ്ണൻ, കേരളത്തിലെ നൃത്തകലയും അഭിനയകലയും, ചിന്ത പബ്ലിഷേഴ്‌സ്, തിരുവനന്തപുരം
5. ഡോ. മനോജ് കുറൂർ, കേരളത്തിലെ താളങ്ങളും കലകളും, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

# കേരളചരിത്രം: പ്രാചീനം, മധ്യകാലീനം

COURSE CODE: SGB24HS101MI



Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-977841-6-3
9 788197 784163